# ശ്രീമദ് ഭാഗവതം

(അന്വയക്രമപരിഭാഷാസഹിതം)

# SRIMAD BHAGAVATHAM

(Malayalam)

**Skandam - 2**



*M.N. Ramaswamy Iyer Memorial Edition*

**SRI RAM PUBLISHERS**

North Village

MELARKODE - 678 703

# ശ്രീമദ്ഭാഗവതം

## ദ്വിതീയസ്കന്ധം

(അന്വയക്രമപരിഭാഷാസഹിതം)

# അനുക്രമണിക.


| അദ്ധ്യായം | വിഷയം | പേജ് | | ശ്ലോകസംഖ്യ |
|---|---|---|---|---|
| 1. | ധ്യാനവിധിയും വിരാട്സ്വരൂപനിരൂപണവും | 2 | .... | 39 |
| 2. | യോഗധാരണകൊണ്ടുള്ള ദേഹോത്സർജ്ജനം, സദ്യോമുക്തിയും ക്രമമുക്തിയും | 16 | .... | 37 |
| 3. | വിഷ്ണുഭക്തിയുടെ വൈശിഷ്ട്യം | 34 | .... | 25 |
| 4. | ജഗൽസൃഷ്ടിയെ അധികരിച്ചുള്ള പരീക്ഷിത്തിന്റെ ചോദ്യവും ശ്രീശുകൻ ബ്രഹ്മനാരദസംവാദത്തിലൂടെ ഉപന്യസിപ്പാൻ തുടങ്ങുന്നതും | 43 | .... | 25 |
| 5. | തത്വങ്ങളുടെ ഉൽപത്തിയും പ്രപഞ്ചനിർമ്മാണവർണ്ണനവും | 52 | .... | 42 |
| 6. | പുരുഷസൂക്താർത്ഥാനുസാരേണ വിരാട്സ്വരൂപവർണ്ണനം | 67 | .... | 45 |
| 7. | അവതാരങ്ങളുടെ സംക്ഷിപ്തവർണ്ണനം | 83 | .... | 53 |
| 8. | ശ്രീപരീക്ഷിത്തിന്റെ ചോദ്യങ്ങൾ | 108 | .... | 29 |
| 9 | ഭഗവാൻ ബ്രഹ്മാവിന്നു് ചതുഃശ്ലോകീഭാഗവതം ഉപദേശിക്കുന്നതു് | 117 | .... | 45 |
| 10. | മഹാപുരാണലക്ഷണങ്ങൾ; വിരാട്സ്വരൂപത്തിൽ ഇന്ദ്രിയങ്ങളും തദധിഷ്ഠാനശക്തികളും ഉണ്ടായതു് | 135 | .... | 51 |



ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയഃ സ്കന്ധഃ

## പ്രഥമോഽദ്ധ്യായഃ : ഒന്നാമദ്ധ്യായം.

“ദ്വിതീയേ തു ദശാദ്ധ്യായൈഃ ശ്രീഭാഗവതമാദിതഃ
ഉദ്ദേശലക്ഷണോക്തിഭ്യാം സംക്ഷേപേണോപവർണ്യതേ.
തത്ര തു പ്രഥമേഽദ്ധ്യായേ കീർത്തനശ്രവണാദിഭിഃ
സ്ഥവിഷ്ഠേ ഭഗവദ്രൂപേ മനസോ ധാരണോച്യതേ.”

രണ്ടാമത്തെ സ്കന്ധത്തിലുള്ള പത്തദ്ധ്യായങ്ങളാൽ ശ്രീമദ്ഭാഗവതശാസ്ത്രതത്ത്വത്തെ അതിന്റെ ഉദ്ദേശവും ലക്ഷണവും ഇന്നതെന്ന് ഉപദേശിച്ചുകൊണ്ടു ചുരുക്കിപ്പറയുന്നു. അതിൽ ഒന്നാമദ്ധ്യായത്തിലാകട്ടെ സർവ്വേശ്വരന്റെ സ്ഥൂലരൂപത്തിൽ കീർത്തനശ്രവണാദികളിലൂടെ മനസ്സുറപ്പിക്കേണ്ടും പ്രകാരത്തെ ഉപദേശിക്കുന്നു.

ഈ രണ്ടാംസ്കന്ധം മുതല്ക്കാണ് ശ്രീശുകപ്രവചനം ആരംഭിക്കുന്നത്. ഒന്നാംസ്കന്ധം ശുകപരീക്ഷിത്സംവാദരൂപത്തിലുള്ള ഭാഗവതത്തിന്റെ ഉപോദ്ഘാതം മാത്രമാകുന്നു.

# ധ്യാനവിധിയും വിരാട്സ്വരൂപനിരൂപണവും.

ശ്രീശുക ഉവാച – ശ്രീശുകൻ (പരീക്ഷിത്തിനോടു്) പറഞ്ഞു:–

1. വരീയാനേഷ തേ പ്രശ്നഃ കൃതോ ലോകഹിതം നൃപ
ആത്മവിത്സമ്മതഃ പുംസാം ശ്രോതവ്യാദിഷു യഃ പരഃ.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ലോകഹിതം | ലോകത്തിന്നു് ഗുണപ്രമോകമാറു് |
| പുംസാം | മനുഷ്യർക്കു് | തേ | അങ്ങയാൽ |
| ശ്രോതവ്യാദിഷു | കേട്ടുധരിക്കുവാനും മററും യോഗ്യങ്ങളായ വസ്തുതകളെ അധികരിച്ചു് | കൃതഃ | ആവിഷ്കരിക്കപ്പെട്ടുവോ, |
| | | ഏഷഃ | ഇതു് |
| പരഃ | അതിപ്രധാനമായ | വരീയാൻ | അത്യുത്തമമായതാകുന്നു; |
| യഃ പ്രശ്നഃ | യാതൊരു ചോദ്യം | ആത്മവിത്–സമ്മതഃ | ആത്മജ്ഞാനികളാൽ ആദൃതമായതും ആകുന്നു |

2. ശ്രോതവ്യാദീനി രാജേന്ദ്ര നൃണാം സന്തി സഹസ്രശഃ
അപശ്യതാമാത്മതത്ത്വം ഗൃഹേഷു ഗൃഹമേധിനാം

| | | | |
|---|---|---|---|
| രാജേന്ദ്ര | മഹാരാജാവേ! | നൃണാം | മനുഷ്യർക്കു് |
| ആത്മതത്ത്വം | താനാരെന്നുള്ളതു് | | |
| അപശ്യതാം | അറിഞ്ഞുകൂടാത്തവരും | ശ്രോതവ്യാദീനി | കേട്ടുധരിക്കുവാനും മററും വേണ്ടതായ കാര്യങ്ങൾ |
| ഗൃഹേഷു | കുടുംബത്തിൽ | | |
| ഗൃഹമേധിനാം | ഗൃഹസ്ഥോചിതങ്ങളായ ഹിംസാകർമ്മങ്ങളിൽ ഏർപ്പെട്ടുകഴിയുന്നവരുമായ | സഹസ്രശഃ | ആയിരക്കണക്കിൽ |
| | | സന്തി | ഉണ്ടു്. |

3. നിദ്രയാ ഹ്രിയതേ നക്തം വ്യവായേന ച വാ വയഃ
ദിവാ ചാർത്ഥേഹയാ രാജൻ കുടുംബഭരണേന വാ.

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ദിവാ | പകൽനേരത്തു് |
| നക്തം | രാത്രിനേരത്തു് | | |
| നിദ്രയാ | ഉറക്കത്താലോ, | അർത്ഥേഹയാ | ധനസമ്പാദനശ്രമത്താലോ |
| വ്യവായേന ച വാ | സ്ത്രീവിഷയത്താലോ മററോ | | |
| വയഃ | ആയുസ്സു് | കുടുംബഭരണേന ച വാ | കുടുംബഭരണവ്യഗ്രതയാലോ മററോ (അപഹരിക്കപ്പെടുന്നു.) |
| ഹ്രിയതേ | അപഹരിക്കപ്പെടുന്നു; | | |

4. ദേഹാപത്യകളത്രാദിഷ്വാത്മസൈന്യേഷ്വസത്സ്വപി
തേഷാം പ്രമത്തോ നിധനം പശ്യന്നപി ന പശ്യതി.

| | | | |
|---|---|---|---|
| ദേഹാപത്യ-കളത്രാദിഷു | ശരീരവും സന്താനങ്ങളും ഭാൎയ്യയും മററുമായ | തേഷാം | അവയുടെ |
| ആത്മ-സൈന്യേഷു | തന്റെ പരിവാരങ്ങളൊക്കെ | നിധനം | വിനാശത്തെ |
| അസത്സു അപി | യഥാൎത്ഥത്തിലുള്ളവയല്ല എന്നിരിക്കിലും, | പശ്യൻ അപി | കണ്ടിട്ടുകൂടിയും |
| | | പ്രമത്തഃ | വിവേകശൂന്യനായ മനുഷ്യൻ |
| | | ന പശ്യതി | കാണാതെ ഇരിക്കുന്നു. |

5. തസ്മാദ് ഭാരത സൎവ്വാത്മാ ഭഗവാൻ ഹരിരീശ്വരഃ
ശ്രോതവ്യഃ കീൎത്തിതവ്യശ്ച സ്മൎത്തവ്യശ്ചേച്ഛതാഽഭയം.

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ, | ഈശ്വരഃ | എല്ലാം നിയന്ത്രിച്ചുപോരുന്ന |
| ഭാരത | ഭരതവംശജനായ രാജാവേ ! | ഹരിഃ | ശ്രീകൃഷ്ണൻ |
| അഭയം | മോക്ഷപദവിയെ | ശ്രോതവ്യഃ | ശ്രവണം ചെയ്യപ്പെടുന്നതിനും, |
| ഇച്ഛതാ | കാംക്ഷിക്കുന്ന ഒരുവനാൽ | കീൎത്തിതവ്യഃ ച | കീൎത്തനം ചെയ്യപ്പെടുന്നതിനും |
| സൎവ്വാത്മാ | എല്ലാററിലും ആത്മാവായി നിലകൊള്ളുന്ന— | സ്മൎത്തവ്യഃ ച | സ്മരണം ചെയ്യപ്പെടുന്നതിനും അൎഹനാകുന്നു. |
| ഭഗവാൻ | എല്ലാ ഐശ്വൎയ്യങ്ങളും തികഞ്ഞ. | | |

6. ഏതാവാൻ സാംഖ്യയോഗാഭ്യാം സ്വധൎമ്മപരിനിഷ്ഠയാ
ജന്മലാഭഃ പരഃ പുംസാമന്തേ നാരായണസ്മൃതിഃ

| | | | |
|---|---|---|---|
| സാംഖ്യ-യോഗാഭ്യാം | തത്ത്വജ്ഞാനംകൊണ്ടും, യോഗാഭ്യാസംകൊണ്ടും, | ജന്മലാഭഃ | ജന്മസാഫല്യം |
| സ്വധൎമ്മ-പരിനിഷ്ഠയാ | സ്വധൎമ്മാചരണനിഷ്ഠകൊണ്ടും | ഏതാവാൻ | ഇത്രമാത്രം |
| പുംസാം | മനുഷ്യൎക്കു ഉണ്ടാകേണ്ടുന്ന | ഏവ | തന്നെയാകുന്നു— |
| പരഃ | പരമമായ | അന്തേ | "അവസാനകാലത്തു് |
| | | നാരായണ-സ്മൃതിഃ | നാരായണസ്മരണയുണ്ടാവുക" എന്നതു്. |

7. പ്രായേണ മുനയോ രാജൻ നിവൃത്താ വിധിനിഷേധതഃ
നൈൎഗ്ഗുണ്യസ്ഥാ രമന്തേ സ്മ ഗുണാനുകഥനേ ഹരേഃ

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | വിധി-നിഷേധതഃ | വിധിനിഷേധപരമായ ശാസ്ത്രാനുശാസനത്തിൽനിന്നു് |
| മുനയഃ | തത്ത്വചിന്തകന്മാരായ ഋഷിമാർ | | |
| പ്രായേണ | മിക്കതും | നിവൃത്താഃ | വിട്ടുനില്ക്കുന്നവരാണു്; |

| | | | |
|---|---|---|---|
| നൈർഗ്ഗുണ്യസ്ഥാഃ | നിർഗ്ഗുണബ്രഹ്മനിഷ്ഠയുള്ളവരുമാണ്. | ഗുണാനുകഥനേ | ഗുണങ്ങളെ വാഴ്ത്തുന്നതിൽ |
| ഹരേഃ | (എങ്കിലും) ശ്രീഹരിയുടെ | രമന്തേ സ്മ | ആനന്ദം കൊള്ളുന്നു. |

8. ഇദം ഭാഗവതം നാമ പുരാണം ബ്രഹ്മസമ്മിതം
അധീതവാൻ ദ്വാപരാദൌ പിതുർദ്വൈപായനാദഹം.

| | | | |
|---|---|---|---|
| അഹം | ഞാൻ | ബ്രഹ്മസമ്മിതം | വേദപ്രാമാണ്യമുള്ളതും |
| ദ്വാപരാദൌ | ദ്വാപരയുഗാന്തത്തിൽ, | ഭാഗവതം നാമ | ഭാഗവതമെന്നു പേരുള്ളതുമായ |
| പിതുഃ | പിതാവായ | ഇദം പുരാണം | ഈ പുരാണത്തെ |
| ദ്വൈപായനാത് | വേദവ്യാസരിൽനിന്നു് | അധീതവാൻ | അധ്യയനം ചെയ്തു. |

9. പരിനിഷ്ഠിതോഽപി നൈർഗ്ഗുണ്യേ ഉത്തമശ്ലോകലീലയാ
ഗൃഹീതചേതാ രാജർഷേ ആഖ്യാനം യദധീതവാൻ

10. തദഹം തേഽഭിധാസ്യാമി മഹാപൌരുഷികോ ഭവാൻ
യസ്യ ശ്രദ്ദധതാമാശു സ്യാന്മുകുന്ദേ മതിഃ സതീ.

| | | | |
|---|---|---|---|
| രാജർഷേ | അല്ലയോ രാജർഷേ! | തത് തേ | അതിനെ, അങ്ങക്ക് |
| നൈർഗ്ഗുണ്യേ | ഗുണാതീതമായ സച്ചിദാനന്ദഭാവത്തിൽ | അഭിധാസ്യാമി | ഉപദേശിക്കുന്നുണ്ട്. |
| പരിനിഷ്ഠിതഃ അപി | ഉറച്ചിരിക്കുന്നവനെന്നിരിക്കിലും | ഭവാൻ | അങ്ങ് |
| ഉത്തമശ്ലോകലീലയാ | ഉത്തമകീർത്തിയെഴുന്ന ശ്രീഹരിയുടെ ലീലയാൽ | മഹാപൌരുഷികഃ | പുരുഷോത്തമങ്കൽ ശ്രദ്ധയുള്ളവനാണ് |
| ഗൃഹീതചേതാഃ | ആകൃഷ്ടചിത്തനായിട്ട് | യസ്യ | യാതൊന്നിന്റെ |
| അഹം | ഞാൻ | ശ്രദ്ദധതാം | ശ്രദ്ധയുള്ളവക്ക് |
| യത് ആഖ്യാനം | യാതൊരു കഥയെ | മുകുന്ദേ | ശ്രീഹരിയിൽ |
| അധീതവാൻ | ഗ്രഹിച്ചുവോ, | സതീ മതിഃ | ശുദ്ധമായ ബുദ്ധി (നിഷ്കാമമായ ഭക്തിഭാവം) |
| | | ആശു സ്യാത് | വേഗത്തിൽ ഉണ്ടാകും. |

11. ഏതന്നിർവിദ്യമാനാനാമിച്ഛതാമകുതോഭയം
യോഗിനാം നൃപ നിർണ്ണീതം ഹരേർനാമാനുകീർത്തനം.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | നിർവ്വിദ്യമാനാനാം | വിഷയവിരക്തിവന്ന മുമുക്ഷുക്കൾക്കും, |
| ഇച്ഛതാം | ഐഹികവിഷയങ്ങളിൽ ഇച്ഛയുള്ളവക്കും, | യോഗിനാം | ജ്ഞാനയോഗികൾക്കും |

| | | | |
|---|---|---|---|
| അകുതോഭയം | എങ്ങുനിന്നും ഭീതിയകന്ന | ഏതത് | ഇതു് |
| ഹരേഃ | ശ്രീഹരിയുടെ | നിർണ്ണീതം | പ്രയോജനത്തോടുകൂടി നിർണ്ണയിക്കപ്പെട്ടതാകുന്നു. |
| നാമാനുകീർത്തനം | നാമസങ്കീർത്തനമാകുന്ന | | |

12. കിം പ്രമത്തസ്യ ബഹുഭിഃ പരോക്ഷൈർഹായനൈരിഹ
വരം മുഹൂർത്തം വിദിതം ഘടേത ശ്രേയസേ യതഃ.

| | | | |
|---|---|---|---|
| പ്രമത്തസ്യ | ആത്മശ്രേയസ്സിൽ ശ്രദ്ധയില്ലാത്തവന്നു് | വിദിതം | അറിയപ്പെട്ടതായിട്ടുള്ള |
| പരോക്ഷൈഃ | നോട്ടമില്ലാതെ പോകുന്ന | മുഹൂർത്തം | രണ്ടുനാഴികനേരംപോലും |
| ബഹുഭിഃ | അനേകം | വരം | അതിനേക്കാൾ ശ്രേഷ്ഠമാകുന്നു ; |
| ഹായനൈഃ | വർഷങ്ങളെക്കൊണ്ടു് | യതഃ | എന്തെന്നാൽ |
| ഇഹ | ലോകത്തിൽ | ശ്രേയസേ | ശ്രേയസ്സിന്നു് |
| കിം | എന്തുനേട്ടമുണ്ടു് ? | ഘടേത | അതു് ഉതകുന്നതാണു്. |

13. ഖട്വാംഗോ നാമ രാജർഷിർജ്ഞാത്വേയത്താമിഹായുഷഃ
മുഹൂർത്താത് സർവ്വമുത്സൃജ്യ ഗതവാനഭയം ഹരിം.

| | | | |
|---|---|---|---|
| ഖട്വാംഗഃ നാമ | ഖട്വാംഗനെന്നുപേരായ | മുഹൂർത്താത് | രണ്ടുനാഴികകൊണ്ടു് |
| രാജർഷിഃ | രാജശ്രേഷ്ഠൻ | സർവ്വം | എല്ലാം |
| ഇഹ | ഭൂമിയിൽ | ഉത്സൃജ്യ | ഉപേക്ഷിച്ചു് |
| ആയുഷഃ | ആയുസ്സിൻെറ | അഭയം | അഭയസ്ഥാനമായ |
| ഇയത്താം | അവധിയെ | ഹരിം | വിഷ്ണുപദത്തെ |
| ജ്ഞാത്വാ | അറിഞ്ഞിട്ടു് | ഗതവാൻ | പ്രാപിച്ചു. |

കുറിപ്പു്:- ഖട്വാംഗൻ ദേവന്മാരുടെ സഹായിയായിനിന്നു് അസുരന്മാരെ ജയിച്ചു. അതുകൊണ്ടു ദേവന്മാർ സന്തോഷിച്ചു് ആവശ്യമുള്ള വരം ചോദിച്ചു കൊൾവാൻ പറഞ്ഞു. തനിക്കിനി ആയുസ്സ് എത്രയുണ്ടെന്നു് ഖട്വാംഗൻ ചോദിച്ചപ്പോൾ ഒരു മുഹൂർത്തം (രണ്ടുനാഴിക) മാത്രമേ ഉള്ളുവെന്നു് ഉത്തരം കിട്ടി. ഉടനെ അദ്ദേഹം ഭൂമിയിലേക്കു തിരിച്ചുവന്നു് സർവ്വസംഗപരിത്യാഗം ചെയ്തു് ഇത്രയും സ്വല്പസമയംകൊണ്ടു് വിഷ്ണുസായൂജ്യം നേടി. അറിവോടെ വിനിയോഗിക്കുന്നപക്ഷം മോക്ഷപ്രാപ്തിക്കു് അല്പസമയം മതി. 'കാലം പോരല്ലോ' എന്നു കരുതി പരീക്ഷിത്തു് വ്യാകുലനാകേണ്ടതില്ലെന്നു സാരം.

14. തവാപ്യേതർഹി കൌരവ്യ സപ്താഹം ജീവിതാവധിഃ
ഉപകല്പയ തത് സർവ്വം താവദ്യത് സാംപരായികം.

| | |
|---|---|
| കൌരവ്യ | ഹേ കുരുവംശജ! |
| തവ | അങ്ങേക്കു് |
| ഏതർഹി അപി | ഇപ്പോഴുംകൂടി |
| സപ്താഹം | ഏഴുനാളത്തെ |
| ജീവിതാവധിഃ | ജീവിതകാലാവധിയുണ്ടു് |
| താവത് | അതു കഴിയുന്നതിന്നുള്ളിൽ |
| സാമ്പരായികം | പരലോകത്തിലേക്കു് വേണ്ടതു് |
| യത് | യാതൊന്നോ, |
| തത് സർവ്വം | അതിനെയെല്ലാം |
| ഉപകല്പയ | നിറവേററിക്കൊള്ളുക. |

15. അന്തകാലേ തു പുരുഷ ആഗതേ ഗതസാധ്വസഃ
ഛിന്ദ്യാദസംഗശസ്ത്രേണ സ്പൃഹാം ദേഹേऽനു യേ ച തം.

| | |
|---|---|
| അന്തകാലേ | മരണകാലം |
| ആഗതേ തു | വന്നുചേർന്നാൽ |
| പുരുഷഃ | മനുഷ്യൻ |
| ഗതസാധ്വസഃ | നിർഭയനായിട്ടു് |
| ദേഹേ | ശരീരത്തിലും, |
| തം അനു | അതിനെ അനുബന്ധിച്ചു് |
| യേ ച | യാതൊന്നുകളുണ്ടോ (അവയിലും) ഉള്ള |
| സ്പൃഹാം | താൽപര്യത്തെ |
| അസംഗ- ശസ്ത്രേണ | അനാസക്തി (വിരക്തി) യാവുന്ന ആയുധത്താൽ |
| ഛിന്ദ്യാത് | അറുത്തുകളയണം. |

16. ഗൃഹാത് പ്രവ്രജിതോ ധീരഃ പുണ്യതീർത്ഥജലാപ്ലുതഃ
ശുചൌ വിവിക്ത ആസീനോ വിധിവത് കല്പിതാസനേ.

| | |
|---|---|
| ഗൃഹാത് | ഗൃഹത്തിൽനിന്നു് |
| പ്രവ്രജിതഃ | ദൂരസ്ഥലത്തേക്കു പോയിട്ടു് |
| പുണ്യതീർത്ഥ- ജലാപ്ലുതഃ | ശുദ്ധമായ തീർത്ഥജലത്തിൽ മുങ്ങിക്കുളിച്ചു്, |
| ശുചൌ | വിശുദ്ധമായ |
| വിവിക്തേ | വിജനസ്ഥലത്തിൽ |
| വിധിവത് | വിധിപ്രകാരം (ദർഭകൊണ്ടോ, മാൻതോലുകൊണ്ടോ) |
| കല്പിതാസനേ | ഉണ്ടാക്കിയ ആസനത്തിൽ |
| ധീരഃ | ബുദ്ധിചലിക്കാത്തവനായി |
| ആസീനഃ | ഇരിപ്പുറപ്പിക്കണം. |

17. അഭ്യസേന്മനസാ ശുദ്ധം ത്രിവൃത് ബ്രഹ്മാക്ഷരം പരം
മനോ യച്ഛേജ്ജിതശ്വാസോ ബ്രഹ്മബീജമവിസ്മരൻ

| | |
|---|---|
| ത്രിവൃത് | മൂന്നു മൂലവർണ്ണങ്ങൾ (അ + ഉ + മ്) കൊണ്ടു് സംഗ്രഥിച്ചിരിക്കുന്ന |
| ശുദ്ധം | ശുദ്ധവും |
| പരം | ശ്രേഷ്ഠവുമായ |
| ബ്രഹ്മാക്ഷരം | ഓംകാരമന്ത്രത്തെ |
| മനസാ | മനസ്സിനാൽ |
| അഭ്യസേത് | പരിശീലിക്കണം. |
| ബ്രഹ്മബീജം | ബ്രഹ്മവാചകമായ ഈ ബീജാക്ഷരത്തെ |
| അവിസ്മരൻ | വിസ്മരിക്കാതെ ഇരുന്നു കൊണ്ടുതന്നെ |

| | | | |
|---|---|---|---|
| ജിതശ്വാസഃ | പ്രാണായാമത്താൽ ശ്വാസഗതികളെ കീഴടക്കി, | മനഃ | മനസ്സിനെ |
| | | യച്ഛേത് | നിയന്ത്രിക്കണം. |

18. നിയച്ഛേദ്വിഷയേഭ്യോऽക്ഷാൻ മനസാ ബുദ്ധിസാരഥിഃ
മനഃ കർമ്മഭിരാക്ഷിപ്തം ശുഭാർത്ഥേ ധാരയേദ്ധിയാ.

| | | | |
|---|---|---|---|
| ബുദ്ധിസാരഥിഃ | ബുദ്ധിയെ സാരഥിയാക്കി, | കർമ്മഭിഃ | കർമ്മവാസനകളാൽ |
| മനസാ | മനസ്സാവുന്ന (കടിഞ്ഞാണിനാൽ) | ആക്ഷിപ്തം | ആകൃഷ്ടമായ |
| അക്ഷാൻ | ഇന്ദ്രിയങ്ങളാവുന്ന (കുതിരകളെ) | മനഃ | മനസ്സിനെ |
| വിഷയേഭ്യഃ | വിഷയങ്ങളിൽനിന്ന് | ധിയാ | ബുദ്ധികൊണ്ട് |
| നിയച്ഛേത് | പിടിച്ചൊതുക്കണം. | ശുഭാർത്ഥേ | വിശുദ്ധതത്ത്വമായ ഭഗവൽസ്വരൂപത്തിൽ |
| | | ധാരയേത് | ഉറപ്പിക്കണം. |

19. തത്രൈകാവയവം ധ്യായേദവ്യുച്ഛിന്നേന ചേതസാ
മനോ നിർവ്വിഷയം യുക്ത്വാ തതഃ കിഞ്ചന ന സ്മരേത്
പദം തത്പരമം വിഷ്ണോർമ്മനോ യത്ര പ്രസീദതി

| | | | |
|---|---|---|---|
| തത്ര | അതിൽ (ഭഗവൽസ്വരൂപത്തിൽ) | കിഞ്ചന | യാതൊന്നും |
| ഏകാവയവം | ഓരോ അവയവത്തെയും | ന സ്മരേത് | സ്മരിക്കരുത്. |
| അവ്യുച്ഛിന്നേന | പൂർണ്ണസ്വരൂപത്തിൽ നിന്നു് വിട്ടുനില്ക്കാത്ത | യത്ര | യാതൊന്നിൽ |
| ചേതസാ | മനസ്സുകൊണ്ട് | മനഃ | മനസ്സ് |
| ധ്യായേത് | ധ്യാനിച്ചുകൊള്ളുക. | പ്രസീദതി | ഉപശാന്തമാവുന്നുവോ, |
| മനഃ | മനസ്സിനെ | തത് | അതു് |
| നിർവ്വിഷയം യുക്ത്വാ തതഃ | വിഷയങ്ങളിൽ നിന്ന കററി, ആനന്ദമാത്രാത്മകമാക്കിയതിൽപ്പിന്നെ | വിഷ്ണോഃ | ഭഗവാന്റെ |
| | | പരമം | സർവ്വോന്നതമായ |
| | | പദം | സ്ഥാനമാകുന്നു. |

20. രജസ്തമോഭ്യാമാക്ഷിപ്തം വിമൂഢം മന ആത്മനഃ
യച്ഛേദ്ധാരണയാ ധീരോ ഹന്തി യാ തത്കൃതം മലം.

| | | | |
|---|---|---|---|
| ആത്മനഃ മനഃ | തന്റെ മനസ്സ് | വിമൂഢം | മയക്കത്തിലാണ്ടതോ (ആയെന്നുവരികിൽ, അതിനെ) |
| രജസ്തമോഭ്യാം | രജസ്തമോഗുണങ്ങളാൽ | | |
| ആക്ഷിപ്തം | പതറിയതോ, | | |

| | | | |
|---|---|---|---|
| ധീരഃ | സ്ഥിരചിത്തനായിട്ടിരുന്നു് | യാ | യാതൊരു ആ ധാരണ |
| ധാരണയാ | ധാരണകൊണ്ടു് | തത്കൃതം | അവയാൽ (രജസ്തമസ്സുകളാൽ) ഉണ്ടാക്കപ്പെട്ട |
| യച്ഛേത് | വീണ്ടും നിയന്ത്രിക്കണം. | മലം ഹന്തി | ദോഷത്തെ നീക്കുന്നു. |

21. യസ്യാം സംധാര്യമാണായാം യോഗിനോ ഭക്തിലക്ഷണഃ
ആശു സംപദ്യതേ യോഗ ആശ്രയം ഭദ്രമീക്ഷതഃ

| | | | |
|---|---|---|---|
| യസ്യാം | യാതൊന്നു് (ധാരണ) | യോഗിനഃ | യോഗിക്കു് |
| സംധാര്യമാണായാം | ശരിക്കും ഉറപ്പിക്കപ്പെടുമ്പോൾ, | ഭക്തിലക്ഷണഃ | ഭക്തിരൂപമായ |
| ഭദ്രം | മംഗളാത്മകമായ | യോഗഃ | യോഗം |
| ആശ്രയം | ഒരാശ്രയത്തെ | ആശു | എളുപ്പത്തിൽ |
| ഈക്ഷതഃ | ധ്യാനത്തിൽ കണ്ടെത്തുന്ന | സംപദ്യതേ | സിദ്ധിക്കുന്നു. |

രാജോവാച — പരീക്ഷിത്തു് രാജാവു് ചോദിച്ചു.

22. യഥാ സംധാര്യതേ ബ്രഹ്മൻ ധാരണാ യത്ര സമ്മതാ
യാദൃശീ വാ ഹരേദാശു പുരുഷസ്യ മനോമലം.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മർഷേ ! | ധാരണാ | മനഃസ്ഥിരീകരണം |
| യഥാ | ഏതുവിധം | സംധാര്യതേ | സാധിക്കപ്പെടുന്നു ? |
| യത്ര | ഏതാശ്രയത്തിന്മേൽ | പുരുഷസ്യ | പുരുഷന്റെ |
| യാദൃശീ വാ | ഏതുപ്രകാരത്തിലുള്ളതായാൽ | മനോമലം | മനോമാലിന്യത്തെ |
| | | ആശു | വേഗത്തിൽ |
| സമ്മതാ | വേണ്ടപോലുള്ള | ഹരേത് | എങ്ങനെ നീക്കാം? |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു.

23. ജിതാസനോ ജിതശ്വാസോ ജിതസംഗോ ജിതേന്ദ്രിയഃ
സ്ഥൂലേ ഭഗവതോ രൂപേ മനഃ സംധാരയേദ്ധിയാ.

| | | | |
|---|---|---|---|
| ജിതാസനഃ | യോഗശാസ്ത്രവിധിപ്രകാരമുള്ള ആസനത്തിൽ ഇരിപ്പുറപ്പിച്ചു്, | ജിതസംഗഃ | വിഷയാസക്തിയെ ജയിച്ചു്, |
| ജിതശ്വാസഃ | പ്രാണായാമംകൊണ്ടു് ശ്വാസഗതിയെ നിയന്ത്രിച്ചു്, | ജിതേന്ദ്രിയഃ | പഞ്ചേന്ദ്രിയങ്ങളെ കീഴടക്കി, |
| | | ഭഗവതഃ | ഭഗവാന്റെ |
| | | സ്ഥൂലേ | അതിവിശാലമായ |

| | | | |
|---|---|---|---|
| രൂപേ | ആകാരത്തിൽ (പ്രപഞ്ചാത്മകമായ വിരാട് സ്വരൂപത്തിൽ) | മനഃ | മനസ്സിനെ |
| | | ധിയാ | ബുദ്ധികൊണ്ട് ഒതുക്കി |
| | | സംധാരയേത് | നിലനിർത്തണം. |

## വിരാട്സ്വരൂപവർണ്ണനം.

24. വിശേഷസ്തസ്യ ദേഹോയം സ്ഥവിഷ്ഠശ്ച സ്ഥവീയസാം
യത്രേദം ദൃശ്യതേ വിശ്വം ഭൂതം ഭവ്യം ഭവച്ച സത്.

| | | | |
|---|---|---|---|
| തസ്യ | ആ സർവ്വേശ്വരന്റെ | ഭൂതം | ഉണ്ടായിക്കഴിഞ്ഞതും |
| വിശേഷഃ | അതിസ്ഥൂലമായ | ഭവ്യം | ഉണ്ടാവാനിരിക്കുന്നതും |
| അയം ദേഹഃ | ഈ സ്വരൂപം | ഭവത് ച | ഉണ്ടായിക്കൊണ്ടിരിക്കുന്നതുമായ |
| സ്ഥവീയസാം | സ്ഥൂലമായവയിൽ വെച്ച് | ഇദം സത് | ഈ കാര്യരൂപമായ |
| സ്ഥവിഷ്ഠഃ ച | ഏററവും സ്ഥൂലമായതാകുന്നു. | വിശ്വം | പ്രപഞ്ചം മുഴുവൻ |
| യത്ര | യാതൊരു ഈ വിരാട് സ്വരൂപത്തിൽ | ദൃശ്യതേ | ദർശിക്കപ്പെടുന്നു, |

25. അണ്ഡകോശേ ശരീരേƒസ്മിൻ സപ്താവരണസംയുതേ
വൈരാജഃ പുരുഷോ യോƒസൌ ഭഗവാൻ ധാരണാശ്രയഃ

| | | | |
|---|---|---|---|
| സപ്താവരണ-സംയുതേ | ഏഴാവരണങ്ങളോട് കൂടിയതും | യഃ | യാതൊരു |
| അണ്ഡകോശേ | ബ്രഹ്മാണ്ഡാകാരേണ വർത്തിക്കുന്നതുമായ | പുരുഷഃ | പുരുഷൻ (അന്തര്യാമിയായ ചേതനാമയൻ) സ്ഥിതി ചെയ്യുന്നുവോ, |
| അസ്മിൻ | ഈ | അസൌ | ഈ |
| ശരീരേ | ശരീരത്തിൽ | ഭഗവാൻ | സർവ്വേശ്വരൻ |
| വൈരാജഃ | "വൈരാജൻ" എന്ന നാമത്താൽ വ്യവഹരിക്കപ്പെടുന്ന | ധാരണാശ്രയഃ | ഉപാസനക്ക് ആലംബമായിവരുന്നു. |

കുറിപ്പ്:— പൃഥിവ്യാദിപഞ്ചഭൂതങ്ങളും, മഹത്തത്ത്വം, അഹങ്കാരം എന്നീ ഏഴാവരണങ്ങളോടുകൂടിയ ബ്രഹ്മാണ്ഡമാകെ ഭഗവാന്റെ ശരീരമാകുന്നു — സ്ഥൂലമായ വിരാട്സ്വരൂപമാകുന്നു. ഇതിൽ അന്തര്യാമിയായി നിലകൊള്ളുന്ന കൂടസ്ഥചൈതന്യത്തെ വൈരാജനെന്നോ, വിരാട്പുരുഷനെന്നോ, ക്ഷേത്രജ്ഞനെന്നോ പറയുന്നു. യമനിയമപ്രാണായാമാദികളാൽ അന്തഃകരണശുദ്ധിസാധിച്ചശേഷം ഈ സ്ഥൂലമായ ഭഗവൽസ്വരൂപത്തിൽ ധാരണയെ അഭ്യസിക്കുമ്പോൾ ആ യോഗിക്കു ഭക്തിലക്ഷണമായ യോഗം സാധിതമായിത്തീരും.

26. പാതാളമേതസ്യ ഹി പാദമൂലം
പഠന്തി പാർഷ്ണിപ്രപദേ രസാതലം
മഹാതലം വിശ്വസൃജോഽഥ ഗുല്ഫൌ
തലാതലം വൈ പുരുഷസ്യ ജംഘേ.

| | | | |
|---|---|---|---|
| പാതാളം | പാതാളലോകം | അഥ | അതിൻവണ്ണം |
| വിശ്വസൃജഃ | പ്രപഞ്ചകർത്താവായ | മഹാതലം | മഹാതലമെന്നലോകം |
| ഏതസ്യ ഹി | ഇതേ | ഗുല്ഫൌ | നെരിയാണികളും, |
| പുരുഷസ്യ | വിരാട്പുരുഷന്റെ | തലാതലം | തലാതലമെന്നതു് |
| പാദമൂലം | പാദാധസ്ഥലവും, | ജംഘേ | കാൽവണ്ണകളും |
| രസാതലം | രസാതലമെന്നലോകം | പഠന്തി വൈ | (ആണെന്നു്) പറയുന്നു. |
| പാർഷ്ണിപ്രപദേ | കുതികാൽപടങ്കാലുകളും, | | |

27. ദ്വേ ജാനുനീ സുതലം വിശ്വമൂർത്തേ-
രൂരുദ്വയം വിതലം ചാതലം ച
മഹീതലം തജ്ജഘനം മഹീപതേ
നഭസ്തലം നാഭിസരോ ഗൃണന്തി

| | | | |
|---|---|---|---|
| സുതലം | സുതലമെന്നലോകം | തജ്ജഘനം | അവിടത്തെ അരക്കെട്ടിന്റെ മുൻഭാഗവും |
| വിശ്വമൂർത്തേഃ | വിശ്വരൂപന്റെ | | |
| ദ്വേ ജാനുനീ | ഇരുകാൽമുട്ടുകളും, | നഭസ്തലം | ആകാശം |
| വിതലം ച | വിതലവും | നാഭിസരഃ | പൊക്കിൾച്ചുഴിയും ആണെന്നു് |
| അതലം ച | അതലവും | | |
| ഊരുദ്വയം | ഇരുതുടകളും, | മഹീപതേ | ഹേ രാജാവേ! |
| മഹീതലം | ഭൂലോകം | ഗൃണന്തി | പറഞ്ഞുവരുന്നു. |

28. ഉരഃസ്ഥലം ജ്യോതിരനീകമസ്യ
ഗ്രീവാ മഹർവദനം വൈ ജനോഽസ്യ
തപോ രരാടീം വിദുരാദിപുംസഃ
സത്യം തു ശീർഷാണി സഹസ്രശീർഷ്ണഃ.

| | | | |
|---|---|---|---|
| ജ്യോതിരനീകം | സ്വർല്ലോകം | ഗ്രീവാ | കഴുത്തായും, |
| അസ്യ | ഈ | ജനഃ വൈ | ജനർല്ലോകമെന്നതു് |
| ആദിപുംസഃ | ആദിപുരുഷന്റെ | വദനം | മുഖമായും, |
| ഉരഃസ്ഥലം | മാറിടമായും, | തപഃ | തപോലോകം |
| മഹഃ | മഹർല്ലോകം | രരാടീം | നെററിത്തടമായും, |

| | | | |
|---|---|---|---|
| സത്യം തു | സത്യലോകമാകട്ടെ | ശീർഷാണി | ശിരസ്സുകളായും |
| സഹസ്രശീർഷ്ണഃ | ആയിരം ശിരസ്സുള്ള | | |
| അസ്യ | ഈ പുരുഷന്റെ | വിദുഃ | അറിയുന്നു. |

29. ഇന്ദ്രാദയോ ബാഹവ ആഹുരുസ്രാഃ
കർണ്ണൌ ദിശഃ ശ്രോത്രമമുഷ്യ ശബ്ദഃ
നാസത്യദസ്രൌ പരമസ്യ നാസേ
ഘ്രാണോഽസ്യ ഗന്ധോ മുഖമഗ്നിരിദ്ധഃ

| | | | |
|---|---|---|---|
| ഇന്ദ്രാദയഃ | ഇന്ദ്രാദികളായ | നാസേ | നാസാപുടങ്ങളാണെന്നും |
| ഉസ്രാഃ | ദേവന്മാർ | ഗന്ധഃ | ഗന്ധം |
| അമുഷ്യ | ഈ ഭഗവാന്റെ | ഘ്രാണഃ | ഘ്രാണേന്ദ്രിയമാണെന്നും, |
| ബാഹവഃ | കൈകളാണെന്നും, | ഇദ്ധഃ | പ്രജ്വലത്തായ |
| ദിശഃ | ദിക്കുകൾ | അഗ്നിഃ | അഗ്നി |
| കർണ്ണൌ | കാതുകളാണെന്നും, | അസ്യ | ഈ |
| ശബ്ദഃ | ശബ്ദം | പരമസ്യ | പരമപുരുഷന്റെ |
| ശ്രോത്രം | ശ്രവണേന്ദ്രിയമാണെന്നും, | മുഖം | വായയാണെന്നും |
| നാസത്യദസ്രൌ | അശ്വിനിദേവന്മാർ | ആഹുഃ | പറയുന്നു. |

30. ദ്യൌരക്ഷിണീ ചക്ഷുരഭൂത് പതംഗഃ
പക്ഷ്മാണി വിഷ്ണോരഹനീ ഉഭേ ച
തദ്ഭ്രൂവിജൃംഭഃ പരമേഷ്ഠിധിഷ്ണ്യ-
മാപോഽസ്യ താലു രസ ഏവ ജിഹ്വാ.

| | | | |
|---|---|---|---|
| ദ്യൌഃ | അന്തരിക്ഷം | പരമേഷ്ഠി- ധിഷ്ണ്യം | ബ്രഹ്മാവിന്റെ ആസ്ഥാനം |
| അസ്യ വിഷ്ണോഃ | ഈ വിശ്വമൂർത്തിയുടെ | തദ്ഭ്രൂ- വിജൃംഭഃ | ഭഗവാന്റെ പുരികക്കൊടിയും, |
| അക്ഷിണീ | നേത്രഗോളകങ്ങളും, | ആപഃ | ജലം |
| പതംഗഃ | സൂര്യൻ | താലുഃ | അണ്ണാക്കും |
| ചക്ഷുഃ | നേത്രേന്ദ്രിയവും, | രസഃ ഏവ | രസം തന്നെ |
| അഹനീ ഉഭേ ച | രാത്രി — പകൽ എന്നിവ രണ്ടും | ജിഹ്വാ | രസനേന്ദ്രിയവും |
| പക്ഷ്മാണി | കണ്ണിമകളും, | അഭൂത് | ആയി ഭവിച്ചു. |

31. ഛന്ദാംസ്യനന്തസ്യ ശിരോ ഗൃണന്തി
ദംഷ്ട്രാ യമഃ സ്നേഹകലാ ദ്വിജാനി
ഹാസോ ജനോന്മാദകരീ ച മായാ
ദുരന്തസർഗ്ഗോ യദപാംഗമോക്ഷഃ.

| | | | |
|---|---|---|---|
| ഛന്ദാംസി | വേദങ്ങൾ | ദ്വിജാനി | പല്ലുകളും, |
| അനന്തസ്യ | അപരിച്ഛേദ്യസ്വരൂപനായ ഭഗവാന്റെ | ജനോന്മാദകരീ | ജനങ്ങളെ ഉന്മാദം കൊള്ളിക്കുന്ന |
| ശിരഃ | ബ്രഹ്മരന്ധ്രമാണെന്നു് | മായാ | മായയെന്ന ശക്തി |
| ഗൃണന്തി | പറയുന്നു. | ഹാസഃ ച | പുഞ്ചിരിയും ആകുന്നു. |
| യമഃ | യമൻ | ദുരന്തസർഗ്ഗഃ | അററമില്ലാത്ത സൃഷ്ടി |
| ദംഷ്ട്രാ | തേററപ്പല്ലും, | യദപാംഗമോക്ഷഃ | യാതൊരുവന്റെ കടാക്ഷവിക്ഷേപവുമാണു്. |
| സ്നേഹകലാഃ | സ്നേഹലേശങ്ങൾ | | |

32. വ്രീഡോത്തരോഷ്ഠോഽധര ഏവ ലോഭോ
ധർമ്മഃ സ്തനോഽധർമ്മപഥോഽസ്യ പൃഷ്ഠഃ
കസ്തസ്യ മേഢ്രം വൃഷണൗ ച മിത്രൗ
കുക്ഷിഃ സമുദ്രാ ഗിരയോഽസ്ഥിസംഘാഃ

| | | | |
|---|---|---|---|
| വ്രീഡാ | ലജ്ജയെന്നതു് | കഃ | പ്രജാപതി |
| അസ്യ | ഈ പരമപുരുഷന്റെ | തസ്യ | ആ ഭഗവാന്റെ |
| ഉത്തരോഷ്ഠഃ | മേൽച്ചുണ്ടും, | മേഢ്രം | ഗുഹ്യപ്രദേശവും, |
| ലോഭഃ | ലോഭമെന്നതു് | മിത്രൗ | മിത്രാവരുണന്മാർ |
| അധരഃ ഏവ | കീഴ്ച്ചുണ്ടുതന്നെയും ആകുന്നു. | വൃഷണൗ ച | അണ്ഡകോശങ്ങളുമാണു്. |
| ധർമ്മഃ | ധർമ്മം | സമുദ്രാഃ | കടലുകൾ |
| സ്തനഃ | സ്തനവും, | കുക്ഷിഃ | വയറും, |
| അധർമ്മപഥഃ | അധർമ്മം | ഗിരയഃ | മലകൾ |
| പൃഷ്ഠഃ | പൃഷ്ഠവുമാകുന്നു. | അസ്ഥിസംഘാഃ | എല്ലിൻകൂട്ടവുമാണു്. |

33. നദ്യോഽസ്യ നാഡ്യോഽഥ തനൂരുഹാണി
മഹീരുഹാ വിശ്വതനോർനൃപേന്ദ്ര
അനന്തവീര്യഃ ശ്വസിതം മാതരിശ്വാ
ഗതിർവ്വയഃ കർമ്മ ഗുണപ്രവാഹഃ.

| | | | |
|---|---|---|---|
| നൃപേന്ദ്ര | മഹാരാജാവേ! | തനൂരുഹാണി | രോമങ്ങൾ |
| അസ്യ | ഈ | മഹീരുഹാഃ | വൃക്ഷലതാദികളും, |
| വിശ്വതനോഃ | വിശ്വമൂർത്തിയുടെ | ശ്വസിതം | ശ്വാസം |
| നാഡ്യഃ | നാഡികൾ | അനന്തവീര്യഃ | അതിരററ വീര്യമെഴുന്ന |
| നദ്യഃ | നദികളാകുന്നു. | മാതരിശ്വാ | വായുവും, |
| അഥ | അതിനുപുറമെ | ഗതിഃ | സഞ്ചാരം |

| | | | |
|---|---|---|---|
| വയഃ | കാലഗതിയും, | ഗുണപ്രവാഹഃ | ഗുണങ്ങളുടെ പ്രവാഹമായ സംസാരചക്രഭ്രമണവും ആകുന്നു. |
| കർമ്മ | ക്രീഡാപ്രവർത്തനം | | |

34. ഈശസ്യ കേശാൻ വിദുരംബുവാഹാൻ
വാസസ്തു സന്ധ്യാം കുരുവര്യ ഭൂമ്നഃ
അവ്യക്തമാഹുർഹൃദയം മനശ്ച
സ ചന്ദ്രമാഃ സർവ്വവികാരകോശഃ.

| | | | |
|---|---|---|---|
| കുരുവര്യ | കുരുവംശോത്തമ! | ഹൃദയം | ഹൃദയത്തെ |
| ഭൂമ്നഃ | വിശ്വവ്യാപിയായ | അവ്യക്തം | മൂലപ്രകൃതിയായും, |
| ഈശസ്യ | ഈശ്വരന്റെ | ആഹുഃ | പരിഗണിക്കുന്നു. |
| കേശാൻ | തലമുടികളെ | സർവ്വവികാര–കോശഃ | എല്ലാ വികാരങ്ങൾക്കും ആശ്രയഭൂതനായ |
| അംബുവാഹാൻ | മേഘങ്ങളായിട്ട് | സഃ ചന്ദ്രമാഃ | ആ ചന്ദ്രൻ |
| വിദുഃ | അറിയുന്നു. | മനഃ ച | മനസ്സും ആകുന്നു. |
| വാസഃ തു | വസ്ത്രത്തെ | | |
| സന്ധ്യാം | സന്ധ്യയായും, | | |

35. വിജ്ഞാനശക്തിം മഹിമാമനന്തി
സർവ്വാത്മനോഽന്തഃകരണം ഗിരിത്രം
അശ്വാശ്വതര്യുഷ്ട്രഗജാ നഖാനി
സർവ്വേ മൃഗാഃ പശവഃ ശ്രോണിദേശേ.

| | | | |
|---|---|---|---|
| മഹിം | മഹത്തത്വത്തെ | അശ്വാശ്വ–തര്യുഷ്ട്രഗജാഃ | കുതിരകൾ - കോവർകഴുതകൾ - ഒട്ടകങ്ങൾ - ആനകൾ എന്നിവ |
| സർവ്വാത്മനഃ | സർവ്വാത്മാവിന്റെ | നഖാനി | നഖങ്ങളാകുന്നു. |
| വിജ്ഞാന ശക്തിം | ചിത്തമായിട്ടും, | സർവ്വേ മൃഗാഃ | എല്ലാ കാട്ടുമൃഗങ്ങളും |
| ഗിരിത്രം | ശ്രീരുദ്രനെ | പശവഃ | പശുക്കളും |
| അന്തഃകരണം | അഹംകാരമായിട്ടും, | ശ്രോണിദേശേ | ഇടുപ്പിൽ സ്ഥിതിചെയ്യുന്നു. |
| ആമനന്തി | കരുതുന്നു. | | |

36. വയാംസി തദ്വ്യാകരണം വിചിത്രം
മനുർമ്മനീഷാ മനുജോ നിവാസഃ
ഗന്ധർവ്വവിദ്യാധരചാരണാപ്സരഃ
സ്വരസ്മൃതീരസുരാനീകവീര്യഃ

| | | | |
|---|---|---|---|
| വയാംസി | പക്ഷികൾ | തദ്–വ്യാകരണം | അവിടുത്തെ ശില്പരചനാകൌശലമാകുന്നു. |
| വിചിത്രം | അത്ഭുതകരമായ | മനുഃ | സ്വായംഭുവമനു |

| | |
|---|---|
| മനീഷാ | ബുദ്ധിയും, |
| മനുജഃ | മാനവൻ |
| നിവാസഃ | വാസസ്ഥലവുമാണ്. |
| ഗന്ധർവ്വ-വിദ്യാധര-ചാരണാപ്സരഃ | ഗന്ധർവ്വന്മാർ - വിദ്യാധരന്മാർ - ചാരണന്മാർ അപ്സരസ്സുകൾ എന്നിവർ |
| സ്വരസ്മൃതീഃ | ഷഡ്ജാദിസപ്തസ്വരങ്ങളുടെ സ്മൃതികളാണ് |
| അസുരാനീകവീര്യ്യഃ | അസുരസേനയാവുന്ന വീര്യത്തോടുകൂടിയവരുമാകുന്നു. |

37. ബ്രഹ്മാനനം ക്ഷത്രഭുജോ മഹാത്മാ
വിഡൂരുരംഘ്രിശ്രിതകൃഷ്ണവർണ്ണഃ
നാനാഽഭിധാഽഭീജ്യഗണോപപന്നോ
ദ്രവ്യാത്മകഃ കർമ്മ വിതാനയോഗഃ

| | |
|---|---|
| ബ്രഹ്മാ | ബ്രാഹ്മണൻ |
| ആനനം | മുഖമാകുന്നു. |
| മഹാത്മാ | ഈ വിരാട്സ്വരൂപൻ |
| ക്ഷത്രഭുജഃ | ക്ഷത്രിയനാവുന്ന ബാഹുക്കളോടും |
| വിഡൂരുഃ | വൈശ്യനാവുന്ന തുടകളോടും |
| അംഘ്രിശ്രിത-കൃഷ്ണവർണ്ണഃ | പാദാശ്രിതനായ ശൂദ്രനോടുംകൂടി വർത്തിക്കുന്നു. |
| നാനാഭിധാ-ഭീജ്യഗണോ-പപന്നഃ | അനേകം പേരുകളാൽ അറിയപ്പെടുന്ന ദേവഗണങ്ങളോടുകൂടിയതും |
| ദ്രവ്യാത്മകഃ | ദ്രവ്യം (ഹവിസ്സ്)കൊണ്ടു നടത്തപ്പെടേണ്ടുന്നതുമായ |
| വിതാനയോഗഃ | യാഗാനുഷ്ഠാനം |
| കർമ്മ | നിയതകർമ്മവുമാണ്. |

38 ഇയാനസാവീശ്വരവിഗ്രഹസ്യ
യഃ സന്നിവേശഃ കഥിതോ മയാ തേ
സന്ധാര്യതേഽസ്മിൻ വപുഷി സ്ഥവിഷ്ഠേ
മനഃ സ്വബുദ്ധ്യാ ന യതോസ്തി കിഞ്ചിത്.

| | |
|---|---|
| ഈശ്വര-വിഗ്രഹസ്യ | വിരാട്പുരുഷസ്വരൂപത്തിന്റെ |
| സന്നിവേശഃ | അവയവവിന്യാസം |
| യഃ | യാതൊന്നോ, |
| അസൌ ഇയാൻ | ഇതിത്രയും |
| മയാ തേ | എന്നാൽ അങ്ങേക്കായി |
| കഥിതഃ | ഉപദേശിക്കപ്പെട്ടു. |
| സ്ഥവിഷ്ഠേ | അതിസ്ഥൂലമായ |
| അസ്മിൻ വപുഷി | ഈ ഭഗവൽസ്വരൂപത്തിൽ |
| സ്വബുദ്ധ്യാ | സ്വബുദ്ധികൊണ്ട് |
| മുമുക്ഷുഭി | മോക്ഷാർത്ഥികളാൽ |
| മനഃ സന്ധാര്യതേ | മനഃസന്ധാരണം ചെയ്യപ്പെടുന്നു. |
| യതഃ | യാതൊരു ഈ ഭഗവൽസ്വരൂപത്തിൽ നിന്നു് അന്യമായിട്ട് |
| കിഞ്ചിത് | യാതൊന്നുംതന്നെ |
| ന അസ്തി | ഇല്ല. |

39. സ സർവ്വധീവൃത്ത്യനുഭൂതസർവ്വ
ആത്മാ യഥാ സ്വപ്നജനേക്ഷിതൈകഃ
തം സത്യമാനന്ദനിധിം ഭജേത
നാന്യത്ര സജ്ജേദ്യത ആത്മപാതഃ.

| | |
|---|---|
| സ്വപ്നജനേക്ഷിതാ | സ്വപ്നാവസ്ഥയിലുള്ള ആൾ (സ്വപ്നത്തിൽ പലതരത്തിലും രൂപത്തിലുംതന്നെ കാണുന്നവനായേക്കാം;) |
| യഥാ | എന്നതുപോലെ |
| സർവ്വധീവൃത്ത്യനുഭൂതസർവ്വഃ | എല്ലാ ജീവാവസ്ഥകളുടെയും ബുദ്ധിവൃത്തിയിലൂടെ എല്ലാം അനുഭവിച്ചു നിലകൊള്ളുന്നവനെങ്കിലും, |

| | |
|---|---|
| സഃ ആത്മാ | ആ പരമാത്മാവു് |
| ഏകഃ | ഏകൻ തന്നെയാണ്. |
| തം | അങ്ങനെയുള്ള |
| സത്യം | സത്യസ്വരൂപമായ |
| ആനന്ദനിധിം | ആനന്ദകേന്ദ്രത്തെ |
| ഭജേത | ഭജിക്കുക. |
| അന്യത്ര | മറ്റൊരിടത്ത് |
| ന സജ്ജേത | ആസക്തിയുണ്ടാകരുത്. |
| യതഃ | എന്തെന്നാൽ |
| ആത്മപാതഃ | അതു ജീവന്റെ അധോഗതിയാണ്. |

കുറിപ്പ്:– ബ്രഹ്മാണ്ഡകോശാത്മകമായ വിരാട്ശരീരം, തദന്തർഗ്ഗതനായ ജീവൻ, ഈ ജീവന്റെ നിയന്താവായ ഈശ്വരൻ — എന്നീ ത്രിതയത്തെ ഒന്നായിക്കണ്ടുകൊണ്ടുള്ള സ്ഥൂലധാരണോപാസന ഭക്തിയോഗത്തിന്നവലംബമായ മനഃസ്ഥൈര്യത്തിന്നു പ്രയോജകീഭവിക്കും. പിന്നെ ഈ സ്ഥൂലത്തിൽനിന്നു് സൂക്ഷ്മത്തിലേക്കു കടക്കുമ്പോൾ ശരീരവും ജീവനും ഈശ്വരനിൽ — പരമാത്മാവിൽ വിലയിക്കുന്നു. അപ്പോൾ ഗുണാതീതമായ പരമാത്മതത്ത്വം മാത്രം ധ്യേയമായി പര്യവസാനിക്കും. അതോടെ ബന്ധനിർമ്മുക്തി കൈവരുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
മഹാപുരുഷസംസ്ഥാനവർണ്ണനേ പ്രഥമോഽദ്ധ്യായഃ.

ഒന്നാമദ്ധ്യായം കഴിഞ്ഞു.

# ദ്വിതീയോഽദ്ധ്യായഃ : രണ്ടാമദ്ധ്യായം.

[ദ്വിതീയേ തു തതഃ സ്ഥൂലധാരണാതോ ജിതം മനഃ
സർവ്വസാക്ഷിണി സർവ്വേശേ വിഷ്ണൗ ധാര്യമിതീര്യതേ.
ദൃശ്യാലംബനരൂപൈവമുക്താ വൈരാജധാരണാ
ഇഹോച്യതേ തു തത്സാധ്യാ സർവ്വാന്തര്യാമിധാരണാ]

യോഗധാരണകൊണ്ടുള്ള ദേഹോത്സർജ്ജനം, സദ്യോമുക്തി,
ക്രമമുക്തി എന്നിവയുടെ നിരൂപണം.

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു.

1. ഏവം പുരാ ധാരണയാഽഽത്മയോനി-
ർന്നഷ്ടാം സ്മൃതിം പ്രത്യവരുദ്ധ്യ തുഷ്ടാത്
തഥാ സസർജ്ജേദമമോഘദൃഷ്ടി-
ര്യഥാപ്യയാത് പ്രാഗ്വ്യവസായബുദ്ധിഃ

| | |
|---|---|
| പുരാ | പണ്ടു് |
| ആത്മയോനിഃ | ബ്രഹ്മാവു് |
| നഷ്ടാം | വിട്ടുപോയ |
| സ്മൃതിം | ഓർമ്മയെ |
| ഏവം | ഇവ്വിധത്തിലുള്ള |
| ധാരണയാ | ധാരണകൊണ്ടു് |
| തുഷ്ടാത് | സന്തോഷിച്ച ശ്രീഹരിയിൽനിന്നു് |
| പ്രത്യവരുദ്ധ്യ | വീണ്ടും ലഭിച്ചു്, |
| അമോഘദൃഷ്ടിഃ | പിഴതീൎന്ന കാഴ്ചപ്പാടോടും |
| വ്യവസായബുദ്ധിഃ | നിശ്ചയത്തിലെത്തിയ ബുദ്ധിയോടും കൂടിയവനായിട്ടു് |
| അപ്യയാത് | കല്പാന്തത്തിനു് |
| പ്രാക് | മുൻപു് |
| യഥാ | ഏതുരൂപത്തിലായിരുന്നുവോ, |
| തഥാ | അതേവിധം |
| ഇദം | ഈ ലോകത്തെ |
| സസർജ്ജ | സൃഷ്ടിച്ചു. |

കുറിപ്പു്:— ഒന്നാമദ്ധ്യായത്തിൽ പറഞ്ഞ വൈരാജധാരണയുടെ അവാന്തരഫലമാണു് ഈ ശ്ലോകംകൊണ്ടു സൂചിപ്പിച്ചതു്. ഈ സൃഷ്ടിയുടെ ആരംഭത്തിൽ ബ്രഹ്മദേവൻ ധാരണകൊണ്ടു ഭഗവാനെ പ്രസാദിപ്പിച്ചു്, പ്രളയകാലത്തിൽ നഷ്ടപ്പെട്ട സൃഷ്ടിവിഷയകമായ സ്മൃതി വീണ്ടും നേടുകയുണ്ടായി. അങ്ങനെ യഥാപൂർവ്വം സൃഷ്ടികർമ്മത്തിൽ ക്ഷമത്വം സമ്പാദിച്ചു എന്നാൽ ഫലാഭിസന്ധിയില്ലാത്ത ശുദ്ധാത്മധാരണയാണു് ഭക്തിയോഗത്തിന്റെ ലക്ഷ്യമെന്നറിയണം. ഋഷി ഇതുള്ളിൽക്കണ്ടുകൊണ്ടു കർമ്മഫലനിന്ദയിലൂടെ വിഷയവൈരാഗ്യം ജനിപ്പിക്കുവാൻ അടുത്ത ശ്ലോകം മുതല്ക്കു് പരിശ്രമിക്കുന്നു.

2. ശാബ്ദസ്യ ഹി ബ്രഹ്മണ ഏഷ പന്ഥാ
യന്നാമഭിർദ്ധ്യായതി ധീരപാർത്ഥൈഃ
പരിഭ്രമംസ്തത്ര ന വിന്ദതേഽർത്ഥാൻ
മായാമയേ വാസനയാ ശയാനഃ.

| | |
|---|---|
| ശാബ്ദസ്യ | ശബ്ദപ്രധാനമായ |
| ബ്രഹ്മണഃ | വേദത്തിന്റെ |
| പന്ഥാഃ | മാർഗ്ഗം (കർമ്മഫലബോധനരീതി) |
| ഏഷഃ ഹി | ഇതാണല്ലോ– |
| അപാർത്ഥൈഃ | അർത്ഥശൂന്യങ്ങളായ |
| നാമഭിഃ | ഓരോന്നിന്റെ പേരുകളാൽ |
| ധീഃ | (സാധകന്റെ) ബുദ്ധി |
| ധ്യായതി | അതാതിങ്കൽ ഉറച്ചുപോകുന്നു |

| | |
|---|---|
| യത് | എന്നതു യാതൊന്നോ, അതുതന്നെ. |
| മായാമയേ | വെറും മായമാത്രമായ |
| തത്ര | അതുകളിൽ |
| പരിഭ്രമൻ | ഉഴറിക്കൊണ്ടു് |
| വാസനയാ | കർമ്മവാസനയാൽ |
| ശയാനഃ | കിനാവുകണ്ടുകിടക്കുന്നവൻ |
| അർത്ഥാൻ | വാസ്തവികാർത്ഥങ്ങളെ |
| ന വിന്ദതേ | പ്രാപിക്കുന്നില്ല. |

കുറിപ്പു്:– സ്വർഗ്ഗാദിനശ്വരസുഖങ്ങളെ ഫലത്വേന നിർദ്ദേശിച്ചു് മനുഷ്യനിൽ കർമ്മശ്രദ്ധ വളർത്തുന്ന രീതി വേദത്തിനുണ്ടു്. കർമ്മവാസനയാൽ മനുഷ്യൻ അതിൽ കുടുങ്ങി ശാശ്വതസുഖപ്രാപ്തിയിൽനിന്നു് അകലുന്നു. വേദം കർമ്മഫലത്തെ ഉൽഘോഷിക്കുന്നതാകട്ടെ മനുഷ്യനെ കർമ്മനിരതനാക്കുവാനുള്ള ഒരു ഉപായമായിട്ടാണ് എന്നു് മാത്രം ബോധിച്ചുകൊള്ളണം.

3. അതഃ കവിർന്നാമസു യാവദർത്ഥഃ
സ്യാദപ്രമത്തോ വ്യവസായബുദ്ധിഃ
സിദ്ധേഽന്യഥാർത്ഥേ ന യതേത തത്ര
പരിശ്രമം തത്ര സമീക്ഷമാണഃ.

| | |
|---|---|
| അതഃ | ആകയാൽ |
| കവിഃ | വിവേകിയായവൻ |
| നാമസു | നാമമാത്രങ്ങളായ ഭോഗ്യവസ്തുക്കളിൽ |
| യാവദർത്ഥഃ | എന്തുമാത്രം ശരീരനിർവ്വഹണത്തിന്നു് വേണ്ടിവരുന്നുവോ അതുമാത്രം സ്വീകരിച്ചുകൊണ്ടു്, |

| | |
|---|---|
| അപ്രമത്തഃ | അതിൽപ്പോലും അനാസക്തനായി, |
| വ്യവസായബുദ്ധിഃ | 'ഇതല്ല പരമസുഖം' എന്നുള്ള നിശ്ചയബുദ്ധിയോടുകൂടിയവനായി |
| സ്യാത് | ഭവിക്കണം. |
| അന്യഥാ | മറ്റൊരുപ്രകാരത്തിൽ |
| തത്ര അർത്ഥേ | ആ കാര്യം (ശരീരനിർവ്വഹണം) |

| | | | |
|---|---|---|---|
| സിദ്ധേ | സാധിച്ചെന്നാൽ, | സമീക്ഷമാണഃ | ഉള്ളിൽ കണ്ടുകൊണ്ടു |
| തത്ര | തദ്വിഷയത്തിലുള്ള | | |
| പരിശ്രമം | കഷ്ടപ്പാടിനെ | ന യതേത | യത്നിക്കാതിരിക്കണം, |

4\. സത്യാം ക്ഷിതൌ കിം കശിപോഃ പ്രയാസൈഃ
ബാഹൌ സ്വസിദ്ധേ ഹ്യുപബർഹണൈഃ കിം
സത്യഞ്ജലൌ കിം പുരുധാന്നപാത്ര്യാ
ദിഗ്വല്കലാദൌ സതി കിം ദുകൂലൈഃ.

| | | | |
|---|---|---|---|
| ക്ഷിതൌ സത്യാം | (കിടക്കുവാൻ) നിലമുള്ളപ്പോൾ | അഞ്ജലൌ സതി | കൈക്കുമ്പിൾ ഉണ്ടായിരിക്കെ |
| കശിപോഃ | കിടക്കയുടെ | പുരുധാ | പലതരം |
| പ്രയാസൈഃ | സമ്പാദനായാസങ്ങളാൽ | അന്നപാത്ര്യാ | അന്നപാത്രംകൊണ്ടു |
| കിം | കാര്യമെന്തിരിക്കുന്നു ? | കിം | പ്രയോജനമെന്തു് ? |
| സ്വസിദ്ധേ ഹി | സ്വതഃസിദ്ധമായി തന്നെ | ദിഗ്വല്കലാദൌ സതി | ദിക്കും മരവുരിയും മറ്റുമായ ആച്ഛാദനം ഉള്ളപ്പോൾ |
| ബാഹൌ | കൈത്തണ്ടയുള്ളപ്പോൾ | ദുകൂലൈഃ | വസ്ത്രങ്ങൾകൊണ്ടു് |
| ഉപബർഹണൈഃ | തലയണകളാൽ | | |
| കിം | കാര്യമെന്തു് ? | കിം | കാര്യമെന്തു് ? |

5\. ചീരാണി കിം പഥി ന സന്തി ദിശന്തി ഭിക്ഷാം
നൈവാങ്ഘ്രിപാഃ പരഭൃതഃ സരിതോഽപ്യശുഷ്യൻ
രുദ്ധാ ഗുഹാഃ കിമജിതോഽവതി നോപസന്നാൻ
കസ്മാദ്ഭജന്തി കവയോ ധനദുർമ്മദാന്ധാൻ.

| | | | |
|---|---|---|---|
| പഥി | വഴിയിൽ | ഗുഹാഃ | ഗുഹകൾ |
| ചീരാണി | കീറത്തുണികൾ | രുദ്ധാഃ കിം | അടഞ്ഞുപോയോ ? |
| കിം ന സന്തി | ഇല്ലയോ ? | ഉപസന്നാൻ | ശരണാഗതരെ |
| പരഭൃതഃ | അന്യരെ പോററുന്ന | അജിതഃ | ഭഗവാൻ |
| അങ്ഘ്രിപാഃ | വൃക്ഷങ്ങൾ | ന അവതി | പാലിക്കുന്നില്ലേ ? |
| ഭിക്ഷാം | ഭിക്ഷയെ | കസ്മാത് | പിന്നെ എന്തിനു് |
| ന ദിശന്തി ഏവ | തരുന്നതേ ഇല്ലെന്നോ? | കവയഃ | വിവേകികൾ |
| സരിതഃ | പുഴകൾ | ധനദുർമ്മദാന്ധാൻ | ധനദുർമ്മദംകൊണ്ടു കണ്ണടഞ്ഞിട്ടുള്ളവരെ |
| അശുഷ്യൻ അപി | വരണ്ടുപോയിട്ടുണ്ടോ? | ഭജന്തി | സേവിക്കുന്നു ? |

നോട്ട്:— വിവേകികൾ ഇത്തരം ചിന്താഗതിയിലൂടെ വിഷയവിരക്തി സാധിക്കണം. പ്രകൃതിദത്തമായ സൌകര്യം മാത്രം ജീവസന്ധാരണത്തിനുമതിയെന്നു് ഉള്ളിലുറച്ചുകഴിഞ്ഞാൽ പിന്നെ വേണ്ടതു് എന്തെന്നു ഇനിമേൽ പറയുന്നു.

6. ഏവം സ്വചിത്തേ സ്വത ഏവ സിദ്ധ
ആത്മാ പ്രിയോഽർത്ഥോ ഭഗവാനനന്തഃ
തം നിർവൃതോ നിയതാർത്ഥോ ഭജേത
സംസാരഹേതൂപരമശ്ച യത്ര.

| | |
|---|---|
| ഏവം | ഇപ്രകാരം വിരക്തിയിലെത്തിയാൽ, |
| സ്വചിത്തേ | തൻെറ ഹൃദയത്തിൽ |
| സ്വതഃ ഏവ | സ്വതവെത്തന്നെ |
| സിദ്ധഃ | ഉള്ളവനും, |
| ആത്മാ | ആത്മാവായി- |
| പ്രിയഃ | പ്രിയംകരനായി- |
| അർത്ഥഃ | സത്യമൂർത്തിയായി- |
| ഭഗവാൻ | ഭജനീയഗുണാന്വിതനായി- |
| അനന്തഃ | നിത്യനമായിവർത്തിക്കുന്ന സർവ്വേശ്വരനുണ്ടല്ലോ, |
| തം | തൻതിരുവടിയെ |
| നിയതാർത്ഥഃ | സുനിശ്ചിതമായ രൂപത്തോടുകൂടിയവനായും |
| നിർവൃതഃ | ആനന്ദാനുഭൂതിയുള്ളവനായും ഭവിച്ചുകൊണ്ടു് |
| ഭജേത | ഭജിച്ചുകൊള്ളണം. |
| യത്ര | യാതൊരു ഈ ഭജനത്താൽ |
| സംസാര- ഹേതൂ- പരമഃ ച | ജനനമരണക്ലേശത്തിനു നിമിത്തമായ അജ്ഞാനത്തിനു നാശം സംഭവിക്കയും ചെയ്യുന്നു. |

7. കസ്താം ത്വനാദൃത്യ പരാനുചിന്താ-
മൃതേ പശൂനസതീം നാമ യുഞ്ജ്യാത്
പശ്യഞ്ജനം പതിതം വൈതരണ്യാം
സ്വകർമ്മജാൻ പരിതാപാൻ ജുഷാണം.

| | |
|---|---|
| പശൂൻ | മൃഗങ്ങളെ (മൃഗതുല്യന്മാരെ) |
| ഋതേ | ഒഴിവാക്കിനിർത്താം— |
| വൈതരണ്യാം | വൈതരണിക്കുതുല്യമായ സംസാരഗർത്തത്തിൽ |
| പതിതം | നിപതിച്ചു്, |
| സ്വകർമ്മജാൻ | സ്വകർമ്മങ്ങളിൽനിന്നുണ്ടായ |
| പരിതാപാൻ | താപത്രയത്തെ |
| ജുഷാണം | അനുഭവിക്കുന്ന |
| ജനം | ജനത്തെ |
| പശ്യൻ | കണ്ടുകൊണ്ടിരിക്കുന്ന |
| കഃ തു | ആരെങ്കിലും |
| താം പരാ- നുചിന്താം | ആ പരമാത്മാനുചിന്തനത്തെ |
| അനാദൃത്യ | ആദരിക്കാതെ, |
| അസതീം | അസത്തായ വിഷയചിന്തയെ |
| യുഞ്ജ്യാത് നാമ | കൈക്കൊള്ളുമോ ? |

8. കേചിത് സ്വദേഹാന്തർഹൃദയാവകാശേ
പ്രാദേശമാത്രം പുരുഷം വസന്തം
ചതുർഭുജം കഞ്ജരഥാംഗശംഖ-
ഗദാധരം ധാരണയാ സ്മരന്തി.

9. പ്രസന്നവക്ത്രം നളിനായതേക്ഷണം
കദംബകിഞ്ജല്കപിശംഗവാസസം
ലസന്മഹാരത്നഹിരണ്മയാംഗദം
സ്ഫുരന്മഹാരത്നകിരീടകുണ്ഡലം

10. ഉന്നിദ്രഹൃത്പങ്കജകർണ്ണികാലയേ
യോഗേശ്വരാസ്ഥാപിതപാദപല്ലവം
ശ്രീലക്ഷ്മണം കൌസ്തുഭരത്നകന്ധര-
മമ്ലാനലക്ഷ്മ്യാ വനമാലയാഽചിതം.

11. വിഭൂഷിതം മേഖലയാംഗുലീയകൈ-
ർമ്മഹാധനൈർന്നൂപുരകങ്കണാദിഭിഃ
സ്നിഗ്ദ്ധാമലാകുഞ്ചിതനീലകുന്തളൈർ
വിരോചമാനാനനഹാസപേശലം.

12. അദീനലീലാഹസിതേക്ഷണോല്ലസദ്-
ഭ്രൂഭംഗസംസൂചിതഭൂര്യനുഗ്രഹം
ഈക്ഷേത ചിന്താമയമേനമീശ്വരം
യാവന്മനോ ധാരണയാഽവതിഷ്ഠതേ

| | |
|---|---|
| കേചിത് | (സാധകന്മാരിൽ) ചിലർ |
| സ്വദേഹാന്തർഹൃദയാവകാശേ | സ്വശരീരത്തിനകത്തുള്ള ഹൃദയാകാശത്തിൽ |
| പ്രാദേശമാത്രം | കേവലം ചാൺവലിപ്പത്തിലുള്ള രൂപംപൂണ്ട് |
| വസന്തം | കുടികൊള്ളുന്നവനും, |
| ചതുർഭുജം | നാലു ഭുജങ്ങളുള്ളവനായി- |
| കഞ്ജരഥാംഗശംഖഗദാധരം | താമരയും ചക്രവും ശംഖും ഗദയും ധരിച്ചവനായി- |

| | |
|---|---|
| പ്രസന്നവക്ത്രം | തെളിവാന്ന തിരുമുഖത്തോടുകൂടിയവനായി- |
| നളിനായതേക്ഷണം | താമരദളംപോലെ നീണ്ടിടംപെട്ട നേത്രങ്ങളോടുകൂടിയവനായി- |
| കദംബകിഞ്ജല്കപിശംഗവാസസം | കദംബപുഷ്പത്തിന്റെ കേസരംപോലെ മഞ്ഞനിറമുള്ള ഉടയാടചാർത്തിയവനായി- |
| ലസന്മഹാരത്നഹിരണ്മയാംഗദം | ശോഭിക്കുന്ന മഹാരത്നങ്ങൾ പതിച്ച പൊന്നിൻ തോൾവളകൾ അണിഞ്ഞവനായി- |

| | |
|---|---|
| സ്ഫുരന്മഹാരത്നകിരീടകുണ്ഡലം | മിന്നിത്തിളങ്ങുന്ന രത്നകിരീടവും രത്നകുണ്ഡലങ്ങളും ധരിച്ചിട്ടുള്ളവനായി |
| ഉന്നിദ്രഹൃത്പങ്കജകർണ്ണികാലയേ | വികസിതമായ ഹൃദയകമലത്തിന്റെ കർണ്ണികാരത്തിൽ |
| യോഗേശ്വരാസ്ഥാപിതപാദപല്ലവം | യോഗാചാര്യന്മാരാൽ പ്രതിഷ്ഠിക്കപ്പെട്ട പാദപല്ലവത്തോടുകൂടിയവനായി |
| ശ്രീലക്ഷ്മണം | ശ്രീവത്സാങ്കിതനായി |
| കൌസ്തുഭരത്നകന്ധരം | കൌസ്തുഭമണി കണ്ഠത്തിൽ ചാർത്തിയവനായി |
| അമ്ലാനലക്ഷ്മ്യാ | വാടാത്ത കാന്തിയോടു ചേർന്ന |
| വനമാലയാ | വനമാലയാൽ |
| ആചിതം | വ്യാപ്തനായി |
| മേഖലയാ | ഉദരബന്ധംകൊണ്ടും |
| അംഗുലീയകൈഃ | വിരൽമോതിരങ്ങൾ കൊണ്ടും |
| മഹാധനൈഃ | വിലകൂടിയ |
| നൂപുരകങ്കണാദിഭിഃ | കാൽച്ചിലങ്കകൾ, വളകൾ എന്നിവകൊണ്ടും |
| വിഭൂഷിതം | അലംകൃതനായി |
| സ്നിഗ്ദ്ധാമലാകുഞ്ചിതനീലകുന്തളൈഃ | മിനുത്തു നിർമ്മലമായി ചുരുണ്ട നീലാളകങ്ങളാൽ |
| വിരോചമാനാനനഹാസപേശലം | പ്രശോഭിതമായ തിരുമുഖത്തിൽ മന്ദഹാസംകൊണ്ടു മനോഹരനായി |
| അദീനലീലാഹസിതേക്ഷണോല്ലസത്ഭ്രൂഭംഗസംസൂചിതഭൂര്യനുഗ്രഹം | ഉദാരമായ കളിപ്പുഞ്ചിരിയോടുചേർന്ന കടാക്ഷവീക്ഷണത്താൽ ഉല്ലസിക്കുന്ന ഭ്രൂചലനം കൊണ്ടു സൂചിതമായ അനേകാനുഗ്രഹങ്ങളോടുകൂടിയവനുമായ |
| പുരുഷം | പുരുഷനെ (പുരുഷരൂപേണ അവസ്ഥിതനായ ശ്രീഹരിയെ) |
| ധാരണയാ | ധാരണയിലൂടെ |
| സ്മരന്തി | സ്മരിക്കാറുണ്ടു്. |
| ചിന്താമയം | (ഈവിധം) ചിന്താശക്തിയാൽ രൂപം കൊണ്ടതായ |
| ഏനം ഈശ്വരം | ഈ മഹാപ്രഭുവിനെ |
| മനഃ | മനസ്സ് |
| ധാരണയാ | ധാരണകൊണ്ടു |
| യാവത് അവതിഷ്ഠതേ | നിലയുറക്കുന്നതുവരെക്കും |
| ഈക്ഷേത | ധ്യാനിച്ചുകൊള്ളണം. |

13. ഏകൈകശോംഗാനി ധിയാനുഭാവയേത്
പാദാദി യാവദ്ധസിതം ഗദാഭൃതഃ
ജിതം ജിതം സ്ഥാനമപോഹ്യ ധാരയേത്
പരം പരം ശുദ്ധ്യതി ധീര്യഥാ യഥാ.

| | |
|---|---|
| ഗദാഭൃതഃ | ശ്രീഹരിയുടെ |
| പാദാദി | തിരുവടിമുതൽ |
| ഹസിതം | മന്ദഹാസാഞ്ചിതമായ തിരുമുഖം |
| യാവത് | വരെയുള്ള |
| അംഗാനി | അവയവങ്ങളെ |
| ഏകൈകശഃ | ഓരോന്നോരോന്നായി |
| ധിയാ | ബുദ്ധികൊണ്ടു് |
| അനുഭാവയേത് | ധ്യാനിക്കണം. |
| ധീഃ | ബുദ്ധി |
| യഥാ യഥാ ശുദ്ധ്യതി | ശുദ്ധീഭവിക്കുന്നതിന്നനുസരിച്ചു് |

| | | | |
|---|---|---|---|
| ജിതം ജിതം | അനായാസേന പ്രസ്ഫുരിതമായ | പരം പരം | അതിന്നു മീതെമീതെയായുള്ളതിനെ |
| സ്ഥാനം | അവയവത്തെ | | |
| അപോഹ്യ | വിട്ടിട്ട് | ധാരയേത് | ധ്യാനിച്ചുറപ്പിക്കണം. |

14. യാവന്ന ജായേത പരാവരേ ഽസ്മിൻ
വിശ്വേശ്വരേ ദ്രഷ്ടരി ഭക്തിയോഗഃ
താവത് സ്ഥവീയഃ പുരുഷസ്യ രൂപം
ക്രിയാവസാനേ പ്രയതഃ സ്മരേത.

| | | | |
|---|---|---|---|
| പരാവരേ | പരമദേവന്മാരായ ബ്രഹ്മാദികൾപോലും യാതൊരുവനേക്കാൾ താഴെയാണോ, അങ്ങനെയുള്ള | യാവത് ന ജായേത താവത് | ഉളവാകാതിരിക്കുന്നതുവരെക്കും |
| | | പുരുഷസ്യ | ഭഗവാന്റെ |
| | | സ്ഥവീയഃ | സ്ഥൂലതരമായ |
| വിശ്വേശ്വരേ | സർവ്വനിയന്താവും | രൂപം | സ്വരൂപത്തെ |
| ദ്രഷ്ടരി | സർവ്വസാക്ഷിയുമായ | ക്രിയാവസാനേ | നിത്യകർമ്മാനുഷ്ഠാനത്തിനുശേഷം |
| അസ്മിൻ | ഈ ശ്രീഹരിയിൽ | | |
| ഭക്തിയോഗഃ | ഭക്തിയോഗം (ആത്യന്തികമായ പ്രേമം) | പ്രയതഃ | ഏകാഗ്രചിത്തനായിട്ട് |
| | | സ്മരേത | ധ്യാനിച്ചുകൊള്ളണം. |

15. സ്ഥിരം സുഖം ചാസനമാശ്രിതോ യതി-
ര്യദാ ജിഹാസുരിമമംഗ ലോകം
കാലേ ച ദേശേ ച മനോ ന സജ്ജയേത്
പ്രാണം നിയച്ഛേന്മനസാ ജിതാസുഃ.

| | | | |
|---|---|---|---|
| അംഗ | രാജാവേ! | ദേശേ ച | ദേശത്തിലും |
| ജിതാസുഃ | ഇന്ദ്രിയജയം സാധിച്ച | മനഃ | മനസ്സിനെ |
| യതിഃ | യോഗി | ന സജ്ജയേത് | ചെലുത്തേണ്ടതില്ല; |
| യദാ | ഏതു നേരത്ത് | സ്ഥിരം | സ്ഥിരവും |
| ഇമം ലോകം | ഈ ലോകത്തെ (ദേഹത്തെ) | സുഖം ച | സുഖകരവുമായ |
| | | ആസനം | ആസനത്തെ |
| ജിഹാസുഃ | ഉപേക്ഷിക്കുവാൻ ആഗ്രഹിക്കുന്നുവോ (ആ നേരത്ത്) | ആശ്രിതഃ | അവലംബിച്ച് |
| | | മനസാ | മനസ്സോടുകൂടെ |
| | | പ്രാണം | പ്രാണനെ |
| കാലേ ച | കാലത്തിലും | നിയച്ഛേത് | നിയന്ത്രിക്കണം. |

ഇതു മുതൽ അഞ്ചുശ്ലോകങ്ങൾകൊണ്ടു് ദേഹത്യാഗംചെയ്തു് സദ്യോമുക്തി സാധിപ്പാനാഗ്രഹിക്കുന്ന യോഗിയുടെ കൃത്യങ്ങൾ പറയുന്നു. യോഗിക്കു ശരീരത്യാഗംചെയ്തു മുക്തനാകുവാൻ ഉത്തരായണാദികാലവിശേഷമോ, പുണ്യക്ഷേത്രസങ്കേതാദിദേശവിശേഷമോ നോക്കേണ്ടതില്ല. യോഗസാധനകൾ മാത്രമാണു് അവയ്ക്കു സിദ്ധിഹേതുക്കൾ എന്നറിയണം.

16. മനഃ സ്വബുദ്ധ്യാ ഽമലയാ നിയമ്യ
ക്ഷേത്രജ്ഞ ഏതാം നിനയേത്തമാത്മനി
ആത്മാനമാത്മന്യവരുധ്യ ധീരോ
ലബ്ധോപശാന്തിർവിരമേത കൃത്യാത്.

| | | | |
|---|---|---|---|
| അമലയാ | പതറിച്ചയകന്ന | ആത്മനി | "അഹമേവ ആത്മാ" എന്ന നിലയിൽ പരമാത്മാവിങ്കലും |
| സ്വബുദ്ധ്യാ | സ്വബുദ്ധികൊണ്ടു് | അവരുധ്യ | ഏകീഭവിപ്പിച്ചു്, |
| മനഃ | മനസ്സിനെ | ധീരഃ | ധീരനായ യോഗി |
| നിയമ്യ | അടക്കി, | ലബ്ധോപശാന്തിഃ | ശരീരം കൈവന്ന പരമശാന്തിയോടു കൂടിയവനായിട്ടു് |
| ഏതാം | ഈ ബുദ്ധിയെ | കൃത്യാത് | കർത്തവ്യത്തിൽനിന്നു് |
| ക്ഷേത്രജ്ഞേ | ബുദ്ധിയുടെ ദ്രഷ്ടാവായ ജീവനിൽ | വിരമേത | വിരമിക്കണം. |
| നിനയേത് | നിലപ്പിക്കണം. | | |
| തം | ആ ജീവനെ | | |
| ആത്മനി | അന്തരാത്മാവിങ്കലും | | |
| ആത്മാനം | അന്തരാത്മാവിനെ | | |

17. ന യത്ര കാലോഽനിമിഷാം പരഃ പ്രഭുഃ
കുതോ നു ദേവാ ജഗതാം യ ഈശിരേ
ന യത്ര സത്ത്വം ന രജസ്തമശ്ച
ന വൈ വികാരോ ന മഹാൻ പ്രധാനം.

| | | | |
|---|---|---|---|
| യത്ര | യാതൊരു പരമാത്മസ്വരൂപത്തിൽ | കുതഃ നു | പ്രവേശിക്കുന്നതെങ്ങനെ? |
| അനിമിഷാം | ദേവകൾക്കുംകൂടി | ജഗതാം | ലോകത്തിലുള്ള മററുള്ളവരുടെ |
| പരഃ | അധീശത്വമുള്ള | (കാ വാർത്താ) | കാര്യം പറയാനെന്തിരിക്കുന്നു? |
| കാലഃ | കാലശക്തിപോലും | യത്ര | യാതൊരു ആത്മസ്വരൂപത്തിൽ |
| ന പ്രഭുഃ | നിയന്താവല്ല; | സത്ത്വം ന | സത്ത്വഗുണമില്ല; |
| യേ | യാതൊരുവർ | രജഃ | രജോഗുണവും |
| ഈശിരേ | ലോകനിയന്താക്കളായി വർത്തിക്കുന്നുവോ, | തമഃ ച ന | തമോഗുണവും ഇല്ല; |
| ദേവാഃ | ആ ദേവന്മാർ | | |

| | | | |
|---|---|---|---|
| വികാരഃ ന | അഹങ്കാരമില്ല ; | പ്രധാനം | മൂലപ്രകൃതിയോ |
| മഹാൻ വൈ | മഹത്തത്ത്വമെന്നതോ | ന | ഇല്ല. |

18.

പരം പദം വൈഷ്ണവമാമനന്തി ത-
ദ്യന്നേതി നേതീത്യതദുത്സിസൃക്ഷവഃ
വിസൃജ്യ ദൌരാത്മ്യമനന്യസൌഹൃദാ
ഹൃദോപഗുഹ്യാർഹപദം പദേ പദേ

| | | | |
|---|---|---|---|
| യത് | എന്തെന്നാൽ | ഹൃദാ | ഉള്ളുകൊണ്ടു് |
| അതത് | അതു് (ആത്മാവു്) അല്ലാത്തതിനെ | ഉപഗുഹ്യ | ആശ്ലേഷിച്ചു്, |
| നേതി നേതി | "അല്ല, അല്ല" | അനന്യ- സൌഹൃദാഃ | മറെറാന്നിലും താല്പര്യമില്ലാത്തവരായി, |
| ഇതി | എന്ന നിഗമനത്തിലൂടെ | തത് വൈഷ്ണവം | ആ വിഷ്ണുസംബന്ധമായ |
| ഉത്സി- സൃക്ഷവഃ | നിരാകരിക്കുവാനാഗ്രഹിക്കുന്ന യോഗിമാർ | പദം | സ്ഥാനത്തെ (നിരുപാധികമായ ആനന്ദധാമത്തെ) |
| ദൌരാത്മ്യം | ദേഹാത്മഭാവത്തെ | | |
| വിസൃജ്യ | വിട്ടുകളഞ്ഞു് | | |
| അർഹപദം | പരമപൂജ്യനായ ശ്രീഹരിയുടെ പാദത്തെ | പരം | സർവ്വോൽകൃഷ്ടമെന്നു് |
| പദേ പദേ | തുടരെത്തുടരെ | ആമനന്തി | കരുതുന്നു. |

19.

ഇത്ഥം മുനിസ്തൂപരമേദ്വ്യവസ്ഥിതോ
വിജ്ഞാനദൃഗ്വീര്യസുരന്ധിതാശയഃ
സ്വപാർഷ്ണിനാഽപീഡ്യ ഗുദം തതോഽനിലം
സ്ഥാനേഷു ഷട്സൂന്നമയേജ്ജിതക്ലമഃ

| | | | |
|---|---|---|---|
| വിജ്ഞാന- ദൃഗ്വീര്യ- സുരന്ധിതാ- ശയഃ | ശാസ്ത്രജ്ഞാനത്തിന്റെ ബലത്താൽ സമൂലം നശിക്കപ്പെട്ട വിഷയവാസനയോടുകൂടിയിരിക്കുന്ന | സ്വപാർഷ്ണിനാ | തൻകുതികാൽകൊണ്ടു് |
| | | ഗുദം | ഗുദദ്വാരത്തെ |
| | | ആപീഡ്യ | അമർത്തിയടച്ചു്, |
| | | തതഃ | അവിടെനിന്നു |
| വ്യവസ്ഥിതഃ | ബ്രഹ്മനിഷ്ഠനായ | അനിലം | വായുവിനെ |
| മുനിഃ തു | യോഗിയാകട്ടെ | ജിതക്ലമഃ | ആയാസപ്പെടാതെകണ്ടു് |
| ഇത്ഥം | ഇപ്രകാരം | ഷട്സു | ആറു |
| ഉപരമേത് | സംസൃതിയിൽനിന്നു് വിരമിക്കണം. | സ്ഥാനേഷു | സ്ഥാനങ്ങളിൽ |
| | | ഉന്നമയേത് | മേല്ക്കുമേൽ കയററണം. |

കുറിപ്പ്:— 16—ാം ശ്ലോകത്തിൽ പറഞ്ഞവിധം യോഗസാധനകൊണ്ടു് മനസ്സിനെ ബുദ്ധിയിലും ബുദ്ധിയെ ക്ഷേത്രജ്ഞനിലും ക്ഷേത്രജ്ഞനെ അന്തരാത്മാവിലും വിലയിപ്പിച്ചുകഴിഞ്ഞാൽ പിന്നെ യോഗിക്കു് കൃത്യമൊന്നുമില്ല. അവൻ

അന്തിമമായ പ്രാപ്യസ്ഥാനത്തിൽ (നിരുപാധികമായ ആനന്ദത്തിൽ) എത്തി മുക്തയനായിക്കഴിഞ്ഞു. പിന്നെ കാലത്തിനോ പ്രകൃതിക്കൊ വിധേയനല്ല. ഈ ശാശ്വതാവസ്ഥയാണ് വിഷ്ണുപദമെന്നതു്.

ഷട്ചക്രഭേദനം വഴി ശരീരത്യാഗം ചെയ്യുന്ന യോഗി കൈവല്യം പ്രാപിക്കുന്നതെങ്ങനെയെന്നു് ഉത്തരാർദ്ധംമുതൽ പറഞ്ഞുതുടങ്ങുന്നു.

20. നാഭ്യാം സ്ഥിതം ഹൃദ്യധിരോപ്യ തസ്മാ-
ദുദാനഗത്യോരസി തം നയേന്മുനിഃ
തതോഽനുസന്ധായ ധിയാ മനസ്വീ
സ്വതാലുമൂലം ശനകൈർന്നയേത.

| | |
|---|---|
| മനസ്വീ | ധീരാത്മാവായ |
| മുനിഃ | യോഗി |
| നാഭ്യാം | നാഭിയിൽ |
| സ്ഥിതം | ഇരിക്കുന്ന |
| തം | ആ വായുവിനെ |
| ഹൃദി | ഹൃദയത്തിൽ |
| അധിരോപ്യ | കയററിയിട്ടു് |
| തസ്മാത് | അവിടെനിന്നു് |
| ഉദാനഗത്യാ | ഉദാനവായുവിന്റെ ഗതിയിലൂടെ |
| ഉരസി | വക്ഷസ്സിൽ |
| നയേത് | കയററണം. |
| തതഃ | അവിടെനിന്നു് |
| ധിയാ | ബുദ്ധിപൂർവ്വം |
| അനുസന്ധായ | അനുസന്ധാനം ചെയ്തു് |
| സ്വതാലുമൂലം | സ്വന്തം താലുമൂലത്തിൽ |
| ശനകൈഃ | മെല്ലെമെല്ലെ |
| നയേത | കൊണ്ടുപോകണം. |

21. തസ്മാദ് ഭ്രുവോരന്തരമുന്നയേത
നിരുദ്ധസപ്തായതനോഽനപേക്ഷഃ
സ്ഥിത്വാ മുഹൂർത്താർദ്ധമകുണ്ഠദൃഷ്ടി-
ർന്നിർഭിദ്യ മൂർദ്ധൻ വിസൃജേത് പരം ഗതഃ

| | |
|---|---|
| തസ്മാത് | അവിടെനിന്നു് (താലുമൂലത്തിൽനിന്നു്) |
| ഭ്രുവോഃ | പുരികങ്ങളുടെ |
| അന്തരം | നടുവിലേക്കു് (ഭ്രൂമദ്ധ്യത്തിലേക്കു്) |
| നിരുദ്ധസപ്താ-യതനഃ | മുഖത്തിലെ ഏഴു പ്രാണമാർഗ്ഗങ്ങളെയും നിരോധിച്ചുകൊണ്ടു് |
| ഉന്നയേത | ഉയർത്തിക്കൊണ്ടുപോകണം. |
| അനപേക്ഷഃ | സ്വർഗ്ഗാദികളിൽ അപേക്ഷയില്ലാത്തവനെങ്കിൽ, |
| മുഹൂർത്താർദ്ധം | അരമുഹൂർത്തത്തോളം |
| അകുണ്ഠദൃഷ്ടിഃ | സ്ഥിരദൃഷ്ടിയായിരുന്നു് |
| പരം | പരമാത്മാവിലേക്കു് |
| ഗതഃ | വിലയിച്ചു്, |
| മൂർദ്ധൻ | മൂർദ്ധാവിൽ (ബ്രഹ്മരന്ധ്രത്തെ) |
| നിർഭിദ്യ | ഭേദിച്ചു് |
| വിസൃജേത് | ദേഹേന്ദ്രിയാദികളെ ഉപേക്ഷിക്കണം. |

കുറിപ്പ്:— യോഗാഗ്നിയിൽ ദേഹേന്ദ്രിയപ്രാണബുദ്ധ്യാദികളെ നശിപ്പിച്ച് സദ്യോ മുക്തിസാധിക്കേണ്ടുംപ്രകാരം രണ്ടരശ്ലോകങ്ങളാംകൊണ്ടു പറഞ്ഞു.

യോഗി സ്ഥിരാസനത്തിൽ ഇരിപ്പുറപ്പിച്ച് ഗുദദ്വാരത്തെ അമർത്തി വായുവിനെ മൂലാധാരത്തിൽ നിന്നു് മേലോട്ട് ഉന്നയിക്കണം. നാഭിക്കു താഴെയുള്ള മണിപൂരത്തിൽ സ്ഥിതിചെയ്യുന്ന സമാനവായുവിനെ ഹൃദയത്തിലുള്ള അനാഹതചക്രത്തിലെ പ്രാണനോടു സംയോജിപ്പിക്കുക. പിന്നീട് ആ സ്ഥാനത്തുനിന്നും വക്ഷസ്സിലുള്ള (കഴുത്തിന്റെ കീഴ്‌വശത്തു) വിശുദ്ധിചക്രത്തിലേക്ക് ഉയർത്തിയിട്ട് ഉദാനവായുവിനോടു ചേർക്കുക. വിശുദ്ധിചക്രത്തിന്റെ അഗ്രഭാഗമാണ് താലുമൂലമെന്നതു്. ഇവിടേക്ക് ഉന്നയിക്കപ്പെട്ടുകഴിഞ്ഞാൽ പിന്നെ വായുവിന്റെ മേലോട്ടുള്ളഗതി തുടങ്ങുമ്പോൾ പ്രത്യേകം ശ്രദ്ധവേണം. മുഖത്തിലുള്ള സപ്തദ്വാരങ്ങളിലൂടെ അതു വ്യതിചലിച്ചുപോകരുതു്. അങ്ങനെ സാവകാശം ഭ്രൂമദ്ധ്യസ്ഥമായ ആജ്ഞാചക്രത്തിലേക്ക് എത്തിക്കുക. യോഗി സദ്യോമുക്തനാകാൻ ആഗ്രഹിക്കുന്നവനാണെങ്കിൽ ആജ്ഞാചക്രത്തിൽ അല്പനേരം വായുഗതിയെ നിയന്ത്രിച്ചു നിർത്തി, ബ്രഹ്മാത്മൈക്യം വരുത്തി, സഹസ്രാരചക്രമെന്ന ബ്രഹ്മരന്ധ്രം ഭേദിച്ച് ദേഹേന്ദ്രിയാദികളെ വിട്ടു പോകണം. ഈ സദ്യോമുക്തിക്കുപകരം ക്രമമുക്തിയാണ് ആഗ്രഹിക്കുന്നതെങ്കിൽ അതു് ഇനിമേൽ പറയുന്നു.

22. യദി പ്രയാസ്യൻ നൃപ പാരമേഷ്ഠ്യം
വൈഹായസാനാമുത യദ് വിഹാരം
അഷ്ടാധിപത്യം ഗുണസന്നിവായേ
സഹൈവ ഗച്ഛേന്മനസേന്ദ്രിയൈശ്ച.

| | | | |
|---|---|---|---|
| നൃപ | ഹേ രാജൻ! | യത് | യാതൊരു |
| പാരമേഷ്ഠ്യം | ബ്രഹ്മലോകത്തെയോ, | വിഹാരം | ക്രീഡാസ്ഥാനത്തിലേക്കോ |
| ഉത | അല്ലെങ്കിൽ | യദി പ്രയാസ്യൻ | എത്തിച്ചേരുവാൻ ആഗ്രഹിക്കുന്നവനാണെങ്കിൽ |
| ഗുണസന്നിവായേ | ഗുണസമ്മേളനത്താൽ രൂപംകൊണ്ടിരിക്കുന്ന ബ്രഹ്മാണ്ഡത്തിൽ | മനസാ | മനസ്സിനോടും |
| അഷ്ടാധിപത്യം | അഷ്ടൈശ്വര്യസമ്പന്നമായ | ഇന്ദ്രിയൈഃ ച | ഇന്ദ്രിയങ്ങളോടും |
| വൈഹായസാനാം | ആകാശചാരികളുടെ | സഹ ഏവ | കൂടിത്തന്നെ |
| | | ഗച്ഛേത് | പോകേണ്ടതാണ്. |

23. യോഗേശ്വരാണാം ഗതിമാഹുരന്തർ-
ബഹിസ്ത്രിലോക്യാഃ പവനാന്തരാത്മനാം
ന കർമ്മഭിസ്താം ഗതിമാപ്നുവന്തി
വിദ്യാതപോയോഗസമാധിഭാജാം.

| | |
|---|---|
| വിദ്യോതപോയോഗസമാധിഭാജാം | ഉപാസന, തപസ്സ്, അഷ്ടാംഗയോഗസ്വാധീനത, ജ്ഞാനം എന്നിവയെ അവലംബിച്ചവരും |
| പവനാന്തരാത്മനാം | വായുവിൽ ഉൾച്ചേൎന്ന സൂക്ഷ്മശരീരത്തോടുകൂടിയവരുമായ |
| യോഗേശ്വരാണാം | പരമയോഗികൾക്കു് |
| ത്രിലോക്യാഃ | മൂന്നുലോകത്തിന്റെ |
| അന്തഃ ബഹിഃ | അകത്തും പുറത്തുമുള്ള |
| ഗതിം | സഞ്ചാരസ്വാതന്ത്ര്യത്തെ |
| ആഹുഃ | ശാസ്ത്രം ഉൽഘോഷിക്കുന്നു. |
| കൎമ്മഭിഃ | കൎമ്മങ്ങൾകൊണ്ടു് |
| താം | അപ്രകാരമുള്ള |
| ഗതിം | സഞ്ചാരസ്വാതന്ത്ര്യത്തെ |
| ന ആപ്നുവന്തി | പ്രാപിക്കുകയില്ല. |

24. വൈശ്വാനരം യാതി വിഹായസാ ഗതഃ
സുഷുമ്നയാ ബ്രഹ്മപഥേന ശോചിഷാ
വിധൂതകല്കോഽഥ ഹരേരുദസ്താത്
പ്രയാതി ചക്രം നൃപ ശൈശുമാരം.

| | |
|---|---|
| ശോചിഷാ | ജ്യോതീരൂപത്തിൽ ദേഹത്തിന്റെ ഉള്ളിലും പുറത്തും വ്യാപിച്ചിട്ടുള്ള |
| സുഷുമ്നയാ | സുഷുമ്നയെന്ന നാഡിയിലൂടെ, |
| വിഹായസാ | ആകാശത്തിൽക്കൂടി, |
| ബ്രഹ്മപഥേന | ബ്രഹ്മലോകമാൎഗ്ഗേണ |
| ഗതഃ | പോയിട്ടു് (ആദ്യം) |
| വൈശ്വാനരം | ആഗ്നേയലോകത്തെ |
| യാതി | പ്രാപിക്കുന്നു |
| നൃപ | അല്ലയോ രാജാവേ ! |
| വിധൂതകല്കഃ | അല്പസ്വല്പമായ മാലിന്യംകൂടി അവിടെ വെച്ചു് അകന്നുകഴിഞ്ഞ ഈ യോഗി |
| അഥ | പിന്നീടു് |
| ഉദസ്താത് | അതിലും ഉപരിയായുള്ള |
| ഹരേഃ | ശ്രീഹരിയുടെ |
| ശൈശുമാരം | ശിശുമാരം എന്നു പേരുള്ള |
| ചക്രം | ജ്യോതിശ്ചക്രത്തിലേക്കു * |
| പ്രയാതി | പ്രയാണം ചെയ്യുന്നു. |

* ആദിത്യാദി ധ്രുവപൎയ്യന്തം വ്യാപിച്ചുകിടക്കുന്ന ശിശുമാരചക്രത്തിന്റെ സ്വഭാവം മേലിൽ പഞ്ചമസ്കന്ധത്തിൽ വിസ്തരിക്കുന്നുണ്ടു്.

25. തദ്വിശ്വനാഭിം ത്വതിവൎത്ത്യ വിഷ്ണോ-
രണീയസാ വിരജേനാത്മനൈകഃ
നമസ്കൃതം ബ്രഹ്മവിദാമുപൈതി
കല്പായുഷോ യദ്വിബുധാ രമന്തേ.

| | |
|---|---|
| വിഷ്ണോഃ | വിഷ്ണുവിന്റെ |
| തത് | ആ ശിശുമാരചക്രമാവുന്ന |
| വിശ്വനാഭിം തു | ബ്രഹ്മാണ്ഡകേന്ദ്രത്തെയും |
| അതിവൎത്ത്യ | കടന്നുപോയശേഷം |

| | |
|---|---|
| അണീയസാ | അതിസൂക്ഷ്മവും |
| വിരജേന | വിശുദ്ധവുമായ |
| ആത്മനാ | ലിംഗശരീരത്തോടുകൂടി |
| ഏകഃ | ഏകനായിട്ട്, |
| നമസ്കൃതം | സർവ്വാരാധിതമായ |
| ബ്രഹ്മവിദാം | ബ്രഹ്മജ്ഞാനികളുടെ |
| (സ്ഥാനം | സ്ഥാനത്തെ മഹർല്ലോകത്തെ) |
| ഉപൈതി | പ്രാപിക്കുന്നു. |
| യത് | യാതൊരിടത്ത് |
| കല്പായുഷഃ | കല്പകാലാന്തംവരെ ജീവിക്കുന്ന |
| വിബുധാഃ | ദേവകൾ |
| രമന്തേ | വിഹരിക്കുന്നുപോൽ. |

26. അഥോ അനന്തസ്യ മുഖാനലേന
ദന്ദഹ്യമാനം സ നിരീക്ഷ്യ വിശ്വം
നിര്യാതി സിദ്ധേശ്വരജുഷ്ടധിഷ്ണ്യം
യദ്ദ്വൈപരാർദ്ധ്യം തദു പാരമേഷ്ഠ്യം.

| | |
|---|---|
| അഥോ | അതിൽപ്പിന്നെ (കല്പാന്തത്തിങ്കൽ) |
| അനന്തസ്യ | ആദിശേഷന്റെ |
| മുഖാനലേന | മുഖങ്ങളിൽനിന്നുണ്ടായ അഗ്നിയാൽ |
| വിശ്വം | ത്രൈലോക്യം |
| ദന്ദഹ്യമാനം | കലശലായി ദഹിക്കപ്പെടുന്നത് |
| നിരീക്ഷ്യ | കണ്ടിട്ട്, |
| സഃ | അവൻ |
| സിദ്ധേശ്വര-ജുഷ്ടധിഷ്ണ്യം | സിദ്ധേശ്വരന്മാർ വസിച്ചുവരുന്ന ശൂന്യാകാശ സങ്കേതങ്ങൾ ഉള്ളതും |
| ദ്വൈപരാർദ്ധ്യം | രണ്ടു പരാർദ്ധകാലത്തോളം നിലനിൽപ്പുള്ളതും ആയ |
| യത് | യാതൊരു |
| പാരമേഷ്ഠ്യം | ബ്രഹ്മലോകമുണ്ടോ, |
| തത് ഉ | അതിലേക്കുതന്നെ |
| നിര്യാതി | പ്രവേശിക്കുന്നു. |

27. ന യത്ര ശോകോ ന ജരാ ന മൃത്യുർ-
നാർത്തിർന്ന ചോദ്വേഗ ഋതേ കുതശ്ചിത്
യച്ചിത്തതോദഃ കൃപയാനിദംവിദാം
ദുരന്തദുഃഖപ്രഭവാനുദർശനാത്.

| | |
|---|---|
| അനിദം-വിദാം | ഇതിനെ (ഭഗവൽധ്യാനപ്രകാരത്തെ) ധരിച്ചിട്ടില്ലാത്തവർക്കുണ്ടാവുന്ന |
| ദുരന്തദുഃഖ-പ്രഭവാനു-ദർശനാത് | ദുരന്തമായ ദുഃഖത്തോടു കൂടിയ സംസൃതിയുടെ കാഴ്ചകൊണ്ടുള്ള |
| കൃപയാ | കാരുണ്യത്താൽ |
| ചിത്തതോദഃ | മനഃപ്രയാസമുണ്ടാവുന്നു |
| യത് ഋതേ | എന്നതൊഴികെ |
| കുതശ്ചിത് | മറ്റൊരുതരത്തിലും |
| യത്ര | യാതൊരു ഈ ബ്രഹ്മലോകത്തിൽ |
| ശോകഃ ന | ശോകമില്ല ; |
| ജരാ ന | വാർദ്ധക്യമില്ല ; |
| മൃത്യുഃ ന | മരണമില്ല ; |
| ഉദ്വേഗഃ | ഭയവും |
| ആർത്തിഃ ച ന | ക്ലേശവുമില്ല. |

28. തതോ വിശേഷം പ്രതിപദ്യ നിർഭയ-
സ്തേനാത്മനാപോഽനലമൂർത്തിരത്വരൻ
ജ്യോതിർമ്മയോ വായുമുപേത്യ കാലേ
വായ്വാത്മനാ ഖം ബൃഹദാത്മലിംഗം.

| | | | |
|---|---|---|---|
| തതഃ | അവിടെനിന്നു് | ഉപേത്യ | പ്രാപിച്ചു്, |
| നിർഭയഃ | നിശ്ശങ്കനായ ഈ യോഗി | കാലേ | ഭോഗാവസാനത്തിൽ |
| വിശേഷം | പൃഥിവിയേയും | വായ്വാത്മനാ | വായുവിന്റെ സ്വരൂപത്തോടെ |
| തേന ആത്മനാ | ആ രൂപത്തോടെ | ജ്യോതിർമ്മയഃ | പ്രകാശാത്മകനായി, |
| അപഃ | ജലത്തെയും | ബൃഹദാത്മലിംഗം | പരമാത്മാവിന്റെ പ്രതീകമായിരിക്കുന്ന |
| പ്രതിപദ്യ | പ്രാപിച്ചശേഷം | ഖം | ആകാശത്തെ പ്രാപിക്കുന്നു. |
| അത്വരൻ | അമ്പരപ്പില്ലാതെ | | |
| അനലമൂർത്തിഃ | അഗ്നിസ്വരൂപനായിട്ടു് | | |
| വായും | വായുവിനെ | | |

29 ഘ്രാണേന ഗന്ധം രസനേന വൈ രസം
രൂപം തു ദൃഷ്ട്യാ ശ്വസനം ത്വചൈവ
ശ്രോത്രേണ ചോപേത്യ നഭോഗുണത്വം
പ്രാണേന ചാകൂതിമുപൈതി യോഗീ

| | | | |
|---|---|---|---|
| ഘ്രാണേന | ഘ്രാണേന്ദ്രിയത്താൽ | നഭോഗുണത്വം ച | ശബ്ദാത്മതയേയും |
| ഗന്ധം | ഗന്ധത്തെയും, | ഉപേത്യ | പ്രാപിച്ചിട്ടു് |
| രസനേന | രസനേന്ദ്രിയത്താൽ | പ്രാണേന | അതതു കർമ്മേന്ദ്രിയത്താൽ |
| രസം വൈ | രസത്തേയും, | ആകൂതിം ച | അതതു ക്രിയാശക്തിയേയും |
| ദൃഷ്ട്യാ | നേത്രേന്ദ്രിയത്താൽ | യോഗീ | യോഗിയായുള്ളവൻ |
| രൂപം തു | രൂപത്തെയും, | ഉപൈതി | പ്രാപിക്കുന്നു. |
| ത്വചാ | ത്വഗിന്ദ്രിയത്താൽ | | |
| ശ്വസനം ഏവ | സ്പർശത്തെത്തന്നെയും, | | |
| ശ്രോത്രേണ | ശ്രവണേന്ദ്രിയത്താൽ | | |

30. സ ഭൂതസൂക്ഷ്മേന്ദ്രിയസന്നികർഷം
മനോമയം ദേവമയം വികാര്യം
സംസാദ്യ ഗത്യാ സഹ തേന യാതി
വിജ്ഞാനതത്ത്വം ഗുണസന്നിരോധം.

| | | | |
|---|---|---|---|
| സഃ | അവൻ | വികാര്യം | അഹംകാരതത്വത്തിലേക്ക് |
| ഭൂതസൂക്ഷ്മേന്ദ്രിയസന്നികർഷം | ഭൂതസൂക്ഷ്മങ്ങളുടെയും ഇന്ദ്രിയങ്ങളുടെയും ലയസ്ഥാനമായി, | സംസാദ്യ | കടന്ന്, |
| മനോമയം | മനോമയമായും (താമസമായും രാജസമായും) | തേന സഹ | അതോടുകൂടിയുള്ള |
| ദേവമയം | ദേവമയമായും (സാത്വികമായും) സ്ഥിതിചെയ്യുന്ന | ഗത്വാ | ഗമനംകൊണ്ട് |
| | | വിജ്ഞാനതത്വം | മഹത്തത്വത്തിലേക്കും |
| | | ഗുണസന്നിരോധം | സത്വാദിഗുണങ്ങളുടെ വിലയനസ്ഥാനമായ മൂലപ്രകൃതിയിലേക്കും |
| | | യാതി | പോയിച്ചേരുന്നു. |

31. തേനാത്മനാത്മാനമുപൈതി ശാന്ത-
മാനന്ദമാനന്ദമയോഽവസാനേ
ഏതാം ഗതിം ഭാഗവതീം ഗതോ യഃ
സ വൈ പുനർനേഹ വിഷജ്ജതേഽങ്ഗ.

| | | | |
|---|---|---|---|
| തേന | അപ്രകാരമുള്ള | ഉപൈതി | പ്രാപിക്കുന്നു. |
| ആത്മനാ | സ്വരൂപത്തോടെ | അങ്ഗ | അല്ലയോ രാജാവേ! |
| ആനന്ദമയഃ | ആനന്ദമാത്രനായി ഭവിച്ചിരിക്കുന്ന യോഗി | ഭാഗവതീം | ഭഗവന്മയമായ |
| | | ഏതാം ഗതിം | ഈ സദ്ഗതിയെ |
| | | യഃ | യാതൊരുവൻ |
| അവസാനേ | ഒടുവിൽ | ഗതഃ | പ്രാപിച്ചുവോ, |
| ശാന്തം | പ്രശാന്തമായും | സഃ പുനഃ | അവൻ വീണ്ടും |
| ആനന്ദം | ആനന്ദരൂപമായും ഇരിക്കുന്ന | ഇഹ | ഈ സംസാരത്തിൽ |
| | | വിഷജ്ജതേ ന | വന്നു ചേരുകയില്ല; |
| ആത്മാനം | പരമാത്മാവിനെ | വൈ | നിശ്ചയമാണ്. |

കുറിപ്പ്:— ക്രമമുക്തിയെ കാംക്ഷിക്കുന്ന യോഗിയുടെ കാര്യമാണ് ശ്ലോകം 22 മുതൽ പറഞ്ഞുവന്നത്. അവൻ സ്ഥൂലദേഹത്തെ ഉപേക്ഷിക്കുമ്പോഴും മനസ്സും ഇന്ദ്രിയങ്ങളും ഉൾച്ചേർന്ന സൂക്ഷ്മദേഹത്തെ (ലിംഗശരീരത്തെ) വിടുന്നില്ല അണിമാദ്യഷ്ടസിദ്ധികളും സ്വാധീനമാണ്. ബ്രഹ്മാണ്ഡത്തിൽ സർവ്വത്ര യഥേഷ്ടം വിഹരിക്കാനും ബ്രഹ്മലോകംവരെ എത്തുവാനും സാധിക്കും. ഈ യോഗി സ്ഥൂലശരീരംവിട്ട് സൂക്ഷ്മശരീരിയായുയർന്നു ബ്രഹ്മലോകത്തിലേക്കു ഗമനം ആരംഭിക്കുമ്പോഴും ആദ്യം അഗ്നിലോകത്തിലെത്തി, പൂർണ്ണവിശുദ്ധനായശേഷം പിന്നെ ഭഗവാന്റെ ശിശുമാരചക്രത്തിലെത്തുന്നു. ആദിത്യാദി ധ്രുവപര്യന്തമുള്ള നക്ഷത്രരാശികളെ ഉൾക്കൊണ്ടിരിക്കുന്ന ഈ ജ്യോതിശ്ചക്രത്തിനും ഉപരിയായുള്ള മഹർല്ലോകത്തിലേക്കാണ് പിന്നത്തെ പ്രയാണം. പ്രളയകാലത്ത് ആദിശേഷന്റെ മുഖാഗ്നിയാൽ വിശ്വം ആകെയും ദഹിച്ചു

തുടങ്ങുമ്പോൾ മഹർല്ലോകം വെടിഞ്ഞു ബ്രഹ്മലോകത്തിൽ അവൻ ആവസിക്കുകയായി. ദ്വിപരാർദ്ധം കഴിഞ്ഞു മഹാപ്രളയം സംഭവിക്കുമ്പോൾ ഭഗവൽഭക്തനായ ഈ യോഗി പരമപദത്തിൽ സായൂജ്യംപ്രാപിച്ചു നിത്യമുക്തനായും ഭവിക്കുന്നു. ഈ കൈവല്യത്തിന്നുമുമ്പായി അവൻ പൃഥിവി, ജലം, അഗ്നി, വായു, ആകാശം, അഹംകാരം, മഹത്തത്വം എന്നീ ഏഴു ആവരണങ്ങളെ ക്രമത്തിൽ ഭേദിച്ചു് സർവ്വവ്യാപകമായ മൂലപ്രകൃതിയിൽ ലയിച്ചിരിക്കും. അങ്ങനെ 'പ്രധാന'മെന്ന മൂലതത്വമായി ഏകീഭാവം വന്ന ശേഷം നിരുപാധികമായ സച്ചിദാനന്ദത്തിൽ വിലയിക്കുന്നു. ഇതിന്നപ്പുറം ഒന്നുമില്ല. ഇതുതന്നെയാണു് പരമമായ പ്രാപ്യസ്ഥാനം. ഇതത്രേ വൈഷ്ണവപദം. പിന്നെ അവന്നു് പുനരാവൃത്തിയില്ല.

ഈ വിധം വേദത്തിൽ സദ്യോമുക്തിയെന്നും ക്രമമുക്തിയെന്നും രണ്ടു വിധം മോക്ഷമാർഗ്ഗങ്ങൾ നിർദ്ദേശിച്ചിട്ടുണ്ടെന്നു മഹർഷി ചൂണ്ടിക്കാണിക്കുന്നു

32. ഏതേ സൃതീ തേ നൃപ വേദഗീതേ
ത്വയാഭിപൃഷ്ടേ ഹ സനാതനേ ച
യേ വൈ പുരാ ബ്രഹ്മണ ആഹ പൃഷ്ട
ആരാധിതോ ഭഗവാൻ വാസുദേവഃ.

| | | | |
|---|---|---|---|
| നൃപ പുരാ | രാജാവേ! പണ്ടു്, | തേ ഏതേ | അവ, ഈ |
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | സൃതീ | രണ്ടുമാർഗ്ഗങ്ങളാണു്. |
| വാസുദേവഃ | ശ്രീവാസുദേവൻ | വേദഗീതേ | വേദോക്തങ്ങളും |
| ആരാധിതഃ | (ബ്രഹ്മാവിനാൽ) സംപൂജിതനായിട്ടു് | സനാതനേ | എന്നെന്നേക്കുമുള്ളവയുമായ ഈ മാർഗ്ഗങ്ങൾ |
| പൃഷ്ടഃ | ചോദിക്കപ്പെട്ടപ്പോൾ | | |
| യേ വൈ | യാതൊന്നുകളെയാണോ, | ത്വയാ ച | അങ്ങയാലും |
| ബ്രഹ്മണേ | ബ്രഹ്മാവിന്നു് | അഭിപൃഷ്ടേ | ചോദിക്കപ്പെട്ടു. |
| ആഹ | ഉപദേശിച്ചതു്, | ഹ | ആശ്ചര്യകരം ! |

33. നഹ്യതോഽന്യഃ ശിവഃ പന്ഥാ വിശതഃ സംസൃതാവിഹ
വാസുദേവേ ഭഗവതി ഭക്തിയോഗോ യതോ ഭവേത്.

| | | | |
|---|---|---|---|
| യതഃ | യാതൊന്നിലൂടെ | അതഃ | ഇതിനെക്കാൾ |
| ഭഗവതി | ജ്ഞാനൈശ്വര്യനിധിയായ | അന്യഃ | മറ്റൊരു |
| | | ശിവഃ പന്ഥാഃ | നല്ല മാർഗ്ഗം |
| വാസുദേവേ | ശ്രീകൃഷ്ണനിൽ | ഇഹ സംസൃതൌ | ഈ സംസാരചക്രത്തിൽ |
| ഭക്തിയോഗഃ | പരമപ്രേമലക്ഷണമായ ഭക്തിയോഗം | വിശതഃ | അകപ്പെട്ടവന്നു് |
| ഭവേത് | ഉണ്ടാകുമോ, | ന ഹി | ഇല്ലല്ലോ. |

34. ഭഗവാൻ ബ്രഹ്മ കാർത്സ്ന്യേന ത്രിരന്വീക്ഷ്യ മനീഷയാ
തദധ്യവസ്യത് കൂടസ്ഥോ രതിരാത്മൻ യതോ ഭവേത്

| | | | |
|---|---|---|---|
| ഭഗവാൻ | ബ്രഹ്മദേവൻ | ആത്മൻ | ശ്രീകൃഷ്ണപരമാത്മാവിൽ |
| കൂടസ്ഥഃ | ഏകാഗ്രചിത്തനായിട്ട് | രതിഃ | പ്രേമഭക്തി |
| ബ്രഹ്മ | വേദത്തെ | ഭവേത് | ജനിക്കുമോ, |
| കാർത്സ്ന്യേന | മുഴുവനും | തത് | അതിനെ |
| ത്രിഃ | മൂന്നുവട്ടം | മനീഷയാ | സ്വബുദ്ധിയാൽ |
| അന്വീക്ഷ്യ | പരിശോധിച്ചുനോക്കി, | അധ്യവസ്യത് | ഉത്തമമെന്നു നിർണ്ണയിച്ചു. |
| യതഃ | യാതൊന്നുകൊണ്ട് | | |

35. ഭഗവാൻ സർവ്വഭൂതേഷു ലക്ഷിതഃ സ്വാത്മനാ ഹരിഃ
ദൃശ്യൈർബുദ്ധ്യാദിഭിർദ്രഷ്ടാ ലക്ഷണൈരനുമാപകൈഃ.

| | | | |
|---|---|---|---|
| ബുദ്ധ്യാദിഭിഃ | ബുദ്ധിതുടങ്ങിയുള്ള | ഭഗവാൻ | ജ്ഞാനാദിപൂർണ്ണനായ |
| ദൃശ്യൈഃ | ദൃശ്യവിഷയങ്ങളെക്കൊണ്ട് | ഹരിഃ | ശ്രീഹരി |
| അനുമാപകൈഃ | അനുമിക്കുവാൻ ഉപകരിക്കുന്ന | സർവ്വഭൂതേഷു | എല്ലാ സ്ഥാവരജംഗമങ്ങളിലും |
| ലക്ഷണൈഃ | ലക്ഷണങ്ങളാൽ | സ്വാത്മനാ | അന്തര്യാമിയായ ജീവചൈതന്യത്തിന്റെ രൂപത്തിൽ |
| ദ്രഷ്ടാ | അവയുടെ ദ്രഷ്ടാവായി (സ്വതന്ത്രമായ പ്രേരകശക്തിയായി) വർത്തിക്കുന്ന | ലക്ഷിതഃ | ദർശിക്കപ്പെട്ടവനാകുന്നു. |

കുറിപ്പ്:— അനുഭൂതമായ വസ്തുവിൽ മാത്രമാണ് രതിയുണ്ടാവുക; ഈശ്വരൻ നമ്മുടെ അനുഭവത്തിലുണ്ടോ ? എങ്ങനെയാണ് തദ്വിഷയകമായ രതി (പ്രേമഭക്തി) സംഭവിക്കുക ? എന്ന ആശങ്കയെ പരിഹരിക്കുന്നു—ബുദ്ധ്യാദികൾ സ്വതവേ ജഡങ്ങളാണ്, എങ്കിലും അവ പ്രവർത്തിക്കുന്നു. ഈ പ്രവർത്തനശക്തി അവയ്ക്കുണ്ടായതു ഈശ്വരൻ ജീവാത്മരൂപേണ അവയിൽ ആവസിക്കുന്നതുകൊണ്ടാണെന്ന് അനുമിക്കാം അങ്ങനെ അനുമാനംവഴിക്ക് ഈശ്വരനെ സർവ്വചരാചരങ്ങളിലും കാണാവുന്നതാണ്.

36. തസ്മാത് സർവ്വാത്മനാ രാജൻ ഹരിഃ സർവ്വത്ര സർവ്വദാ
ശ്രോതവ്യഃ കീർത്തിതവ്യശ്ച സ്മർത്തവ്യോ ഭഗവാന്നൃണാം.

| | | | |
|---|---|---|---|
| തസ്മാത് | ആകയാൽ, | ഹരിഃ | ശ്രീഹരി |
| രാജൻ | ഹേ രാജാവേ! | സർവ്വാത്മനാ | എല്ലാ വിധത്തിലും |
| ഭഗവാൻ | ഭഗവാനായ | സർവ്വദാ | എല്ലാ കാലത്തിലും |

| | | | |
|---|---|---|---|
| സർവ്വത്ര | എല്ലാ കാര്യങ്ങളിലും | കീർത്തിതവ്യഃ | കീർത്തനീയനും |
| നൃണാം | മനുഷ്യർക്ക് | | |
| ശ്രോതവ്യഃ | ശ്രവണീയനും | സ്മർത്തവ്യഃ ച | സ്മരണീയനും ആകുന്നു. |

37. പിബന്തി യേ ഭഗവത ആത്മനഃ സതാം
കഥാമൃതം ശ്രവണപുടേഷു സംഭൃതം
പുനന്തി തേ വിഷയവിദൂഷിതാശയം
വ്രജന്തി തച്ചരണസരോരുഹാന്തികം.

| | | | |
|---|---|---|---|
| സതാം | സജ്ജനങ്ങൾക്ക | വിഷയ-വിദൂഷിതാ-ശയം | വിഷയവാസനകളാൽ വിശേഷേണ ദുഷിച്ചിരിക്കുന്ന അന്തഃകരണത്തെ |
| ആത്മനഃ | ആത്മാവായിരിക്കുന്ന | | |
| ഭഗവതഃ | ശ്രീകൃഷ്ണഭഗവാന്റെ | | |
| കഥാമൃതം | കഥയാവുന്ന അമൃതിനെ | പുനന്തി | ശുദ്ധീകരിക്കുന്നു. |
| ശ്രവണ-പുടേഷു | കാതുകളാവുന്ന കുമ്പിളുകളിൽ | തച്ചരണ-സരോരുഹാ-ന്തികം | അവിടുത്തെ തൃപ്പാദപത്മങ്ങളുടെ സാമീപ്യത്തെ |
| സംഭൃതം | നിറച്ച് | | |
| യേ | യാതൊരുവർ | | |
| പിബന്തി | പാനം ചെയ്യുന്നുവോ | വ്രജന്തി | പ്രാപിക്കുകയും ചെയ്യുന്നു. |
| തേ | അവർ | | |

"യത് ശ്രോതവ്യമഥോ ജാപ്യം യത് കർത്തവ്യം നൃഭിഃ പ്രഭോ" എന്നിങ്ങനെയുള്ള രാജാവിന്റെ ചോദ്യത്തിന് ഉത്തരമായിട്ട് ശ്രീശുകബ്രഹ്മർഷി അന്തഃകരണവിശുദ്ധിവരുത്തി, സ്ഥൂലസൂക്ഷ്മധാരണാവിധികളിലൂടെ ഭക്തിയോഗത്തിലെത്തുക എന്നതു് കർത്തവ്യത്വേന ഉപദേശിച്ചു. ഈ അദ്ധ്യായത്തിന്റെ അവസാനശ്ലോകം ഫലശ്രുതിരൂപത്തിൽ അതിന്റെ ഉപസംഹാരം കുറിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
മഹാപുരുഷസംസ്ഥാവർണ്ണനം നാമ

ദ്വിതീയോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 76

രണ്ടാമദ്ധ്യായം കഴിഞ്ഞു.

# തൃതീയോഽധ്യായഃ : മൂന്നാമദ്ധ്യായം.

"തൃതീയേ വിഷ്ണുഭക്തേസ്തു വൈശിഷ്ട്യം ശൃണ്വതോ മുനേഃ
ഭക്ത്യുദ്രേകേണ തത്കർമ്മശ്രവണാദര ഈര്യതേ."

ഓരോ ആഗ്രഹമനുസരിച്ച് നാനാദേവന്മാരെ ഉപാസിക്കൽ :

## വിഷ്ണുഭക്തിയുടെ വൈശിഷ്ട്യം

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു.

1. ഏവമേതന്നിഗദിതം പൃഷ്ടവാൻ യത് ഭവാൻ മമ
നൃണാം യന്മ്രിയമാണാനാം മനുഷ്യേഷു മനീഷിണാം.

| | | | |
|---|---|---|---|
| മനുഷ്യേഷു | മനുഷ്യരായി ജനിച്ചവരിൽ | ഭവാൻ | അങ്ങ് |
| മനീഷിണാം | വിദ്വാന്മാരായി ഭവിച്ചവരും | മമ | എന്നോട് |
| മ്രിയമാണാനാം | മരണം അടുത്തിരിക്കുന്നവരുമായ | യത് | യാതൊന്ന് |
| നൃണാം | ജീവന്മാർക്ക് അനുഷ്ഠേയമായ | പൃഷ്ടവാൻ | ചോദിക്കയുണ്ടായോ, (അതിനുത്തരമായിട്ട്) |
| യത് | യാതൊന്നിനെക്കുറിച്ച് | ഏതത് | ഇതെല്ലാം |
| | | ഏവം | ഈ വിധം |
| | | നിഗദിതം | പ്രസ്താവിക്കപ്പെട്ടു |

2. ബ്രഹ്മവർച്ചസകാമസ്തു യജേത ബ്രഹ്മണസ്പതിം
ഇന്ദ്രമിന്ദ്രിയകാമസ്തു പ്രജാകാമഃ പ്രജാപതീൻ

| | | | |
|---|---|---|---|
| തു | എന്നാൽ, | ഇന്ദ്രം തു | ഇന്ദ്രനെയും, |
| ബ്രഹ്മവർച്ചസ-കാമഃ | ബ്രഹ്മതേജസ്സിനെ ആഗ്രഹിക്കുന്നവൻ | പ്രജാകാമഃ | സന്തതിയെ ആഗ്രഹിക്കുന്നവൻ |
| ബ്രഹ്മണസ്പതിം | വേദാധിപത്യമുള്ള ബ്രഹ്മാവിനെയും, | പ്രജാപതീൻ | ദക്ഷാദിപ്രജാപതിമാരെയും |
| ഇന്ദ്രിയകാമഃ | ഇന്ദ്രിയങ്ങൾക്കു വിശേഷശക്തിയുണ്ടാവാനാഗ്രഹിക്കുന്നവൻ | യജേത | ഉപാസിക്കേണ്ടതാണ്. |

3. ദേവീം മായാം തു ശ്രീകാമസ്തേജസ്കാമോ വിഭാവസും
വസുകാമോ വസൂൻ രുദ്രാൻ വീര്യകാമോഽഥ വീര്യവാൻ

| | |
|---|---|
| ശ്രീകാമഃ തു | ഐശ്വൎയ്യത്തിൽ ആഗ്രഹമുള്ളവനാണെങ്കിൽ |
| മായാം ദേവീം | ദുൎഗ്ഗാഭഗവതിയേയും, |
| തേജസ്കാമഃ | തേജസ്സുവേണ്ടവൻ |
| വിഭാവസും | അഗ്നിദേവനേയും, |
| വസുകാമഃ | ധനത്തിൽ ആഗ്രഹമുള്ളവൻ |
| വസൂൻ | അഷ്ടവസുക്കളേയും, |
| വീൎയ്യകാമഃ | പ്രഭാവം ആഗ്രഹിക്കുന്നവൻ |
| അഥ | പ്രത്യേകം |
| വീൎയ്യവാൻ | പ്രഭാവത്തോടുകൂടി |
| രുദ്രാൻ | രുദ്രന്മാരെയും ഉപാസിക്കണം. |

4. അന്നാദ്യകാമസ്ത്വദിതിം സ്വൎഗ്ഗകാമോഽദിതേഃ സുതാൻ
വിശ്വാൻ ദേവാൻ രാജ്യകാമഃ സാദ്ധ്യാൻ സംസാധകോ വിശാം.

| | |
|---|---|
| അന്നാദ്യകാമഃ തു | വിശിഷ്ട ഭക്ഷ്യവസ്തുക്കളെ ആഗ്രഹിക്കുന്നവനെങ്കിൽ |
| അദിതിം | അദിതിദേവിയേയും, |
| സ്വൎഗ്ഗകാമഃ | സ്വൎഗ്ഗലോകത്തെ കാംക്ഷിപ്പവൻ |
| അദിതേഃ | അദിതിയുടെ |
| സുതാൻ | പുത്രന്മാരെ (ദ്വാദശാദിത്യന്മാരെ)യും, |
| രാജ്യകാമഃ | രാജ്യം ആഗ്രഹിക്കുന്നവൻ |
| വിശ്വാൻ ദേവാൻ | വിശ്വേദേവന്മാരെയും, |
| വിശാം | രാജ്യത്തിലെ ബഹുജനങ്ങളുടെ |
| സംസാധകഃ | സ്വാധീനം വേണ്ടവൻ |
| സാദ്ധ്യാൻ | സാദ്ധ്യദേവന്മാരെയും ഉപാസിക്കണം. |

5. ആയുഷ്കാമോഽശ്വിനൌ ദേവൌ പുഷ്ടികാമ ഇളാം യജേത്
പ്രതിഷ്ഠാകാമഃ പുരുഷോ രോദസീ ലോകമാതരൌ.

| | |
|---|---|
| ആയുഷ്കാമഃ | ദീൎഘായുസ്സ് ആഗ്രഹിക്കുന്നവൻ |
| അശ്വിനൌ ദേവൌ | അശ്വിനീദേവന്മാരെയും, |
| പുഷ്ടികാമഃ | അഭിവൃദ്ധിയാഗ്രഹിക്കുന്നവൻ |
| ഇളാം | ഭൂമിദേവിയേയും. |
| പ്രതിഷ്ഠാകാമഃ | നിലയ്ക്കു കോട്ടം തട്ടരുതെന്ന് ആശിക്കുന്ന |
| പുരുഷഃ | മനുഷ്യൻ |
| ലോകമാതരൌ | ലോകമാതാക്കളായ |
| രോദസീ | ദ്യാവാപൃഥിവികളേയും |
| യജേത് | ഉപാസിക്കണം. |

6. രൂപാഭികാമോ ഗന്ധൎവ്വാൻ സ്ത്രീകാമോഽപ്സര ഉൎവ്വശീം
ആധിപത്യകാമഃ സൎവ്വേഷാം യജേത പരമേഷ്ഠിനം.

| | |
|---|---|
| ഗന്ധൎവ്വാൻ | ഗന്ധൎവ്വന്മാരെയും, |
| സ്ത്രീകാമഃ | സ്ത്രീയെ ആഗ്രഹിക്കുന്നവൻ |
| അപ്സര-ഉൎവ്വശീം | അപ്സരസ്സായ ഉൎവ്വശിയേയും, |
| രൂപാഭികാമഃ | സൌന്ദൎയ്യം വേണ്ടവൻ |
| സൎവ്വേഷാം | എല്ലാവരുടെയും |
| ആധിപത്യകാമഃ | ആധിപത്യം അഭിലഷിക്കുന്നവൻ |
| പരമേഷ്ഠിനം | പരമേഷ്ഠി എന്ന ബ്രഹ്മാവിനെയും |
| യജേത | ആരാധിക്കണം. |

7. യജ്ഞം യജേദ്യശസ്കാമഃ കോശകാമഃ പ്രചേതസം
വിദ്യാകാമസ്തു ഗിരിശം ദാംപത്യാർത്ഥ ഉമാം സതീം.

| | | | |
|---|---|---|---|
| യശസ്കാമഃ | കീർത്തിയെ കാംക്ഷിക്കുന്നവൻ | വിദ്യാകാമഃ തു | വിദ്യയെ അർത്ഥിക്കുന്നവൻ |
| യജ്ഞം | യജ്ഞസ്വരൂപനായ വിഷ്ണുവിനെയും, | ഗിരിശം | ശിവനെയും, |
| കോശകാമഃ | ധനശേഖരത്തെ ആഗ്രഹിക്കുന്നവൻ | ദാംപത്യാർത്ഥഃ | ദാംപത്യസൌഖ്യം വേണ്ടവൻ |
| പ്രചേതസം | വരുണനെയും, | സതീം | സാദ്ധ്വിയായ |
| | | ഉമാം | ശ്രീപാർവ്വതിയെയും |
| | | യജേത് | ആരാധിക്കണം. |

8. ധർമ്മാർത്ഥ ഉത്തമശ്ലോകം തന്തും തന്വൻ പിതൄൻ യജേത്
രക്ഷാകാമഃ പുണ്യജനാനോജസ്കാമോ മരുദ്ഗണാൻ.

| | | | |
|---|---|---|---|
| ധർമ്മാർത്ഥഃ | ധർമ്മത്തിൽ താൽപര്യമുള്ളവൻ | പിതൄൻ | പിതൃദേവന്മാരെയും, |
| ഉത്തമശ്ലോകം | ഉത്തമശ്ലോകനെന്ന ഉപാധിയോടുകൂടിയ വിഷ്ണുവിനെയും, | രക്ഷാകാമഃ | ബാധാനിവൃത്തിയെ ആഗ്രഹിക്കുന്നവൻ |
| | | പുണ്യജനാൻ | യക്ഷന്മാരെയും, |
| | | ഓജസ്കാമഃ | ബലം വേണ്ടവൻ |
| തന്തും | സന്താനാഭിവൃദ്ധിയെ | മരുദ്ഗണാൻ | ദേവവൃന്ദങ്ങളെയും |
| തന്വൻ | കാംക്ഷിപ്പവൻ | യജേത് | ഉപാസിക്കണം. |

9. രാജ്യകാമോ മനൂൻ ദേവാന്നിരൃതിം ത്വഭിചരന്യജേത്
കാമകാമോ യജേത്സോമമകാമഃ പുരുഷം പരം.

| | | | |
|---|---|---|---|
| രാജ്യകാമഃ | രാജത്വം ആഗ്രഹിക്കുന്നവൻ | കാമകാമഃ | ഭോഗേച്ഛയുള്ളവൻ |
| | | സോമം | സോമനെ |
| മനൂൻ | മന്വന്തരത്തെ പാലിക്കുന്ന | യജേത് | ഉപാസിക്കണം. |
| | | അകാമഃ | ആഗ്രഹമൊന്നും |
| ദേവാൻ | ദേവന്മാരെയും, | | ഇല്ലാത്ത വിരക്തൻ |
| അഭിചരൻ | ശത്രുനാശം അഭിലഷിക്കുന്നവൻ | പരം | പ്രകൃതിയിൽനിന്നു് അതീതനായി നിലകൊള്ളുന്ന |
| നിരൃതിം തു | നിരൃതിയെത്തന്നെയും | | |
| യജേത് | ഉപാസിക്കണം. | പുരുഷം | സർവ്വേശ്വരനെയും. |

10. അകാമഃ സർവ്വകാമോ വാ മോക്ഷകാമ ഉദാരധീഃ
തീവ്രേണ ഭക്തിയോഗേന യജേത പുരുഷം പരം.

| | |
|---|---|
| അകാമഃ | ആഗ്രഹമെല്ലാം അകന്നിരിക്കുന്ന ഏകാന്തഭക്തനായാലും, |
| സർവ്വകാമഃ | ആഗ്രഹമെല്ലാം ഉള്ളവനായാലും, |
| മോക്ഷകാമഃ വാ | മോക്ഷത്തെ കാംക്ഷിക്കുന്നവനായാലും, — അവൻ |
| ഉദാരധീഃ | ബുദ്ധിമഹത്വത്തോടു കൂടിയവനായിട്ട് |
| തീവ്രേണ | കശ്നമായ |
| ഭക്തിയോഗേന | ഭക്തിയോഗംകൊണ്ട് |
| പരം | പ്രകൃത്യതീതനായ |
| പുരുഷം | സർവ്വേശ്വരനെ |
| യജേത | ഉപാസിക്കുക. |

11. ഏതാവാനേവ യജതാമിഹ നിഃശ്രേയസോദയഃ
ഭഗവത്യചലോ ഭാവോ യദ്ഭാഗവതസംഗതഃ.

| | |
|---|---|
| ഇഹ | ഇവിടെ പറഞ്ഞവിധം |
| യജതാം | നാനാദേവന്മാരെ ഉപാസിക്കുന്നവർക്കുണ്ടാവുന്ന |
| നിഃശ്രേയസോദയഃ | നന്മയുടെ ഉദയം |
| ഏതാവാൻ ഏവ | ഇത്രത്തോളം മാത്രമാണ്. |
| യത് | എന്തെന്നാൽ |
| ഭാഗവതസംഗതഃ | 'ഭഗവൽ ഭക്തന്മാരുടെ സമ്പർക്കംകൊണ്ട് |
| ഭഗവതി | ഭഗവാങ്കൽ |
| അചലഃ | ഇളക്കമില്ലാത്ത |
| ഭാവഃ | ഭക്തിയുണ്ടാവുന്നു' എന്നത്. |

കുറിപ്പ്:— പല ദേവന്മാരെയും പല കാര്യങ്ങൾക്കായി മന്ദബുദ്ധികൾ ഉപാസിക്കും. പക്ഷെ, അവർക്കുണ്ടാവുന്ന സിദ്ധി നശ്വരവും നിസ്സാരവുമാണ്. മനുഷ്യന് വേണ്ടതു പരമപുരുഷാർത്ഥമായ സംസാരനിർമ്മുക്തിയത്രേ. ഇതിന് ഭക്തിയോഗത്തിലൂടെ പരമപുരുഷനായ വിഷ്ണുവിനെത്തന്നെ ഭജിക്കണം, എങ്കിലും അന്യദേവഭജനം ആനുഷംഗികമായി ഭക്തിയോഗത്തിന് സഹായകമായി വരാം ആകയാൽ അതു വർജ്ജിക്കണമെന്ന് ഋഷി ഉപദേശിക്കുന്നില്ല. എന്തെന്നാൽ ഇത്തരം ദേവോപാസനകൾ സത്സംഗത്തിനും മനഃപ്രസാദത്തിനും ഇടവരുത്തുന്നുണ്ട് തന്മൂലം ഭക്തിഭാവം ഉള്ളിലുദിക്കുകയും ചെയ്യും. ആകയാൽ അന്യദേവതാഭജനത്തിന്റെയും അന്തിമഫലം ഭക്തിയോഗപ്രാപ്തിയാണെന്നു വരുന്നു.

12. ജ്ഞാനം യദാ പ്രതിനിവൃത്തഗുണോർമ്മിചക്ര
മാത്മപ്രസാദ ഉത യത്ര ഗുണേഷ്വസംഗഃ
കൈവല്യസമ്മതപഥസ്ത്വഥ ഭക്തിയോഗഃ
കോ നിർവൃതോ ഹരികഥാസു രതിം ന കുര്യാത്.

| | |
|---|---|
| ആ പ്രതി-നിവൃത്ത-ഗുണോർമ്മി-ചക്രം | സാർവ്വത്രികമായി സത്വാദിഗുണങ്ങളുടെ തരംഗങ്ങളായ രാഗ ദ്വേഷാദികളുടെ പരം പര ഉപശാന്തിയെ പ്രാപിക്കുവാൻ ഉതകുന്ന |
| ജ്ഞാനം യത് | അറിവ് യാതൊന്നാണോ അതും, |
| ഉത | അതിൽപ്പിന്നെ |
| ആത്മപ്രസാദഃ | അന്തഃകരണശുദ്ധിയും, |
| ഗുണേഷു | ഇന്ദ്രിയാർത്ഥങ്ങളിൽ |
| അസംഗഃ | വിരക്തിയും, |
| അഥ തു | അനന്തരം |
| കൈവല്യ-സമ്മതപഥഃ | മുക്തിയിലേക്കുള്ള സർവ്വസമ്മതമാർഗ്ഗമായ |
| ഭക്തിയോഗഃ | ഭക്തിയോഗവും |
| യത്ര | യാതൊന്നുകളിൽ ആകുന്നുവോ അങ്ങനെയുള്ള |
| ഹരികഥാസു | ഹരികഥകളിൽ |
| നിർവൃതഃ | രസംകൊണ്ട് ആനന്ദിച്ചിരിക്കുന്ന |
| കഃ | ഏതൊരുവൻ |
| രതിം | താൽപര്യം |
| ന കുര്യാത് | കൊള്ളുന്നതല്ല ? |

ശൌനക ഉവാച — ശൌനകൻ (സൂതനോട്) പറഞ്ഞു:—

13. ഇത്യഭിവ്യാഹൃതം രാജാ നിശമ്യ ഭരതർഷഭഃ
കിമന്യത് പൃഷ്ടവാൻ ഭൂയോ വൈയാസകിമൃഷിം കവിം.

| | |
|---|---|
| ഭരതർഷഭഃ | ഭരതവംശശ്രേഷ്ഠനായ |
| രാജാ | പരീക്ഷിത്ത് രാജാവ് |
| ഇതി | ഇപ്രകാരത്തിലുള്ള |
| അഭിവ്യാഹൃതം | വചനം |
| നിശമ്യ | കേട്ടിട്ട്, |
| ഋഷിം | ബ്രഹ്മജ്ഞാനിയും, |
| കവിം | വാക്പടുവുമായ |
| വൈയാസകിം | വ്യാസപുത്രനോട് |
| ഭൂയഃ | വീണ്ടും |
| അന്യത് കിം | വേറെ എന്ത് |
| പൃഷ്ടവാൻ | ചോദിക്കുകയുണ്ടായി ? |

14. ഏതച്ഛുശ്രൂഷതാം വിദ്വൻ സൂത നോऽർഹസി ഭാഷിതും.
കഥാ ഹരികഥോദർക്കാഃ സതാം സ്യുഃ സദസി ധ്രുവം.

| | |
|---|---|
| വിദ്വൻ സൂത | ജ്ഞാനിയായ സൂത ! |
| ഏതത് | ഇത് |
| ശുശ്രൂഷതാം | കേൾക്കാൻ വെമ്പുന്ന |
| നഃ | ഞങ്ങളോട് |
| ഭാഷിതും | പറയുവാൻ |
| അർഹസി | അങ്ങ് അർഹിക്കുന്നു. |
| സതാം | സജ്ജനങ്ങളുടെ |
| സദസി | സഭയിലെ |
| കഥാഃ | ഭാഷണങ്ങൾ |
| ധ്രുവം | നിശ്ചയമായും |
| ഹരികഥോദർക്കാഃ | ശ്രീഹരിയുടെ ലീലാ കഥകളിൽ പര്യവസാനിക്കുന്നവ |
| സ്യുഃ | ആയിരിക്കും, |

15. സ വൈ ഭാഗവതോ രാജാ പാണ്ഡവേയോ മഹാരഥഃ
ബാലക്രീഡനകൈഃ ക്രീഡൻ കൃഷ്ണക്രീഡാം യ ആദദേ.

| | |
|---|---|
| മഹാരഥഃ | പരാക്രമശാലിയും |
| പാണ്ഡവേയഃ | പാണ്ഡവവംശജനമായ |
| സഃ രാജാ | ആ പരീക്ഷിത്തു് രാജാവു് |
| ഭാഗവതഃ വൈ | ഭഗവൽ ഭക്തനായിരുന്നുവെന്നതു പ്രസിദ്ധമാണല്ലോ. |
| യഃ | യാതൊരാൾ |
| ബാലക്രീഡനകൈഃ | കുട്ടിക്കാലത്തു് കുട്ടിക്കളിക്കോപ്പുകൾകൊണ്ടു് |
| ക്രീഡൻ | കളിക്കുമ്പോൾ |
| കൃഷ്ണക്രീഡാം | കൃഷ്ണലീലയെ (കൃഷ്ണപൂജാദികളികൾ) |
| ആദദേ | സ്വീകരിച്ചിരുന്നു. |

16. വൈയാസകിശ്ച ഭഗവാൻ വാസുദേവപരായണഃ
ഉരുഗായഗുണോദാരാഃ സതാം സ്യുർഹി സമാഗമേ.

| | |
|---|---|
| ഭഗവാൻ | സർവ്വജ്ഞാനപരിപൂർണ്ണനായ |
| വൈയാസകിഃ ച | വ്യാസപുത്രനും |
| വാസുദേവപരായണഃ | ശ്രീകൃഷ്ണനിൽ ഭക്തിയുള്ള ആളാണു്. |
| സതാം | ഭക്തജനങ്ങളുടെ |
| സമാഗമേ | കൂടിക്കാഴ്ചയിൽ |
| ഉരുഗായഗുണോദാരാഃ | ഭഗവൽ ഗുണങ്ങളാൽ മഹിമയാന്ന ഭാഷണങ്ങൾ |
| സ്യുഃ ഹി | ഉണ്ടാകുമെന്നു നിശ്ചയം. |

17. ആയുർഹരതി വൈ പുംസാമുദ്യന്നസ്തം ച യന്നസൌ
തസ്യർതേ യത്ക്ഷണോ നീത ഉത്തമശ്ലോകവാർത്തയാ.

| | |
|---|---|
| ഉത്തമശ്ലോകവാർത്തയാ | വിശിഷ്ടകീർത്തിയെഴുന്ന ശ്രീഹരിയുടെ വൃത്താന്തംകൊണ്ടു് |
| യത്ക്ഷണഃ | യാതൊരുത്തനാൽ അല്പസമയമെങ്കിലും |
| നീതഃ | നീക്കപ്പെട്ടുവോ, |
| തസ്യ | അവന്റെ |
| ആയുഃ ഋതേ | ആയുസ്സൊഴിച്ചു് |
| പുംസാം | മററു മനുഷ്യരുടേതു്. |
| ഉദ്യൻ | ഉദിക്കുകയും |
| അസ്തം യൻ ച | അസ്തമിക്കുകയും ചെയ്യുന്ന |
| അസൌ | ഇവൻ (സൂര്യൻ) |
| ഹരതി | അപഹരിക്കുന്നു ; |
| വൈ | തീർച്ചതന്നെ. |

18. തരവഃ കിം ന ജീവന്തി ഭസ്ത്രാഃ കിം ന ശ്വസന്ത്യുത
ന ഖാദന്തി ന മേഹന്തി കിം ഗ്രാമപശവോഽപരേ.

| | |
|---|---|
| തരവഃ | മരങ്ങൾ |
| ന ജീവന്തി കിം | ജീവസന്ധാരണം ചെയ്യുന്നില്ലേ ? |
| ഭസ്ത്രാഃ ഉത | ഉലകൾ പോലും |
| ന ശ്വസന്തി കിം | കാററിനെ അകത്തേക്കു വലിക്കുകയും പുറത്തേക്കു വിടുകയും ചെയ്യുന്നില്ലേ? |
| ഗ്രാമപശവഃ | നാട്ടുമൃഗങ്ങളും |
| അപരേ | മററു ജന്തുക്കളും |
| ന ഖാദന്തി | തിന്നുന്നില്ലേ ? |
| ന മേഹന്തി കിം | ഇണചേരുന്നില്ലയോ? |

19. ശ്വവിഡ്വരാഹോഷ്ട്രഖരൈഃ സംസ്തുതഃ പുരുഷഃ പശുഃ
ന യത്കർണ്ണപഥോപേതോ ജാതു നാമ ഗദാഗ്രജഃ.

| | | | |
|---|---|---|---|
| ജാതു നാമ | ഒരിക്കലെങ്കിലും | (സഃ) പുരുഷഃ | ആ മനുഷ്യൻ |
| ഗദാഗ്രജഃ | ശ്രീകൃഷ്ണൻ | ശ്വവിഡ്- വരാഹോഷ്ട്ര- ഖരൈഃ | ശ്വാവ്, ഊർപ്പന്നി ഒട്ടകം, കഴുത എന്നിവയോടു |
| യത്കർണ്ണ- പഥോപേതഃ | യാതൊരുവന്റെ ശ്രവണമാർഗ്ഗത്തെ പ്രാപിച്ചവൻ | സംസ്തുതഃ | സാദൃശ്യമുള്ള |
| ന | ആയിട്ടില്ലയോ, | പശുഃ | മൃഗമാകുന്നു. |

20. ബിലേ ബതോരുക്രമവിക്രമാൻ യേ
ന ശൃണ്വതഃ കർണ്ണപുടേ നരസ്യ
ജിഹ്വാസതീ ദാർദ്ദുരികേവ സൂത
ന ചോപഗായത്യുരുഗായഗാഥാഃ.

| | | | |
|---|---|---|---|
| സൂത | അല്ലയോ സൂത! | ഉരുഗായ- ഗാഥാഃ | കൃഷ്ണസങ്കീർത്തന ഗീതികളെ |
| നരസ്യ | മനുഷ്യന്റെ | ഉപഗായതി ന ച | ഉപഗാനം ചെയ്യുന്നില്ലെങ്കിൽ |
| യേ | യാതൊരു | ജിഹ്വാ | (മനുഷ്യന്റെ) നാവ് |
| കർണ്ണപുടേ | കർണ്ണപുടങ്ങൾ | ദാർദ്ദുരികീ | തവളയുടേത് |
| ഉരുക്രമ- വിക്രമാൻ | ശ്രീകൃഷ്ണന്റെ അപദാനങ്ങളെ | ഇവ | പോലെ |
| ന ശൃണ്വതഃ | കേൾക്കുന്നില്ലയോ, | അസതീ | അപശബ്ദജനകമാണ് |
| (തേ) ബിലേ | അവ രണ്ടു പോടുകളാണ്. | | |
| ബത | കഷ്ടം! | | |

21. ഭാരഃ പരം പട്ടകിരീടജുഷ്ട-
മപ്യുത്തമാംഗം ന നമേന്മുകുന്ദം.
ശാവൌ കരൌ നോ കുരുതഃ സപര്യാം
ഹരേർലസത്കാഞ്ചനകങ്കണൌ വാ.

| | | | |
|---|---|---|---|
| പട്ടകിരീട- ജുഷ്ടം അപി | പട്ടുതലപ്പാവു ചൂടിയതായാലുംകൂടി | ലസത്കാഞ്ചന- കങ്കണൌ വാ | തിളക്കമുള്ള പൊൻകാപ്പുള്ളതായാലും ശരി, |
| ഉത്തമാംഗം | ശിരസ്സ് | കരൌ | കൈകൾ |
| മുകുന്ദം | ശ്രീകൃഷ്ണനെ | ഹരേഃ | ശ്രീകൃഷ്ണന്റെ |
| ന നമേത് | നമിക്കുന്നില്ലെങ്കിൽ | സപര്യാം | പൂജയെ |
| പരം ഭാരഃ | വെറും ചുമടുതന്നെ. | നോ കുരുതഃ | ചെയ്യുന്നില്ലെങ്കിൽ |
| | | ശാവൌ | നിർജ്ജീവങ്ങളാണ്. |

22. ബർഹായിതേ തേ നയനേ നരാണാം
ലിംഗാനി വിഷ്ണോർന നിരീക്ഷതോ യേ
പാദൗ നൃണാം തൗ ദ്രുമജന്മഭാജൗ
ക്ഷേത്രാണി നാനുവ്രജതോ ഹരേർയൗ.

| | | | |
|---|---|---|---|
| യേ | യാതൊന്നുകൾ | ഹരേഃ | വിഷ്ണുവിന്റെ |
| വിഷ്ണോഃ | വിഷ്ണുവിന്റെ | ക്ഷേത്രാണി | ക്ഷേത്രങ്ങളിലേക്ക് |
| ലിംഗാനി | മൂർത്തികളെ | ന അനു-വ്രജതഃ | സഞ്ചരിക്കമാറില്ലയോ, |
| ന നിരീക്ഷതഃ | ദർശിക്കാതിരിക്കുന്നുവോ, | നൃണാം | മനുഷ്യരുടെ |
| നരാണാം | മനുഷ്യരുടെ | തൗ പാദൗ | ആ കാലുകൾ |
| തേ നയനേ | ആ കണ്ണുകൾ | ദ്രുമജന്മ-ഭാജൗ | മരത്തിന്റെ പിറവിയെടുത്തവയാകുന്നു. |
| ബർഹായിതേ | പീലിക്കണ്ണുകൾ പോലെയുള്ളവയാണ്. | | |
| യൗ | യാതൊന്നുകൾ | | |

23. ജീവച്ഛവോ ഭാഗവതാങ്ഘ്രിരേണും
ന ജാതു മർത്ത്യോഽഭിലഭേത യസ്തു
ശ്രീവിഷ്ണുപദ്യാ മനുജസ്തുളസ്യാഃ
ശ്വസച്ഛവോ യസ്തു ന വേദ ഗന്ധം.

| | | | |
|---|---|---|---|
| യഃ തു | യാതൊരുവനാകട്ടെ | യഃ തു | യാതൊരുവനാകട്ടെ |
| ഭാഗവതാ-ങ്ഘ്രിരേണും | ഭഗവൽഭക്തന്മാരുടെ പാദധൂളിയെ | ശ്രീവിഷ്ണുപദ്യാഃ | വിഷ്ണുപാദത്തിലർപ്പിച്ച |
| ജാതു | ഒരിക്കലെങ്കിലും | തുളസ്യാഃ | തുളസിയുടെ |
| ന അഭി-ലഭേത | ലഭിക്കാൻ ഇടവരാതെയിരിക്കുന്നുവോ, | ഗന്ധം | മണം |
| (സഃ) മർത്ത്യഃ | ആ മനുഷ്യൻ | ന വേദ | അറിയുന്നില്ലയോ, |
| ജീവച്ഛവഃ | ജീവിച്ചിരിക്കുന്ന ശവമാണ് | (സഃ) മനുജഃ | ആ മനുഷ്യൻ |
| | | ശ്വസച്ഛവഃ | ശ്വാസോച്ഛ്വാസം ചെയ്യുന്ന ശവമാകുന്നു. |

24. തദശ്മസാരം ഹൃദയം ബതേദം
യദ്ഗൃഹ്യമാണൈർഹരിനാമധേയൈഃ
ന വിക്രിയേതാഥ യദാ വികാരോ
നേത്രേ ജലം ഗാത്രരുഹേഷു ഹർഷഃ.

| | | | |
|---|---|---|---|
| ഗൃഹ്യമാണൈഃ | ഉച്ചരിക്കപ്പെടുന്ന | യത് | യാതൊന്ന് |
| ഹരിനാമ-ധേയൈഃ | ഹരിനാമങ്ങളാൽ (ഹരിനാമോച്ചാരണത്താൽ) | അഥ | ഉടനടി |
| | | ന വിക്രിയേത | വികാരപ്പെടുന്നില്ലയോ, |

| | |
|---|---|
| ഇദം | ഇങ്ങനെയുള്ള |
| തത് ഹൃദയം | ആ ഹൃദയം |
| അശ്മസാരം | കല്ലുപോലെ കട്ടപ്പമുള്ളതാണ് ! |
| ബത | ഹാ ! അത്ഭുതം ! |
| യദാ | യാതൊരു നേരത്ത് (ഹരിനാമോച്ചാരണം കേൾക്കും നേരത്ത്) |
| നേത്രേ ജലം | കണ്ണിൽ വെള്ളം (ആനന്ദബാഷ്പം) |
| ഗാത്രരുഹേഷു | രോമങ്ങളിൽ |
| ഹർഷഃ | കിളപ്പ് (രോമാഞ്ചം) |
| വികാരഃ | ഈ രൂപത്തിലുള്ള വികാരമുണ്ടാവണം. |

25\. അഥാഭിധേഹ്യംഗ മനോനുകൂലം
പ്രഭാഷസേ ഭാഗവതപ്രധാനഃ
യദാഹ വൈയാസകിരാത്മവിദ്യാ-
വിശാരദോ നൃപതിം സാധുപൃഷ്ടഃ.

| | |
|---|---|
| അംഗ | ഹേ പ്രിയസൂത ! |
| മനോനുകൂലം | മനസ്സിന്നിണങ്ങുമാറ് |
| പ്രഭാഷസേ | അങ്ങ് പ്രഭാഷണം ചെയ്യുന്നുണ്ട് ; |
| ആത്മവിദ്യാ-വിശാരദഃ | ആദ്ധ്യാത്മജ്ഞാനത്തിൽ അതിവിദഗ്ദ്ധനും |
| ഭാഗവത-പ്രധാനഃ | ഭഗവൽഭക്തന്മാരിൽ പ്രമുഖനും |
| വൈയാസകിഃ | വ്യാസപുത്രനമായ ശ്രീശുകൻ |
| നൃപതിം | പരീക്ഷിത്ത് രാജാവോട് |
| സാധുപൃഷ്ടഃ | അദ്ദേഹത്താൽ ഭക്തിപൂർവ്വം ചോദിക്കപ്പെട്ടപ്പോൾ |
| യത് ആഹ | എന്തു പറഞ്ഞുവോ, |
| അഥ | ഇനിയും [അത് |
| അഭിധേഹി | പറഞ്ഞുതരിക. |

കുറിപ്പ്:- അന്യദേവോപാസനകൾ നശ്വരഫലപ്രദങ്ങളാണെങ്കിലും സൽസംഗത്തിനും ഹരികഥാശ്രവണത്തിനും തദ്ദ്വാരാ ഭക്തിക്കും മുക്തിക്കും പരോക്ഷമായി സഹായിക്കുമെന്നു രാജാവിനോട് പറഞ്ഞുകൊണ്ടാണ് ശ്രീശുകൻ ആ പ്രമേയം അവസാനിപ്പിച്ചത്. സൂതൻ ഇതിത്രയും ആഖ്യാനംചെയ്തപ്പോൾ നൈമിശക്ഷേത്രവാസികളായ ശൗനകാദികൾക്ക് കഥാശ്രവണാഭിരുചി വളന്നു. പുണ്യശ്ലോകന്മാരായ ആ ബ്രഹ്മർഷിരാജർഷിമാരുടെ സംവാദത്തിൽ ഭഗവാൻെറ ഉദാരഗുണങ്ങളെ വെളിവാക്കുന്ന കഥകൾ പലതും ഉണ്ടാകുമല്ലോ· അവ അവരുടെ സംവാദരൂപത്തിൽ ഇനിയും വിസ്തരിക്കണമെന്നു ഋഷിമാർ സൂതനോടുപറയുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ

തൃതീയോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 101

മൂന്നാമദ്ധ്യായം കഴിഞ്ഞു.

## ചതുർത്ഥോഽദ്ധ്യായഃ : നാലാമദ്ധ്യായം.

"ഇത്യേ പരീക്ഷിതാ പൃഷ്ടം സൃഷ്ട്യാദിഹരിചേഷ്ടിതം
ശുകേന ബ്രഹ്മതത്പുത്രസംവാദേനോപവർണ്യതേ"

ജഗത്സൃഷ്ടിയെ അധികരിച്ചുള്ള പരീക്ഷിത്തിന്റെ ചോദ്യവും
ശ്രീശുകൻ ബ്രഹ്മനാരദസംവാദത്തിലൂടെ അനുപന്യസിപ്പാൻ തുടങ്ങുന്നതും.

സൂത ഉവാച : — സൂതൻ (ശൌനകാദികളോട്) പറഞ്ഞു.

1. വൈയാസകേരിതി വചസ്തത്വനിശ്ചയമാത്മനഃ
ഉപധാര്യ മതിം കൃഷ്ണേ ഔത്തരേയഃ സതീം വ്യധാത്.

| | | | |
|---|---|---|---|
| ഔത്തരേയഃ | ഉത്തരാപുത്രനായ | വൈയാസകേഃ | ശ്രീശുകമഹർഷിയുടെ |
| | പരീക്ഷിത്ത് | വചഃ ഇതി | വാക്ക് ഇപ്രകാരം |
| ആത്മനഃ | പരമാത്മാവിനെ | ഉപധാര്യ | കേട്ടുധരിച്ച്, |
| | സംബന്ധിച്ചുള്ള | കൃഷ്ണേ | ശ്രീകൃഷ്ണഭഗവാങ്കൽ |
| തത്വനിശ്ചയം | യഥാർത്ഥവസ്തു ഇന്ന | സതീം | വിശുദ്ധമായ |
| | തെന്ന ബോധം | മതിം | ബുദ്ധിയെ |
| | വരുത്തുവാനുതകുന്ന | വ്യധാത് | ഭക്തിപൂർവ്വം സമർപ്പിച്ചു, |

2. ആത്മജായാസുതാഗാരപശുദ്രവിണബന്ധുഷു
രാജ്യേ ചാവികലേ നിത്യം വിരൂഢാം മമതാം ജഹൌ.

| | | | |
|---|---|---|---|
| ആത്മജായാ– | ശരീരം, ഭാര്യ, മക്കൾ, | രാജ്യേ ച | രാജ്യത്തിലും |
| സുതാഗാര– | ഗൃഹം, ഗജതുരഗാദി | നിത്യം | നാൾക്കുനാൾ |
| പശുദ്രവിണ– | കൾ, സമ്പത്തുകൾ, | വിരൂഢാം | വേരൂന്നിനിന്നിരുന്ന |
| ബന്ധുഷു | ബന്ധുക്കൾ | മമതാം | മമതാഭിമാനത്തെ |
| | എന്നിവയിലും | | |
| അവികലേ | കോട്ടവും കുറവുമില്ലാത്ത | ജഹൌ | ഉപേക്ഷിച്ചു. |

3. പപ്രച്ഛ ചേമമേവാർത്ഥം യന്മാം പൃച്ഛഥ സത്തമാഃ
കൃഷ്ണാനുഭാവശ്രവണേ ശ്രദ്ദധാനോ മഹാമനാഃ

4. സംസ്ഥാം വിജ്ഞായ സന്ന്യസ്യ കർമ്മ ത്രൈവർഗ്ഗികം ച യത്.
വാസുദേവേ ഭഗവതി ആത്മഭാവം ദൃഢം ഗതഃ.

| | | | |
|---|---|---|---|
| മഹാമനാഃ | മഹാമനസ്സനായ രാജാവു് | ഗതഃ | പ്രാപിച്ചു്, |
| സംസ്ഥാം | മരണത്തെക്കുറിച്ചുള്ള | കൃഷ്ണാനുഭാവ- ശ്രവണേ | കൃഷ്ണമാഹാത്മ്യങ്ങളെ ശ്രവിക്കുന്നതിൽ |
| വിജ്ഞായ | നിശ്ചിതസമയം അറിഞ്ഞു്, | ശ്രദ്ദധാനഃ | ശ്രദ്ധാലുവായിരുന്നു കൊണ്ടു്, |
| ത്രൈവർഗ്ഗികം | ധർമ്മാർത്ഥകാമങ്ങളോടുസംബന്ധപ്പെട്ട | സത്തമാഃ | ഹേ മുനിമുഖ്യന്മാരേ! |
| | | യത് | യാതൊന്നിനെ |
| കർമ്മ യത് ച | കർമ്മം ഏതോ, അതും | മാം | എന്നോടു് |
| സന്യസ്യ | ഉപേക്ഷിച്ചു്, | പൃച്ഛഥ | നിങ്ങൾ ചോദിക്കുന്നുവോ, |
| ഭഗവതി | ഭഗവാനായ | | |
| വാസുദേവേ | ശ്രീവാസുദേവനിൽ | ഇമം ഏവ | ഇതേ |
| ദൃഢം | ഉറച്ചനിലയോടെ | അർത്ഥം | വിഷയത്തെത്തന്നെ |
| ആത്മഭാവം | താദാത്മ്യത്തെ | പപ്രച്ഛ ച | ചോദിക്കയും ചെയ്തു. |

രാജോവാച — രാജാവു് ചോദിച്ചു.

5. സമീചീനം വചോ ബ്രഹ്മൻ സർവ്വജ്ഞസ്യ തവാനഘ
തമോ വിശീര്യതേ മഹ്യം ഹരേഃ കഥയതഃ കഥാം.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ! | ഹരേഃ | ശ്രീഹരിയുടെ |
| സർവ്വജ്ഞസ്യ | എല്ലാം അറിയുന്ന | കഥാം | ചരിതത്തെ |
| തവ | അങ്ങയുടെ | കഥയതഃ | അങ്ങു് കഥിച്ചുകൊണ്ടിരിക്കേ, |
| വചഃ | വചനം | | |
| സമീചീനം | സത്യവും സമുചിതവുമാണു്. | മഹ്യം | എനിക്കു് |
| | | തമഃ | ഇരുട്ടു് |
| അനഘ | ഹേ പുണ്യാത്മൻ! | വിശീര്യതേ | നീങ്ങിക്കൊണ്ടിരിക്കുന്നു |

6. ഭൂയ ഏവ വിവിത്സാമി ഭഗവാനാത്മമായയാ
യഥേദം സൃജതേ വിശ്വം ദുർവ്വിഭാവ്യമധീശ്വരൈഃ.

| | | | |
|---|---|---|---|
| അധീശ്വരൈഃ | ബ്രഹ്മാദിദേവന്മാർക്കുപോലും | ആത്മമായയാ | തന്റെ മായകൊണ്ടു് |
| | | യഥാ | യാതൊരുവിധം |
| ദുർവ്വിഭാവ്യം | എത്തും പിടിയും കിട്ടാത്ത | സൃജതേ | സൃഷ്ടിക്കുന്നുവെന്നതു് |
| ഇദം വിശ്വം | ഈ പ്രപഞ്ചത്തെ | ഭൂയഃ ഏവ | ഇനിയും |
| ഭഗവാൻ | ശ്രീഹരി | വിവിത്സാമി | അറിയാനാഗ്രഹിക്കുന്നു. |

7. യഥാ ഗോപായതി വിഭുര്യഥാ സംയച്ഛതേ പുനഃ
യാം യാം ശക്തിമുപാശ്രിത്യ പുരുശക്തിഃ പരഃ പുമാൻ
ആത്മാനം ക്രീഡയൻ ക്രീഡൻ കരോതി വികരോതി ച

| | | | |
|---|---|---|---|
| വിഭുഃ | സൎവ്വേശ്വരനും | ശക്തിം | ശക്തിയെ |
| പുരുശക്തിഃ | അനന്തശക്തിമാനുമായ | ഉപാശ്രിത്യ | അവലംബിച്ചു്, |
| പരഃ പുമാൻ | പരമപുരുഷൻ | ആത്മാനം | താൻതന്നെയായ ബ്രഹ്മാദികളെ |
| യഥാ | യാതൊരുവിധം | ക്രീഡയൻ | കളിപ്പിച്ചുംകൊണ്ടു് |
| ഗോപായതി | രക്ഷ നടത്തുന്നു ? | ക്രീഡൻ | കളിച്ചുകൊണ്ടിരിക്കുന്നവനാണു്? |
| യഥാ | യാതൊരുവിധത്തിൽ | കരോതി | ഉണ്ടാക്കുന്നതെങ്ങനെ? |
| പുനഃ | പിന്നെ | വികരോതി ച | താറുമാറാക്കുന്നതും എങ്ങനെ ? |
| സംയച്ഛതേ | സംഹരിക്കുന്നു ? | | |
| യാം യാം | ഏതേതു് | | |

8. നൂനം ഭഗവതോ ബ്രഹ്മൻ ഹരേരദ്ഭുതകൎമ്മണഃ
ദുൎവ്വിഭാവ്യമിവാഭാതി കവിഭിശ്ചാപി ചേഷ്ടിതം.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മൎഷേ ! | കവിഭിഃ ച അപി | ക്രാന്തദൎശികളായ ജ്ഞാനികളാൽപ്പോലും |
| അദ്ഭുത-കൎമ്മണഃ | ആശ്ചൎയ്യപ്പെടുത്തുന്ന പ്രവൃത്തികളുള്ള | ദുൎവ്വിഭാവ്യം ഇവ | വിഭാവനംചെയ്യപ്പെടുന്നതിന്നു് പ്രയാസമെന്നപോലെ |
| ഭഗവതഃ | ഭഗവാനായ | ആഭാതി | തോന്നുന്നുണ്ടു് ; |
| ഹരേഃ | ശ്രീഹരിയുടെ | നൂനം | സംശയമില്ല. |
| ചേഷ്ടിതം | ലീലാവിലാസം | | |

9. യഥാ ഗുണാംസ്തുപ്രകൃതേൎയ്യുഗപത് ക്രമശോഽപി വാ
ബിഭൎത്തി ഭൂരിശസ്ത്വേകഃ കുൎവ്വൻ കൎമ്മാണി ജന്മഭിഃ

| | | | |
|---|---|---|---|
| ഏകഃ തു | ഒററയ്ക്കുതന്നെ (അന്തൎയ്യാമിയായിരുന്നു്) | ഗുണാൻ തു | നാനാഗുണങ്ങളെ |
| ഭൂരിശഃ | ഒട്ടേറെ | ബിഭൎത്തി | കൈക്കൊള്ളുന്നുവോ, |
| കൎമ്മാണി | കൎമ്മങ്ങളെ | അപി വാ | അതോ, |
| കുൎവ്വൻ | ചെയ്തുകൊണ്ടു് | ജന്മഭിഃ | നാനാവതാരങ്ങളാൽ |
| യുഗപത് | ഒന്നിച്ചുതന്നെ | ക്രമശഃ | ക്രമത്തിലോ, |
| പ്രകൃതേഃ | പ്രകൃതിയുടെ | യഥാ | എങ്ങനെയാണു് ? |

10. വിചികിത്സിതമേതന്മേ ബ്രവീതു ഭഗവാൻ യഥാ
ശാബ്ദേ ബ്രഹ്മണി നിഷ്ണാതഃ പരസ്മിംശ്ച ഭവാൻ ഖലു.

| | | | |
|---|---|---|---|
| മേ ഏതത് | എനിക്കു് ഇതു് | യഥാ | ഏതുവിധമെന്നു് |
| വിചികിത്സിതം | സന്ദിഗ്ദ്ധമായിരിക്കുന്നു. | ബ്രവീതു | പറഞ്ഞുതന്നാലും |
| ഭഗവാൻ | സൎവ്വജ്ഞനായ അങ്ങു് | ഭവാൻ | അങ്ങുന്നു് |

| | | | |
|---|---|---|---|
| ശാബ്ദേ | ശബ്ദാത്മകമായ | പരസ്മിൻ ച | പരബ്രഹ്മതത്വാനുഭവത്തിലും |
| ബ്രഹ്മണി | ബ്രഹ്മത്തിലും (വേദത്തിലും) | നിഷ്ണാത: ഖലു | പാരംഗതനാണല്ലോ. |

സൂത ഉവാച – സൂതൻ പറഞ്ഞു:–

11. ഇത്യുപാമന്ത്രിതോ രാജ്ഞാ ഗുണാനുകഥനേ ഹരേഃ
ഹൃഷീകേശമനുസ്മൃത്യ പ്രതിവക്തും പ്രചക്രമേ.

| | | | |
|---|---|---|---|
| ഹരേഃ | ശ്രീഹരിയുടെ | ഉപാമന്ത്രിതഃ | വിനയപൂർവ്വം അപേക്ഷിക്കപ്പെട്ട ശ്രീശുകൻ |
| ഗുണാനുകഥനേ | ഗുണങ്ങളെ തുടൎന്നു പറയുക എന്നതിൽ | ഹൃഷീകേശം | ശ്രീകൃഷ്ണനെ |
| രാജ്ഞാ | രാജാവിനാൽ | അനുസ്മൃത്യ | അനുസ്മരിച്ച് |
| ഇതി | ഇപ്രകാരം | പ്രതിവക്തും | പ്രതിവചിക്കുവാൻ |
| | | പ്രചക്രമേ | ആരംഭിച്ചു. |

ശ്രീശുക ഉവാച – ശ്രീശുകൻ പറഞ്ഞു

12. നമഃ പരസ്മൈ പുരുഷായ ഭൂയസേ
സദുദ്ഭവസ്ഥാനനിരോധലീലയാ
ഗൃഹീതശക്തിത്രിതയായ ദേഹിനാ–
മന്തർഭവായാനുപലക്ഷ്യവർത്മനേ.

| | | | |
|---|---|---|---|
| സദുദ്ഭവ–സ്ഥാനനിരോ–ധലീലയാ | പ്രപഞ്ചത്തിന്റെ ഉല്പത്തിസ്ഥിതിലയങ്ങൾക്കു ഹേതുവായ ലീലയാൽ | അനുപലക്ഷ്യ–വർത്മനേ | കാണുവാനാവാത്ത മാർഗ്ഗത്തോടുകൂടിയവനായി |
| ഗൃഹീതശക്തി–ത്രിതയായ | സ്വീകരിക്കപ്പെട്ട ശക്തിത്രയത്തോടു കൂടിയവനായി | ഭൂയസേ | അളവററ മഹിമയോടു കൂടിയവനായി |
| ദേഹിനാം | ശരീരികളുടെ | പരസ്മൈ | സർവ്വോത്തമനുമായിരിക്കുന്ന |
| അന്തർഭവായ | അന്തർഭാഗത്തു കുടികൊള്ളുന്നവനായി | പുരുഷായ | പുരുഷനായിക്കൊണ്ടു് |
| | | നമഃ | നമസ്കാരം. |

13. ഭൂയോ നമഃ സദ്വൃജിനച്ഛിദേഽസതാ–
മസംഭവായാഖിലസത്വമൂർത്തയേ
പുംസാം പുനഃ പാരമഹംസ്യ ആശ്രമേ
വ്യവസ്ഥിനാമനുമൃഗ്യദാശുഷേ.

| | |
|---|---|
| സദ്വൃജിനച്ഛിദേ | സത്തുക്കളുടെ (ധാർമ്മികന്മാരുടെ) ദുഃഖത്തെ വേരറുക്കുന്നവനും |
| അസതാം | അസത്തുക്കളുടെ |
| അസംഭവായ | അനുൽപത്തിക്കു ഹേതുഭൂതനും |
| അഖിലസത്വമൂർത്തയേ | സർവ്വചരാചരസ്വരൂപനും, |
| പുനഃ | അതിനുപുറമെ |
| പാരമഹംസ്യ | പരമഹംസന്മാരെ സംബന്ധിച്ച |
| ആശ്രമേ | ആശ്രമത്തിൽ |
| വ്യവസ്ഥിതാനാം | നിഷ്ഠപൂണ്ടിരിക്കുന്ന |
| പുംസാം | ജനങ്ങൾക്കു് |
| അനുമൃഗ്യദാശുഷേ | തേടിയെത്തേണ്ടുന്ന തത്വത്തെ പ്രദാനം ചെയ്യുന്നവനുമായ പരമപുരുഷനു് |
| ഭൂയഃ നമഃ | വീണ്ടും പ്രണാമം. |

14. നമോ നമസ്തേഽസ്ത്വൃഷഭായ സാത്വതാം
വിദൂരകാഷ്ഠായ മുഹുഃ കുയോഗിനാം
നിരസ്തസാമ്യാതിശയേന രാധസാ
സ്വധാമനി ബ്രഹ്മണി രംസ്യതേ നമഃ.

| | |
|---|---|
| സാത്വതാം | ഭക്തജനങ്ങളുടെ |
| ഋഷഭായ | പരിപാലകനായും |
| കുയോഗിനാം | ഭക്തിഹീനരായ കുത്സിതയോഗികൾക്കു് |
| മുഹുഃ | വളരെയധികം |
| വിദൂരകാഷ്ഠായ | അകലെ എത്താത്ത ഇടത്തിലുള്ളവനായും ഇരിക്കുന്ന |
| തേ | നിന്തിരുവടിക്കു് |
| നമഃ നമഃ അസ്തു | വീണ്ടും വീണ്ടും നമസ്കാരം ഭവിക്കട്ടെ. |
| നിരസ്തസാമ്യാതിശയേന | നിരുപമവും നിരതിശയവും ആയ |
| രാധസാ | ഐശ്വര്യത്തോടെ |
| സ്വധാമനി | സ്വസ്വരൂപമായ |
| ബ്രഹ്മണി | ബ്രഹ്മത്തിൽ |
| രംസ്യതേ | രമിച്ചുകൊണ്ടിരിക്കുന്ന ഭഗവാനു് |
| നമഃ | നമസ്കാരം. |

15. യത്കീർത്തനം യത്സ്മരണം യദീക്ഷണം
യദ്വന്ദനം യച്ഛ്രവണം യദർഹണം
ലോകസ്യ സദ്യോ വിധുനോതി കല്മഷം
തസ്മൈ സുഭദ്രശ്രവസേ നമോ നമഃ.

| | |
|---|---|
| യത്കീർത്തനം | യാതൊരുവനെ കീർത്തിക്കുന്നതും, |
| യത്സ്മരണം | യാതൊരുവനെ സ്മരിക്കുന്നതും, |
| യദീക്ഷണം | യാതൊരുവനെ ദർശിക്കുന്നതും, |
| യദ്വന്ദനം | യാതൊരുവനെ വണങ്ങുന്നതും, |
| യച്ഛ്രവണം | യാതൊരുവനെപ്പറ്റി കേൾക്കുന്നതും, |
| യദർഹണം | യാതൊരുവനെ പൂജിക്കുന്നതും |

| | | | |
|---|---|---|---|
| ലോകസ്യ | ജീവലോകത്തിന്റെ | സുഭദ്രശ്രവസേ | മംഗലകീർത്തിയെഴുന്ന |
| കല്മഷം | പാപത്തെ | തസ്മൈ | ആ പരമപുരുഷന്ന് |
| സദ്യഃ | ഉടനടി | നമഃ നമഃ | അനേക നമസ്കാരം. |
| വിധുനോതി | അകററുന്നുവോ, | | |

16. വിചക്ഷണാ യച്ചരണോപസാദനാത്
സംഗം വ്യുദസ്യോഭയതോഽന്തരാത്മനഃ
വിന്ദന്തി ഹി ബ്രഹ്മഗതിം ഗതക്ലമാ-
സ്തസ്മൈ സുഭദ്രശ്രവസേ നമോ നമഃ.

| | | | |
|---|---|---|---|
| വിചക്ഷണാഃ | വിവേകികൾ | വ്യുദസ്യ | കൈവെടിഞ്ഞു് |
| യച്ചരണോ- പസാദനാത് | യാതൊരുവന്റെ തൃപ്പാദങ്ങളെ ഭജിക്കുകയാൽ | ഗതക്ലമാഃ | ആയാസരഹിതരായിട്ടു് |
| ഉഭയതഃ | ഇഹലോകത്തിലും പരലോകത്തിലുമുള്ള | ബ്രഹ്മഗതിം | ബ്രഹ്മഗതിയെ |
| അന്തരാത്മനഃ | മനസ്സിന്റെ | വിന്ദന്തി ഹി | പ്രാപിക്കുന്നുവോ, |
| സംഗം | ആസക്തിയെ | സുഭദ്രശ്രവസേ | മംഗലകീർത്തിയെഴുന്ന |
| | | തസ്മൈ | ആ പരമപുരുഷന്ന് |
| | | നമഃ നമഃ | അനേകനമസ്കാരം. |

17. തപസ്വിനോ ദാനപരാ യശസ്വിനോ
മനസ്വിനോ മന്ത്രവിദഃ സുമംഗലാഃ
ക്ഷേമം ന വിന്ദന്തി വിനാ യദർപ്പണം
തസ്മൈ സുഭദ്രശ്രവസേ നമോ നമഃ

| | | | |
|---|---|---|---|
| തപസ്വിനഃ | തപസ്വിമാർ, | യദർപ്പണം വിനാ | അവരവരുടെ സാധനകളെ യാതൊരുവനിൽ സമർപ്പിച്ചാലല്ലാതെ |
| ദാനപരാഃ | ദാനതൽപരന്മാർ, | ക്ഷേമം | ക്ഷേമത്തെ |
| യശസ്വിനഃ | കീർത്തിമാന്മാർ, | ന വിന്ദന്തി | പ്രാപിക്കുന്നില്ലയോ, |
| മനസ്വിനഃ | മനശ്ശക്തിയുള്ള യോഗിമാർ, | സുഭദ്രശ്രവസേ | മംഗലകീർത്തിയെഴുന്ന |
| മന്ത്രവിദഃ | മന്ത്രജ്ഞന്മാർ, | തസ്മൈ | ആ പരമപുരുഷന്ന് |
| സുമംഗലാഃ | സദാചാരനിഷ്ഠയുള്ളവർ എന്നിങ്ങനെയുള്ളവരെല്ലാം | നമഃ നമഃ | അനേകനമസ്കാരം |

18. കിരാതഹൂണാന്ധ്രപുളിന്ദപുല്കസാ
ആഭീരകങ്കാ യവനാഃ ഖസാദയഃ
യേഽന്യേ ച പാപാ യദുപാശ്രയാശ്രയാഃ
ശുദ്ധ്യന്തി തസ്മൈ പ്രഭവിഷ്ണവേ നമഃ.

| | |
|---|---|
| കിരാതഹൂണാ-ന്ധ്രപുളിന്ദ-പുല്കസാഃ | കിരാതന്മാർ - ഹൂണന്മാർ - ആന്ധ്രന്മാർ - പുളിന്ദന്മാർ - പുല്കസന്മാർ |
| ആഭീരകങ്കാഃ | ആഭീരന്മാർ - കങ്കന്മാർ- |
| യവനാഃ | യവനന്മാർ - |
| ഖസാദയഃ | ഖസന്മാർ എന്നു തുടങ്ങിയ ജന്മപാപികളും, |
| അന്യേ ച | വേറെയും |
| യേ പാപാഃ | ഏതെല്ലാം കർമ്മപാപികളുണ്ടോ, അവരും |
| യദുപാ-ശ്രയാശ്രയാഃ | യാതൊരുവനെ ആശ്രയിച്ചിരിക്കുന്നവരെ ആശ്രയിച്ചുകൊണ്ട് |
| ശുദ്ധ്യന്തി | വിശുദ്ധരായി ഭവിക്കുന്നു |
| തസ്മൈ | അങ്ങനെയുള്ള |
| പ്രഭവിഷ്ണവേ | സർവ്വശക്തിമാനായുള്ളോണ്ട് |
| നമഃ | നമസ്കാരം. |

19 സ ഏഷ ആത്മാത്മവതാമധീശ്വര-
സ്ത്രയീമയോ ധർമ്മമയസ്തപോമയഃ
ഗതവ്യളീകൈരജശങ്കരാദിഭി-
ർവ്വിതർക്ക്യലിംഗോ ഭഗവാൻ പ്രസീദതാം

| | |
|---|---|
| ആത്മവതാം | സ്ഥിരപ്രജ്ഞരായ ആത്മജ്ഞാനികൾക്ക് |
| ആത്മാ | ആത്മസ്വരൂപമായും, |
| അധീശ്വരഃ | (ഭക്തന്മാർക്ക്) മഹാപ്രഭുവായും, |
| ത്രയീമയഃ | (കർമ്മഠന്മാർക്ക്) വേദാത്മകനായും, |
| ധർമ്മമയഃ | (ധാർമ്മികന്മാർക്ക്) ധർമ്മമൂർത്തിയായും, |
| തപോമയഃ | (തപസ്വികൾക്ക്) തപഃസ്വരൂപമായും, |
| ഗത-വ്യളീകൈഃ | നിഷ്കപടഹൃദയമുള്ള |
| അജശങ്കരാ-ദിഭിഃ | ബ്രഹ്മരുദ്രാദി ദേവപ്രമുഖന്മാരാൽ |
| വിതർക്ക്യലിംഗഃ | വിസ്മയത്തോടെ വീക്ഷിക്കപ്പെടാവുന്ന രൂപത്തോടുകൂടിയവനായും ഇരിക്കുന്ന |
| സഃ ഏഷഃ | ആ ഈ |
| ഭഗവാൻ | ജ്ഞാനൈശ്വര്യാദിപൂർണ്ണൻ |
| പ്രസീദതാം | പ്രസാദിക്കേണമേ ! |

20. ശ്രിയഃ പതിര്യജ്ഞപതിഃ പ്രജാപതി-
ർദ്ധിയാം പതിർല്ലോകപതിർദ്ധരാപതിഃ
പതിർഗതിശ്ചാന്ധകവൃഷ്ണിസാത്വതാം
പ്രസീദതാം മേ ഭഗവാൻ സതാം പതിഃ

| | |
|---|---|
| ശ്രിയഃ | മഹാലക്ഷ്മിയുടെ |
| പതിഃ | ഭർത്താവും, |
| യജ്ഞപതിഃ | യജ്ഞങ്ങളുടെ പരിപാലകനും, |
| പ്രജാപതിഃ | പ്രജകളുടെ രക്ഷിതാവും, |
| ധിയാം | അന്തഃകരണവൃത്തികളുടെ |
| പതിഃ | പ്രേരകനും, |
| ലോകപതിഃ | ലോകനായകനും, |
| ധരാപതിഃ | ഭൂമിനായകനും, |

| | |
|---|---|
| അന്ധക–വൃഷ്ണി–സാത്വതാം | അന്ധകന്മാർ - വൃഷ്ണികൾ - യാദവന്മാർ എന്നിവരുടെ |
| പതിഃ | പ്രഭുവും |
| ഗതിഃ ച | ശരണദാതാവും, |
| സതാം | സജ്ജനങ്ങളുടെ |
| പതിഃ | സംരക്ഷകനുമായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| മേ | എന്നെക്കുറിച്ച് |
| പ്രസീദതാം | പ്രസാദിക്കേണമേ ! |

21. യദംഘ്ര്യഭിധ്യാനസമാധിധൌതയാ
ധിയാനുപശ്യന്തി ഹി തത്ത്വമാത്മനഃ
വദന്തി ചൈതത് കവയോ യഥാരുചം
സ മേ മുകുന്ദോ ഭഗവാൻ പ്രസീദതാം

| | |
|---|---|
| യദംഘ്ര്യ–ഭിധ്യാന–സമാധി–ധൌതയാ | യാതൊരുവന്റെ പാദധ്യാനമാവുന്ന സമാധിയാൽ അഴുക്കുനീക്കപ്പെട്ട |
| ധിയാ | ബുദ്ധികൊണ്ട് |
| കവയഃ | വിദ്വാന്മാർ |
| ആത്മനഃ | ആത്മാവിന്റെ |
| തത്ത്വം ഹി | തത്ത്വത്തെ ശരിക്ക് |
| അനുപശ്യന്തി | സാക്ഷാൽകരിക്കുകയും, |
| യഥാരുചം | പ്രതിഭയ്ക്കൊത്തവിധം |
| ഏതത് | ഇതിനെ |
| വദന്തി ച | വർണ്ണിക്കുകയും ചെയ്യുന്നുവോ, |
| സഃ മുകുന്ദഃ | ആ മുക്തിദാതാവായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| മേ | എന്നെക്കുറിച്ച് |
| പ്രസീദതാം | പ്രസാദിക്കേണമേ ! |

22. പ്രചോദിതാ യേന പുരാ സരസ്വതീ
വിതന്വതാജസ്യ സതീം സ്മൃതിം ഹൃദി
സ്വലക്ഷണാ പ്രാദുരഭൂത് കിലാസ്യതഃ
സ മേ ഋഷീണാമൃഷഭഃ പ്രസീദതാം.

| | |
|---|---|
| പുരാ | പണ്ട്, സൃഷ്ടിയുടെ ആരംഭത്തിൽ |
| അജസ്യ | ബ്രഹ്മാവിന്റെ |
| ഹൃദി | ഹൃദയത്തിൽ |
| സതീം | വേണ്ടവിധത്തിലുള്ള |
| സ്മൃതിം | പൂർവ്വസ്മരണയെ |
| വിതന്വതാ | ഉണർത്തിക്കൊടുത്തുകൊണ്ടിരുന്ന |
| യേന | യാതൊരുവനാൽ |
| പ്രചോദിതാ | പ്രേരിതയായിട്ട് |
| സരസ്വതീ | വിദ്യാധിദേവത |
| സ്വലക്ഷണാ | തന്റെ ലക്ഷണങ്ങളോടുകൂടെ |
| ആസ്യതഃ | (ബ്രഹ്മാവിന്റെ) മുഖത്തിൽനിന്നു് |
| പ്രാദുരഭൂത് | പ്രത്യക്ഷീഭവിച്ചു |
| കില | പോലും – |
| ഋഷീണാം | ജ്ഞാനദാതാക്കളിൽ വെച്ച് |
| ഋഷഭഃ | ശ്രേഷ്ഠനായ |
| സഃ | ആ ഭഗവാൻ |
| മേ | എന്നെക്കുറിച്ച് |
| പ്രസീദതാം | പ്രസാദിക്കേണമേ ! |

23. ഭൂതൈർമ്മഹദ്ഭിര്യ ഇമാഃ പുരോ വിഭുർ-
നിർമ്മായ ശേതേ യദമൂഷു പൂരുഷഃ
ഭുങ്ക്തേ ഗുണാൻ ഷോഡശ ഷോഡശാത്മകഃ
സോഽലംകൃഷീഷ്ട ഭഗവാൻ വചാംസി മേ

| | | | |
|---|---|---|---|
| യഃ വിഭുഃ | യാതൊരു സർവ്വശക്തൻ | പൂരുഷഃ | 'പുരുഷൻ' എന്ന ആഖ്യയെ ധരിച്ചുകൊണ്ട്, † |
| മഹദ്ഭിഃ ഭൂതൈഃ | പഞ്ചമഹാഭൂതങ്ങളെക്കൊണ്ട് | ഷോഡശ | പതിനാറ് |
| ഇമാഃ പുരഃ | ഈ പുരങ്ങളെ (ശരീരങ്ങളെ) | ഗുണാൻ | പ്രകൃതിഗുണങ്ങളെ $ |
| നിർമ്മായ | നിർമ്മിച്ച്, | ഷോഡശാത്മകഃ | പതിനാറിന്റെയും ഉത്തേജകനായിരുന്നു |
| അമൂഷു | ഇവയിൽ | ഭുങ്ക്തേ | പ്രകാശിപ്പിക്കുകയും ചെയ്യുന്നുവോ |
| ശേതേ | (അന്തര്യാമിയായി) ശയിക്കുകയും, | സഃ ഭഗവാൻ | ആ ഭഗവാൻ |
| | | മേ വചാംസി | എന്റെ വാക്കുകളെ |
| യത് | തന്മൂലം | അലംകൃഷീഷ്ട | ചമൽക്കാരമുള്ളതാക്കട്ടെ! |

† "പുരി (ദേഹേ) ശേതേ ഇതി പുരുഷഃ" എന്നു വിഗ്രഹവാക്യം. ദേഹത്തിൽ അന്തര്യാമിയായി നിലകൊള്ളുന്ന ജീവചൈതന്യമെന്നർത്ഥം.

$ മനസ്സുൾപ്പെടെയുള്ള പതിനൊന്ന് ഇന്ദ്രിയങ്ങളും പഞ്ചഭൂതങ്ങളും കൂടി പതിനാറ്.

24. നമസ്തസ്മൈ ഭഗവതേ വ്യാസായാമിതതേജസേ
പപുർജ്ഞാനമയം സൌമ്യാ യന്മുഖാംബുരുഹാസവം.

| | | | |
|---|---|---|---|
| സൌമ്യാഃ | ശാന്തന്മാരായ ഭക്തന്മാർ | അമിത- തേജസേ | അളവറ്റ തേജസ്സോടു കൂടിയ |
| ജ്ഞാനമയം | ജ്ഞാനംതന്നെയാവുന്ന | ഭഗവതേ | സർവ്വജ്ഞനായുള്ള |
| യന്മുഖാംബു- രുഹാസവം | യാതൊരാളുടെ മുഖാരവിന്ദമധുവിനെ | തസ്മൈ | ആ |
| | | വ്യാസായ | ശ്രീവേദവ്യാസന്ന് |
| പപുഃ | പാനംചെയ്തുവോ, | നമഃ | നമസ്കാരം. |

25. ഏതദേവാത്മഭൂ രാജൻ നാരദായ വിപൃച്ഛതേ
വേദഗർഭോഽഭ്യധാത് സാക്ഷാദ്യദാഹ ഹരിരാത്മനഃ.

| | | | |
|---|---|---|---|
| രാജൻ | ഹേ പരീക്ഷിത്തേ ! | വേദഗർഭഃ | വേദത്തിന്റെ ഉറവിടമായ |
| ഏതത് ഏവ | ഇതിനെത്തന്നെ | | |
| വിപൃച്ഛതേ | ചോദിച്ച | ആത്മഭൂഃ | ബ്രഹ്മദേവൻ |
| നാരദായ | നാരദമഹർഷിക്ക് | അഭ്യധാത് | ഉപദേശിക്കുകയുണ്ടായി. |

| | | | |
|---|---|---|---|
| യത് | യാതൊന്നാണോ | ആത്മനഃ | തനിക്ക് |
| സാക്ഷാത് | ശരിക്കും | | |
| ഹരിഃ | ശ്രീവാസുദേവൻ | ആഹ | ഉപദേശിച്ചിരുന്നത്. |

ശ്രീശുകവചനത്താൽ ഭൌതികവിഷയകമായ ആത്യന്തികവിരക്തിയിലെത്തിയ രാജാവ് സർവ്വേശ്വരന്റെ സൃഷ്ട്യാദിലീലകളെ കേൾപ്പാൻ ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ ഋഷി ഇഷ്ടദേവതാഗുരുവന്ദനരൂപമായ ഉപക്രമത്തോടെ പ്രവചനം തുടങ്ങി.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ

ചതുർത്ഥോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 126

നാലാമദ്ധ്യായം കഴിഞ്ഞു.

## പഞ്ചമോഽദ്ധ്യായഃ : അഞ്ചാമദ്ധ്യായം.

"പഞ്ചമേ നാരദേനാഥ പൃഷ്ടഃ സൃഷ്ട്യാദി വാക്യജഃ
ഹരേർല്ലീലാം വിരാട്സൃഷ്ടിം കാലകർമ്മാദിശക്തിഭിഃ"

### തത്ത്വങ്ങളുടെ ഉൽപത്തിയും പ്രപഞ്ചനിർമ്മാണവർണ്ണനവും.

നാരദ ഉവാച :— നാരദൻ (ബ്രഹ്മാവിനോട്) പറഞ്ഞു.

1. ദേവ ദേവ നമസ്തേഽസ്തു ഭൂതഭാവന പൂർവ്വജ
തദ്വിജാനീഹി യജ്ജ്ഞാനമാത്മതത്ത്വനിദർശനം.

| | | | |
|---|---|---|---|
| പൂർവ്വജ | എല്ലാവർക്കും മുമ്പ് ജനിച്ച പിതാവേ! | ആത്മതത്ത്വനിദർശനം | ആത്മതത്ത്വം തികച്ചും കണ്ടെത്തുവാൻ ഉപയുക്തമായ |
| ഭൂതഭാവന | സമസ്തജീവജാലങ്ങളുടെയും സ്രഷ്ടാവേ! | ജ്ഞാനം | അറിവിനുതകുന്നത് |
| ദേവ ദേവ | ദേവന്മാരുടെയും ദേവനായുള്ളോവേ! | യത് | യാതൊന്നോ, |
| തേ | നിന്തിരുവടിക്ക് | തത് | അതിനെ |
| നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ. | വിജാനീഹി | വിശേഷിച്ചുപദേശിച്ചാലും |

2. യദ്രൂപം യദധിഷ്ഠാനം യതഃ സൃഷ്ടമിദം പ്രഭോ
യത്സംസ്ഥം യത്പരം യച്ച തത്തത്ത്വം വദ തത്ത്വതഃ.

| | | | |
|---|---|---|---|
| പ്രഭോ | ഹേ പ്രഭോ ! | യത്പരം | ഏതൊന്നിന്നധീനമായതു് ? |
| ഇദം | ഈ പ്രപഞ്ചം | | |
| യദ്രൂപം | ഏതൊന്നിനാൽ രൂപം കൊടുക്കപ്പെടുന്നതു് ? | യത് ച | ഏതൊന്നുമാണു് ? |
| യദധിഷ്ഠാനം | ഏതു് ആശ്രയമായതു് ? | തത്തത്ത്വം | അതിന്റെ യാഥാർത്ഥ്യത്തെ |
| യതഃ | ഏതൊരുവനാൽ | | |
| സൃഷ്ടം | സൃഷ്ടിക്കപ്പെട്ടതു് ? | തത്ത്വതഃ | യഥാർത്ഥമായി |
| യത്സംസ്ഥം | ഏതൊന്നിൽ ലയിക്കുന്നതു് ? | വദ | പറഞ്ഞുതന്നാലും |

3. സർവ്വം ഹ്യേതദ്ഭവാൻ വേദ ഭൂതഭവ്യഭവത്പ്രഭുഃ
കരാമലകവദ്വിശ്വം വിജ്ഞാനാവസിതം തവ.

| | | | |
|---|---|---|---|
| ഭവാൻ | നിന്തിരുവടി | വേദ | അറിയുന്നു ; |
| ഭൂതഭവ്യ-ഭവത്പ്രഭുഃ | ഉണ്ടായതും, ഉണ്ടാവാൻ പോകുന്നതും, ഉണ്ടായിക്കൊണ്ടിരിക്കുന്നതും ആയ വസ്തുക്കളെ കൈയാളുന്ന ആളാണു് ; | വിശ്വം | ലോകമാകെയും |
| | | കരാമലകവത് | ഉള്ളംകൈയിൽവെച്ച നെല്ലിക്കപോലെ |
| | | തവ | നിന്തിരുവടിയുടെ |
| ഹി | ആകയാൽ | വിജ്ഞാനാ-വസിതം | വിശിഷ്ടജ്ഞാനത്താൽ സുനിശ്ചിതമായതാണു്. |
| ഏതത് സർവ്വം | ഇതെല്ലാം | | |

4. യദ്വിജ്ഞാനോ യദാധാരോ യത്പരസ്ത്വം യദാത്മകഃ
ഏകഃ സൃജസി ഭൂതാനി ഭൂതൈരേവാത്മമായയാ.

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | യദാത്മകഃ | ഏതൊരു രൂപമാർന്നവൻ ? |
| യദ്വിജ്ഞാനഃ | ഏതൊരുവനിൽനിന്നു് ജ്ഞാനം ആർജ്ജിച്ചവൻ ? | ഏകഃ | നിന്തിരുവടി ഒററയ്ക്കു് |
| | | ആത്മമായയാ | തന്റെ മായയാൽ |
| യദാധാരഃ | ഏതൊരാളെ ആശ്രയമായിട്ടുള്ളവൻ ? | ഭൂതൈഃ ഏവ | പഞ്ചഭൂതങ്ങളെക്കൊണ്ടുതന്നെ |
| യത്പരഃ | ഏതൊരാളെക്കു് ഒതുങ്ങി നില്ക്കുന്നവൻ ? | ഭൂതാനി | പ്രാണിജാലങ്ങളെ |
| | | സൃജസി | സൃഷ്ടിക്കുന്നു. |

5. ആത്മൻ ഭാവയസേ താനി ന പരാഭാവയൻ സ്വയം
ആത്മശക്തിമവഷ്ടഭ്യ ഊർണ്ണനാഭിരിവാക്ലമഃ.

| | | | |
|---|---|---|---|
| ഊർണ്ണനാഭിഃ | എട്ടുകാലി | ന പരാഭാവയൻ | കുറച്ചിൽ വരുത്താതെ തന്നെ, |
| ഇവ | എന്നപോലെ | താനി | അവയെ (പ്രാണിജാലങ്ങളെ) |
| ആത്മശക്തിം | തന്റെ ശക്തിയെ | ആത്മൻ | തന്നിൽ |
| അവഷ്ടഭ്യ | അവലംബിച്ച് | ഭാവയസേ | നിലനിർത്തിവരുന്നു. |
| അക്ലമഃ | ശ്രമരഹിതനായിരുന്നുകൊണ്ട് | | |
| സ്വയം | തന്നെത്താൻ | | |

നോട്ട്:— എട്ടുകാലി തന്റെ വായിൽനിന്നു് ഊറിയുണ്ടായ പശകൊണ്ടു വലകെട്ടിയുണ്ടാക്കി സ്വയം യാതൊരു മാററവുമില്ലാതെ ഇരിക്കുന്നപോലെ ബ്രഹ്മാവും സ്വശക്തിയാലുണ്ടായ ഭൂതപഞ്ചകത്താൽ ജീവരാശിയെ സൃഷ്ടിച്ച് തന്നിൽ നിലനിർത്തുന്നു. ഇതുകൊണ്ട് ബ്രഹ്മാവിനു് രൂപത്തിലോ ഭാവത്തിലോ വികാരമൊന്നും സംഭവിക്കുന്നതുമില്ല — എന്നു സാരം.

6. നാഹം വേദ പരം ഹ്യസ്മിന്നാപരം ന സമം വിഭോ
നാമരൂപഗുണൈർഭാവ്യം സദസത് കിഞ്ചിദന്യതഃ.

| | | | |
|---|---|---|---|
| ഹി വിഭോ | ആകയാൽ, ഹേ വിഭോ! | കിഞ്ചിത് | ഏതെങ്കിലുമൊന്നു് |
| അഹം | ഞാൻ | അന്യതഃ | നിന്തിരുവടിയിൽനിന്നല്ലാതെ മറെറാരുത്തനിൽനിന്നു് ഉണ്ടായതായിട്ട് |
| അസ്മിൻ | ഈ ലോകത്തിൽ | പരം | ഒരു നല്ലതിനെയും |
| നാമരൂപഗുണൈഃ | നാമം — രൂപം — ഗുണം എന്നിവയുടെ വൈവിധ്യങ്ങളാൽ | ന വേദ | അറിയുന്നില്ല ; |
| ഭാവ്യം | അനുഭവപ്പെടാവുന്നതും, | അപരം ന | ചീത്തയേയും ഇല്ല ; |
| സത് | സ്ഥൂലമോ | സമം | തുല്യനിലയുള്ളതിനേയും |
| അസത് | സൂക്ഷ്മമോ ആയിരിക്കുന്നതും ആയ | ന | ഇല്ല. |

7. സ ഭവാനചരത് ഘോരം യത്തപഃ സുസമാഹിതഃ
തേന ഖേദയസേ നസ്ത്വം പരാശങ്കാം പ്രയച്ഛസി.

| | | | |
|---|---|---|---|
| സഃ | അവ്വിധമുള്ള | തേന നഃ | അതുകൊണ്ടു ഞങ്ങളെ |
| ഭവാൻ | നിന്തിരുവടി | ഖേദയസേ | വിഷമിപ്പിക്കുന്നു; |
| സുസമാഹിതഃ | ഏററവും ഏകാഗ്രനിഷ്ഠയോടുകൂടെ | ത്വം പരാശങ്കാം | നിന്തിരുവടി മറെറാരു ഈശ്വരനുണ്ടോ എന്ന ആ ശങ്കയെ |
| ഘോരം തപഃ | തീവ്രമായ തപസ്സ് | പ്രയച്ഛസി | ഉണ്ടാക്കിത്തരുന്നു. |
| അചരത് | അനുഷ്ഠിച്ചു | | |
| യത് | എന്നതു യാതൊന്നോ, | | |

8. ഏതന്മേ പൃച്ഛതഃ സർവ്വം സർവ്വജ്ഞ സകലേശ്വര
വിജാനീഹി യഥൈവേദമഹം ബുദ്ധ്യേഽനുശാസിതഃ

| | | | |
|---|---|---|---|
| സർവ്വജ്ഞ | സർവ്വവും അറിയുന്ന | അഹം | ഞാൻ |
| സകലേശ്വര | സർവ്വേശ്വര ! | ഇദം സർവ്വം | ഇതെല്ലാം |
| ഏതത് | ഇതേക്കുറിച്ചു് | ബുദ്ധ്യേ യഥാ ഏവ | ശരിയായി ബോധിക്കും പ്രകാരത്തിൽത്തന്നെ |
| പൃച്ഛതഃ | ചോദിച്ചുകൊള്ളുന്ന | | |
| മേ | എന്നോടു്, | | |
| അനുശാസിതഃ | ഉപദേശിക്കപ്പെട്ട | വിജാനീഹി | പറഞ്ഞു ധരിപ്പിച്ചാലും. |

ബ്രഹ്മോവാച — ബ്രഹ്മാവു് പറഞ്ഞു

9. സമ്യക്കാരുണികസ്യേദം വത്സ തേ വിചികിത്സിതം
യദഹം ചോദിതോ ധർമ്മേ ഭഗവദ്വീര്യദർശനേ.

| | | | |
|---|---|---|---|
| വത്സ | അല്ലയോ പുത്ര ! | ഭഗവദ്വീര്യദർശനേ | ഭഗവാന്റെ അപദാനങ്ങളെ പ്രകാശിപ്പിക്കുക എന്ന |
| കാരുണികസ്യ | കരുണയുള്ളവനായ | | |
| തേ ഇദം | നിന്റെ ഈ | | |
| വിചികിത്സിതം | സന്ദേഹം | ധർമ്മേ | കർത്തവ്യത്തിൽ |
| സമ്യക് | നന്നായിരിക്കുന്നു. | അഹം | ഞാൻ |
| യത് | എന്തെന്നാൽ, | ചോദിതഃ | പ്രോത്സാഹിതനായി. |

നോട്ട്:— ഭഗവന്മഹിമകളെ പ്രതിപാദിക്കുവാൻ ബ്രഹ്മാവിനു് ഇവിടെ സന്ദർഭം ഉണ്ടാക്കിയതു നാരദനാണു്. ബ്രഹ്മാവു് അതൊരനുഗ്രഹമായിക്കരുതുന്നതുകൊണ്ടാണു് നാരദനെ 'കാരുണികൻ' എന്നു് വിശേഷിപ്പിച്ചതു്. ഇതത്രേ യഥാർത്ഥഭക്തന്റെ ലക്ഷണം. ഭക്തൻ ഭഗവന്മഹിമ വിസ്തരിക്കുവാൻ അവസരം പാർത്തിരിക്കുന്നു.

10. നാനൃതം തവ തച്ചാപി യഥാ മാം പ്രബ്രവീഷി ഭോഃ
അവിജ്ഞായ പരം മത്ത ഏതാവത്ത്വം യതോ ഹി മേ.

| | | | |
|---|---|---|---|
| ഭോഃ മാം | ഹേ നാരദ ! എന്നെ | ഏതാവത്ത്വം | ഇത്രത്തോളം മഹത്ത്വം |
| യഥാ | യാതൊരുവിധം | യതഃ | യാതൊരുവനിൽ നിന്നാണോ ഉണ്ടായിരിക്കുന്നതു്, അങ്ങനെയുള്ള, |
| പ്രബ്രവീഷി | പുകഴ്ത്തിപ്പറയുന്നുവോ, | | |
| തവ | നിന്റെ | | |
| തത് ച അപി | ആ പുകഴ്ത്തലും | മത്തഃ | എന്നെക്കാൾ |
| ന അനൃതം | അസത്യമാകയില്ല. | പരം | മീതെയായുള്ളവനെ |
| ഹി | എന്തുകൊണ്ടെന്നാൽ, | അവിജ്ഞായ | അറിയാതെ പറഞ്ഞതാണല്ലോ. |
| മേ | എനിക്കു് | | |

11. യേന സ്വരോചിഷാ വിശ്വം രോചിതം രോചയാമ്യഹം
യഥാർക്കോഽഗ്നിര്യഥാ സോമോ യഥർക്ഷഗ്രഹതാരകാഃ.

12 തസ്മൈ നമോ ഭഗവതേ വാസുദേവായ ധീമഹി
യന്മായയാ ദുർജ്ജയയാ മാം ബ്രുവന്തി ജഗദ്ഗുരും.

| | | | |
|---|---|---|---|
| സ്വരോചിഷാ | സ്വയം പ്രകാശിച്ചുകൊണ്ടിരിക്കുന്ന | ദുർജ്ജയയാ | ജയിപ്പാൻ പ്രയാസമേറിയ |
| യേന | യാതൊരുവനാൽ | യന്മായയാ | യാതൊരുവന്റെ മായകൊണ്ടു് |
| രോചിതം | പ്രകാശിതമായ | മാം | എന്നെ |
| വിശ്വം | ലോകത്തെ | ജഗദ്ഗുരും | ലോകത്തിന്റെ കാരണഭൂതനായിട്ടു് |
| അർക്കഃ അഗ്നിഃ യഥാ | സൂര്യനെപ്പോലെയും, അഗ്നിയെപ്പോലെയും, | ബ്രുവന്തി | പറഞ്ഞുവരുന്നു ; |
| സോമഃ യഥാ | ചന്ദ്രനെപ്പോലെയും, | തസ്മൈ | അങ്ങനെയുള്ള |
| ഋക്ഷഗ്രഹ-താരകാഃ യഥാ | നക്ഷത്രങ്ങൾ - ഗ്രഹങ്ങൾ - താരകങ്ങൾ എന്നിവയെപ്പോലെയും | ഭഗവതേ | ജ്ഞാനൈശ്വര്യാദിപൂർണ്ണനായ |
| അഹം | ഞാൻ | വാസുദേവായ | ശ്രീവാസുദേവനു് |
| രോചയാമി | സൃഷ്ടിയിലൂടെ പ്രകാശിപ്പിക്കുന്നു ; | നമഃ | നമസ്കാരം, |
| | | ധീമഹി | മനസാ ധ്യാനിക്കുന്നു. |

13. വിലജ്ജമാനയാ യസ്യ സ്ഥാതുമീക്ഷാപഥേഽമുയാ
വിമോഹിതാ വികത്ഥന്തേ മമാഹമിതി ദുർധിയഃ

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്റെ | വിമോഹിതാഃ | വിശേഷേണ മോഹിതരായിട്ടുള്ള |
| ഈക്ഷാപഥേ | ദൃഷ്ടിപഥത്തിൽ | ദുർധിയഃ | ബുദ്ധികെട്ടവർ |
| സ്ഥാതും | നില്ക്കുവാൻ | മമ അഹം | 'എന്റേതു്', ഞാൻ ' |
| വിലജ്ജമാനയാ | നാണം കുണുങ്ങുന്ന | ഇതി | എന്നെല്ലാം |
| അമുയാ | ഇവളാൽ (മായയാൽ) | വികത്ഥന്തേ | വീമ്പുപറയുകയാണു്. |

14. ദ്രവ്യം കർമ്മ ച കാലശ്ച സ്വഭാവോ ജീവ ഏവ ച
വാസുദേവാത് പരോ ബ്രഹ്മന്ന ചാന്യോഽർത്ഥോഽസ്തി തത്ത്വതഃ.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ! | അന്യഃ | മറെറാരു |
| വാസുദേവാത് | ശ്രീവാസുദേവനിൽ നിന്നു് | അർത്ഥഃ ച | പദാർത്ഥവും |
| പരഃ | വേറിട്ടുനില്ക്കുന്ന | തത്ത്വതഃ | വാസ്തവത്തിൽ |
| | | ന അസ്തി | ഇല്ല- |

| | |
|---|---|
| ദ്രവ്യം | സൃഷ്ടിക്കു് ഉപാദാനമായ പൃഥിവ്യാദിദ്രവ്യവും, |
| കർമ്മ ച | ജീവന്റെ സംസൃതിക്ക അദൃഷ്ടഹേതുവായ കർമ്മതത്ത്വവും, |
| കാലഃ ച | പ്രകൃതിഗുണങ്ങളെ സമനില തെററിച്ചു് ഇളക്കിവിടുന്ന കാലശക്തിയും, |
| സ്വഭാവഃ | പരിണാമത്തിന്നു് ഹേതുവായ സ്വഭാവവും, |
| ജീവഃ ഏവ ച | സുഖദുഃഖങ്ങളുടെ അനുഭോക്താവായ ജീവാത്മാവുതന്നെയും (വാസുദേവനിൽ നിന്നു് വിഭിന്നമല്ല.) |

15. നാരായണപരാ വേദാ ദേവാ നാരായണാംഗജാഃ
നാരായണപരാ ലോകാ നാരായണപരാ മഖാഃ.

| | |
|---|---|
| വേദാഃ | വേദങ്ങൾ |
| നാരായണപരാഃ | നാരായണനാകുന്ന മൂലതത്ത്വത്തോടുകൂടിയവ; |
| ദേവാഃ | ദേവന്മാർ |
| നാരായണാംഗജാഃ | നാരായണന്റെ അംഗത്തിൽനിന്നുളവായവർ; |
| മഖാഃ | യജ്ഞങ്ങൾ |
| നാരായണപരാഃ | നാരായണപ്രീതിക്ക വേണ്ടിയുള്ളവ; |
| ലോകാഃ | സ്വർഗ്ഗാദിലോകങ്ങൾ |
| നാരായണപരാഃ | നാരായണങ്കൽ കല്പിതങ്ങളായവ; |

നോട്ട്:— വേദമന്ത്രങ്ങളും, അവകൊണ്ടു് ഉപാസ്യരായ ദേവന്മാരും, ഉപാസനാരൂപങ്ങളായ യജ്ഞകർമ്മങ്ങളും, അവയുടെ ഫലസ്വരൂപങ്ങളായ സ്വർഗ്ഗാദിലോകങ്ങളും ശ്രീനാരായണനിൽനിന്നു് അന്യമല്ലെന്നു സാരം.

16. നാരായണപരോ യോഗോ നാരായണപരം തപഃ
നാരായണപരം ജ്ഞാനം നാരായണപരാ ഗതിഃ

| | |
|---|---|
| യോഗഃ | പ്രാണായാമാദി യോഗചര്യ |
| നാരായണപരഃ | നാരായണനെ സംബന്ധിച്ചുള്ളതു്; |
| തപഃ | തപസ്സു് |
| നാരായണപരം | നാരായണനെ ആശ്രയിച്ചുള്ളതു്; |
| ജ്ഞാനം | ആത്മജ്ഞാനം |
| നാരായണപരം | നാരായണനിൽ ഊന്നി നില്ക്കുന്നതു്; |
| ഗതിഃ | ആത്മജ്ഞാനത്തിന്റെ ഫലവും |
| നാരായണപരാ | നാരായണനെ സംബന്ധിച്ചതു്. |

നോട്ട്:— അഷ്ടാംഗയോഗനിഷ്ഠകളും, അവയാൽ സാധിക്കപ്പെടുന്ന തപസ്സും (ചിത്തത്തിന്റെ ഏകാഗ്രത), തൽസാധ്യമായ ജ്ഞാനവും, ജ്ഞാനത്തിന്റെ പരിണതഫലമേതോ അതും നാരായണമയംതന്നെ

17. തസ്യാപി ദ്രഷ്ടുരീശസ്യ കൂടസ്ഥസ്യാഖിലാത്മനഃ
സൃജ്യം സൃജാമി സൃഷ്ടോഽഹമീക്ഷയൈവാഭിചോദിതഃ

| | | | |
|---|---|---|---|
| ദ്രഷ്ടുഃ | എല്ലാം കാണുന്നവനും | സൃഷ്ടഃ | അനുഗ്രഹത്താൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന |
| കൂടസ്ഥസ്യ | നിർവ്വികാരസ്വരൂപനും | അഹം | ഞാൻ |
| അഖിലാത്മനഃ | സർവ്വാത്മാവും ആയ | ഈക്ഷയാ ഏവ | തൃക്കടാക്ഷത്താൽത്തന്നെ |
| തസ്യ ഈശസ്യ | ആ ഈശ്വരന്റെ | അഭിചോദിതഃ | പ്രേരിതനായിട്ട് |
| സൃജ്യം അപി | സൃഷ്ടിക്കാവുന്നതാണെങ്കിലുംകൂടി | സൃജാമി | സൃഷ്ടിക്കുന്നു. |

18. സത്ത്വം രജസ്തമ ഇതി നിർഗ്ഗുണസ്യ ഗുണാംസ്ത്രയഃ
സ്ഥിതിസർഗ്ഗനിരോധേഷു ഗൃഹീതാ മായയാ വിഭോഃ

| | | | |
|---|---|---|---|
| നിർഗ്ഗുണസ്യ | പ്രകൃതിയുടെ ഗുണങ്ങളോടു ബന്ധമില്ലാത്തവനെന്നിരിക്കിലും | ത്രയഃ ഗുണാഃ | മൂന്നു ഗുണങ്ങൾ |
| വിഭോഃ | അനന്തമഹിമാവെഴുന്ന ഭഗവാന്റെ | സ്ഥിതിസർഗ്ഗ-നിരോധേഷു | സ്ഥിതി, സൃഷ്ടി, സംഹാരം എന്നിവയ്ക്കുവേണ്ടി |
| സത്ത്വം രജഃ തമഃ ഇതി | സത്ത്വം, രജസ്സ്, തമസ്സ് എന്നിങ്ങനെ | മായയാ | മായയിലൂടെ |
| | | ഗൃഹീതാഃ | സ്വീകൃതങ്ങളായിരിക്കുന്നു. |

19. കാര്യകാരണകർത്തൃത്വേ ദ്രവ്യജ്ഞാനക്രിയാശ്രയാഃ
ബധ്നന്തി നിത്യദാ മുക്തം മായിനം പുരുഷം ഗുണാഃ.

| | | | |
|---|---|---|---|
| ഗുണാഃ | ഗുണങ്ങൾ (പ്രകൃതിയുടെ മൗലികധർമ്മങ്ങൾ) | മായിനം | മായാസംബന്ധം വന്നുചേർന്ന |
| | | പുരുഷം | ജീവനെ |
| ദ്രവ്യജ്ഞാന-ക്രിയാശ്രയാഃ | ദ്രവ്യം, ജ്ഞാനം, ക്രിയ എന്നിവയ്ക്കു ഹേതുക്കളായി നിന്നുകൊണ്ട് | കാര്യകാരണ കർത്തൃത്വേ | ആധിഭൗതികം, ആധ്യാത്മികം, ആധിദൈവികം എന്നീ താപത്രയത്തിൽ |
| നിത്യദാ | എപ്പോഴും | | |
| മുക്തം | മുക്തനെന്നിരിക്കിലും | ബധ്നന്തി | കുടുക്കുന്നു. |

20. സ ഏഷ ഭഗവാൻ ലിംഗൈസ്ത്രിഭിരേഭിരധോക്ഷജഃ
സ്വലക്ഷിതഗതിർബ്രഹ്മൻ സർവ്വേഷാം മമ ചേശ്വരഃ.

| | | | |
|---|---|---|---|
| ബ്രഹ്മൻ | അല്ലയോ നാരദ ! | ലിംഗൈഃ | ആവരണോപാധികളാൽ |
| അധോക്ഷജഃ | ഇന്ദ്രിയാതീതനായി | സ്വലക്ഷിത-ഗതിഃ | ശരിക്കും കാണപ്പെടാത്ത തത്ത്വത്തോടുകൂടിയവനായി |
| സഃ | അവ്വിധമെല്ലാമിരിക്കുന്ന | | |
| ഏഷഃ | ഈ | സർവ്വേഷാം | എല്ലാവരുടെയും |
| ഭഗവാൻ | സർവ്വേശ്വരൻ | മമ ച | എന്റെയും |
| ഏഭിഃ ത്രിഭിഃ | ഈ മൂന്നു ഗുണങ്ങളാവുന്ന | ഈശ്വരഃ | നിയന്താവായിരിക്കുന്നു. |

21. കാലം കൎമ്മ സ്വഭാവം ച മായേശോ മായയാ സ്വയാ
ആത്മന്യദൃച്ഛയാ പ്രാപ്തം വിബുഭൂഷുരുപാദദേ.

| | | | |
|---|---|---|---|
| മായേശഃ | മായാധിപതിയായ ഭഗവാൻ | കാലം | സത്വാദിഗുണങ്ങളുടെ വിക്ഷോഭത്തിന്നു ഹേതുവായ കാലമെന്ന തത്വത്തെയും, |
| വിബുഭൂഷുഃ | അനേകനായി ഭവിക്കുവാൻ ഇച്ഛിച്ചുകൊണ്ടു് | കൎമ്മ | ജീവാദൃഷ്ടമായ കൎമ്മമെന്ന തത്വത്തെയും, |
| സ്വയാ | തന്റേതായ | സ്വഭാവം ച | പരിണാമഹേതുവായ സ്വഭാവമെന്ന തത്വത്തെയും |
| മായയാ | മായയാൽ | ഉപാദദേ | സ്വീകരിച്ചു. |
| ആത്മനി | തന്നിൽ | | |
| യദൃച്ഛയാ | അനായാസേന | | |
| പ്രാപ്തം | വന്നുചേൎന്ന | | |

നോട്ടു്:— ഇതുമുതൽക്കു് ഈശ്വരൻ ലോകസൃഷ്ടിചെയ്തതു് ഏതുവിധമെന്നു കാണിക്കുന്നു. സൃഷ്ടിക്കുള്ള കാരണം ഈശ്വരന്റെ ഇച്ഛതന്നെ. ഏകനായ തനിക്കു് ബഹുവായി വൎത്തിക്കണമെന്നു ഈശ്വരന്നു തോന്നിയപ്പോഴ് സൃഷ്ടിയുണ്ടായി. അതിന്നു മായയെ സ്വാധീനിച്ചു് കാലകൎമ്മസ്വഭാവങ്ങളാവുന്ന സൃഷ്ടിയുടെ മൂലതത്വങ്ങളെ പ്രവൎത്തിപ്പിച്ചു.

22. കാലാദ്ഗുണവ്യതികരഃ പരിണാമഃ സ്വഭാവതഃ
കൎമ്മണോ ജന്മ മഹതഃ പുരുഷാധിഷ്ഠിതാദഭൂത്.

| | | | |
|---|---|---|---|
| പുരുഷാധിഷ്ഠിതാത് | ഈശ്വരാധിഷ്ഠിതമായ (ഈശ്വരശക്തിയാൽ ഉത്തേജിതമായ) | പരിണാമഃ | പദാൎത്ഥങ്ങളുടെ രൂപാന്തരപ്രാപ്തിയും, |
| കാലാത് | കാലശക്തിയിൽനിന്നു് | കൎമ്മണഃ | കൎമ്മത്തിൽനിന്നു് |
| ഗുണവ്യതികരഃ | ഗുണങ്ങൾക്ക വിക്ഷോഭവും) | മഹതഃ | മഹത്തത്വത്തിന്റെ |
| സ്വഭാവതഃ | സ്വഭാവത്തിൽനിന്നു് | ജന്മ | ഉൽപത്തിയും |
| | | അഭൂത് | ഉണ്ടായി. |

23. മഹതസ്തു വികുൎവ്വാണാദ്രജഃസത്വോപബൃംഹിതാത്
തമഃപ്രധാനസ്ത്വഭവദ്ദ്രവ്യജ്ഞാനക്രിയാത്മകഃ.

| | | | |
|---|---|---|---|
| രജഃസത്വോപബൃംഹിതാത് | രാജസം സാത്വികം എന്നീ ഗുണങ്ങളാലും കൂടിവളൎന്നു്, തന്മൂലം | വികുൎവ്വാണാത് | വികാരം (മാററം) വന്നുകൊണ്ടിരുന്ന |
| | | മഹതഃ തു | മഹത്തത്വത്തിൽനിന്നും |

| | | | |
|---|---|---|---|
| ദ്രവ്യജ്ഞാന-ക്രിയാത്മകഃ | ദ്രവ്യം, ജ്ഞാനം, ക്രിയ എന്നിവയുടെ സ്വരൂപമായിരിക്കുന്നതും | തമഃപ്രധാനഃ തു | തമോഗുണപ്രധാനവുമായ മററൊരുതത്വവും |
| | | അഭവത് | ഉത്ഭവിച്ചു. |

24. സോഽഹംകാര ഇതി പ്രോക്തോ വികുർവ്വൻ സമഭൂത് ത്രിധാ
വൈകാരികസ്തൈജസശ്ച താമസശ്ചേതി യദ്ഭിദാ
ദ്രവ്യശക്തിഃ ക്രിയാശക്തിർജ്ഞാനശക്തിരിതി പ്രഭോ

| | | | |
|---|---|---|---|
| അഹംകാരഃ | അഹംകാരം | യദ്ഭിദാ | യാതൊന്നിന്റെ ഭേദം. |
| ഇതി | എന്നിങ്ങനെ | പ്രഭോ | ഹേ ബുദ്ധിനിപുണ! |
| പ്രോക്തഃ | പറയപ്പെട്ടുവരുന്ന | ദ്രവ്യശക്തിഃ | ദ്രവ്യശക്തിപ്രധാനം - താമസാഹംകാരം- |
| സഃ | അതു് | ക്രിയാശക്തിഃ | ക്രിയാശക്തിപ്രധാനം, രാജസാഹംകാരം, |
| വികുർവ്വൻ | രൂപാന്തരം പ്രാപിച്ചു് | ജ്ഞാനശക്തിഃ | ജ്ഞാനശക്തിപ്രധാനം- സാത്വികാഹംകാരം, |
| ത്രിധാ | മൂന്നുവിധത്തിൽ | ഇതി | എന്നിങ്ങനെ ലക്ഷണങ്ങളാം. |
| സമഭൂത് | ആയി- | | |
| വൈകാരികഃ | സാത്വികമെന്നും | | |
| തൈജസഃ ച | രാജസമെന്നും | | |
| താമസഃ ച | താമസമെന്നും | | |
| ഇതി | ഇങ്ങനെ | | |

25. താമസാദപി ഭൂതാദേർവ്വികുർവ്വാണാദഭൂന്നഭഃ
തസ്യ മാത്രാ ഗുണഃ ശബ്ദോ ലിംഗം യദ്ദ്രഷ്ടൃദൃശ്യയോഃ.

| | | | |
|---|---|---|---|
| ഭൂതാദേഃ | പഞ്ചമഹാഭൂതങ്ങളുടെ ആദികാരണമായിരിക്കുന്നതും | തസ്യ | അതിന്റെ |
| വികുർവ്വാണാത് | വികാരം സംഭവിച്ചുകൊണ്ടിരിക്കുന്നതുമായ | മാത്രാ | സൂക്ഷ്മരൂപവും |
| താമസാത് അപി | തമോഗുണപ്രധാനമായ അഹംകാരത്തിൽനിന്നും | ഗുണഃ | പ്രത്യേക ധർമ്മവും ആകുന്നു. |
| നഭഃ | ആകാശം | ദ്രഷ്ടൃദൃശ്യയോഃ | ദ്രഷ്ടാവിന്റേയും ദൃശ്യത്തിന്റേയും |
| അഭൂത് | ഉണ്ടായി. | ലിംഗം | ബോധകമാകുക എന്നതു് |
| ശബ്ദഃ | ശബ്ദം | യത് | യാതൊന്നോ, (അതാണു് ശബ്ദത്തിന്റെ ലക്ഷണം) |

നോട്ടു്:— മറവിൽ നില്ക്കുന്ന ഒരാൾ "ഇതാ! ആന, ആന" എന്നു് ഉച്ചത്തിൽ ശബ്ദിച്ചാൽ, ആ ശബ്ദം ആനയെ കാണുന്ന ഒരുവന്റേയും അവന്റെ കാഴ്ചക്കു വിഷയീഭവിച്ച ആനയുടെയും ബോധം ഉണ്ടാക്കുന്നു. ഇങ്ങനെ ദ്രഷ്ടാവിന്റേയും ദൃശ്യത്തിന്റേയും ബോധം ഉണ്ടാക്കൽ ശബ്ദലക്ഷണമാകുന്നു.

26. നഭസോഽഥ വികുർവ്വാണാദഭൂത് സ്പർശഗുണോഽനിലഃ
പരാന്വയാച്ഛബ്ദവാംശ്ച പ്രാണ ഓജഃ സഹോ ബലം.

| | | | |
|---|---|---|---|
| അഥ | അതിൽപ്പിന്നെ | ശബ്ദവാൻ ച | ശബ്ദഗുണമുള്ളതും ആകുന്നു. |
| വികുർവ്വാണാത് | വികാരം സംഭവിച്ചുകൊണ്ടിരുന്ന | പ്രാണഃ | ദേഹസന്ധാരണം, |
| നഭസഃ | ആകാശത്തിൽനിന്നു് | ഓജഃ | ഇന്ദ്രിയപാടവം, |
| സ്പർശഗുണഃ | സ്പർശം എന്ന പ്രത്യേക ഗുണത്തോടുകൂടിയ | സഹഃ | മനക്കരുത്തു്, |
| അനിലഃ | വായു | ബലം | ശരീരശക്തി (എന്നിവക്കു് കാരണമായിരിക്കൽ വായുവിൻെറ ലക്ഷണം) |
| അഭൂത് | ഉണ്ടായി. | | |
| പരാന്വയാത് | മുമ്പുള്ളതിനോടു (ആകാശത്തോടു് കാരണത്വേന) ബന്ധപ്പെട്ടിരിക്കയാൽ | | |

27. വായോരപി വികുർവ്വാണാത് കാലകർമ്മസ്വഭാവതഃ
ഉദപദ്യത തേജോ വൈ രൂപവത് സ്പർശശബ്ദവത്.

| | | | |
|---|---|---|---|
| കാലകർമ്മസ്വഭാവതഃ | കാലം - കർമ്മം - സ്വഭാവം എന്നിവയാൽ | സ്പർശശബ്ദവത് | (ആകാശത്തോടും വായുവോടും കാരണത്വേനയുള്ള സംബന്ധംകൊണ്ടു്) സ്പർശം, ശബ്ദം എന്നീ ഗുണങ്ങളോടു കൂടിയതുമായ |
| വികുർവ്വാണാത് | വികാരംകൊള്ളുന്ന | തേജഃ വൈ | തേജസ്സും |
| വായോഃ അപി | വായുവിൽനിന്നും | ഉദപദ്യത | ഉൽഭവിച്ചു. |
| രൂപവത് | രൂപം എന്ന സ്വഗുണത്തോടുകൂടിയതും | | |

28. തേജസസ്തു വികുർവ്വാണാദാസീദംഭോ രസാത്മകം
രൂപവത് സ്പർശവച്ചാംഭോ ഘോഷവച്ച പരാന്വയാത്.

| | | | |
|---|---|---|---|
| വികുർവ്വാണാത് | വികാരം സംഭവിച്ചുകൊണ്ടിരുന്ന | പരാന്വയാത് | മുമ്പുണ്ടായ ഭൂതങ്ങളോടുള്ള സംബന്ധംകൊണ്ടു് |
| തേജസഃ തു | തേജസ്സിൽനിന്നാകട്ടെ | അംഭഃ | ജലം |
| രസാത്മകം | രസമെന്ന സ്വഗുണത്തെ ഉൾക്കൊണ്ട | രൂപവത് | രൂപഗുണമുള്ളതും |
| അംഭഃ | ജലം | സ്പർശവത് ച | സ്പർശഗുണമുള്ളതും |
| ആസീത് | ഉണ്ടായി. | ഘോഷവത് ച | ശബ്ദഗുണമുള്ളതും ആയി. |

29. വിശേഷസ്തു വികുർവ്വാണാദംഭസോ ഗന്ധവാനഭൂത്
പാരമ്പര്യാദ്രസസ്പർശശബ്ദരൂപഗുണാന്വിതഃ.

| | | | |
|---|---|---|---|
| ഗന്ധവാൻ | ഗന്ധം എന്ന സ്വഗുണത്തോടുകൂടിയ | പാരമ്പര്യാത് | മുമ്പുണ്ടായഭൂതങ്ങളോടു സംബന്ധപ്പെട്ടിരിക്കയാൽ |
| വിശേഷഃ തു | പൃഥിവിയാകട്ടെ | | |
| വികുർവ്വാണാത് | വികാരം സംഭവിച്ചുകൊണ്ടിരുന്ന | രസസ്പർശശബ്ദരൂപഗുണാന്വിതഃ | രസം - സ്പർശം - ശബ്ദം - രൂപം എന്നീ ഗുണങ്ങളോടും ചേർന്നിട്ടുള്ളതാണ്. |
| അംഭസഃ | ജലത്തിൽനിന്ന് | | |
| അഭൂത് | ഉളവായി. | | |

30. വൈകാരികാന്മനോ ജജ്ഞേ ദേവാ വൈകാരികാ ദശ
ദിഗ്വാതാർക്കപ്രചേതോശ്വിവഹ്നീന്ദ്രോപേന്ദ്രമിത്രകാഃ.

| | | | |
|---|---|---|---|
| വൈകാരികാത് | സാത്ത്വികാഹംകാരത്തിൽനിന്ന് | ദിഗ്വാതാർക്കപ്രചേതോശ്വിവഹ്നീന്ദ്രോപേന്ദ്രമിത്രകാഃ | ദിഗ്ദേവതകൾ, വായു, സൂര്യൻ, വരുണൻ, അശ്വിനീദേവന്മാർ, അഗ്നി, ഇന്ദ്രൻ, ഉപേന്ദ്രൻ, മിത്രൻ, പ്രജാപതി എന്നിങ്ങനെയുള്ള |
| മനഃ | മനസ്സും (മനസ്സിന്റെ അധിഷ്ഠാതാവായ ചന്ദ്രനും) | ദശ ദേവാഃ | പത്തുദേവന്മാർ |
| | | വൈകാരികാഃ | സാത്ത്വികാഹംകാരത്തിൽനിന്നും ഉണ്ടായവരാണ് |
| ജജ്ഞേ | ഉൽഭവിച്ചു | | |

കുറിപ്പ്:– സൃഷ്ടിയുടെ വികാസത്തിന്നു അടിസ്ഥാനമായ അഹംകാരതത്ത്വമാകട്ടെ ഗുണത്രയസംബന്ധത്താൽ മൂന്നായി പിരിഞ്ഞു – താമസം, രാജസം, (തൈജസം) സാത്ത്വികം (വൈകാരികം) എന്നിങ്ങനെ. ഇതിൽ ദ്രവ്യശക്തിപ്രമുഖമായ താമസാഹംകാരത്തിൽനിന്ന് ആകാശാദിപഞ്ചഭൂതങ്ങളുണ്ടായതു പറഞ്ഞുകഴിഞ്ഞു. ജ്ഞാനശക്തിപ്രമുഖമായ സാത്ത്വികാഹങ്കാരത്തിൽനിന്ന് ഇന്ദ്രിയാധിഷ്ഠാനദേവതകൾ (ഇന്ദ്രിയങ്ങളെ വിഷയോന്മുഖമാക്കി പ്രവർത്തിപ്പിക്കുന്ന അദൃശ്യശക്തികൾ) ഉൽഭവിച്ചതാണ് ഈ ശ്ലോകത്തിൽ പറഞ്ഞതു്. ശ്രോത്രം, ത്വക്ക്, നേത്രം, രസന, ഘ്രാണം എന്നീ ജ്ഞാനേന്ദ്രിയങ്ങളുടെ അധിഷ്ഠാതാക്കളാണ് യഥാക്രമം ദിക്ക്, വായു, സൂര്യൻ, വരുണൻ, അശ്വിനിമാർ; വാക്ക്, പാണി, പാദം, പായു, ഉപസ്ഥം എന്നീ കർമ്മേന്ദ്രിയങ്ങളുടെ അധിഷ്ഠാതാക്കൾ അഗ്നി, ഇന്ദ്രൻ, ഉപേന്ദ്രൻ, മിത്രൻ, പ്രജാപതി എന്നിവരും. മനസ്സിന്റേതു ചന്ദ്രനാകുന്നു. ഇവക്കെല്ലാം കാരണഭൂതമായതു സാത്ത്വികാഹംകാരമത്രേ – ഇനി രാജസാഹംകാരത്തിൽനിന്നു സംഭവിച്ച ഇന്ദ്രിയങ്ങളെപ്പററി പറയുന്നു.

31. തൈജസാത്തു വികുർവ്വാണാദിന്ദ്രിയാണി ദശാഭവൻ
ജ്ഞാനശക്തിഃ ക്രിയാശക്തിഃ ബുദ്ധിഃ പ്രാണസ്തു തൈജസൌ.
ശ്രോത്രം ത്വഗ് ഘ്രാണദൃഗ് ജിഹ്വാ വാഗ് ദോർമേഢ്രാംഘ്രിപായവഃ.

| | |
|---|---|
| വികുർവ്വാണാത് | വികാരം സംഭവിച്ചുകൊണ്ടിരുന്ന |
| തൈജസാത് തു | രാജസാഹംകാരത്തിൽനിന്നും |
| ദശ | പത്തു് |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ |
| അഭവൻ | ഉണ്ടായി. |
| ജ്ഞാനശക്തിഃ | അറിവുകളിൽ പ്രഭാവം ചെലുത്തുന്ന |
| ബുദ്ധിഃ | ബുദ്ധിയും |
| ക്രിയാശക്തിഃ | പ്രവൃത്തികളിൽ പ്രഭാവം ചെലുത്തുന്ന |
| പ്രാണഃ തു | ഊർജ്ജവും |
| തൈജസൌ | രാജസാഹംകാരജന്യങ്ങളാണു്. |
| ശ്രോത്രം | ശ്രോത്രം, |
| ത്വക് | ത്വക്ക്, |
| ഘ്രാണദൃഗ്-ജിഹ്വാഃ | ഘ്രാണം, ദൃഷ്ടി, ജിഹ്വാ എന്നിവ ജ്ഞാനേന്ദ്രിയങ്ങൾ; |
| വാഗ്ദോർ-മേഢ്രാംഘ്രി-പായവഃ | വാക്ക്, കൈ, ജനനേന്ദ്രിയം, കാലു്, ഗുദം എന്നിവ കർമ്മേന്ദ്രിയങ്ങൾ. |

32. യദൈതേഽസംഗതാ ഭാവാ ഭൂതേന്ദ്രിയമനോഗുണാഃ
യദായതനനിർമ്മാണേ ന ശേകുർബ്രഹ്മവിത്തമ

33. തദാ സംഹത്യ ചാന്യോന്യം ഭഗവച്ഛക്തിചോദിതാഃ
സദസത്ത്വമുപാദായ ചോഭയം സസൃജുർഹ്യദഃ.

| | |
|---|---|
| ബ്രഹ്മവിത്തമ | ബ്രഹ്മജ്ഞോത്തമ! |
| ഭൂതേന്ദ്രിയ-മനോഗുണാഃ | പഞ്ചഭൂതങ്ങൾ - ദശേന്ദ്രിയങ്ങൾ, മനസ്സ്, ത്രിഗുണങ്ങൾ എന്നിവയായ |
| ഏതേ ഭാവാഃ | ഈ മൂലതത്ത്വങ്ങൾ |
| യദാ | യാതൊരവസരത്തിൽ |
| അസംഗതാഃ | അന്യോന്യം കൂടിച്ചേരാതെ ഒററതിരിഞ്ഞു നിന്നിരുന്നുവോ, |
| യദാ | തന്നിമിത്തമായി, യാതൊരവസരത്തിൽ |
| ആയതന-നിർമ്മാണേ | ജീവന്റെ പാർപ്പിടമായ ശരീരത്തിന്റെ നിർമ്മാണത്തിൽ |
| ന ശേകുഃ | ശക്തങ്ങളായി ഭവിച്ചില്ലയോ, |
| തദാ | അപ്പോൾ |
| ഭഗവച്ഛക്തി-ചോദിതാഃ | ഈശ്വരശക്തിയാൽ ഉത്തേജിതങ്ങളായി |
| അന്യോന്യം | ഒന്നിനോടൊന്നു |
| സംഹത്യ ച | കൂടിച്ചേരുകയും, |
| സദസത്ത്വം | സ്ഥൂലം – സൂക്ഷ്മം എന്നുള്ള നിലയെ |
| ഉപാദായ ച | സ്വീകരിക്കുകയും ചെയ്തു് |
| ഉഭയം | സമഷ്ടിരൂപമായും വ്യഷ്ടിരൂപമായും രണ്ടുപ്രകാരത്തിലുള്ള |
| അദഃ | ഇതിനെ (ശരീരത്തെ) |
| സസൃജുഃ ഹി | നിർമ്മിക്കതന്നെചെയ്തു. |

34. വർഷപൂഗസഹസ്രാന്തേ തദണ്ഡമുദകേശയം
കാലകർമ്മസ്വഭാവസ്ഥോ ജീവോഽജീവമജീവയത്.

| | | | |
|---|---|---|---|
| വർഷപൂഗ– സഹസ്രാന്തേ | അനേകം സഹസ്രാബ്ദങ്ങൾ കഴിഞ്ഞപ്പോൾ | കാലകർമ്മ– സ്വഭാവസ്ഥഃ | കാലം, കർമ്മം, സ്വഭാവം എന്നീ മൂലോപാധികളിൽ നിലകൊള്ളുന്ന |
| ഉദകേശയം | കാരണജലത്തിൽ മുങ്ങികിടന്ന | | |
| അജീവം | അചേതനമായ | ജീവഃ | ചേതനാമയനായ പരമാത്മാവ് |
| തത് അണ്ഡം | ആ അണ്ഡത്തെ (അണ്ഡാകാരമായ വിശ്വശരീരത്തെ) | അജീവയത് | സചേതനമാക്കി. |

35. സ ഏവ പുരുഷസ്തസ്മാദണ്ഡം നിർഭിദ്യ നിർഗതഃ
സഹസ്രോർവ്വംഘ്രിബാഹ്വക്ഷഃ സഹസ്രാനനശീർഷവാൻ

| | | | |
|---|---|---|---|
| സഃ പുരുഷഃ ഏവ | അതേ പരമാത്മാവ് തന്നെ | സഹസ്രോർവ്വം- ഘ്രിബാഹ്വക്ഷഃ | ആയിരക്കണക്കിൽ തുടകളും കാലുകളും കൈകളും കണ്ണുകളും ഉള്ളവനായി, |
| അണ്ഡം | അണ്ഡത്തെ | | |
| നിർഭിദ്യ | പിളർന്നുവേർപെടുത്തി, | സഹസ്രാനന– ശീർഷവാൻ | ആയിരക്കണക്കിൽ മുഖങ്ങളും ശിരസ്സുകളും ഉള്ളവനായി |
| തസ്മാത് | അതിനുള്ളിൽനിന്നു് | നിർഗതഃ | പുറത്തുപോന്നു. |

36. യസ്യേഹാവയവൈർലോകാൻ കല്പയന്തി മനീഷിണഃ
കട്യാദിഭിരധഃ സപ്ത സപ്തോർധ്വം ജഘനാദിഭിഃ.

| | | | |
|---|---|---|---|
| മനീഷിണഃ | ജ്ഞാനികൾ | കട്യാദിഭിഃ | അരക്കെട്ടുമുതല്ക്കുതാഴോട്ടുള്ള അംഗങ്ങളെക്കൊണ്ടു് |
| യസ്യ | യാതൊരുവന്റെ (ഈ വിരാട്പുരുഷന്റെ) | അധഃ | കീഴുള്ള |
| | | സപ്ത | ഏഴുലോകങ്ങളും ; |
| അവയവൈഃ | അംഗങ്ങൾകൊണ്ടു് | ജഘനാദിഭിഃ | മദ്ധ്യപ്രദേശംതൊട്ടു മേലോട്ടുള്ള അംഗങ്ങളെക്കൊണ്ടു് |
| ലോകാൻ | ലോകങ്ങളെ മുഴുവനും | | |
| ഇഹ | ഇങ്ങു്, ഉപാസനാർത്ഥം | ഊർദ്ധ്വം | മേലുള്ള |
| കല്പയന്തി | കല്പിക്കുന്നു. | സപ്ത | ഏഴു ലോകങ്ങളും. |

37. പുരുഷസ്യ മുഖം ബ്രഹ്മ ക്ഷത്രമേതസ്യ ബാഹവഃ
ഊർവോർവൈശ്യോ ഭഗവതഃ പദ്ഭ്യാം ശൂദ്രോഽഭ്യജായത.

| | | | |
|---|---|---|---|
| ഏതസ്യ പുരുഷസ്യ | ഈ വിരാട്പുരുഷന്റെ | ഊരുഭ്യാം | തുടകളിൽനിന്നു് |
| മുഖം ബ്രഹ്മ | മുഖം ബ്രാഹ്മണൻ; | വൈശ്യഃ | വൈശ്യൻ ; |
| ബാഹവഃ | ബാഹുക്കൾ | പദ്ഭ്യാം | പാദങ്ങളിൽനിന്നു് |
| ക്ഷത്രം | ക്ഷത്രിയൻ ; | ശൂദ്രഃ | ശൂദ്രൻ |
| ഭഗവതഃ | ഭഗവാന്റെ | അഭ്യജായത | ഉണ്ടായി. |

38 ഭൂർല്ലോകഃ കല്പിതഃ പദ്ഭ്യാം ഭുവർല്ലോകോഽസ്യ നാഭിതഃ
ഹൃദാ സ്വർല്ലോക ഉരസാ മഹർല്ലോകോ മഹാത്മനഃ.

| | | | |
|---|---|---|---|
| അസ്യ മഹാത്മനഃ | ഈ മഹാത്മാവിന്റെ | നാഭിതഃ | നാഭിപ്രദേശത്താൽ |
| പദ്ഭ്യാം | കാലടിമുതൽ (അരക്കെട്ടുവരെയുള്ള അധോലോകങ്ങൾക്കുപരിയായി) | ഭുവർല്ലോകഃ | ഭുവർല്ലോകവും, |
| | | ഹൃദാ | ഹൃദയംകൊണ്ടു് |
| | | സ്വർല്ലോകഃ | സ്വർഗ്ഗലോകവും, |
| | | ഉരസാ | മാറിടംകൊണ്ടു് |
| | | മഹർല്ലോകഃ | മഹർല്ലോകവും |
| ഭൂർല്ലോകഃ | ഭൂലോകവും. | കല്പിതഃ | സങ്കല്പിതമായിരിക്കുന്നു |

39. ഗ്രീവായാം ജനലോകശ്ച തപോലോകഃ സ്തനദ്വയാത്
മൂർദ്ധഭിഃ സത്യലോകസ്തു ബ്രഹ്മലോകഃ സനാതനഃ.

| | | | |
|---|---|---|---|
| ഗ്രീവായാം | കണ്ഠത്തിൽ | മൂർദ്ധഭിഃ | ശിരസ്സുകളാൽ |
| ജനലോകഃ ച | ജനർല്ലോകവും, | സനാതനഃ | ശാശ്വതവും |
| | | ബ്രഹ്മലോകഃ | ബ്രഹ്മാവാസവുമായ |
| സ്തനദ്വയാത് | സ്തനദ്വയത്തിൽനിന്നു് | സത്യലോകഃ തു | സത്യലോകവും സങ്കല്പിതമായിരിക്കുന്നു. |
| തപോലോകഃ | തപോലോകവും, | | |

40. തത്കട്യാം ചാതലം ക്ലൃപ്തമൂരുഭ്യാം വിതലം വിഭോഃ.
ജാനുഭ്യാം സുതലം ശുദ്ധം ജംഘാഭ്യാം തു തലാതലം.

| | | | |
|---|---|---|---|
| വിഭോഃ | വിശ്വവ്യാപിയായ | ജാനുഭ്യാം | കാൽമുട്ടുകളാൽ |
| തത്കട്യാം | ആ പുരുഷന്റെ അരക്കെട്ടിൽ | ശുദ്ധം | പരിശുദ്ധിയുള്ള |
| | | സുതലം | സുതലവും, |
| അതലം | അതലവും, | ജംഘാഭ്യാം തു | കണങ്കാലുകളാലാകട്ടെ |
| ഊരുഭ്യാം | തുടകളാൽ | തലാതലം ച | തലാതലവും |
| വിതലം | വിതലവും, | ക്ലൃപ്തം | കല്പിതമായിരിക്കുന്നു. |

41. മഹാതലം തു ഗുല്ഫാഭ്യാം പ്രപദാഭ്യാം രസാതലം
പാതാലം പാദതലത ഇതി ലോകമയഃ പുമാൻ.

| | |
|---|---|
| ഗുല്ഫാഭ്യാം | നെരിയാണികളാൽ |
| മഹാതലം | മഹാതലവും, |
| പ്രപദാഭ്യാം | പുറവടികളാൽ |
| രസാതലം | രസാതലവും, |
| പാദതലതഃ | ഉള്ളടികളാകൊണ്ട് |
| പാതാലം തു | പാതാളവും |
| ഇതി | ഇങ്ങനെ |
| പുമാൻ | വിരാട്പുരുഷൻ |
| ലോകമയഃ | വിശ്വരൂപിയാണ്. |

42. ഭൂർല്ലോകഃ കല്പിതഃ പദ്ഭ്യാം ഭുവർല്ലോകോഽസ്യ നാഭിതഃ
സ്വർല്ലോകഃ കല്പിതോ മൂർദ്ധ്നാ ഇതി വാ ലോകകല്പനാ

| | |
|---|---|
| അസ്യ | ഈ വിരാട്പുരുഷന്റെ |
| പദ്ഭ്യാം | പാദങ്ങളാൽ |
| ഭൂർല്ലോകഃ | ഭൂലോകവും, |
| നാഭിതഃ | നാഭിപ്രദേശത്താൽ |
| ഭുവർല്ലോകഃ | ഭുവർല്ലോകവും |
| കല്പിതഃ | കല്പിതമാകുന്നു ; |
| മൂർദ്ധ്നാ | ശിരസ്സുകൊണ്ട് |
| സ്വർല്ലോകഃ | സ്വർല്ലോകവും |
| കല്പിതഃ | കല്പിതമാകുന്നു. |
| ലോകകല്പനാ | ലോകങ്ങളുടെ വിഭാഗകല്പന |
| ഇതി വാ | ഈ വിധത്തിലുമാകാം. |

കുറിപ്പ്:— ലോകങ്ങൾ 14 എന്നും, 3 എന്നും പറയാറുണ്ട്. മൂന്നെന്ന പക്ഷത്തിൽ വൈരാജന്റെ പാദങ്ങളിൽ ഭൂലോകം, നാഭിയിൽ ഭുവർല്ലോകം, ശിരസ്സിൽ സ്വർഗ്ഗലോകം എന്നാണ് സങ്കല്പം.

ഭഗവാന്റെ സൃഷ്ടിസ്ഥിതിസംഹാരലീലകളും തദ്വാരാ ലോകതത്ത്വവും ആവഴിക്ക് ആത്മതത്ത്വജ്ഞാനവും ബ്രഹ്മനാരദസംവാദത്തെ അവതരിപ്പിച്ചുകൊണ്ട് ശ്രീശുകൻ രാജാവിനെ ഗ്രഹിപ്പിക്കുന്നു. ലോകം എന്താണ്? അതിന്ന് അധിഷ്ഠാനമെന്ത് ? അതിന്ന് രൂപം കൊടുത്തു പ്രകാശിപ്പിക്കുന്നതാര് ? ജഗൽസ്രഷ്ടാവായ ബ്രഹ്മാവുൾപ്പെടെയുള്ള സമസ്തസൃഷ്ടികളുടേയും സ്വതന്ത്രനിയന്താവാര് ? — എന്നും മററുമായ നാരദപ്രശ്നങ്ങൾക്ക് സർവ്വജ്ഞനായ ബ്രഹ്മാവ് ഉത്തരം നല്കുന്നു. ലോകവും ലോകാധിഷ്ഠാനവും ലോകത്തിന്റെ പ്രകാശകനും സ്രഷ്ടാവും നിയന്താവും സംഹർത്താവുമെല്ലാം സാക്ഷാൽ ശ്രീനാരായണൻമാത്രമാണെന്നും ബ്രഹ്മാദികൾ ആ സ്വതന്ത്രനായ സർവ്വേശ്വരന്റെ ആജ്ഞാനുവർത്തികളായി പ്രവർത്തിക്കുകയാണെന്നും ബ്രഹ്മദേവൻ വ്യക്തമാക്കുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ

പഞ്ചമോഽധ്യായഃ.

ആദിതഃ ശ്ലോകാഃ 168

അഞ്ചാമദ്ധ്യായം കഴിഞ്ഞു.

## ഷഷ്ഠോഽധ്യായഃ : ആറാമദ്ധ്യായം.

"ഷഷ്ഠേ വിരാഡ്വിഭൂതിശ്ച പ്രോക്താധ്യാത്മാദിഭേദതഃ
ദൃഢീകൃതം ച പൂർവ്വോക്തം സർവ്വം പുരുഷസൂക്തതഃ."

### പുരുഷസൂക്താർത്ഥാനുസാരേണ വിരാട്സ്വരൂപവർണ്ണനം.

ബ്രഹ്മോവാച :— ബ്രഹ്മാവ് (നാരദനോട്) പറഞ്ഞു

1. വാചാം വഹ്നേർമ്മുഖം ക്ഷേത്രം ഛന്ദസാം സപ്ത ധാതവഃ
ഹവ്യകവ്യാമൃതാന്നാനാം ജിഹ്വാ സർവ്വരസസ്യ ച

| | | | |
|---|---|---|---|
| വാചാം | വാഗിന്ദ്രിയങ്ങൾക്കും | ഹവ്യകവ്യാമൃതാന്നാനാം | ഹവ്യം - കവ്യം - അമൃതം എന്നീ അന്നങ്ങൾക്കും (4) |
| വഹ്നേഃ | അഗ്നിക്കും (1) | സർവ്വരസസ്യ | എല്ലാ രസത്തിനും (5) |
| മുഖം | മുഖവും, | ജിഹ്വാ ച | ജിഹ്വയും (നാവ്) |
| ഛന്ദസാം | ഛന്ദസ്സുകൾക്ക് (2) | ക്ഷേത്രം | ഉത്ഭവസ്ഥാനമാകുന്നു. |
| സപ്തധാതവഃ | സപ്തധാതുക്കളും, (3) | | |

(1) വാക്കിന്റെ അധിഷ്ഠാനദേവതയാണ് അഗ്നി. (2) ഗായത്രി, ത്രിഷ്ടുപ്, അനുഷ്ടുപ്, ഉഷ്ണിക്, ബൃഹതി, ജഗതി ഇങ്ങനെ 7 ഛന്ദസ്സുകൾ. (3) ത്വക്ക്, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം 7 ധാതുക്കൾ. (4) ഹവ്യം = ദേവഭോജനം; കവ്യം = പിതൃഭോജനം; അമൃതം — ദേവന്മാർക്കും പിതൃക്കൾക്കും അർപ്പിച്ചതിന്റെ ശിഷ്ടമായ മനുഷ്യഭോജനം (5) ഷഡ്‌രസങ്ങൾക്കും, രസനേന്ദ്രിയത്തിനും തദധിഷ്ഠാനദേവതയായ വരുണനും — ഇത്രയും അർത്ഥം ഉൾക്കൊള്ളുന്നു.

2. സർവ്വാസൂനാം ച വായോശ്ച തന്നാസേ പരമായനേ
അശ്വിനോരോഷധീനാം ച ഘ്രാണോ മോദപ്രമോദയോഃ.

| | | | |
|---|---|---|---|
| സർവ്വാസൂനാം ച | സർവ്വപ്രാണങ്ങൾക്കും | ഓഷധീനാം | ഓഷധികൾക്കും |
| വായോഃ ച | വായുവിനും | മോദപ്രമോദയോഃ ച | സാമാന്യവും വിശേഷവുമായ ഗന്ധങ്ങൾക്കും |
| തന്നാസേ | ആ വൈരാജന്റെ നാസികാദ്വാരങ്ങൾ | ഘ്രാണഃ | ഘ്രാണേന്ദ്രിയം ഉത്ഭവസ്ഥാനം. |
| പരമായനേ | ഉത്തമസ്ഥാനങ്ങൾ ; | | |
| അശ്വിനോഃ | അശ്വിനികുമാരന്മാർക്കും | | |

3 രൂപാണാം തേജസാം ചക്ഷുർദിവഃ സൂര്യസ്യ ചാക്ഷിണീ
കർണ്ണൗ ദിശാം ച തീർത്ഥാനാം ശ്രോത്രമാകാശശബ്ദയോഃ
തദ്ഗാത്രം വസ്തുസാരാണാം സൗഭഗസ്യ ച ഭാജനം.

| | |
|---|---|
| രൂപാണാം | രൂപങ്ങൾക്കും |
| തേജസാം | പ്രകാശങ്ങൾക്കും |
| ചക്ഷുഃ | നേത്രേന്ദ്രിയവും, |
| ദിവഃ | സ്വർഗ്ഗത്തിന്നും |
| സൂര്യസ്യ ച | സൂര്യന്നും |
| അക്ഷിണീ | നേത്രഗോളങ്ങളും, |
| ദിശാം | ദിക്കുകൾക്കും |
| തീർത്ഥാനാം ച | തീർത്ഥങ്ങൾക്കും |
| കർണ്ണൌ | കാതുകളും, |
| ആകാശ—ശബ്ദയോഃ | ആകാശത്തിന്നും ശബ്ദത്തിന്നും |
| ശ്രോത്രം | ശ്രവണേന്ദ്രിയവും, |
| വസ്തുസാരാണാം | പദാർത്ഥങ്ങളുടെ സാരാംശങ്ങൾക്കും |
| സൌഭഗസ്യ ച | അഴകിന്നും |
| തദ്ഗാത്രം | വൈരാജന്റെ ഉടൽ ആകെയും |
| ഭാജനം | ഉൽപത്തിസ്ഥാനമാകുന്നു. |

4. ത്വഗസ്യ സ്പർശവായോശ്ച സർവ്വമേധസ്യ ചൈവ ഹി
രോമാണ്യുദ്ഭിജ്ജജാതീനാം യൈർവ്വാ യജ്ഞസ്തു സംഭൃതഃ

| | |
|---|---|
| സ്പർശവായോഃ ച | സ്പർശനേന്ദ്രിയത്തിന്നും വായുവിന്നും |
| സർവ്വമേധസ്യ ച | സമസ്തയജ്ഞത്തിന്നും |
| അസ്യ | ഈ വിരാട്പുരുഷന്റെ |
| ത്വക് | ത്വഗിന്ദ്രിയം ജന്മസ്ഥാനമാണ്. |
| ഏവ ഹി | അതേ വിധം |
| ഉദ്ഭിജ്ജ—ജാതീനാം | എല്ലാ വൃക്ഷജാതികൾക്കും |
| വാ | അഥവാ |
| യൈഃ | യാതൊന്നുകൾകൊണ്ട് |
| യജ്ഞഃ തു | ദേവയജനം |
| സംഭൃതഃ | സംഭരിക്കപ്പെടുന്നുവോ, ആ വൃക്ഷങ്ങൾക്ക് |
| രോമാണി | രോമങ്ങൾ ഉൽഭവസ്ഥാനമാകുന്നു. |

5. കേശശ്മശ്രുനഖാന്യസ്യ ശിലാലോഹാഭ്രവിദ്യുതാം
ബാഹവോ ലോകപാലാനാം പ്രായശഃ ക്ഷേമകർമ്മണാം.

| | |
|---|---|
| ശിലാലോഹാ-ഭ്രവിദ്യുതാം | കല്ല്-ലോഹം-മേഘം-മിന്നൽ എന്നിവക്ക് |
| അസ്യ | ഈ വിരാട്പുരുഷന്റെ |
| * കേശശ്മശ്രു-നഖാനി | കാൽനഖങ്ങൾ-കൈനഖങ്ങൾ-തലമുടി-മുഖരോമം എന്നിവയും |
| ക്ഷേമകർമ്മണാം | ലോകക്ഷേമകർത്താക്കളായ |
| പ്രായശഃ | മിക്കവാറും |
| ലോകപാലാനാം | ലോകപാലന്മാർക്ക് |
| ബാഹവഃ | ബാഹുക്കളും ഉത്ഭവസ്ഥാനങ്ങളാകുന്നു. |

* "കേശശ്മശ്രുനഖാനി" എന്നതിൽ വാക്കുകളുടെ ക്രമീകരണം ശിലാലോഹാദികളോടുള്ള സാദൃശ്യംവഴിക്ക് സാധിതമാകണം

6. വിക്രമോ ഭൂർഭുവഃ സ്വശ്ച ക്ഷേമസ്യ ശരണസ്യ ച
സർവ്വകാമവരസ്യാപി ഹരേശ്ചരണ ആസ്പദം.

| | | | |
|---|---|---|---|
| ഭൂഃ ഭുവഃ സ്വഃ ച | ഭൂല്ലോകം-ഭുവല്ലോകം-സ്വല്ലോകംഎന്നിവക്ക് | ക്ഷേമസ്യ | നേട്ടത്തിന്റെ രക്ഷക്കും, |
| ഹരേഃ | വൈരാജരൂപധരനായ ശ്രീഹരിയുടെ | ശരണസ്യ ച | ഭയസംത്രാണത്തിനും, |
| വിക്രമഃ | അടിവെപ്പ് ആശ്രയഭൂതമാകുന്നു. | സൎവ്വകാമവരസ്യ അപി | സകലാഭീഷ്ടസംപൂൎത്തിക്കും |
| | | ചരണഃ | തൃപ്പാദം |
| | | ആസ്പദം | ആശ്രയഭൂതമാണ്. |

7. അപാം വീൎയ്യസ്യ സൎഗ്ഗസ്യ പൎജ്ജന്യസ്യ പ്രജാപതേഃ
പുംസഃ ശിശ്ന ഉപസ്ഥസ്തു പ്രജാത്യാനന്ദനിൎവൃതേഃ

| | | | |
|---|---|---|---|
| അപാം | ജലത്തിന്നും, | ശിശ്നഃ | ഗുഹ്യാവയവമാണ് ആസ്പദം. |
| വീൎയ്യസ്യ | രേതസ്സിന്നും, | | |
| സൎഗ്ഗസ്യ | സൃഷ്ടിക്കും, | പ്രജാത്യാനന്ദനിൎവൃതേഃ | സംഭോഗജനിതമായ സുഖാനുഭൂതിക്ക് |
| പൎജ്ജന്യസ്യ | മേഘത്തിന്നും, | | |
| പ്രജാപതേഃ | പ്രജാപതിക്കും | ഉപസ്ഥഃ തു | ഉപസ്ഥമെന്ന ഇന്ദ്രിയവും ആസ്പദമാണ്. |
| പുംസഃ | വിരാട്പുരുഷന്റെ | | |

8. പായുൎയ്യമസ്യ മിത്രസ്യ പരിമോക്ഷസ്യ നാരദ
ഹിംസായാ നിരൃതേൎമ്മൃത്യോൎന്നിരയസ്യ ഗുദഃ സ്മൃതഃ

| | | | |
|---|---|---|---|
| നാരദ | അല്ലയോ നാരദ ! | നിരൃതേഃ | അശ്രീകരത്വത്തിനും, |
| യമസ്യ | യമന്നും, | മൃത്യോഃ | മരണത്തിന്നും, |
| മിത്രസ്യ | മിത്രന്നും, | നിരയസ്യ | നരകത്തിന്നും |
| പരിമോക്ഷസ്യ | വിസൎജ്ജനത്തിന്നും | ഗുദഃ | മലവിസൎജ്ജനദ്വാരവും |
| പായുഃ | ഭഗവാന്റെ മലവിസൎജ്ജനേന്ദ്രിയവും; | സ്മൃതഃ | ആശ്രയമെന്നു കരുതപ്പെടുന്നു. |
| ഹിംസായാഃ | ഹിംസക്കും, | | |

9. പരാഭൂതേരധൎമ്മസ്യ തമസശ്ചാപി പശ്ചിമഃ
നാഡ്യോ നദനദീനാം തു ഗോത്രാണാമസ്ഥിസംഹതിഃ.

| | | | |
|---|---|---|---|
| പരാഭൂതേഃ | അവമാനത്തിന്നും, | നദനദീനാം | നദങ്ങൾക്കും നദികൾക്കും * |
| അധൎമ്മസ്യ | അധൎമ്മത്തിന്നും, | നാഡ്യഃ തു | നാഡികളും; |
| തമസഃ ച അപി | അജ്ഞാനത്തിന്നും | ഗോത്രാണാം | കുലപൎവ്വതങ്ങൾക്ക് |
| പശ്ചിമഃ | ഭഗവാന്റെ പിൻപുറവും; | അസ്ഥിസംഹതിഃ | അസ്ഥിസമൂഹവും ആസ്പദമാകുന്നു. |

* പടിഞ്ഞാറോട്ട് ഒഴുകുന്നവ നദങ്ങൾ, കിഴക്കോട്ട് ഒഴുകുന്നവ നദികൾ

10. അവ്യക്തരസസിന്ധൂനാം ഭൂതാനാം നിധനസ്യ ച
ഉദരം വിദിതം പുംസോ ഹൃദയം മനസഃ പദം.

| | | | |
|---|---|---|---|
| അവ്യക്തരസ-സിന്ധൂനാം | മൂലപ്രകൃതിക്കും, അന്നാദികളുടെ രസത്തിന്നും, സമുദ്രങ്ങൾക്കും, | വിദിതം | ആധാരമെന്നറിയപ്പെടുന്നു. |
| ഭൂതാനാം | ഭൂതസൂക്ഷ്മങ്ങൾക്കും, | മനസഃ | മനസ്സിന്നു് (എല്ലാവരുടെയും കാരണശരീരത്തിന്നു്) |
| നിധനസ്യ ച | അവയുടെ ലയത്തിന്നും | ഹൃദയം | ഹൃദയവും |
| പുംസഃ | വിരാട്പുരുഷന്റെ | പദം | ആസ്പദമാകുന്നു |
| ഉദരം | വയറു് | | |

11. ധർമ്മസ്യ മമ തുഭ്യം ച കുമാരാണാം ഭവസ്യ ച
വിജ്ഞാനസ്യ ച സത്വസ്യ പരസ്യാത്മാ പരായണം.

| | | | |
|---|---|---|---|
| ധർമ്മസ്യ | ധർമ്മദേവന്നും, | സത്വസ്യ ച | അന്തഃകരണത്തിന്നും, |
| മമ തുഭ്യം ച | എനിക്കും, നിനക്കും, | പരസ്യ | പരമപുരുഷന്റെ |
| കുമാരാണാം | സനകാദികൾക്കും, | ആത്മാ | ചിത്തം |
| ഭവസ്യ ച | ശ്രീരുദ്രന്നും, | പരായണം | പ്രധാനാധാരം. |
| വിജ്ഞാനസ്യ | വിശേഷജ്ഞാനത്തിന്നും, | | |

12. അഹം ഭവാൻ ഭവശ്ചൈവ ത ഇമേ മുനയോഽഗ്രജാഃ
സുരാസുരനരാ നാഗാഃ ഖഗാ മൃഗസരീസൃപാഃ
13. ഗന്ധർവ്വാപ്സരസോ യക്ഷാരക്ഷോ ഭൂതഗണോരഗാഃ
പശവഃ പിതരഃ സിദ്ധാ വിദ്യാധ്രാശ്ചാരണാ ദ്രുമാഃ
14. അന്യേ ച വിവിധാ ജീവാ ജലസ്ഥലനഭൌകസഃ
ഗ്രഹർക്ഷകേതവസ്താരാസ്തഡിതഃ സ്തനയിത്നവഃ
15. സർവ്വം പുരുഷ ഏവേദം ഭൂതം ഭവ്യം ഭവച്ച യത്
തേനേദമാവൃതം വിശ്വം വിതസ്തിമധിതിഷ്ഠതി.

| | | | |
|---|---|---|---|
| അഹം ഭവാൻ | ഞാനും, നീയും, | മൃഗസരീ-സൃപാഃ | കാട്ടുജന്തുക്കളും, ഇഴജന്തുക്കളും, |
| ഭവഃ ച ഏവ | ശ്രീരുദ്രൻതന്നെയും, | ഗന്ധർവ്വാ-പ്സരസഃ | ഗന്ധർവ്വന്മാർ - അപ്സരസ്സുകൾ എന്നിവരും, |
| തേ അഗ്രജാഃ | നിന്റെ മൂത്തവരായ | യക്ഷാഃ | യക്ഷന്മാരും, |
| ഇമേ മുനയഃ | ഈ സനകാദിമുനിമാരും, | രക്ഷോഭൂത-ഗണോരഗാഃ | രക്ഷസ്സുകൾ - ഭൂതപ്രേതങ്ങൾ - സർപ്പങ്ങൾ എന്നിവയും, |
| സുരാസുര-നരാഃ | ദേവകൾ - അസുരകൾ - മനുഷ്യർ എന്നിവരും, | | |
| നാഗാഃ | ആനകളും, | | |
| ഖഗാഃ | പറവകളും, | | |

| | |
|---|---|
| പശവഃ | കന്നുകാലികളും, |
| പിതരഃ | പിതൃക്കളും, |
| സിദ്ധാഃ | സിദ്ധദേവന്മാരും, |
| വിദ്യാധ്രാഃ | വിദ്യാധരന്മാരും, |
| ചാരണാഃ | ചാരണന്മാരും, |
| ദ്രുമാഃ | വൃക്ഷങ്ങളും, |
| ജലസ്ഥല— നഭൌകസഃ | വെള്ളത്തിലും കരയിലും ആകാശത്തിലും വസിക്കുന്ന |
| അന്യേ | വേറിട്ട് |
| വിവിധാഃ | പലതരത്തിലുള്ള |
| ജീവാഃ ച | ജീവജാലങ്ങളും, |
| ഗ്രഹർക്ഷ— കേതവഃ | ഗ്രഹങ്ങൾ - അശ്വിന്യാദിനക്ഷത്രങ്ങൾ - വാൽനക്ഷത്രങ്ങൾ — |
| താരാഃ | സാധാരണ നക്ഷത്രങ്ങൾ എന്നിവയും, |
| തഡിതഃ | മിന്നലുകളും, |
| സ്തനയിത്നവഃ | ഇടിയും മഴക്കാറും, |
| ഭൂതം | ഭവിച്ചതും |
| ഭവ്യം | ഭവിക്കാൻ പോകുന്നതും |
| ഭവത് ച | ഭവിക്കുന്നതുമായി |
| യത് | ഏതെല്ലാമോ |
| ഇദം സർവ്വം | ഇതു മുഴുവനും |
| പുരുഷഃ ഏവ | വിരാട്സ്വരൂപനായ പുരുഷൻ തന്നെയാണ്. |
| തേന | ആ പുരുഷനാൽ |
| ഇദം വിശ്വം | ഈ ലോകമാകെയും |
| ആവൃതം | വ്യാപിക്കപ്പെട്ടിരിക്കുന്നു; |
| വിതസ്തിം | പത്തംഗുലത്തെ * |
| അധിതിഷ്ഠതി | കവിഞ്ഞു നില്ക്കുകയും ചെയ്യുന്നു. |

* ഭഗവാൻ സർവ്വലോകത്തേയും അതിവ്യാപിച്ചു നിൽക്കുന്നുവെന്നു സാരം. 'വിതസ്തിംഅധിതിഷ്ഠതി'' എന്നു പറഞ്ഞതു് അവിടത്തെ ലോകാതീതത്വം കാണിക്കുവാനാണ്. അളവു ക്ലിപ്തമാക്കിയതല്ല ഈശ്വരൻ അപരിച്ഛിന്നനാണല്ലോ.

ഈ പ്രപഞ്ചം ഈശ്വരനിൽനിന്നുണ്ടായതും ഈശ്വരനിൽനിന്നു് ഭിന്നമല്ലാത്തതുമാണെന്ന തത്ത്വത്തെ പുരുഷസൂക്താർത്ഥാനുസാരേണ ഇവിടെ ദൃഢീകരിക്കുന്നു. "സഹസ്രശീർഷാ പുരുഷഃ സഹസ്രാക്ഷഃ സഹസ്രപാത് " എന്ന ഋക്കിൻെറയും, "ബ്രാഹ്മണോസ്യമുഖമാസീത് " എന്നു തുടങ്ങി "ലോകാനകല്പയത്" എന്ന ഋക്കുത്രയത്തിൻെറയും അർത്ഥം മുൻ അദ്ധ്യായത്തിൽ പറഞ്ഞുകഴിഞ്ഞു. " സ ഭൂമിം വിശ്വതോ വൃത്വാത്യതിഷ്ഠദ്ദശാംഗുലം " — " പുരുഷ ഏവേദം സർവ്വം യദ്ഭൂതം യച്ച ഭവ്യം " എന്നീ ഋക്കുകളിൽ ഉൾക്കൊള്ളുന്ന ആശയത്തെ ഈ പ്രകരണത്തിലും വെളിപ്പെടുത്തിയിരിക്കുന്നു.

16. സ്വധിഷ്ണ്യം പ്രതപൻ പ്രാണോ ബഹിശ്ച പ്രതപത്യസൌ
ഏവം വിരാജം പ്രതപംസ്തപത്യന്തർബഹിഃ പുമാൻ.

| | |
|---|---|
| അസൌ പ്രാണഃ | ഈ ആദിത്യൻ * |
| സ്വധിഷ്ണ്യം | തൻെറ മണ്ഡലത്തെ |
| പ്രതപൻ | പ്രകാശിപ്പിച്ചുകൊണ്ട് |
| ബഹിഃ ച | ബാഹ്യലോകത്തെയും |
| പ്രതപതി | പ്രകാശിപ്പിക്കുന്നു. |
| ഏവം | അപ്രകാരം |
| പുമാൻ | വിരാട്പുരുഷൻ |
| വിരാജം | വിരാട്ശരീരത്തെ |
| പ്രതപൻ | പ്രകാശിപ്പിച്ചുകൊണ്ട് |
| അന്തഃ ബഹിഃ | ബ്രഹ്മാണ്ഡത്തിൻെറ അകവും പുറവും |
| തപതി | പ്രകാശിപ്പിക്കുന്നു. |

" അസൌ വാ ആദിത്യഃ പ്രാണഃ " എന്ന ശ്രുതിവചനം പ്രമാണം.

17. സോഽമൃതസ്യാഭയസ്യേശോ മർത്ത്യമന്നം യദത്യഗാത്
മഹിമൈഷ തതോ ബ്രഹ്മൻ പുരുഷസ്യ ദുരത്യയഃ.

| | | | |
|---|---|---|---|
| സഃ | ആ ഭഗവാൻ | ഈശഃ | ഉടമയാകുന്നു. |
| മർത്ത്യം | നശിച്ചുപോകാവുന്ന | തതഃ | അതുകൊണ്ടു് |
| അന്നം | കർമ്മഫലത്തെ | ബ്രഹ്മൻ | അല്ലയോ നാരദ ! |
| അത്യഗാത് | അതിലംഘിച്ചിരിക്കുന്നു | പുരുഷസ്യ | വിരാട്പുരുഷന്റെ |
| യത് | എന്നതിനാൽ | ഏഷഃ | ഈദൃശമായ |
| അമൃതസ്യ | നിത്യസുഖത്തിന്റെയും | മഹിമാ | വൈഭവം |
| അഭയസ്യ | നിർഭയാവസ്ഥ (മുക്തി)യുടേയും | ദുരത്യയഃ | അപാരമത്രേ. |

കുറിപ്പ്:- ഭഗവാൻ പ്രപഞ്ചാത്മകനാണെങ്കിലും പ്രാപഞ്ചികമായ കർമ്മബന്ധം അവിടുത്തേക്കില്ല ആകയാൽ നിത്യസുഖത്തിന്റെയും നിജാനന്ദത്തിന്റെയും ആധിപത്യം വഹിക്കുന്നു. പ്രാപഞ്ചികതയും നിത്യമുക്തത്വവും ഏകത്രവർത്തിക്കുക എന്നതാണ് ഭഗവാന്റെ അപാരമായ വൈഭവം.

" ഉതാമൃതത്വസ്യേശാനോ യദന്നേനാതിരോഹതി
ഏതാവാനസ്യ മഹിമാതോ ജ്യായാംശ്ച പൂരുഷഃ " എന്ന പുരുഷസൂക്തമന്ത്രാർത്ഥം ഇവിടെ അഭിവ്യഞ്ജിപ്പിച്ചു.

18. പാദേഷു സർവ്വഭൂതാനി പുംസഃ സ്ഥിതിപദോ വിദുഃ
അമൃതം ക്ഷേമമഭയം ത്രിമൂർദ്ധ്നോഽധായി മൂർദ്ധസു.

| | | | |
|---|---|---|---|
| സ്ഥിതിപദഃ | സ്ഥിതികൾ (ഭൂരാദി ലോകങ്ങൾ) യാതൊരുവന്റെ ഒരു പാദം (അംശം) മാത്രം ആകുന്നുവോ, ആ | ത്രിമൂർദ്ധ്നഃ | മൂന്നുലോകങ്ങളുടെ ശിരസ്സായ ഭൂർഭുവസ്വർല്ലോകങ്ങളുടെ ഉപരിലോകമായ മഹർല്ലോകത്തിന്റെയും |
| പുംസഃ | വിരാട്പുരുഷന്റെ | മൂർദ്ധസു | ഉപരിതനലോകങ്ങളിൽ (ജനർല്ലോകതപോലോകസത്യലോകങ്ങളിൽ) |
| പാദേഷു | അംശങ്ങളായ ലോകങ്ങളിൽ | അമൃതം | നിത്യസുഖം, |
| സർവ്വഭൂതാനി | സകലജീവന്മാരും | ക്ഷേമം | നിത്യഭാവുകം, |
| | | അഭയം | മോക്ഷം എന്നിവ |
| വിദുഃ | ഉള്ളതായി അറിയുന്നു. | അധായി | നിക്ഷിപ്തമായിരിക്കുന്നു. |

കുറിപ്പ്:- " പാദോഽസ്യ വിശ്വാ ഭൂതാനി ത്രിപാദസ്യാമൃതം ദിവി " എന്ന പുരുഷസൂക്തമന്ത്രത്തിൽ അടങ്ങിയ ആശയമാണിതു്.

സമസ്തലോകങ്ങളും വിരാട്സ്വരൂപത്തിന്റെ അംശങ്ങളാണ്; അവയിലുള്ള ജീവാത്മാക്കളും. ഭൂർല്ലോകം, ഭുവർല്ലോകം, സ്വർല്ലോകം എന്നീ ത്രിലോകിയുടെ ശിരസ്സായ മഹർല്ലോകവും അതിന്റെ ശിരസ്സുകളായ ജനർല്ലോകം, തപോലോകം, സത്യലോകം എന്നീ പരമോന്നതലോകങ്ങളും വിരാഡംശങ്ങളാണ്. ഇവ യഥോത്തരം പ്രാമാണ്യമുള്ളവയാകയാൽ ഒടുവിലത്തെ മൂന്നുലോകങ്ങളിലായി യഥാക്രമം അമൃതം, ക്ഷേമം, അഭയം എന്നിവ സ്ഥിതിചെയ്യുന്നു.

19. പാദാസ്ത്രയോ ബഹിശ്ചാസന്നപ്രജാനാം യ ആശ്രമാഃ
അന്തസ്ത്രിലോക്യാസ്ത്വപരോ ഗൃഹമേധോഽബൃഹദ്വ്രതഃ

| | | | |
|---|---|---|---|
| അപ്രജാനാം | സന്താനരൂപേണ ജന്മമെടുത്തു വീണ്ടും സംസൃതി തുടരാത്തവരായ നൈഷ്ഠികബ്രഹ്മചാരി, വാനപ്രസ്ഥൻ, സന്യാസി എന്നിവരുടെ | ബഹിഃ ച | പുറത്തുള്ള |
| | | ത്രയഃ പാദാഃ | മൂന്നു പാദങ്ങൾ (മൂന്നു കാലംശങ്ങൾ) |
| | | ആസൻ | ആയിരിക്കുന്നു. |
| | | അബൃഹദ്വ്രതഃ | ബ്രഹ്മചര്യവ്രതമില്ലാത്ത |
| | | ഗൃഹമേധഃ | ഗൃഹസ്ഥാശ്രമം |
| യേ | യാതൊരു | അന്തഃ തു | അകത്തുള്ള |
| ആശ്രമാഃ | ആശ്രമങ്ങളുണ്ടോ, അവ | അപരഃ | മറെറാരു പാദവും ആയിരിക്കുന്നു. |
| ത്രിലോക്യാഃ | മൂന്നുലോകങ്ങളുടെ | | |

കുറിപ്പ്:- "ത്രിപാദൂർദ്ധ്വ ഉദൈത് പുരുഷഃ പാദോഽസ്യേഹാഭവത് പുനഃ" എന്ന മന്ത്രത്തിന്റെ അർത്ഥം ഇവിടെ അടിവുഞ്ജിപ്പിക്കുന്നു. പരമപുരുഷന്റെ നാലു പാദങ്ങളിൽ മൂന്നും ഭോഗനിരതമായ ത്രിലോകിയിൽനിന്നും അപ്പുറത്താണ്. ആ ത്രിപാദങ്ങളിൽ (ജനസ്തപഃസത്യലോകങ്ങളിൽ) യഥാക്രമം ബ്രഹ്മചാരിയും, വാനപ്രസ്ഥനും, സന്യാസിയും വസിക്കുന്നു. ത്രിലോകിക്കുള്ളിൽ ഒരു പാദം മാത്രമേയുള്ളു. അതു ബ്രഹ്മചര്യരഹിതനായ ഗൃഹസ്ഥാശ്രമിക്കുള്ളതാന്നു്.

20. സൃതീ വിചക്രമേ വിഷ്വങ് സാശനാനശനേ ഉഭേ
യദവിദ്യാ ച വിദ്യാ ച പുരുഷസ്തൂഭയാശ്രയഃ

| | | | |
|---|---|---|---|
| വിഷ്വങ് | വിവിധരൂപേണ വിളങ്ങുന്നവൻ | അവിദ്യാ ച | കർമ്മരൂപമാവുന്ന അവിദ്യാമാർഗ്ഗവും, |
| സാശനാനശനേ | ഭുക്തിക്കും മുക്തിക്കും ഉതകുന്ന | വിദ്യാ ച | ഉപാസനാരൂപമായ വിദ്യാമാർഗ്ഗവും ഉണ്ടായിരിക്കുന്നു. |
| ഉഭേ സൃതീ | രണ്ടു ഭിന്നമാർഗ്ഗങ്ങളെ | പുരുഷഃ തു | പരമപുരുഷനാകട്ടെ |
| വിചക്രമേ | ക്രമീകരിച്ചു | ഉഭയാശ്രയഃ | ഈ രണ്ടിനും ആശ്രയമാണു്. |
| യത് | ആകയാൽ, | | |

കുറിപ്പു്:— "തതോ വിഷ്വങ് വ്യക്രാമത് സാശനാനശനേ അഭി" എന്ന മന്ത്രത്തിന്റെ അൎത്ഥം പ്രകാശിപ്പിക്കുന്നു. ക്ഷേത്രജ്ഞനായ ഈശ്വരൻ രണ്ടു പദ്ധതികൾ ആവിഷ്കരിച്ചു അവിദ്യയോടു ബന്ധമുള്ള കർമ്മമാൎഗ്ഗവും, വിദ്യയോടുബന്ധമുള്ള ഉപാസനാമാൎഗ്ഗവും. മനുഷ്യന് രണ്ടാലൊന്നു് സ്വീകരിക്കാം. സകാമന്മാർ ഭോഗത്തിന്നായി ആദ്യം പറഞ്ഞ ദക്ഷിണമാൎഗ്ഗത്തിലൂടെയും നിഷ്കാമന്മാർ മോക്ഷത്തിന്നായി രണ്ടാമതു പറഞ്ഞ ഉത്തരമാൎഗ്ഗത്തിലൂടെയും യാത്ര ചെയ്യുന്നു രണ്ടുമാൎഗ്ഗത്തിനും ആധാരം ഈശ്വരൻതന്നെ.

21. യസ്മാദണ്ഡം വിരാഡ്ജജ്ഞേ ഭൂതേന്ദ്രിയഗുണാത്മകഃ
തദ്ദ്രവ്യമത്യഗാദ്വിശ്വം ഗോഭിഃ സൂര്യ ഇവാതപൻ

| | | | |
|---|---|---|---|
| യസ്മാത് | യാതൊരു പരമാത്മാവിൽനിന്നു് | ജജ്ഞേ | ജനിച്ചുവോ, (ആ പരമാത്മാവു്) |
| അണ്ഡം | ബ്രഹ്മാണ്ഡവും, | തദ് വിശ്വം | ആ വിരാട്സ്വരൂപത്തേയും, |
| ഭൂതേന്ദ്രിയഗുണാത്മകഃ | പഞ്ചഭൂതങ്ങൾ - ചക്ഷുരാദി ഇന്ദ്രിയങ്ങൾ - സത്ത്വാദിഗുണങ്ങൾ എന്നിവയെല്ലാം ഉൾക്കൊണ്ട | ദ്രവ്യം | ബ്രഹ്മാണ്ഡത്തേയും |
| | | സൂര്യഃ | ആദിത്യൻ |
| | | ഗോഭിഃ ഇവ | രശ്മികളാലെന്നപോലെ |
| | | ആതപൻ | പ്രകാശിപ്പിച്ചുകൊണ്ടു് |
| വിരാട് | വിരാട്പുരുഷനും | അത്യഗാത് | അതിക്രമിച്ചുനിന്നു. |

കുറിപ്പു്:— വിരാട്ശരീരമായ ബ്രഹ്മാണ്ഡത്തിലെ ജീവന്മാരുടെ സ്ഥിതിഭേദങ്ങൾ പറഞ്ഞുകഴിഞ്ഞശേഷം വിരാട്ടിന്നു് (വിരാട്ശരീരമായ ബ്രഹ്മാണ്ഡത്തിനും തദന്തർവൎത്തിയായ ക്ഷേത്രജ്ഞനും) കാരണഭൂതമായ പരമാത്മാവിന്റെ (സൎവ്വേശ്വരന്റെ) തദ്വ്യതിരിക്തമായ വൈലക്ഷണ്യത്തെ "തസ്മാദ്വിരാഡജായത" ഇത്യാദിസൂക്തത്താൽ നിർദ്ദേശിക്കുന്നു - സൂൎയ്യൻ സ്വരശ്മികളാൽ സ്വയം പ്രകാശിച്ചും പദാൎത്ഥങ്ങളെ പ്രകാശിപ്പിച്ചും ഇരിക്കുന്നപോലെ സൎവ്വേശ്വരൻ ബ്രഹ്മാണ്ഡത്തെയും തദന്തർവൎത്തിപുരുഷനെയും പ്രകാശിപ്പിച്ചു്, അതിലും ഉപരി സ്വപ്രകാശനായി നിലകൊള്ളുന്നു.

22. യദാസ്യ നാഭ്യാന്നളിനാദഹമാസം മഹാത്മനഃ
നാവിദം യജ്ഞസംഭാരാൻ പുരുഷാവയവാദൃതേ.

| | | | |
|---|---|---|---|
| യദാ അസ്യ | എപ്പോൾ, ഈ | പുരുഷാവയവാത് ഋതേ | വിരാഡ്രൂപനായ പുരുഷന്റെ അവയവങ്ങളെയല്ലാതെ മററു് |
| മഹാത്മനഃ | വിരാഡന്തര്യാമിയായ മഹാപുരുഷന്റെ | | |
| നാഭ്യാത് | നാഭിയിൽനിന്നുണ്ടായ | യജ്ഞസംഭാരാൻ | യജ്ഞോപയോഗസാമഗ്രികളെ |
| നളിനാത് | താമരയിനിൽനിന്നു് | | |
| അഹം ആസം | ഞാനുണ്ടായോ, അപ്പോൾ | ന അവിദം | ഞാൻ കണ്ടില്ല. |

"സൎവ്വം പുരുഷ ഏവേദം" എന്നു വരുമ്പോൾ യജ്ഞവും യജ്ഞസാധനങ്ങളും പുരുഷാംശങ്ങളാകുമല്ലോ. അപ്പോൾ യജ്ഞങ്ങളെക്കൊണ്ടുള്ള പുരുഷാരാധനം എങ്ങനെ സാദ്ധ്യമാകും ? ഈ ആശങ്കയെ "യത് പുരുഷേണ ഹവിഷാ ദേവാ യജ്ഞമതന്വത" ഇത്യാദി ഋക്കുകളുടെ അൎത്ഥം സംഗ്രഹിച്ചു പറഞ്ഞു് പരിഹരിക്കുന്നു.

23. തേഷു യജ്ഞസ്യ പശവഃ സവനസ്പതയഃ കുശാഃ
ഇദം ച ദേവയജനം കാലശ്ചോരുഗുണാന്വിതഃ

24 വസ്തൂന്യോഷധയഃ സ്നേഹാ രസാലോഹമൃദോ ജലം
ഋചോ യജൂംഷി സാമാനി ചാതുൎഹോത്രം ച സത്തമ

25. നാമധേയാനി മന്ത്രാശ്ച ദക്ഷിണാശ്ച വ്രതാനി ച
ദേവതാനുക്രമഃ കല്പഃ സങ്കല്പസ്തന്ത്രമേവ ച

26. ഗതയോ മതയശ്ചൈവ പ്രായശ്ചിത്തം സമൎപ്പണം
പുരുഷാവയവൈരേതേ സംഭാരാഃ സംഭൃതാ മയാ.

| | |
|---|---|
| സത്തമ | ഹേ സജ്ജനവരേണ്യ ! |
| യജ്ഞസ്യ | യജ്ഞത്തിന്നു് വേണ്ടുന്ന |
| പശവഃ | പശുക്കളും, |
| സവനസ്പതയഃ | യൂപദാരുക്കളോടുകൂടെ |
| കുശാഃ | ദൎഭപ്പുല്ലുകളും, |
| ഇദം ദേവയജനം ച | ഇവ്വിധത്തിലുള്ള യാഗഭൂമിയും, |
| ഉരുഗുണാന്വിതഃ | വൎദ്ധിച്ചഗുണങ്ങളോടിണങ്ങിയ |
| കാലഃ ച | കാലവും, |
| വസ്തൂനി | പാത്രാദി സാധനങ്ങൾ- |
| ഓഷധയഃ | നവധാന്യങ്ങൾ – |
| സ്നേഹാഃ | നെയ്യു് - എണ്ണ - |
| രസാഃ | ഷഡ്രസങ്ങൾ - |
| ലോഹമൃദഃ | ലോഹങ്ങൾ-മണ്ണുകൾ- |
| ജലം | വെള്ളം എന്നിവകളും, |
| ഋചഃ | ഋക്കുകൾ - |
| യജൂംഷി | യജുസ്സുകൾ – |
| സാമാനി ച | സാമങ്ങൾ എന്നീ വേദമന്ത്രങ്ങളും, |
| ചാതുൎഹോത്രം ച | ഹോതാവു് - ഉദ്ഗാതാവു് - അധ്വൎയ്യു - ബ്രഹ്മൻ എന്നിവർ ചെയ്യേണ്ടുന്ന കൎമ്മവും |
| നാമധേയാനി | യജ്ഞനാമങ്ങളും, |
| മന്ത്രാഃ ച | സ്വാഹാകാരാദികളും, |
| ദക്ഷിണാഃ ച | ദക്ഷിണകളും, |
| വ്രതാനി ച | വ്രതാനുഷ്ഠാനങ്ങളും, |
| ദേവതാനുക്രമഃ | ദേവന്മാരുടെ സ്ഥാനനാമാദിവിവരണം - |
| കല്പഃ | ധൎമ്മമാൎഗ്ഗഗ്രന്ഥം – |
| സങ്കല്പഃ | അനുഷ്ഠാനത്തെ സംബന്ധിച്ചുള്ള മാനസിക പ്രതിജ്ഞ - |
| തന്ത്രം ച ഏവ | അനുഷ്ഠാനപ്രകാരം എന്നിവയും, |
| ഗതയഃ | വിഷ്ണുക്രമംതൊട്ടുള്ള ഗതികൾ – |
| മതയഃ ച ഏവ | ദേവതാധ്യാനങ്ങൾ എന്നിവയും, |
| പ്രായശ്ചിത്തം | തെററിനുള്ള പ്രതിവിധിയും, |
| സമൎപ്പണം | കൎമ്മം ഭഗവാങ്കലൎപ്പിക്കലും |

| | | | |
|---|---|---|---|
| തേഷു | അവയെല്ലാം വേണ്ടതായി വന്നപ്പോൾ | പുരുഷാവയവൈഃ | വിരാട് പുരുഷന്റെ അംഗങ്ങളെക്കൊണ്ടു് |
| ഏതേ | ഇപ്പറഞ്ഞ | മയാ | എന്നാൽ |
| സംഭാരാഃ | സാധനസാമഗ്രികൾ | സംഭൃതാഃ | സംഭരിക്കപ്പെട്ടു. |

**27.** ഇതി സംഭൃതസംഭാരഃ പുരുഷാവയവൈരഹം
തമേവ പുരുഷം യജ്ഞം തേനൈവായജമീശ്വരം

| | | | |
|---|---|---|---|
| അഹം ഇതി | ഞാൻ ഇപ്രകാരം | യജ്ഞം | യജ്ഞസ്വരൂപനും |
| പുരുഷാവയവൈഃ | പുരുഷന്റെ അവയവങ്ങൾകൊണ്ടുതന്നെ | ഈശ്വരം | ഈശ്വരനുമായ |
| സംഭൃതസംഭാരഃ | യജ്ഞസാമഗ്രികളെ സംഭരിച്ചൊരുക്കിയവനായിട്ടു് | തം പുരുഷം ഏവ | ആ പുരുഷനെത്തന്നെ |
| | | തേന ഏവ | ആ പുരുഷനെക്കൊണ്ടു തന്നെ |
| | | അയജം | യജിച്ചു. |

കുറിപ്പ്:— യജ്ഞസാമഗ്രികളും അവകൊണ്ടു യാജ്യനായ ഈശ്വരനും ഒന്നുതന്നെ ഈശ്വരാംശമായ യഷ്ടാവു് ഈശ്വരാംശങ്ങളാവുന്ന സാധനങ്ങളാൽ ഈശ്വരനെ യജിക്കുന്നതത്രേ യാഗം.
'യജ്ഞേന യജ്ഞമയജന്ത ദേവാഃ' എന്നു് പുരുഷസൂക്തം.

**28.** തതസ്തേ ഭ്രാതര ഇമേ പ്രജാനാം പതയോ നവ
അയജൻ വ്യക്തമവ്യക്തം പുരുഷം സുസമാഹിതാഃ.

| | | | |
|---|---|---|---|
| തതഃ | അതിൽപ്പിന്നെ | വ്യക്തം | ഇന്ദ്രാദിരൂപേണ വ്യക്തനും |
| തേ ഭ്രാതരഃ | നിന്റെ ഭ്രാതാക്കളായ | അവ്യക്തം | സ്വതവേ അവ്യക്തനുമായ |
| ഇമേ നവ | ഈ ഒമ്പതു് | പുരുഷം | പുരുഷനെ |
| പ്രജാനാം പതയഃ | പ്രജാപതിമാർ | അയജൻ | യജിച്ചു. |
| സുസമാഹിതാഃ | ചിത്തൈകാഗ്രതയോടു കൂടിയവരായിട്ടു് | | |

**29.** തതശ്ച മനവഃ കാലേ ഈജിരേ ഋഷയോഽപരേ
പിതരോ വിബുധാ ദൈത്യാ മനുഷ്യാഃ ക്രതുഭിർവിഭും.

| | | | |
|---|---|---|---|
| തതഃ ച | അതിലും പിന്നെ | പിതരഃ | പിതൃക്കളും, |
| മനവഃ | മനുക്കളും, | വിബുധാഃ | ദേവകളും, |
| അപരേ | മററുള്ള | ദൈത്യാഃ | അസുരന്മാരും, |
| ഋഷയഃ | മനനശീലന്മാരും, | മനുഷ്യാഃ | മനുഷ്യരും |

| | | | |
|---|---|---|---|
| കാലേ | അവരവരുടെ ജീവിതകാലത്തു് | ക്രതുഭിഃ | യജ്ഞങ്ങൾകൊണ്ടു് |
| വിഭും | വിശ്വവ്യാപിയെ | ഈജിരേ | ആരാധിച്ചു. |

കുറിപ്പു്:– 'തേന ദേവാ അയജന്ത സാധ്യാ ഋഷയശ്ച യേ' എന്ന പുരുഷസൂക്താശയം ഇവിടെ കാണിച്ചിരിക്കുന്നു.

30. നാരായണേ ഭഗവതി തദിദം വിശ്വമാഹിതം
ഗൃഹീതമായോരുഗുണഃ സർഗ്ഗാദാവഗുണഃ സ്വതഃ

| | | | |
|---|---|---|---|
| തത് | അങ്ങനെയിരിക്കുന്ന | അഗുണഃ | നിർഗ്ഗുണനായവൻ |
| ഇദം വിശ്വം | ഈ ലോകം | സർഗ്ഗാദൌ | സൃഷ്ടിയുടെ ആരംഭത്തിൽ |
| ഭഗവതി | ഭഗവാനായ | | |
| നാരായണേ | നാരായണനിൽ | ഗൃഹീത–മായോരുഗുണഃ | മായയുടെ ബഹുമുഖമായ ഗുണങ്ങളെ സ്വീകരിച്ചവനാകുന്നു. |
| ആഹിതം | ഉൾക്കൊണ്ടിരിക്കുന്നു. | | |
| സ്വതഃ | സ്വതവേ | | |

31. സൃജാമി തന്നിയുക്തോഽഹം ഹരോ ഹരതി തദ്വശഃ
വിശ്വം പുരുഷരൂപേണ പരിപാതി ത്രിശക്തിധൃക്.

| | | | |
|---|---|---|---|
| അഹം | ഞാൻ | ഹരതി | സംഹരിക്കുന്നു ; |
| തന്നിയുക്തഃ | ആ ഭഗവാനാൽ നിയോഗിക്കപ്പെട്ടിട്ടു് | ത്രിശക്തിധൃക് | ത്രിഗുണമയിയായ മായയെധരിച്ചുകൊണ്ടു് |
| വിശ്വം | ലോകത്തെ | | |
| സൃജാമി | സൃഷ്ടിക്കുന്നു ; | പുരുഷ–രൂപേണ | മഹാവിഷ്ണുവിന്റെ രൂപത്തോടെ |
| ഹരഃ | ശിവൻ | | |
| തദ്വശഃ | അവിടുത്തെ അധീനനായിരുന്നുകൊണ്ടു് | പരിപാതി | സ്വയം പരിപാലിക്കുന്നു. |

32. ഇതി തേഽഭിഹിതം താത യഥേദമനുപൃച്ഛസി
നാന്യത് ഭഗവതഃ കിഞ്ചിത് ഭാവ്യം സദസദാത്മകം.

| | | | |
|---|---|---|---|
| താത | വത്സനാരദ ! | സദസദാത്മകം | കാര്യരൂപത്തിലോ കാരണരൂപത്തിലോ ആയി |
| യഥാ | യാതൊരുവിധം | | |
| അനുപൃച്ഛസി | അറിയുവാൻ നീ ചോദിക്കുന്നുവോ, | ഭാവ്യം | ഉണ്ടാകാവുന്ന |
| | | കിഞ്ചിത് | യാതൊന്നുംതന്നെ |
| ഇദം | ഇതു് | ഭഗവതഃ | ഭഗവാനിൽനിന്നു് |
| ഇതി | ഇന്നതാണെന്നു് | അന്യത് | അന്യമായിട്ടു് |
| തേ | നിന്നോടു് | ന | ഉള്ളതല്ല. |
| അഭിഹിതം | പറഞ്ഞുകഴിഞ്ഞു. | | |

33. ന ഭാരതീ മേഽങ്ഗ മൃഷോപലക്ഷ്യതേ
ന വൈ ക്വചിന്മേ മനസോ മൃഷാ ഗതിഃ
ന മേ ഹൃഷീകാണി പതന്ത്യസത്പഥേ
യന്മേ ഹൃദൗത്കണ്ഠ്യവതാ ധൃതോ ഹരിഃ.

| | | | |
|---|---|---|---|
| അങ്ഗ മേ | പ്രിയനാരദ! എന്റെ | ന ഉപലക്ഷ്യതേ | കാണപ്പെടാറില്ല; |
| ഉത്കണ്ഠ്യവതാ | ഭക്ത്യുത്സുകമായ | മേ മനസഃ | എന്റെ മനസ്സിന്റെ |
| ഹൃദാ | ഹൃദയത്താൽ | ഗതിഃ | ഗതിയും |
| ഹരിഃ | ഭഗവാൻ ശ്രീഹരി | ക്വചിത് | ഒരിടത്തും |
| ധൃതഃ | സ്മരണകൊണ്ടു് ധരിക്കപ്പെട്ടിരിക്കുന്നു; | മൃഷാ | സത്യമല്ലാത്തതായിട്ടു |
| | | ന വൈ | സംഭവിക്കാറില്ല; |
| യത് | ഇതുനിമിത്തം | മേ | എന്റെ |
| മേ ഭാരതീ | എന്റെ വാക്ക് | ഹൃഷീകാണി | ഇന്ദ്രിയങ്ങളും |
| മൃഷാ | സത്യമല്ലാത്തതായി | അസത്പഥേ | അസന്മാർഗ്ഗത്തിൽ |
| | | ന പതന്തി | വീഴാറില്ല. |

34. സോഽഹം സമാമ്നായമയസ്തപോമയഃ
പ്രജാപതീനാമഭിവന്ദിതഃ പതിഃ
ആസ്ഥായ യോഗം നിപുണം സമാഹിത-
സ്തം നാധ്യഗച്ഛം യത ആത്മസംഭവഃ

| | | | |
|---|---|---|---|
| സമാമ്നായമയഃ | വേദസ്വരൂപനും | യോഗം | യോഗസാധനയെ |
| തപോമയഃ | തപഃസ്വരൂപനും | സമാഹിതഃ | ഏകാഗ്രചിത്തനായി |
| പ്രജാപതീനാം | പ്രജാപതിമാരുടെ | ആസ്ഥായ | അനുഷ്ഠിച്ചിട്ടുപോലും, |
| അഭിവന്ദിതഃ | സംപൂജിതനായ | ആത്മസംഭവഃ | സ്വജനനം |
| പതിഃ | സംരക്ഷകനുമായ | യതഃ | ആരിൽനിന്നാണോ, |
| സഃ അഹം | ആ ഞാൻ | തം | അവനെ |
| നിപുണം | സമഗ്രമായ | ന അധ്യഗച്ഛം | അറിഞ്ഞിരുന്നില്ല. |

35. നതോഽസ്മ്യഹം തച്ചരണം സമീയുഷാം
ഭവച്ഛിദം സ്വസ്ത്യയനം സുമംഗലം
യോ ഹ്യാത്മമായാവിഭവം സ്മ പര്യഗാ-
ദ്യഥാ നഭഃ സ്വാന്തമഥാപരേ കുതഃ

| | | | |
|---|---|---|---|
| സമീയുഷാം | ശരണാഗതർക്കു് | സുമംഗലം | ശുഭാത്മകനുമായ |
| ഭവച്ഛിദം | സംസാരബന്ധത്തെ ഛേദിക്കുന്നവനും | തച്ചരണം | ആ ഭഗവാന്റെ തൃപ്പാദത്തെ |
| സ്വസ്ത്യയനം | കല്യാണകാരിയും | | |

| | |
|---|---|
| അഹം | ഞാൻ |
| നതഃ അസ്മി | നമസ്കരിക്കുന്നു. |
| യഃ ഹി | യാതൊരു ഭഗവാൻകൂടി |
| ആത്മമായാ-വിഭവം | സ്വകീയമായാ വൈഭവത്തെ, |
| നഭഃ | ആകാശം |
| സ്വാന്തം | തന്റെ പരിധിയെ |
| യഥാ | എന്നപോലെ, |
| പര്യഗാത് സ്മ | കണ്ടെത്തിയിട്ടില്ലപോൽ; ('പരി'നിഷേധാത്ഥകം) |
| അഥ | പിന്നെ |
| അപരേ | മററുള്ളവർ |
| കുതഃ | എങ്ങനെയാണ്? |

36. നാഹം ന യൂയം യദൃതാം ഗതിം വിദുർ-
ന വാമദേവഃ കിമുതാപരേ സുരാഃ
തന്മായയാ മോഹിതബുദ്ധയസ്ത്വിദം
വിനിർമ്മിതം ചാത്മസമം വിചക്ഷ്മഹേ

| | |
|---|---|
| യദൃതാം | യാതൊരുവന്റെ യഥാത്ഥമായ |
| ഗതിം | ഗതിയെ |
| അഹം ന | ഞാനറിയുന്നില്ല; |
| യൂയം ന | നിങ്ങളറിയുന്നില്ല; |
| വാമദേവഃ | ശിവൻ |
| ന | അറിയുന്നില്ല; |
| കിമുത | പിന്നെയാണോ |
| അപരേ | മററുള്ള |
| സുരാഃ | ദേവന്മാർ |
| വിദുഃ | അറിയുന്നതു്? |
| തന്മായയാ | അവിടുത്തെ മായയാൽ |
| മോഹിത-ബുദ്ധയഃ തു | മോഹിപ്പിക്കപ്പെട്ട ബുദ്ധിയോടുകൂടിയ നാമാകട്ടെ |
| വിനിർമ്മിതം | വൈവിധ്യത്തോടെ നിർമ്മിക്കപ്പെട്ടിരിക്കുന്ന |
| ഇദം ച | ഈ ലോകത്തെയും |
| ആത്മസമം | സ്വന്തം അറിവിനൊത്തവിധം |
| വിചക്ഷ്മഹേ | അറിഞ്ഞുവെച്ചിരിക്കുന്നു. |

37. യസ്യാവതാരകർമ്മാണി ഗായന്തി ഹ്യസ്മദാദയഃ
ന യം വിദന്തി തത്ത്വേന തസ്മൈ ഭഗവതേ നമഃ

| | |
|---|---|
| യസ്യ | യാതൊരുവന്റെ |
| അവതാര-കർമ്മാണി | അവതാരങ്ങളിലെ ലീലാകർമ്മങ്ങളെ |
| അസ്മദാദയഃ | നമ്മെപ്പോലുള്ളവർ |
| ഗായന്തി ഹി | പാടിപ്പുകഴ്ത്തുകമാത്രം ചെയ്യുന്നുവോ, |
| യം | യാതൊരുവനെ |
| തത്ത്വേന | യാഥാത്മ്യത്തോടെ |
| ന വിദന്തി | അറിയുന്നില്ലയോ, |
| തസ്മൈ | അങ്ങനെയുള്ള |
| ഭഗവതേ | ഭഗവാനായിക്കൊണ്ടു് |
| നമഃ | നമസ്കാരം. |

38. സ ഏഷ ആദ്യഃ പുരുഷഃ കല്പേ കല്പേ സൃജത്യജഃ
ആത്മാത്മന്യാത്മനാത്മാനം സംയച്ഛതി ച പാതി ച

| | |
|---|---|
| അജഃ | ജന്മരഹിതനും |
| ആദ്യഃ | ആദിയിൽത്തന്നെയുള്ളവനുമായ |
| സഃ ഏഷഃ | ആ ഈ |
| പുരുഷഃ | പുരുഷൻ |
| കല്പേ കല്പേ | ഓരോ കല്പത്തിലും |
| ആത്മാ | താൻതന്നെ |
| ആത്മനി | തന്നിൽ |
| ആത്മനാ | തന്നെക്കൊണ്ടു് |
| ആത്മാനം | തന്നെത്തന്നെ |
| സൃജതി | സൃഷ്ടിക്കുന്നു ; |
| പാതി ച | രക്ഷിക്കുകയും |
| സംയച്ഛതി ച | സംഹരിക്കുകയും ചെയ്യുന്നു. |

39. വിശുദ്ധം കേവലം ജ്ഞാനം പ്രത്യക് സമ്യഗവസ്ഥിതം
സത്യം പൂർണ്ണമനാദ്യന്തം നിർഗ്ഗുണം നിത്യമദ്വയം

| | |
|---|---|
| വിശുദ്ധം | നിർവ്വിഷയവും നിരാകാരവുമായി - |
| പ്രത്യക് | എല്ലാററിലും ഉള്ളതായി- |
| സമ്യക് | സംശയാതീതമായി - |
| അവസ്ഥിതം | സുസ്ഥിരമായി - |
| നിർഗ്ഗുണം | സത്ത്വാദിഗുണങ്ങളിൽ നിന്നു നിർമ്മുക്തമായി - |
| അനാദ്യന്തം | തുടക്കവും ഒടുക്കവും ഇല്ലാത്തതായി - |
| പൂർണ്ണം | തികവുററതായി - |
| നിത്യം | സാർവ്വകാലികമായി - |
| അദ്വയം | രണ്ടാമത്തേതില്ലാത്തതായി - |
| ജ്ഞാനം | ജ്ഞാനാത്മകവുമായിരിക്കുന്ന |
| കേവലം സത്യം | കേവലസത്യം – ഇതത്രേ ഈശ്വരതത്ത്വം. |

40. ഋഷേ വിന്ദന്തി മുനയഃ പ്രശാന്താത്മേന്ദ്രിയാശയാഃ
യദാ തദൈവാസത്തർക്കൈസ്തിരോധീയേത വിപ്ലുതം

| | |
|---|---|
| ഋഷേ | ഋഷിയായ നാരദ ! |
| യദാ | എപ്പോഴാണോ, |
| മുനയഃ | മനനശീലരായ ഋഷിമാർ |
| പ്രശാന്താത്മേന്ദ്രിയാശയാഃ | പ്രകർഷേണ ശാന്തമായ ദേഹേന്ദ്രിയാന്തഃകരണങ്ങളോടുകൂടിയവരാവുന്നതു് |
| തദാ ഏവ | അപ്പോൾ മാത്രം, |
| വിന്ദന്തി | ഈ തത്ത്വം അറിയുന്നു ; |
| അസത്തർക്കൈഃ | അസത്തുക്കളാകുന്ന കുതർക്കങ്ങളാൽ |
| വിപ്ലുതം | പര്യാകുലിതമാവുമ്പോൾ |
| തിരോധീയേത | മറഞ്ഞുപോയേക്കും. |

41. ആദ്യോഽവതാരഃ പുരുഷഃ പരസ്യ
കാലഃ സ്വഭാവഃ സദസന്മനശ്ച
ദ്രവ്യം വികാരോ ഗുണ ഇന്ദ്രിയാണി
വിരാട് സ്വരാട് സ്ഥാസ്നു ചരിഷ്ണു ഭൂമ്നഃ.

| | |
|---|---|
| ഭൂമ്നഃ | സർവ്വവ്യാപിയായ |
| പരസ്യ | പരമാത്മാവിന്റെ |
| ആദ്യഃ | ആദിയിലുള്ള |
| അവതാരഃ | അവതാരം |
| പുരുഷഃ | പ്രകൃതിയെ പ്രവർത്തിപ്പിക്കുന്ന പുരുഷനാണ്. |
| കാലഃ | ഗുണവിക്ഷോഭകൃത്തായ കാലം – |
| സ്വഭാവഃ | പരിണാമഹേതുകമായ സ്വഭാവം – |
| സദസത് | കാര്യകാരണാത്മകമായ പ്രകൃതി – |

| | |
|---|---|
| മനഃ | മഹത്തത്ത്വം – |
| ദ്രവ്യം | പഞ്ചമഹാഭൂതങ്ങൾ – |
| വികാരഃ | അഹംകാരം – |
| ഗുണഃ | സത്ത്വാദിഗുണത്രയം – |
| ഇന്ദ്രിയാണി | ഇന്ദ്രിയങ്ങൾ എന്നിവയും, |
| വിരാട് | സമഷ്ടിശരീരവും, |
| സ്വരാട് | അതിന്റെ ജീവചൈതന്യമായ വൈരാജനും, |
| സ്ഥാസ്നു | സ്ഥാവരവും – |
| ചരിഷ്ണു ച | ജംഗമവുമായ വ്യഷ്ടിശരീരങ്ങളും ; – |

42. അഹം ഭവോ യജ്ഞ ഇമേ പ്രജേശാ
ദക്ഷാദയോ യേ ഭവദാദയശ്ച
സ്വർല്ലോകപാലാ ഖഗലോകപാലാഃ.
നൃലോകപാലാസ്തലലോകപാലാഃ.

| | |
|---|---|
| അഹം ഭവഃ | ഞാനും, ശിവനും, |
| യജ്ഞഃ | മഹാവിഷ്ണുവും, |
| ദക്ഷാദയഃ | ദക്ഷൻ മുതലായ |
| ഇമേ യേ | ഈ യാവചില |
| പ്രജേശാഃ | പ്രജാപതിമാരും, |
| ഭവദാദയഃ | നാരദാദികളായ നിങ്ങളും, |

| | |
|---|---|
| സ്വർല്ലോകപാലാഃ | സ്വർല്ലോകനാഥന്മാരും, |
| ഖഗലോകപാലാഃ | ഭുവർല്ലോകത്തിന്റെ അധിപതികളും, |
| നൃലോകപാലാഃ | ഭൂലോകപാലന്മാരും, |
| തലലോകപാലാഃ ച | പാതാളലോകാധിപതികളും ; – |

43. ഗന്ധർവ്വവിദ്യാധരചാരണേശാ
യേ യക്ഷരക്ഷോരഗനാഗനാഥാഃ
യേ വാ ഋഷീണാമൃഷഭാഃ പിതൄണാം
ദൈത്യേന്ദ്രസിദ്ധേശ്വരദാനവേന്ദ്രാഃ
അന്യേ ച യേ പ്രേതപിശാചഭൂത–
കൂഷ്മാണ്ഡയാദോമൃഗപക്ഷ്യധീശാഃ

| | |
|---|---|
| ഗന്ധർവ്വ–വിദ്യാധര–ചാരണേശാഃ | ഗന്ധർവ്വന്മാർ – വിദ്യാധരന്മാർ – ചാരണന്മാർ എന്നിവരുടെ അധിപതികളും, |
| യക്ഷരക്ഷോ–രഗനാഗ–നാഥാഃ യേ | യക്ഷന്മാർ – രക്ഷസ്സുകൾ – ഇഴജന്തുക്കൾ നാഗങ്ങൾ എന്നിവയുടെ നായകന്മാർ യാവചിലരോ അവരും, |

| | |
|---|---|
| ഋഷീണാം | ഋഷിമാർക്കും |
| പിതൄണാം വാ | പിതൃക്കൾക്കും |
| ഋഷഭാഃ | ശ്രേഷ്ഠന്മാരായവർ |
| യേ | യാവചിലരോ അവരും, |
| ദൈത്യേന്ദ്ര-സിദ്ധേശ്വര-ദാനവേന്ദ്രാഃ | ദൈത്യാധിപന്മാർ — സിദ്ധാധിപന്മാർ — ദാനവാധിപന്മാർ എന്നിവരും, |
| പ്രേതപിശാച-ഭൂതകൂഷ്മാണ്ഡ-യാദോമൃഗ-പക്ഷ്യധീശാഃ | പ്രേതങ്ങൾ - പിശാചന്മാർ - ഭൂതങ്ങൾ - കൂഷ്മാണ്ഡന്മാർ — ജലജീവികൾ - മൃഗങ്ങൾ — പക്ഷികൾ എന്നിവയുടെ അധീശന്മാരായി |
| അന്യേ ച | വേറെയും |
| യേ | യാവചിലരുണ്ടോ അവരും; — |

44. യത്കിഞ്ച ലോകേ ഭഗവന്മഹസ്വ
ദോജഃസഹസ്വദ് ബലവത് ക്ഷമാവത്
ശ്രീഹ്രീവിഭൂത്യാത്മവദദ്ഭുതാർണ്ണം
തത്ത്വം പരം രൂപവദസ്വരൂപം.

| | |
|---|---|
| ലോകേ | ലോകത്തിൽ |
| യത് കിഞ്ച | ഏതെല്ലാം |
| ഭഗവത് | ഐശ്വര്യമുള്ളതും |
| മഹസ്വത് | തേജസ്സുള്ളതും |
| ഓജഃ-സഹസ്വത് | ഇന്ദ്രിയശക്തിയുള്ളതും മനഃശക്തിയുള്ളതും |
| ബലവത് | ദേഹശക്തിയുള്ളതും |
| ക്ഷമാവത് | ക്ഷമയുള്ളതും |
| ശ്രീഹ്രീവിഭൂത്യാത്മവത് | ശോഭ - ലജ്ജ - സമ്പത്ത് - ബുദ്ധി എന്നിവയുള്ളതും |
| അദ്ഭുതാർണ്ണം | നിറപ്പകിട്ടുള്ളതും |
| രൂപവത് | ആകൃതിയുള്ളതും |
| അസ്വരൂപം | ആകൃതിയില്ലാത്തതുമായിട്ടുണ്ടോ, അതെല്ലാം |
| പരം തത്ത്വം | പരമമായ തത്ത്വം — ഭഗവൽസ്വരൂപമാകുന്നു. |

45. പ്രാധാന്യതോ യാനൃഷ ആമനന്തി
ലീലാവതാരാൻ പുരുഷസ്യ ഭൂമ്നഃ
ആപീയതാം കർണ്ണകഷായശോഷാ-
നനുക്രമിഷ്യേ ത ഇമാൻ സുപേശാൻ.

| | |
|---|---|
| ഋഷേ | ഹേ നാരദ ! |
| ഭൂമ്നഃ | സർവ്വവ്യാപിയായ |
| പുരുഷസ്യ | പരമപുരുഷന്റെ |
| യാൻ | ഏതേതു് |
| ലീലാവതാരാൻ | ലീലാവതാരങ്ങളെ |
| പ്രാധാന്യതഃ | പ്രധാനമായിട്ടു് |
| ആമനന്തി | കരുതുന്നുവോ, |
| കർണ്ണകഷായ-ശോഷാൻ | കർണ്ണമാലിന്യത്തെ ശോഷിപ്പിക്കുന്നവയും |
| സുപേശാൻ | അതിമനോഹാരിത ചേർന്നവയുമായ |
| ഇമാൻ തേ | ഇവയെ, നിന്നോടായി |
| അനുക്രമിഷ്യേ | ക്രമത്തിൽ പറയാം ; |
| ആപീയതാം | കേട്ടു് ആസ്വദിച്ചാലും. |

കുറിപ്പ്:— പൂർവ്വാദ്ധ്യായത്തിൽ തുടങ്ങിയ ബ്രഹ്മനാരദസംവാദമാണ് ഈ അദ്ധ്യായത്തിലെയും വിഷയം. ഭഗവാന്റെ ആദ്യാവതാരമായ വിരാട്പുരുഷന്റെ അനന്തവിഭൂതികളെ പുരുഷസൂക്താർത്ഥാനുസാരേണ ബ്രഹ്മാവ് നാരദനെ ധരിപ്പിക്കുന്നു. ലോകം ഈശ്വരാധിഷ്ഠിതമാണെന്നും ഈശ്വരവ്യതിരിക്തമായി ലോകത്തിൽ യാതൊന്നുമില്ലെന്നും ദേഹേന്ദ്രിയാന്തഃകരണശുദ്ധി സിദ്ധിച്ച മനനശീലരായ ഋഷികൾക്ക മാത്രമേ ഈശ്വരതത്ത്വദർശനത്തിന്നാകയുള്ളുവെന്നും ഉള്ള യാഥാർത്ഥ്യത്തെ വേദമന്ത്രോക്തരീത്യാ ദൃഢീകരിച്ചിരിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ

ഷഷ്ഠോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 213.

ആറാമദ്ധ്യായം കഴിഞ്ഞു.

## സപ്തമോഽദ്ധ്യായഃ : ഏഴാമദ്ധ്യായം.

"സപ്തമേ ഭഗവല്ലീലാവതാരാ ബ്രഹ്മണോദിതാഃ
നാരദായ ഋ തത്കർമ്മപ്രയോജനഗുണൈഃ സഹ."

### അവതാരങ്ങളുടെ സംക്ഷിപ്തവർണ്ണനം.

ബ്രഹ്മോവാച: — ബ്രഹ്മാവ് (നാരദനോട്) പറഞ്ഞു.

1. യത്രോദ്യതഃ ക്ഷിതിതലോദ്ധരണായ ബിഭ്രത്
ക്രൗഡീം തനും സകലയജ്ഞമയീമനന്തഃ
അന്തർമ്മഹാർണ്ണവ ഉപാഗതമാദിദൈത്യം
തം ദംഷ്ട്രയാദ്രിമിവ വജ്രധരോ ദദാര.

| | | | |
|---|---|---|---|
| അനന്തഃ | നാശരഹിതനായ ഭഗവാൻ | തനും | ശരീരത്തെ |
| ക്ഷിതിതലോദ്ധരണായ | ഭൂതലത്തെ പൊക്കവാനായിക്കൊണ്ട് | ബിഭ്രത് | ധരിച്ചുകൊണ്ട് |
| സകലയജ്ഞമയീം | എല്ലാ യജ്ഞങ്ങളുടെയും സ്വരൂപമായുള്ള | യത്ര ഉദ്യതഃ | ഉദ്യമിച്ചിരുന്നപ്പോൾ, |
| ക്രൗഡീം | വരാഹത്തിന്റേതായ | അന്തർമഹാർണ്ണവേ | സമുദ്രത്തിന്റെ അന്തർഭാഗത്തിൽവച്ച് |
| | | ഉപാഗതം | അടുത്തണഞ്ഞ |
| | | തം | ആ പ്രസിദ്ധനായ |

| | |
|---|---|
| ആദിദൈത്യം | ഹിരണ്യാക്ഷനെ |
| വജ്രധരഃ | വജ്രപാണി (ഇന്ദ്രൻ) |

| | |
|---|---|
| അദ്രിം ഇവ | പർവ്വതത്തെയെന്നപോ [ലെ |
| ദംഷ്ട്രയാ | തേറ്റകൊണ്ട് |
| ദദാര | കീറിപ്പിളർന്നു. |

2. ജാതോ രുചേരജനയത് സുയമാൻ സുയജ്ഞ
ആകൂതിസൂനുരമരാനഥ ദക്ഷിണായാം
ലോകത്രയസ്യ മഹതീമഹരദ്യദാർത്തിം
സ്വായംഭുവേന മനുനാ ഹരിരിത്യനൂക്തഃ.

| | |
|---|---|
| അഥ | അനന്തരം |
| രുചേഃ | രുചിയെന്ന പ്രജാപതിയിൽനിന്ന് |
| ആകൂതിസൂനുഃ | ആകൂതിയെന്നവളുടെ പുത്രനായി |
| സുയജ്ഞഃ | സുയജ്ഞനെന്നപേരിൽ |
| ജാതഃ | ജനിച്ചു. |
| ദക്ഷിണായാം | ദക്ഷിണയെന്ന പത്നിയിൽ |
| സുയമാൻ | സുയമന്മാരെന്ന |
| അമരാൻ | ദേവന്മാരെ |
| അജനയത് | ജനിപ്പിച്ചു; |

| | |
|---|---|
| ലോകത്രയസ്യ | മൂന്നുലോകത്തിന്റെയും |
| മഹതീം | മഹത്തായ |
| ആർത്തിം | ദുഃഖത്തെ |
| അഹരത് | ഹരിച്ചു |
| യത് | യാതൊരു ദുഃഖഹരണം നിമിത്തം |
| സ്വായംഭുവേന | സ്വായംഭുവനെന്ന |
| മനുനാ | മനുവിനാൽ |
| ഹരിഃ ഇതി | 'ഹരി' എന്നുചൊല്ലി |
| അനൂക്തഃ | പിന്നീടു വാഴ്ത്തപ്പെട്ടവനായി. |

3 ജജ്ഞേ ച കർദ്ദമഗൃഹേ ദ്വിജ ദേവഹൂത്യാം
സ്ത്രീഭിഃ സമം നവഭിരാത്മഗതിം സ്വമാത്രേ
ഊചേ യയാത്മശമലം ഗുണസംഗപങ്ക-
മസ്മിൻ വിധൂയ കപിലസ്യ ഗതിം പ്രപേദേ.

| | |
|---|---|
| ദ്വിജ | ഹേ ബ്രാഹ്മണ! |
| കർദ്ദമഗൃഹേ | കർദ്ദമപ്രജാപതിയുടെ ഗൃഹത്തിൽ |
| ദേവഹൂത്യാം | തൽപത്നിയായ ദേവഹൂതിയിൽ |
| നവഭിഃ | ഒമ്പതു് |
| സ്ത്രീഭിഃ സമം | സ്ത്രീകളോടുകൂടെ |
| ജജ്ഞേ | ജനിക്കുകയും, |
| ആത്മഗതിം | ബ്രഹ്മജ്ഞാനത്തെ |
| സ്വമാത്രേ | തന്റെ മാതാവിനു് |
| ഊചേ ച | ഉപദേശിക്കയുംചെയ്തു- |

| | |
|---|---|
| യയാ | യാതൊന്നിനാൽ |
| ആത്മശമലം | മനസ്സിനെ മലിനപ്പെടുത്തുന്ന |
| ഗുണസംഗപങ്കം | പ്രകൃതിഗുണാസക്തിയാവുന്ന പാഴ്ച്ചളിയെ |
| അസ്മിൻ | ഇജ്ജന്മത്തിൽ |
| വിധൂയ | കഴുകിക്കളഞ്ഞു്, |
| കപിലസ്യ | കപിലവാസുദേവന്റെ |
| ഗതിം | ഗതിയെ (മുക്തിയെ) |
| പ്രപേദേ | അവൾ പ്രാപിച്ചു. |

4. അത്രേരപത്യമഭികാംക്ഷത ആഹ തുഷ്ടോ
ദത്തോ മയാഹമിതി യത് ഭഗവാൻ സ ദത്തഃ
യത്പാദപങ്കജപരാഗപവിത്രദേഹാ
യോഗർദ്ധിമാപുരുഭയീം യദുഹൈഹയാദ്യാഃ.

| | |
|---|---|
| അപത്യം | പുത്രനെ |
| അഭികാംക്ഷതഃ | അഭിലഷിച്ചിരുന്ന |
| അത്രേഃ | അത്രിമുനിക്ക് |
| മയാ അഹം ദത്തഃ | "എന്നാൽ ഞാൻ ദത്തനായി" (ഞാൻ എന്നെ പുത്രത്വേന തന്നിരിക്കുന്നു) |
| ഇതി | എന്നിങ്ങനെ |
| തുഷ്ടഃ ആഹ | സന്തുഷ്ടനായി പറഞ്ഞു |
| യത് | ആകയാൽ |
| സഃ ഭഗവാൻ | ആ ഭഗവാൻ |
| ദത്തഃ | ദത്തനായിട്ടു (ദത്താത്രേയനായിട്ട്) ജനിച്ചു |

| | |
|---|---|
| യദു-ഹൈഹയാദ്യാഃ | യദു, കാർത്തവീര്യൻ മുതലായുള്ളവർ |
| യത്പാദ-പങ്കജപരാഗ-പവിത്രദേഹാഃ | യാതൊരു ഭഗവാന്റെ പാദാരവിന്ദധൂളികളാൽ വിശുദ്ധമായ ദേഹത്തോടു കൂടിയവരായിട്ട് |
| ഉഭയീം | രണ്ടുപ്രകാരത്തിലുള്ള |
| യോഗർദ്ധിം | യോഗസമൃദ്ധിയെ (ഭുക്തിയേയും അതുപോലെ മുക്തിയേയും) |
| ആപുഃ | പ്രാപിച്ചു. |

5. തപ്തം തപോ വിവിധലോകസിസൃക്ഷയാ മേ
ആദൌ സനാത് സ്വതപസഃ സ ചതുഃസനോऽഭൂത്
പ്രാക്കല്പസംപ്ലവവിനഷ്ടമിഹാത്മതത്ത്വം
സമ്യഗ്ജഗാദ മുനയോ യദചക്ഷതാത്മൻ.

| | |
|---|---|
| ആദൌ | സൃഷ്ടിയുടെ ആരംഭത്തിൽ |
| മേ | എന്നാൽ |
| വിവിധലോക-സിസൃക്ഷയാ | നാനാലോകങ്ങളെ സൃഷ്ടിക്കുവാനുള്ള ആഗ്രഹംകൊണ്ട് |
| തപഃ തപ്തം | തപസ്സനുഷ്ഠിക്കപ്പെട്ടു |
| സനാത് | അഖണ്ഡിതമായിരുന്ന |
| സ്വതപസഃ | എന്റെ തപോനുഷ്ഠാനത്താൽ |
| സഃ | ആ ശ്രീഹരി |

| | |
|---|---|
| ചതുഃസനഃ | പേരിൽ 'സന' എന്ന ശബ്ദം കൂടിചേരുന്ന നാലു കുമാരന്മാരായിട്ട് * |
| അഭൂത് | ആവിർഭവിച്ചു. |
| ഇഹ | ഈ അവതാരത്തിൽ, |
| പ്രാക്കല്പ-സംപ്ലവ-വിനഷ്ടം | പൂർവ്വകല്പത്തിലെ പ്രളയത്തിൽ വിസ്മൃതിയിലാണ്ടുനശിച്ചു |
| ആത്മതത്ത്വം | ആത്മതത്ത്വത്തെ |
| സമ്യക് | ശരിയാംവണ്ണം |
| ജഗാദ | ഉപദേശിച്ചു; |

| | | | |
|---|---|---|---|
| യത് | യാതൊന്നു (ഉപദേശിച്ചമാത്രയിൽത്തന്നെ) | ആത്മൻ | മനസ്സിൽ |
| മുനയഃ | മുനിമാർ | അചക്ഷത | സാക്ഷാൽക്കരിക്കുകയുണ്ടായി |

* സനൽകുമാരൻ, സനകൻ, സനന്ദൻ, സനൽസുജാതൻ എന്നീ നാലു സനകാദി കുമാരമുനികൾ.

6\. ധർമ്മസ്യ ദക്ഷദുഹിതര്യജനിഷ്ട മൂർത്ത്യാം
നാരായണോ നര ഇതി സ്വതപഃപ്രഭാവഃ
ദൃഷ്ട്വാത്മനോ ഭഗവതോ നിയമാവലോപം
ദേവ്യസ്ത്വനംഗപൃതനാ ഘടിതും ന ശേകുഃ.

| | | | |
|---|---|---|---|
| ദക്ഷദുഹിതരി | ദക്ഷപ്രജാപതിയുടെ പുത്രിയും | അനംഗപൃതനാഃ | കാമദേവന്റെ സേനകളായ |
| ധർമ്മസ്യ | ധർമ്മദേവന്റെ പത്നിയുമായ | ദേവ്യഃ തു | അപ്സരസ്ത്രീകൾപോലും |
| മൂർത്ത്യാം | മൂർത്തി എന്നവളിൽ | ഭഗവതഃ | ഭഗവാന്റെ അടുക്കൽ നിന്നുണ്ടായ |
| സ്വതപഃപ്രഭാവഃ | പ്രത്യേകതപോവൈഭവത്തോടുകൂടിയവനായി | ആത്മനഃ | തങ്ങൾക്കൊത്ത സുന്ദരികളെ |
| നാരായണഃ | നാരായണനെന്നും | ദൃഷ്ട്വാ | കണ്ടിട്ട് |
| നരഃ ഇതി | നരനെന്നുംപേരായ രണ്ടു രൂപത്തോടെ | നിയമാവലോപം | തപോനുഷ്ഠാനത്തിനു വിഘ്നത്തെ |
| | | ഘടിതും | വരുത്തിവെക്കുവാൻ |
| അജനിഷ്ട | ജനിച്ചു. | ന ശേകുഃ | കഴിഞ്ഞവരായില്ല. |

7\. കാമം ദഹന്തി കൃതിനോ നനു രോഷദൃഷ്ട്യാ
രോഷം ദഹന്തമപി തേ ന ദഹന്ത്യസഹ്യം
സോഽയം യദന്തരമലം നിവിശൻ ബിഭേതി
കാമഃ കഥം നു പുനരസ്യ മനഃ ശ്രയേത

| | | | |
|---|---|---|---|
| കൃതിനഃ | മഹാന്മാരായവന്മാർ (ശ്രീരുദ്രാദികൾ) | ദഹന്തം അപി | തങ്ങളെ ദഹിപ്പിക്കുന്നതാണെങ്കിലുംകൂടി |
| രോഷദൃഷ്ട്യാ | കോപത്തോടുകൂടിയ നോട്ടംകൊണ്ട് | തേ | അവർ |
| കാമം | കാമത്തെ (കാമനെ) | ന ദഹന്തി | ദഹിപ്പിക്കാറില്ല ; |
| ദഹന്തി നനു | ചുട്ടെരിക്കാറുണ്ടല്ലോ. | നു | അത്ഭുതം നോക്കുക ! |
| അസഹ്യം | സഹിക്കരുതാത്ത | സഃ | അങ്ങനെയുള്ള |
| രോഷം | കോപത്തെ, | അയം | ഈ കോപംപോലും |

| | | | |
|---|---|---|---|
| യദന്തരം | യാതൊരു ഭഗവാന്റെ ഹൃദയത്തിലേക്ക് | പുനഃ കഥം | പിന്നെ എങ്ങനെ |
| നിവിശൻ | കടന്നുചെല്ലുമ്പോൾ | കാമഃ | കാമം |
| അലം | കലശലായിട്ട് | അസ്യ | ഈ ഭഗവാന്റെ |
| ബിഭേതി | പേടിക്കുന്നു. | മനഃ | മനസ്സിനെ |
| | | ശ്രയേത | ബാധിക്കും ? |

8. വിദ്ധഃ സപത്ന്യുദിതപത്രിഭിരന്തി രാജ്ഞോ
ബാലോഽപി സന്നുപഗതസ്തപസേ വനാനി
തസ്മാ അദാദ്ധ്രുവഗതിം ഗൃണതേ പ്രസന്നോ
ദിവ്യാസ്തുവന്തി മുനയോ യദുപര്യധസ്താത്.

| | | | |
|---|---|---|---|
| രാജ്ഞഃ | ഉത്താനപാദരാജാവിന്റെ | പ്രസന്നഃ | സന്തുഷ്ടനായ ഭഗവാൻ |
| അന്തി | സമീപത്തിൽവച്ച് | ധ്രുവഗതിം | ധ്രുവപദത്തെ (സുസ്ഥിരസ്ഥാനത്തെ) |
| സപത്ന്യുദിതപത്രിഭിഃ | സപത്നീമാതാവിന്റെ വാക്ശരങ്ങളാൽ | അദാത് | നല്കി. |
| വിദ്ധഃ സൻ | മുറിവേല്പിക്കപ്പെട്ട്, | യദുപരി | യാതൊരു ധ്രുവപദത്തിന്റെ മേൽഭാഗത്തുനിന്ന് |
| ബാലഃ അപി | കുട്ടിയാണെങ്കിലുംകൂടി | | |
| തപസേ | തപസ്സിന്നായി | മുനയഃ | ഭൃഗ്വാദിമുനിമാരും |
| വനാനി | വനങ്ങളിലേക്ക് | അധസ്താത് | കീഴ്ഭാഗത്തുനിന്ന് |
| ഉപഗതഃ | പോയി; | ദിവ്യാഃ | വ്യോമചാരികളായ സപ്തർഷികളും |
| ഗൃണതേ | സ്തുതിച്ചുകൊണ്ടിരുന്ന | | |
| തസ്മൈ | അവന്ന് | സ്തുവന്തി | സ്തോത്രം ചെയ്യുന്നു. |

9. യദ്വേനമുത്പഥഗതം ദ്വിജവാക്യവജ്ര-
വിപ്ലുഷ്ടപൌരുഷഭഗം നിരയേ പതന്തം
ത്രാത്വാഽർത്ഥിതോ ജഗതി പുത്രപദം ച ലേഭേ
ദുഗ്ദ്ധാ വസൂനി വസുധാ സകലാനി യേന.

| | | | |
|---|---|---|---|
| യദ് | എപ്പോൾ | | ഐശ്വര്യത്തോടും കൂടിയവനായി- |
| അർത്ഥിതഃ | (ഋഷിമാരാൽ) പ്രാർത്ഥിക്കപ്പെട്ടുവോ, അപ്പോൾ, | നിരയേ | നരകത്തിൽ |
| ഉത്പഥഗതം | തെററായ മാർഗ്ഗത്തിലൂടെ സഞ്ചരിച്ചവനായി- | പതന്തം | നിപതിക്കുന്നവനുമായ |
| | | വേനം | വേനനെന്ന രാജാവിനെ |
| ദ്വിജവാക്യവജ്രവിപ്ലുഷ്ടപൌരുഷഭഗം | ബ്രാഹ്മണരുടെ ശാപവാക്കാവുന്ന വജ്രായുധമേററ് വെന്തുപോയ പൌരുഷത്തോടും | ത്രാത്വാ | ത്രാണം ചെയ്ത് (രക്ഷിച്ച്) |
| | | പുത്രപദം ച | 'പുത്രൻ' എന്ന അന്വർത്ഥസംജ്ഞയെയും |

| | | | |
|---|---|---|---|
| ലേഭേ | ലഭിച്ചു (1) | സകലാനി | എല്ലാതരത്തിലുമുള്ള |
| ജഗതി | ലോകത്തിനുവേണ്ടി | വസൂനി | സമ്പത്തുകളെയും |
| യേന | യാതൊരുവനാൽ (വേനപുത്രത്വേന അവതരിച്ച ഭഗവാനാൽ) | വസുധാ | ഭൂമി |
| | | ദുഗ്ധാ | കറന്നെടുക്കപ്പെട്ടു. (2) |

(1) "പുംനാമ്നോ നരകാത് പിതരം ത്രായതേ ഇതി പുത്രഃ" ('പുത്' എന്നു പേരായ നരകത്തിൽനിന്നും പിതാവിനെ കരയേറ്റുന്നവൻ പുത്രൻ) എന്നാണ് പുത്രശബ്ദത്തിന്റെ വ്യുൽപത്തി. ഈ പ്രകാരം പൃഥുചക്രവർത്തിയായി അവതരിച്ച ഭഗവാൻ വേനന്റെ യഥാർത്ഥപുത്രൻ. (2) പൃഥുചക്രവർത്തി ഭൂമിയിൽ കിടക്കുന്ന ധനധാന്യാദിദ്രവ്യങ്ങളെ ലോകക്ഷേമത്തിന്നായി ശേഖരിച്ചു വിതരണം ചെയ്തു എന്നു താൽപര്യാർത്ഥം.

10. നാഭേരസാവൃഷഭ ആസ സുദേവിസൂനു-
ര്യോ വൈ ചചാര സമദൃഗ്ജഡയോഗചര്യാം
യത് പാരമഹംസ്യമൃഷയഃ പദമാമനന്തി
സ്വസ്ഥഃ പ്രശാന്തകരണഃ പരിമുക്തസംഗഃ

| | | | |
|---|---|---|---|
| അസൗ | ഈ ശ്രീഹരി | പരിമുക്തസംഗഃ | വിമുക്തസംഗനായിട്ട് |
| നാഭേഃ | നാഭിയെന്ന രാജാവിൽനിന്നു് | ജഡയോഗചര്യാം | ഒരു ഭോഷനെപ്പോലെയിരുന്നു് സമാധിചര്യ |
| സുദേവിസൂനുഃ | സുദേവി (മേരുദേവി)യുടെ പുത്രനായി | ചചാര | യെ ആചരിച്ചു. |
| ഋഷഭഃ | ഋഷഭൻ എന്ന പേരുള്ളവനായിട്ട് | യത് | യാതൊരു ചര്യയെ |
| ആസ | അവതരിച്ചു. | ഋഷയഃ | ഋഷിമാർ |
| യഃ വൈ | യാതൊരുവനാകട്ടെ | പാരമഹംസ്യം | പരമഹംസന്മാർക്കുചേന്ന |
| സമദൃക് | സമദൃഷ്ടിയും | പദം | നിലയായിട്ട് (അവധൂതസ്ഥിതിയായിട്ട്) |
| സ്വസ്ഥഃ | സ്വസ്വരൂപസ്ഥിതനും | | |
| പ്രശാന്തകരണഃ | പ്രശാന്തേന്ദ്രിയനും | ആമനന്തി | കരുതിവരുന്നു. |

11. സത്രേ മമാസ ഭഗവാൻ ഹയശീരഷാഥോ
സാക്ഷാത് സ യജ്ഞപുരുഷസ്തപനീയവർണ്ണഃ
ഛന്ദോമയോ മഖമയോഽഖിലദേവതാത്മാ
വാചോ ബഭൂവുരുശതീഃ ശ്വസതോഽസ്യ നസ്തഃ.

| | | | |
|---|---|---|---|
| അഥോ | ഒരു സന്ദർഭത്തിൽ, | ഛന്ദോമയഃ | വേദസ്വരൂപനും |
| മമ സത്രേ | എന്റെ യാഗത്തിങ്കൽ, | മഖമയഃ | യജ്ഞസ്വരൂപനും |

| | |
|---|---|
| അഖില-ദേവതാത്മാ | യജ്ഞംകൊണ്ടു് ആരാധിക്കപ്പെടുന്ന എല്ലാ ദേവന്മാരുടേയും സ്വരൂപമായിരിക്കുന്നവനും |
| യജ്ഞപുരുഷഃ | യജ്ഞങ്ങളുടെ ഫലദാതാവും ആയ |
| സഃ ഭഗവാൻ | ആ ജ്ഞാനൈശ്വര്യപൂർണ്ണൻ |
| തപനീയ-വർണ്ണഃ | സ്വർണ്ണത്തിന്റെ വർണ്ണം പൂണ്ടിരിക്കുന്ന |
| ഹയശീർഷാ | ഹയഗ്രീവമൂർത്തിയായിട്ടു് |
| സാക്ഷാത് | പ്രത്യക്ഷമായി |
| ആസ | ഭവിച്ചു. |
| അസ്യ ശ്വസതഃ | ഈ ഹയഗ്രീവൻ ശ്വാസം വിട്ടുകൊണ്ടിരിക്കെ, |
| നസ്തഃ | നാസാപുടത്തിൽനിന്നു് |
| ഉശതീഃ | മോഹനങ്ങളായ |
| വാചഃ | വേദവചനങ്ങൾ |
| ബഭൂവുഃ | ആവിർഭവിക്കയുണ്ടായി. |

12. മത്സ്യോ യുഗാന്തസമയേ മനുനോപലബ്ധഃ
ക്ഷോണീമയോ നിഖിലജീവനികായകേതഃ
വിസ്രംസിതാനുരുഭയേ സലിലേ മുഖാന്മേ
ആദായ തത്ര വിജഹാര ഹ വേദമാർഗ്ഗാൻ

| | |
|---|---|
| യുഗാന്ത-സമയേ | യുഗാവസാനകാലത്തുള്ള പ്രളയത്തിൽ |
| മനുനാ | ഭാവിമനുവായ സത്യവ്രതനാൽ |
| ഉപലബ്ധഃ | കണ്ടെത്തപ്പെട്ട |
| മത്സ്യഃ | മത്സ്യരൂപിയായ ഭഗവാൻ |
| ക്ഷോണീമയഃ | ഭൂമിക്കു് ആലംബമായും |
| നിഖിലജീവ-നികായകേതഃ | സമസ്തജീവരാശിക്കു് ആശ്രയമായുംഭവിച്ചു്, |
| ഉരുഭയേ | ബഹുഭയാനകമായ |
| സലിലേ | പ്രളയജലത്തിൽ |
| മേ | എന്റെ (ബ്രഹ്മാവിന്റെ) |
| മുഖാത് | മുഖത്തിൽനിന്നു് |
| വിസ്രംസിതാൻ | ഉതിർന്നുവീണ |
| വേദമാർഗ്ഗാൻ | വേദപദ്ധതികളെ |
| ആദായ | എടുത്തു്, |
| തത്ര | അതിൽ (ജലത്തിൽ) |
| വിജഹാര ഹ | വിഹരിച്ചുപോൽ. |

13 ക്ഷീരോദധാവമരദാനവയൂഥപാനാ-
മുന്മഥ്നതാമമൃതലബ്ധയ ആദിദേവഃ
പൃഷ്ഠേന കച്ഛപവപുർവിദധാര ഗോത്രം
നിദ്രാക്ഷണോഽദ്രിപരിവർത്തകഷാണകണ്ഡൂഃ

| | |
|---|---|
| അമൃത-ലബ്ധയേ | അമൃതം ലഭിക്കുന്നതിന്നു വേണ്ടി |
| അമര-ദാനവ-യൂഥപാനാം | ദേവന്മാരുടേയും അസുരന്മാരുടേയും സംഘത്തലവന്മാർ |
| ഉന്മഥ്നതാം | കടഞ്ഞുകൊണ്ടിരിക്കുമ്പോൾ, |
| ക്ഷീരോദധൌ | പാൽക്കടലിൽ |
| കച്ഛപവപുഃ | ആമയുടെ ആകൃതിയാന്നവതരിച്ച |

| | |
|---|---|
| ആദിദേവഃ | ആദിദേവൻ |
| അദ്രിപരിവർത്ത-കഷാണകണ്ഡൂഃ | പർവ്വതത്തിൻെറ തിരിച്ചിലാലുള്ള ഉരസൽ കൊണ്ടു് ചൊറിച്ചലകന്നവനായി |
| നിദ്രാക്ഷണഃ | ഉറക്കത്തിന്നവസരം കിട്ടിക്കൊണ്ടു് |
| ഗോത്രം | മന്ദരപർവ്വതത്തെ |
| പൃഷ്ഠേന | പുറംകൊണ്ടു് |
| വിദധാര | താങ്ങിനിർത്തി. |

14 ത്രൈവിഷ്ടപോരുഭയഹാ സ നൃസിംഹരൂപം
കൃത്വാ ഭ്രമദ്ഭ്രുകുടിദംഷ്ട്രകരാളവക്ത്രം
ദൈത്യേന്ദ്രമാശു ഗദയാഽഭിപതന്തമാരാ-
ദൂരൗ നിപാത്യ വിദദാര നഖൈഃ സ്ഫുരന്തം.

| | |
|---|---|
| ത്രൈവിഷ്ട-പോരുഭയഹാ | സ്വർഗ്ഗവാസികളുടെ മഹാഭയം തീർത്തരുളുന്ന |
| സഃ | ആ ഭഗവാൻ |
| ഭ്രമദ്ഭ്രുകുടി-ദംഷ്ട്രകരാള-വക്ത്രം | ചുഴലുന്ന പുരികക്കൊടികളും ദംഷ്ട്രങ്ങളുമുള്ള ഭയങ്കരമുഖത്തോടുകൂടിയ |
| നൃസിംഹരൂപം | നരസിംഹാകൃതിയെ |
| കൃത്വാ | സ്വീകരിച്ചു്, |
| ഗദയാ | ഗദയോടുകൂടി |
| ആരാത് | അടുക്കലേക്കു് |
| അഭിപതന്തം | നേരിട്ടടുക്കുന്നവനും |
| സ്ഫുരന്തം | തിളക്കംകൊള്ളുന്നവനുമായ |
| ദൈത്യേന്ദ്രം | ഹിരണ്യകശിപുവിനെ |
| ആശു | ഞൊടിയിടകൊണ്ടു് |
| ഊരൌ | തുടമേൽ |
| നിപാത്യ | മറിച്ചിട്ടു് |
| നഖൈഃ | നഖങ്ങളാൽ |
| വിദദാര | കീറിപ്പിളർന്നു. |

15 അന്തഃസരസ്യുരുബലേന പദേ ഗൃഹീതോ
ഗ്രാഹേണ യൂഥപതിരംബുജഹസ്ത ആർത്തഃ
ആഹേദമാദിപുരുഷാഖിലലോകനാഥ
തീർത്ഥശ്രവഃ ശ്രവണമംഗളനാമധേയ.

| | |
|---|---|
| അന്തഃസരസി | തടാകത്തിൻെറ ഉള്ളിൽ വെച്ചു് |
| ഉരുബലേന | അതിശക്തിയുള്ള |
| ഗ്രാഹേണ | മുതലയാൽ |
| പദേ | കാലിന്മേൽ |
| ഗൃഹീതഃ | പിടിക്കപ്പെട്ട |
| യൂഥപതിഃ | ആനത്തലവൻ |
| ആർത്തഃ | ദുഃഖിതനും |
| അംബുജ-ഹസ്തഃ | തുമ്പിക്കൈയിൽ താമരപ്പൂക്കളോടുകൂടിയവനുമായിട്ടു് |
| ഇദം | ഈ വിധം |
| ആഹ | ചൊല്ലിസ്തുതിച്ചു- |
| ആദിപുരുഷ | "ഹേ ആദിദേവ! |
| അഖില-ലോകനാഥ | സമസ്തലോകാധിനായക! |
| തീർത്ഥശ്രവഃ | പുണ്യകീർത്തിയെഴുന്നോവേ! |
| ശ്രവണ-മംഗള-നാമധേയ | ശ്രവണത്താൽത്തന്നെ മംഗളത്തെയരുളുന്ന തിരുനാമങ്ങളോടുകൂടിയവനേ!" എന്നിങ്ങിനെ |

16 ശ്രുത്വാ ഹരിസ്തമരണാൎത്ഥിനമപ്രമേയ-
ശ്ചക്രായുധഃ പതഗരാജഭുജാധിരൂഢഃ
ചക്രേണ നക്രവദനം വിനിപാട്യതസ്മാ-
ദ്ധസ്തേ പ്രഗൃഹ്യ ഭഗവാൻ കൃപയോജ്ജഹാര.

| | | | |
|---|---|---|---|
| ഭഗവാൻ | സൎവ്വജ്ഞനും | നക്രവദനം | മുതലയുടെ വായ |
| അപ്രമേയ | അപരിച്ഛേദ്യനായ | വിനിപാട്യ | കീറിപ്പിളൎന്നിട്ടു്, |
| ഹരിഃ | ശ്രീഹരി | അരണാൎത്ഥിനം | ശരണാഗതനായ |
| ശ്രുത്വാ | (ഗജേന്ദ്രസ്തുതി) കേട്ടു്, | തം | ആ ഗജേന്ദ്രനെ |
| ചക്രായുധഃ | ചക്രായുധപാണിയായി | കൃപയാ | കാരുണ്യംകൊണ്ടു് |
| പതഗരാജ- ഭുജാധിരൂഢഃ | പക്ഷിരാജാവിന്റെ തോളത്തുകയറിയിരുന്നു വന്നു്, | ഹസ്തേ | കൈയിൽ |
| | | പ്രഗൃഹ്യ | പിടിച്ചു് |
| | | തസ്മാത് | ആ മുതലയുടെ വായിൽനിന്നു് |
| ചക്രേണ | ചക്രത്താൽ | ഉജ്ജഹാര | സമുദ്ധരിച്ചു |

17 ജ്യായാൻ ഗുണൈരവരജോപ്യദിതേഃ സുതാനാം
ലോകാൻ വിചക്രമ ഇമാൻ യദഥാധിയജ്ഞഃ
ക്ഷ്മാം വാമനേന ജഗൃഹേ ത്രിപദച്ഛലേന
യാച്ഞാമൃതേ പഥിചരൻ പ്രഭുഭിൎന്ന ചാല്യഃ

| | | | |
|---|---|---|---|
| അദിതേഃ | അദിതിയുടെ | ഇമാൻ | ഈ |
| സുതാനാം | പുത്രന്മാരായ ദ്വാദശാദിത്യന്മാൎക്കിടയിൽ | ലോകാൻ | ലോകങ്ങളെ |
| | | വിചക്രമേ | അടിവെച്ചളന്നെടുത്തു. |
| അധിയജ്ഞഃ | യജ്ഞാധിഷ്ഠാതാവായ വിഷ്ണുഭഗവാൻ | വാമനേന | വാമനരൂപത്തോടെ |
| | | ത്രിപദ- ച്ഛലേന | മൂന്നടി മണ്ണെന്ന വ്യാജേന |
| അവരജഃ അപി | എല്ലാവരിലും താഴെയാണെങ്കിലും | ക്ഷ്മാം ജഗൃഹേ | ഭൂമിയെ കൈക്കലാക്കി. |
| ഗുണൈഃ | ഗുണങ്ങളാൽ | യാച്ഞാം ഋതേ | യാചനയെക്കൊണ്ടല്ലാതെ മറെറാന്നുകൊണ്ടും |
| ജ്യായാൻ | മൂത്തവനാകുന്നു. | പഥിചരൻ | സന്മാൎഗ്ഗചാരി |
| യത് | എന്തെന്നാൽ | പ്രഭുഭിഃ | കഴിവുററവരാൽക്കൂടി |
| അഥ | തൽക്ഷണം (ബലിയുടെ വാക്കു ലഭിച്ചതും | ന ചാല്യഃ | ഇളക്കപ്പെടാവുന്നവനാകയില്ല* |

* യാചനകൊണ്ടുമാത്രമേ സന്മാൎഗ്ഗചാരിയെ ഇളക്കിത്തീൎക്കുവാൻ ഈശ്വരന്മാൎക്കു പോലും സാധിക്കയുള്ളു എന്നു സാരം.

18 നാൎത്ഥോ ബലേരയമുരുക്രമപാദശൌച-
മാപഃ ശിഖാധൃതവതോ വിബുധാധിപത്യം
യോ വൈ പ്രതിശ്രുതമൃതേ ന ചികീൎഷദന്യ-
ദാത്മാനമംഗ ശിരസാ ഹരയേഽഭിമേനേ.

| | |
|---|---|
| ഉരുക്രമ- പാദശൌചം | തൃവിക്രമഭഗവാന്റെ തൃപ്പാദങ്ങളെ പ്രക്ഷാളനം ചെയ്ത |
| അപഃ | തീർത്ഥജലത്തെ |
| ആ ശിഖാ- ധൃതവതഃ | എമ്പാടും ശിരസ്സിൽ ധരിച്ച |
| ബലേഃ | മഹാബലിക്ക് |
| വിബുധാ- ധിപത്യം | ദേവന്മാരുടെ അധീശത്വം ലഭിക്കുക എന്നതു യാതൊന്നോ, |
| അയം | ഇതൊരു |
| അർത്ഥഃ ന | പുരുഷാർത്ഥമേ ആയിരുന്നില്ല. |
| യഃ വൈ | യാതൊരാൾ |
| പ്രതിശ്രുതം | പ്രതിജ്ഞ ചെയ്തതിനെ |
| ഋതേ | ഒഴിവാക്കിയിട്ട് |
| അന്യത് | മറെറാന്ന് |
| ന ചികീർഷത് | പ്രവർത്തിക്കാൻ ആഗ്രഹിച്ചില്ല |
| അംഗ | ഹേ നാരദ! |
| ആത്മാനം | സ്വദേഹത്തെത്തന്നെ |
| ഹരയേ | ഭഗവാനായിക്കൊണ്ട് |
| ശിരസാ | ശിരസ്സിനാൽ |
| അഭിമേനേ | അർപ്പിച്ചു. |

19 തുഭ്യം ച നാരദ ഭൃശം ഭഗവാൻ വിവൃദ്ധ-
ഭാവേന സാധു പരിതുഷ്ട ഉവാച യോഗം
ജ്ഞാനം ച ഭാഗവതമാത്മസതത്ത്വദീപം
യദ്വാസുദേവശരണാ വിദുരഞ്ജസൈവ.

| | |
|---|---|
| നാരദ | അല്ലയോ നാരദ! |
| തുഭ്യം ച | നിനക്കുകൂടിയും |
| ഭൃശം | അത്യന്തം |
| വിവൃദ്ധ- ഭാവേന | അധികരിച്ച ഭക്തിഭാവംകൊണ്ട് |
| പരിതുഷ്ടഃ | സന്തുഷ്ടനായ |
| ഭഗവാൻ | ഭഗവാൻ (ഹംസരൂപിയായിട്ട്) |
| ആത്മസ- തത്ത്വദീപം | ആത്മതത്ത്വത്തെ പ്രകാശിപ്പിക്കുന്നതും |
| ജ്ഞാനം ച | ജ്ഞാനസാധനവുമായ |
| ഭാഗവതം | ഭാഗവതമെന്ന |
| യോഗം | ഭക്തിയോഗത്തെ |
| സാധു | വഴിപോലെ |
| ഉവാച | ഉപദേശിച്ചു. |
| യത് | യാതൊരു ഭക്തിയോഗതത്ത്വത്തെ |
| വാസുദേവ- ശരണാഃ | 'ശ്രീ വാസുദേവൻ ശരണം' എന്നുറച്ചിരിക്കുന്നവർ |
| അഞ്ജസാ | സുഗമമായിട്ട് |
| ഏവ | തന്നെ |
| വിദുഃ | മനസ്സിലാക്കുന്നു. |

20 ചക്രം ച ദിക്ഷ്വവിഹതം ദശസു സ്വതേജോ
മന്വന്തരേഷു മനുവംശധരോ ബിഭർത്തി
ദുഷ്ടേഷു രാജസു ദമം വ്യദധാത് സ്വകീർത്തിം
സത്യേ ത്രിപൃഷ്ഠ ഉശതീം പ്രഥയംശ്ചരിത്രൈഃ

| | |
|---|---|
| മന്വന്തരേഷു | എല്ലാ മന്വന്തരങ്ങളിലും |
| മനുവംശ- ധരഃ | മനുവംശപാലകനായി അവതരിക്കുന്ന ഭഗവാൻ |
| ദശസു | പത്തു |
| ദിക്ഷു ച | ദിക്കുകളിലും |
| അവിഹതം | തടവില്ലാതെ വ്യാപിക്കുന്ന |

| | | | |
|---|---|---|---|
| സ്വതേജഃ | സ്വപ്രഭാവമാവുന്ന | ഉശതീം | മോഹനമായ |
| ചക്രം | സുദർശനചക്രത്തെ | സ്വകീർത്തിം | സ്വകീയകീർത്തിയെ |
| ബിഭർത്തി | ഏന്തിയിരിക്കുന്നു. | പ്രഥയൻ | പരത്തിക്കൊണ്ടു് |
| ചരിത്രൈഃ | സ്വചരിത്രങ്ങളാൽ | ദുഷ്ടേഷു | ദുഷ്ടന്മാരായ |
| ത്രിപൃഷ്ഠേ | മുപ്പാരിന്നും മീതെയാ | രാജസു | രാജാക്കന്മാരിൽ |
| | യുള്ള | ദമം | ദണ്ഡനീതിയെ |
| സത്യേ | സത്യലോകത്തിലും | വ്യദധാത് | പുലർത്തിപ്പോന്നു. |

21 ധന്വന്തരിശ്ച ഭഗവാൻ സ്വയമേവ കീർത്തി-
ർന്നാമ്നാ നൃണാം പുരുരുജാം രുജ ആശു ഹന്തി
യജ്ഞേ ച ഭാഗമമൃതായുരവാവരുന്ധ-
ആയുശ്ച വേദമനുശാസ്ത്യവതീര്യ ലോകേ.

| | | | |
|---|---|---|---|
| സ്വയം ഏവ | തന്നെത്താൻതന്നെ | ഹന്തി ച | ഇല്ലാതാക്കുന്നു; |
| കീർത്തിഃ | യശോരൂപനായ | അമൃതായുഃ | നശിക്കാത്ത ആയുസ്സു |
| ഭഗവാൻ | ഭഗവാൻ | | നല്കുന്ന ഭഗവാൻ |
| ലോകേ | ലോകത്തിൽ | അവ | (അസുരന്മാർ) തടഞ്ഞിരുന്ന |
| ധന്വന്തരിഃ ച | ധന്വന്തരിയായും | യജ്ഞേ | യാഗത്തിലെ |
| അവതീര്യ | അവതരിച്ചു്, | ഭാഗം ച | ഹവിർഭാഗത്തെയും |
| പുരുരുജാം | മഹാരോഗം പിടിച്ച | അവരുന്ധ | നേടിയിരിക്കുന്നു; |
| നൃണാം | മനുഷ്യരുടെ | ആയുഃ | ആയുർവിഷയകമായ |
| രുജഃ | രോഗങ്ങളെ | വേദം ച | വിജ്ഞാനത്തെയും |
| നാമ്നാ | സ്വനാമധേയത്താൽ | അനുശാസ്തി | പ്രവർത്തിപ്പിക്കുന്നു. |
| ആശു | തൽക്ഷണം | | |

22 ക്ഷത്രം ക്ഷയായ വിധിനോപഭൃതം മഹാത്മാ
ബ്രഹ്മധ്രുഗുജ്ഝിതപഥം നരകാർത്തിലിപ്സു
ഉദ്ധന്ത്യസാവവനികണ്ടകമുഗ്രവീര്യ
സ്ത്രിഃ സപ്തകൃത്വ ഉരുധാരപരശ്വധേന.

| | | | |
|---|---|---|---|
| വിധിനാ | ദൈവത്താൽ | ഉജ്ഝിത-പഥം | ഉപേക്ഷിക്കപ്പെട്ട ധർമ്മമാർഗ്ഗത്തോടുകൂടിയതും |
| ക്ഷയായ | ലോകനാശത്തിനു വേണ്ടി | നരകാർത്തി-ലിപ്സു | നരകദുഃഖം ലഭിക്കുവാൻ കൊതിയാർന്നതും |
| ഉപഭൃതം | വളർത്തപ്പെട്ടതും | | |
| ബ്രഹ്മധ്രുക് | ബ്രാഹ്മണർക്കു ദ്രോഹമേല്പിക്കുന്നതും | അവനി-കണ്ടകം | ഭൂമിക്കു് ശല്യമായിരിക്കുന്നതും ആയ |

| | | | |
|---|---|---|---|
| ക്ഷത്രം | ക്ഷത്രിയവംശത്തെ | ത്രിഃസപ്തകൃത്വഃ | ഇരുപത്തൊന്നുവട്ടം |
| ഉഗ്രവീര്യഃ | കടുത്ത വീരതയാന്ന | ഉരുധാര-പരശ്വധേന | അതിമൂർച്ഛയുള്ള വെൺമഴുകൊണ്ട് |
| അസൌ മഹാത്മാ | ഈ ഭഗവാൻ (ഭാർഗ്ഗവരാമനായിട്ട്) | ഉജ്ഝതി | കൊന്നൊടുക്കുന്നു. |

23 അസ്മത്പ്രസാദസുമുഖഃ കലയാ കലേശ
ഇക്ഷ്വാകുവംശ അവതീര്യ ഗുരോർന്നിദേശേ
തിഷ്ഠൻ വനം സദയിതാനുജ ആവിവേശ
യസ്മിൻ വിരുധ്യ ദശകന്ധര ആർത്തിമാർച്ഛത്.

| | | | |
|---|---|---|---|
| കലേശഃ | മായാകാന്തൻ | നിദേശേ | ആജ്ഞാപരിപാലനത്തിൽ |
| അസ്മത്-പ്രസാദ-സുമുഖഃ | ഞങ്ങൾക്ക് (ബ്രഹ്മാദികൾക്ക്) അനുഗ്രഹമേകുന്നതിൽ സൌമുഖ്യമാന്ന് | തിഷ്ഠൻ | ഊന്നി നിന്നുകൊണ്ട്, |
| | | സദയിതാനുജഃ | പത്നിയോടും അനുജനോടും ഒന്നിച്ച് |
| | | വനം | കാട്ടിലേക്ക് |
| കലയാ | തന്റെ അംശത്താലുണ്ടായ ഭരതാദികളോടുകൂടെ | ആവിവേശ | പ്രവേശിച്ചു, |
| | | യസ്മിൻ | യാതൊരു ഈ ഭഗവാന്റെ അടുക്കൽ |
| ഇക്ഷ്വാകു-വംശേ | ഇക്ഷ്വാകുവിന്റെ കുലത്തിൽ (രാമനായിട്ട്) | വിരുധ്യ | കലഹിച്ചിട്ട് |
| | | ദശകന്ധരഃ | രാവണൻ |
| അവതീര്യ | അവതരിച്ച്, | ആർത്തിം | വിനാശത്തെ |
| ഗുരോഃ | പിതാവിന്റെ | ആർച്ഛത് | പ്രാപിച്ചു. |

24 യസ്മാ അദാദുദധിരൂഢഭയാംഗവേപോ
മാർഗ്ഗം സപദ്യരിപുരം ഹരവദ് ദിധക്ഷോഃ
ദൂരേ സുഹൃന്മഥിതരോഷസുശോണദൃഷ്ട്യാ
താതപ്യമാനമകരോരഗനക്രചക്രഃ

| | | | |
|---|---|---|---|
| ഹരവത് | സംഹാരരുദ്രൻകണക്കെ | താതപ്യമാന-മകരോരഗ-നക്രചക്രഃ | ഏററവും തപിക്കപ്പെട്ട മത്സ്യങ്ങൾ—പാമ്പുകൾ—മുതലകൾ എന്നീ ജന്തുവൃന്ദത്തോടുംകൂടിയ |
| അരിപുരം | ശത്രുനഗരത്തെ | | |
| ദിധക്ഷോഃ | ചുട്ടെരിക്കാനുദ്യമിച്ച ഭഗവാനിൽനിന്നു് | | |
| ഊഢഭയാം-ഗവേപഃ | ഉണ്ടായ മുഴുത്ത പേടിയാൽ ഉടലിൽ കിടിലത്തോടും | ഉദധിഃ | സമുദ്രരാജാവു് |
| | | യസ്മൈ | യാതൊരു ഭഗവാനായിക്കൊണ്ട് |
| ദൂരേ | അകലത്തിരിക്കുന്ന | മാർഗ്ഗം | (ലങ്കയിലേക്ക്) വഴി |
| സുഹൃന്മഥിത-രോഷസുശോണ-ദൃഷ്ട്യാ | പ്രിയതമനിമിത്തം ക്ഷോഭിച്ച രോഷംകൊണ്ട് ചെംചുകപ്പാന്ന ദൃഷ്ടിയാൽ | സപദി | ഉടനടി |
| | | അദാത് | വിട്ടുകൊടുത്തു. |

25 വക്ഷഃസ്ഥലസ്പൎശരുഗ്ണമഹേന്ദ്രവാഹ-
ദന്തൈൎവ്വിഡംബിതകകുബ്ജുഷ ഊഢഹാസം
സദ്യോഽസുഭിഃ സഹ വിനേഷ്യതി ദാരഹൎത്തുൎ-
വിസ്ഫൂൎജ്ജിതൈൎധനുഷ ഉച്ചരതോഽധിസൈന്യേ.

| | |
|---|---|
| വക്ഷഃസ്ഥല-സ്പൎശരുഗ്ണ-മഹേന്ദ്രവാഹ-ദന്തൈഃ | (യുദ്ധത്തിൽവെച്ച്) തന്റെ മാറിടത്തിൽ തട്ടുകയാൽ പൊട്ടിച്ചിതറിയ ഐരാവതത്തിന്റെ കൊമ്പുകളാൽ |
| വിഡംബിത-കകുബ്ജുഷഃ | വെണ്മപൂണ്ട ദിക്കുകളെ ഭരിക്കുന്നവനും |
| അധിസൈന്യേ | പടനടുവിൽ |
| ഉച്ചരതഃ | വലിപ്പംനടിച്ചു നടക്കുന്നവനുമായ |
| ദാരഹൎത്തുഃ | ഭാൎയ്യാചോരന്റെ (രാവണന്റെ) |
| ഊഢഹാസം | ഭാവിച്ച അഹങ്കാരഹാസ്യത്തെ |
| അസുഭിഃ സഹ | ജീവനോടുകൂടെ |
| ധനുഷഃ | വില്ലിന്റെ |
| വിസ്ഫൂൎജ്ജിതൈഃ | ടങ്കാരനാദങ്ങളാൽ |
| സദ്യഃ | ഉടനെ |
| വിനേഷ്യതി | നീക്കിക്കളയും |

26 ഭൂമേഃ സുരേതരവരൂഥവിമൎദ്ദിതായാഃ
ക്ലേശവ്യയായ കലയാ സിതകൃഷ്ണകേശഃ
ജാതഃ കരിഷ്യതി ജനാനുപലക്ഷ്യമാൎഗ്ഗഃ
കൎമ്മാണി ചാത്മമഹിമോപനിബന്ധനാനി.

| | |
|---|---|
| സുരേതര-വരൂഥവി-മൎദ്ദിതായാഃ | അസുരാംശജാതരായ രാജാക്കന്മാരുടെ സൈന്യഭാരത്താൽ പീഡിതയായ |
| ഭൂമേഃ | ഭൂമീദേവിയുടെ |
| ക്ലേശവ്യയായ | കഷ്ടപ്പാടകറ്റുന്നതിന്നുവേണ്ടി, |
| സിതകൃഷ്ണ-കേശഃ | വെളുത്തതും കറുത്തതുമായ തലമുടിയോടുകൂടിയവനും * |
| ജനാനുപ-ലക്ഷ്യമാൎഗ്ഗഃ | ജനങ്ങൾക്കു അറിവാനാവാത്ത മാൎഗ്ഗത്തോടുകൂടിയവനുമായ ഭഗവാൻ |
| കലയാ | അംശമായ ബലരാമനോടുകൂടെ |
| ജാതഃ | അവതരിച്ച് |
| ആത്മ-മഹിമോപ-നിബന്ധനാനി | സ്വമാഹാത്മ്യങ്ങളെ തുടരെത്തുടരെ അഭിവ്യഞ്ജിപ്പിക്കുന്ന |
| കൎമ്മാണി ച | നാനാകൎമ്മങ്ങളേയും |
| കരിഷ്യതി | ചെയ്തരുളുന്നതാണ്. |

* വിഷ്ണുഭഗവാന്റെ വെളുത്ത ഒരു തലനാരിഴ ബലരാമനായും കറുത്ത ഒരു തലനാരിഴ ശ്രീകൃഷ്ണനായും ജനിച്ചുവെന്നു വിഷ്ണുപുരാണം. ഭാഗവതസങ്കല്പമാകട്ടെ "കൃഷ്ണസ്തു ഭഗവാൻ സ്വയം" എന്നുമാണ്. എന്നാൽ, ഇവ രണ്ടും അന്യോന്യവിരുദ്ധമാണെന്നു കരുതേണ്ടതില്ല. വിഷ്ണുവിന്റെ കുന്തളശോഭയെ പ്രകാശിപ്പിക്കുന്ന 'സിതകൃഷ്ണകേശത്വം' രാമകൃഷ്ണന്മാരുടെ നിറത്തിന്റെ പ്രതീകമായും, ഭൂഭാരാപനോദനത്തിന് അവിടുത്തെ ഒരു രോമം മാത്രം മതി എന്നതിന്റെ സൂചനയായും മാത്രം ഇരിക്കുന്നു.

27 തോകേന ജീവഹരണം യദുലൂകികായാ-
സ്ത്രൈമാസികസ്യ ച പദാ ശകടോഽപവൃത്തഃ
യദ്രിംഗതാന്തരഗതേന ദിവിസ്പൃശോർവാ
ഉന്മൂലനം ത്വിതരഥാർജ്ജുനയോർന്ന ഭാവ്യം.

| | |
|---|---|
| തോകേന | ഒരു പിഞ്ചിളം പൈതലിനാൽ |
| ഉലൂകികായാഃ | പൂതനയെന്ന പിശാചിയുടെ |
| ജീവഹരണം | ജീവഹാനിയുണ്ടാവുക |
| യത് | എന്നതോ, |
| ത്രൈമാസികസ്യ | മൂന്നുമാസംമാത്രം പ്രായമായ ഒരു ശിശുവിന്റെ |
| പദാ | കാലുകൊണ്ട് |
| ശകടഃ | ഒരു ചാട് (ശകടാസുരൻ) |
| അപവൃത്തഃ ച | മറിഞ്ഞുതകർന്നുവെന്നതോ, |
| രിംഗതാ | മുട്ടുകുത്തിയിഴഞ്ഞു |
| അന്തരഗതേന | ഇടയിൽക്കൂടി കടന്ന ഒരു ബാലനാൽ |
| ദിവിസ്പൃശോഃ | ആകാശംതൊട്ടുനില്ക്കുന്ന |
| അർജ്ജുനയോഃ ഉന്മൂലനം | രണ്ടു മരുതുവൃക്ഷങ്ങളും കടപുഴങ്ങി വീഴുക |
| യത് വാ | എന്നതോ |
| ഇതരഥാ തു | മറിച്ചാണെങ്കിൽ (കൃഷ്ണൻ അവതാരമൂർത്തിയല്ലെങ്കിൽ) |
| ഭാവ്യം ന | സംഭാവ്യമേ അല്ല. |

28 യദ്വൈ വ്രജേ വ്രജപശൂൻ വിഷതോയപീതാൻ
പാലാംസ്ത്വജീവയദനുഗ്രഹദൃഷ്ടിവൃഷ്ട്യാ
തച്ഛുദ്ധയേഽതിവിഷവീര്യവിലോലജിഹ്വ-
മുച്ചാടയിഷ്യദുരഗം വിഹരൻ ഹ്രദിന്യാം.

| | |
|---|---|
| വ്രജേ | അമ്പാടിയിൽ |
| വിഷതോയ പീതാൻ | യമുനയിലെ വിഷംചേർന്ന വെള്ളംകുടിച്ച |
| വ്രജപശൂൻ | അമ്പാടിയിലെ ഗോക്കളെയും |
| പാലാൻ | പാലകന്മാരെയും |
| അനുഗ്രഹ-ദൃഷ്ടിവൃഷ്ട്യാ | കൃപാകടാക്ഷമാവുന്ന അമൃതവർഷംകൊണ്ട് |
| അജീവയത് തു | ജീവിപ്പിക്കുക എന്നതും, |
| ഹ്രദിന്യാം | കയങ്ങളുള്ള കാളിന്ദിയാറ്റിൽ |
| വിഹരൻ | വിഹരിച്ചുകൊണ്ട് |
| തച്ഛുദ്ധയേ | അതിന്റെ ശുദ്ധിക്കായി |
| അതിവിഷ-വീര്യവിലോല-ജിഹ്വം | വമ്പിച്ച വിഷവീര്യത്തോടെ ഇളകിക്കളിക്കുന്ന നാവുകളോടുകൂടിയ |
| ഉരഗം | കാളിയനെന്ന നാഗത്തെ |
| ഉച്ചാടയിഷ്യത് യത് വൈ | ആട്ടിയോടിക്കുക എന്നതും സംഭാവ്യമാണോ? |

29 തത് കർമ്മ ദിവ്യമിവ യന്നിശി നിഃശയാനം
ദാവാഗ്നിനാ ശുചിവനേ പരിദഹ്യമാനേ
ഉന്നേഷ്യതി വ്രജമതോഽവസിതാന്തകാലം
നേത്രേ പിധായ്യ സബലോഽനധിഗമ്യവീര്യഃ

| | |
|---|---|
| നിശി | രാത്രിനേരത്തു് |
| ദാവാഗ്നിനാ | കാട്ടുതീയ്യാൽ |
| ശുചിവനേ | ഗ്രീഷ്മകാലവനം |
| പരിദഹ്യമാനേ | എമ്പാടും ദഹിപ്പിക്കപ്പെട്ടുകൊണ്ടിരിക്കെ, |
| നിഃശയാനം | തളൎന്നുറങ്ങിക്കിടന്നിരുന്നവരും |
| അതഃ | ഇതുമൂലം |
| അവസിതാന്തകാലം | നിൎണ്ണയിക്കപ്പെട്ട അവസാനസമയത്തോടുകൂടിയവരുമായ |
| വ്രജം | ഗോകുലജനത്തെ |
| അനധിഗമ്യവീര്യഃ | ദുൎവ്വിജ്ഞേയമായ വീര്യത്തോടുകൂടിയവനും |
| സബലഃ | ബലരാമസഹിതനുമായ ശ്രീകൃഷ്ണൻ |
| നേത്രേ | കണ്ണുരണ്ടും |
| പിധായ | അടപ്പിച്ചു് |
| ഉന്നേഷ്യതി യത് | രക്ഷപ്പെടുത്തുക * എന്നതു യാതൊന്നോ, |
| തത് കൎമ്മ | ആ പ്രവൃത്തി |
| ദിവ്യം ഇവ | അമാനുഷം തന്നെ. |

* കാളിയമൎദ്ദനം നടന്നന്നു് രാത്രിയിൽ ഗോപന്മാരും ഗോക്കളും ഒരു മുഞ്ഞപ്പുൽക്കാട്ടിൽ കിടന്നുറങ്ങി. ആകസ്മികമായി കാട്ടുതീ പിടിച്ചു ഗോപന്മാർ അപ്പോഴും തങ്ങളുടെ അവസാനമായെന്നു കരുതി ഭഗവാൻ അവരോടു് ഒന്നു് കണ്ണടച്ചു ഇരിക്കുവാൻ പറഞ്ഞു. അവർ അപ്രകാരം ചെയ്തുനോക്കിയപ്പോഴും അവിടെ കാട്ടുതീ കണ്ടില്ല. ശ്രീകൃഷ്ണന്റെ ഈ പ്രവൃത്തിയും അമാനുഷമാണല്ലോ!

30 ഗൃഹ്ണീത യദ്യദുപബന്ധമമുഷ്യ മാതാ
ശുല്ബം സുതസ്യ ന തു തത്തദമുഷ്യ മാതി
യജ്ജൃംഭതോഽസ്യ വദനേ ഭുവനാനി ഗോപീ
സംവീക്ഷ്യ ശങ്കിതമനാഃ പ്രതിബോധിതാഽസീത്.

| | |
|---|---|
| അമുഷ്യ | ഈ ഗോപബാലന്റെ |
| മാതാ | അമ്മ (യശോദ) |
| സുതസ്യ | മകന്റെ |
| ഉപബന്ധം | ബന്ധനസാധനമായി |
| യത് യത് | ഏതേതു് |
| ശുല്ബം | കയറു് |
| ഗൃഹ്ണീത | എടുത്താലും |
| തത് തത് | അതൊന്നുംതന്നെ |
| അമുഷ്യ തു | ഇവന്നാകട്ടെ |
| ന മാതി | അളവൊക്കയില്ല; |
| ജൃംഭതഃ | കോട്ടുവായിടുന്ന |
| അസ്യ | ഇവന്റെ |
| വദനേ | വായയ്ക്കുള്ളിൽ |
| ഭുവനാനി | ലോകങ്ങളെയെല്ലാം |
| സംവീക്ഷ്യ | കണ്ടിട്ടു്, |
| ഗോപീ | യശോദ |
| ശങ്കിതമനാഃ | ഉള്ളിൽ ശങ്കപൂണ്ടു് |
| പ്രതിബോധിതാ | പിന്നെ പ്രബുദ്ധയായി |
| ആസീത് | ഭവിക്കുക എന്നുള്ള |
| യത് | യാതൊരിവസ്തുത |
| (ദിവ്യം ഇവ | അതിമാനുഷംതന്നെ) |

31 നന്ദം ച മോക്ഷ്യതി ഭയാദ്വരുണസ്യ പാശാത്
ഗോപാൻ ബിലേഷു പിഹിതാൻ മയസൂനുനാ ച
അഹ്ന്യാപൃതം നിശി ശയാനമതിശ്രമേണ
ലോകം വികുണ്ഠമുപനേഷ്യതി ഗോകുലം സ്മ

| | | | |
|---|---|---|---|
| വരുണസ്യ | വരുണന്റെ | അഹ്നി | പകലിൽ |
| പാശാത് | പാശമാവുന്ന | ആപ്ലുതം | പണികളിലേർപ്പെട്ട് |
| ഭയാത് | ആപത്തിൽനിന്നു് | നിശി | രാത്രിയിൽ |
| നന്ദം ച | നന്ദഗോപരേയും, | അതിശ്രമേണ | അതിക്ഷീണത്തോടെ |
| മയസൂനുനാ | വ്യോമാസുരനാൽ | ശയാനം | കിടന്നുറങ്ങുന്ന |
| ബിലേഷു | ഗുഹകളിൽ | ഗോകുലം | ഗോകുലജനത്തെ |
| പിഹിതാൻ | അടയ്ക്കപ്പെട്ട | വികുണ്ഠം | വൈകുണ്ഠമാകുന്ന |
| ഗോപാൻ ച | ഗോപന്മാരേയും | ലോകം | ലോകത്തിലേക്ക് |
| മോക്ഷ്യതി | മോചിപ്പിക്കും. | ഉപനേഷ്യതി | കൊണ്ടുപോകും. |
| | | സ്മ | അത്ഭുതകരം ! |

32 ഗോപൈർമ്മഖേ പ്രതിഹതേ വ്രജവിപ്ലവായ
ദേവേഽഭിവർഷതി പശൂൻ കൃപയാ രിരക്ഷുഃ
ധർത്തോച്ഛിലീന്ധ്രമിവ സപ്തദിനാനി സപ്ത-
വർഷോ മഹീധ്രമനഘൈകകരേ സലീലം.

| | | | |
|---|---|---|---|
| മഖേ | (ഇന്ദ്രനുള്ള) യാഗം | രിരക്ഷുഃ | രക്ഷിക്കുവാനിച്ഛിച്ചു കൊണ്ടു് |
| ഗോപൈഃ | ഗോപന്മാരാൽ | സപ്തവർഷഃ | ഏഴുവയസ്സായവൻ |
| പ്രതിഹതേ | മുടക്കപ്പെട്ടിരിക്കെ, | അനഘൈ- കകരേ | ആയാസമില്ലാത്ത ഒരേ കൈയിൽ |
| ദേവേ | ഇന്ദ്രൻ | മഹീധ്രം | (ഗോവർദ്ധന) ഗിരിയെ |
| വ്രജ- വിപ്ലവായ | ഗോകുലത്തെ നശിപ്പി ക്കുന്നതിനുവേണ്ടി | ഉച്ഛിലീന്ധ്രം ഇവ | മുളച്ചുനില്ക്കുന്ന നായ്ക്കുട യെ(ക്കൂൺ) എന്നപോലെ |
| അഭിവർഷതി | പേമാരി ചൊരിയു മ്പോൾ, | സപ്തദിനാനി | ഏഴു ദിവസംമുഴുവൻ |
| കൃപയാ | കാരുണ്യത്താൽ | സലീലം | കളിയായിട്ടു് |
| പശൂൻ | പശുക്കളെ | ധർത്താ | എടുത്തുനിന്നേക്കും. |

33 ക്രീഡൻ വനേ നിശി നിശാകരരശ്മിഗൌര്യാം
രാസോന്മുഖഃ കലപദായതമൂർച്ഛിതേന
ഉദ്ദീപിതസ്മരരുജാം വ്രജഭൃദ്വധൂനാം
ഹർത്തുർഹരിഷ്യതി ശിരോ ധനദാനുഗസ്യ

| | | | |
|---|---|---|---|
| നിശാകര- രശ്മിഗൌര്യാം | ചന്ദ്രകിരണത്താൽ വെ ണ്മ പൂണ്ടിരിക്കുന്ന | കലപദായത- മൂർച്ഛിതേന | മഞ്ജുളപദഗീതിയുടെ നീണ്ട താനസഞ്ചാരത്താൽ |
| നിശി | രാത്രിയിൽ, | ഉദ്ദീപിത- സ്മരരുജാം | ഉണർത്തപ്പെട്ട കാമാർ ത്തിയോടുകൂടിയ |
| വനേ | വൃന്ദാവനത്തിൽ | വ്രജഭൃദ്- വധൂനാം | ഗോപസ്ത്രീകളുടെ |
| രാസോന്മുഖഃ | രാസലീലക്ക് ഉദ്യമിച്ചു് | | |
| ക്രീഡൻ | വിഹരിച്ചുകൊണ്ടു്, | | |

| | | | |
|---|---|---|---|
| ഹർത്തുഃ | അപഹർത്താവാകുന്ന | ശിരഃ | ശിരസ്സിനെ |
| ധനദാനുഗസ്യ | കുബേരാനുചരനായ ശംഖചൂഡന്റെ | ഹരിഷ്യതി | എടുത്തുകളയും. |

34 യേ ച പ്രലംബഖരദർദ്ദുരകേശ്യരിഷ്ട-
മല്ലേഭകംസയവനാഃ കുജപൌണ്ഡ്രകാദ്യാഃ
അന്യേ ച ശാല്വകപിബല്വലദന്തവക്ത്ര-
സപ്തോക്ഷശംബരവിദൂരഥരുക്മിമുഖ്യാഃ

35 യേ വാ മൃധേ സമിതിശാലിന ആത്തചാപാഃ
കാംബോജമത്സ്യകുരുകേകയസൃഞ്ജയാദ്യാഃ
യാസ്യന്ത്യദർശനമലം ബലഭീമപാർത്ഥ-
വ്യാജാഹ്വയേന ഹരിണാ നിലയം തദീയം

| | |
|---|---|
| പ്രലംബഖര- ദർദ്ദുരകേശ്യ- രിഷ്ടമല്ലേഭ- കംസയവനാഃ | പ്രലംബൻ—ധേനുകൻ—ബകൻ — കേശി — അരിഷ്ടൻ — ചാണൂരാദി മല്ലന്മാർ—കുവലയാപീഢം—കംസൻ—കാലയവനൻ— |
| കുജപൌണ്ഡ്ര- കാദ്യാഃ | നരകാസുരൻ - പൌണ്ഡ്രകവാസുദേവൻ മുതലായ |
| യേ ച | യാവചിലരും, |
| ശാല്വകപി- ബല്വല- ദന്തവക്ത്ര- സപ്തോക്ഷ- ശംബര- വിദൂരഥ- രുക്മിമുഖ്യാഃ | ശാല്വൻ—ദ്വിവിദൻ—ബല്വലൻ—ദന്തവക്ത്രൻ—(നഗ്നജിത്തിന്റെ) ഏഴു കൂററൻ കാളകൾ — ശംബരാസുരൻ—വിദൂരഥൻ—രുക്മി തുടങ്ങിയുള്ള |
| അന്യേ ച | മററചിലരും, |
| മൃധേ | മഹായുദ്ധത്തിൽ |
| ആത്തചാപാഃ | വില്ലേന്തിയ |
| സമിതിശാലിനഃ | രണവീരന്മാരായ |
| കാംബോജ- മത്സ്യകുരു- കേകയ- സൃഞ്ജയാദ്യാഃ | കാംബോജന്മാർ— വിരാടന്മാർ— കൌരവന്മാർ — കേകയന്മാർ — സൃഞ്ജയന്മാർ എന്നുതുടങ്ങിയുള്ള |
| യേ വാ | യാവചിലരും |
| ബലഭീമ- പാർത്ഥവ്യാജാ- ഹ്വയേന | ബലഭദ്രൻ—ഭീമസേനൻ —അർജ്ജുനൻ എന്നിങ്ങിനെയും കപടനാമങ്ങളുള്ള |
| ഹരിണാ | ശ്രീഹരിനിമിത്തം |
| അദർശനം | കാണ്മാനാവാത്ത |
| തദീയം | തൽസംബന്ധിയായ |
| നിലയം | ലോകത്തെ |
| അലം | ഏറിയതോതിൽ |
| യാസ്യന്തി | പ്രാപിക്കുന്നതാണ്. |

36 കാലേന മീലിതധിയാമവമൃശ്യ നൄണാം
സ്തോകായുഷാം സ്വനിഗമോ ബത ദൂരപാരഃ
ആവിർഹിതസ്ത്വനുയുഗം സ ഹി സത്യവത്യാം
വേദദ്രുമം വിടപശോ വിഭജിഷ്യതി സ്മ.

| | |
|---|---|
| അനുയുഗം തു | യുഗംതോറും |
| കാലേന | കാലഗതിയാൽ |
| മീലിതധിയാം | സങ്കുചിതബുദ്ധികളും |
| സ്തോകായുഷാം | അല്പായുസ്സുകളുമായ |
| നൄണാം | മനുഷ്യർക്ക് |
| സ്വനിഗമഃ | സ്വനിർമ്മിതമായ വേദവചനം |

| | | | |
|---|---|---|---|
| ദുരപാരഃ | ദുർഗമമാകുമെന്നു് | ആവിഹിതഃ | അവതീർണ്ണനായി, |
| അവമൃശ്യ | വിചാരിച്ചു്, | വേദദ്രുമം | വേദമാവുന്ന വൃക്ഷത്തെ |
| സഃ ഹി | ആ ശ്രീഹരിതന്നെ | വിടപശഃ | ശാഖകളായിട്ടു് |
| സത്യവത്യാം | സത്യവതിയിൽ വ്യാസനായിട്ടു് | വിഭജിഷ്യതി | തരംതിരിച്ചുവെക്കും. |
| | | ബത സ്മ | ഹാ! അദ്ഭുതം! |

37 ദേവദ്വിഷാം നിഗമവർത്മനി നിഷ്ഠിതാനാം
പൂർഭിർമ്മയേന വിഹിതാഭിരദൃശ്യതൂർഭിഃ
ലോകാൻ ഘ്നതാം മതിവിമോഹമതിപ്രലോഭം
വേഷം വിധായ ബഹു ഭാഷ്യത ഔപധർമ്മ്യം.

| | | | |
|---|---|---|---|
| നിഗമവർത്മനി | വേദമാർഗ്ഗത്തിൽ | ദേവദ്വിഷാം | ദേവവിരോധികളുമായ ത്രിപുരാസുരന്മാരുടെ |
| നിഷ്ഠിതാനാം | ഊന്നിനിന്നവരും | മതിവിമോഹ- മതിപ്രലോഭം | ബുദ്ധിയെ ഭ്രമിപ്പിക്കുന്നതും ബുദ്ധിയെ പ്രലോഭിപ്പിക്കുന്നതുമായ |
| മയേന | മയാസുരനാൽ | വേഷം | (ബുദ്ധസന്യാസി)വേഷം |
| വിഹിതാഭിഃ | ഉണ്ടാക്കപ്പെട്ട | വിധായ | ധരിച്ചു് |
| അദൃശ്യതൂർഭിഃ | കാണ്മാനാവാത്ത വേഗത്തോടുകൂടിയ | ഔപധർമ്മ്യം | വേദവിരുദ്ധമായ പാഷണ്ഡധർമ്മത്തെ |
| പൂർഭിഃ | പുരികളാൽ | ബഹു | പലതും |
| ലോകാൻ | ലോകവാസികളെ | ഭാഷ്യത | ഉപദേശിക്കും. |
| ഘ്നതാം | ഹിംസിക്കുന്നവരും | | |

38 യർഹ്യാലയേഷ്വപി സതാം ന ഹരേഃ കഥാഃ സ്യുഃ
പാഖണ്ഡിനോ ദ്വിജജനാ വൃഷലാ നൃദേവാഃ
സ്വാഹാ സ്വധാ വഷഡിതി സ്മ ഗിരോ ന യത്ര
ശാസ്താ ഭവിഷ്യതി കലേർഭഗവാൻ യുഗാന്തേ.

| | | | |
|---|---|---|---|
| യുഗാന്തേ | യുഗാവസാനത്തിങ്കൽ, | പാഖണ്ഡിനഃ | ദേവവിരുദ്ധന്മാരായും |
| യർഹി | എപ്പോൾ | വൃഷലാഃ | ശൂദ്രർ |
| സതാം | സജ്ജനങ്ങളുടെ | നൃദേവാഃ | ജനനായകന്മാരായും ഭവിച്ചേക്കുമോ, |
| ആലയേഷു അപി | ഭവനങ്ങളിലും കൂടി | യത്ര | എപ്പോൾ |
| ഹരേഃ | ഭഗവാന്റെ | സ്വാഹാ സ്വധാ | 'സ്വാഹാ' എന്നോ 'സ്വധാ' എന്നോ |
| കഥാഃ | കഥകൾ | വഷട് ഇതി | 'വഷട്' എന്നോ ഉള്ള |
| ന സ്യുഃ | ഇല്ലാതെയാകുമോ, | ഗിരഃ സ്മ | വാക്കുകൾപോലും |
| ദ്വിജജനാഃ | ബ്രാഹ്മണാദിത്രൈവർണ്ണികന്മാർ | ന | ഇല്ലാതെ വന്നേക്കുമോ, |

| | | | |
|---|---|---|---|
| ഭഗവാൻ | (അപ്പോൾ) ഭഗവാൻ | ശാസ്താ | ശാസ്താവായിട്ട് (കല്കിയായിട്ട്) |
| കഥേഃ | കലികാലത്തിന്റെ | ഭവിഷ്യതി | അവതരിച്ചേക്കും. |

കുറിപ്പ്:- സ്വാഹാകാരം അഗ്നിപ്രീതികരവും (അഗ്നയേ സ്വാഹാ) സ്വധാകാരം പിതൃപ്രീതികരവും (പിതൃഭ്യഃ സ്വധാ) വഷട്കാരം ദേവപ്രീതികരവും (വഷട് ഇന്ദ്രായ) ആയ മന്ത്രവചനങ്ങളാണ്. അവ ഇല്ലാതെയാവുക എന്നാൽ, യജ്ഞശ്രാദ്ധാദികർമ്മങ്ങൾ നിശ്ശേഷം നശിക്കുക എന്നർത്ഥം.

ഈ ബ്രഹ്മനാരദസംവാദം നടന്നതിൽപ്പിന്നെയാണ് ശ്രീരാമാദ്യവതാരങ്ങൾ ഉണ്ടായിരിക്കുന്നത്. ധന്വന്തരിപരശുരാമന്മാർ തൽസന്ദർഭത്തിലും, മററുള്ളവ മുമ്പും. മന്വന്തരാവതാരങ്ങൾ സാർവ്വകാലികളുമാണ്. ക്രിയാപദങ്ങളെ കാലഭേദം വരുത്തി പ്രയോഗിച്ചിട്ടുള്ളത് ഇവിടെ ശ്രദ്ധേയമാകുന്നു.

39 സർഗ്ഗേ തപോഽഹമൃഷയോ നവ യേ പ്രജേശാഃ
സ്ഥാനേ ച ധർമ്മമഖമന്വമരാവനീശാഃ
അന്തേ ത്വധർമ്മഹരമന്യുവശാസുരാദ്യാ
മായാവിഭൂതയ ഇമാഃ പുരുശക്തിഭാജഃ

| | | | |
|---|---|---|---|
| സർഗ്ഗേ | സൃഷ്ടിവിഷയത്തിൽ | അന്തേ തു | സംഹാരത്തിലാകട്ടെ |
| തപഃ അഹം | തപസ്സ്-ഞാൻ (ബ്രഹ്മാ) | അധർമ്മഹര-മന്യുവശാ-സുരാദ്യാഃ | അധർമ്മം-രുദ്രൻ-മന്യുവശനാഗങ്ങൾ-അസുരന്മാർ മുതലായവരായും |
| ഋഷയഃ | മരീച്യാദി ഋഷികൾ | | |
| നവ | ഒമ്പത് | | |
| പ്രജേശാഃ | പ്രജാപതിമാർ | | |
| യേ ച | എന്നിവരായും, | പുരുശക്തി-ഭാജഃ | നിരവധി ശക്തിയാളുന്ന ഭഗവാന്റെ |
| സ്ഥാനേ | സ്ഥിതിവിഷയത്തിൽ | | |
| ധർമ്മമഖ-മന്വമരാ-വനീശാഃ | ധർമ്മം-യജ്ഞരൂപനായ വിഷ്ണു-സ്വായംഭുവമനു-ദേവകൾ-രാജാക്കന്മാർ എന്നിവരായും, | ഇമാഃ | ഈദൃശങ്ങളായ |
| | | മായാ-വിഭൂതയഃ | മായാഗുണാവതാരങ്ങൾ പ്രത്യക്ഷപ്പെടുന്നു. |

40 വിഷ്ണോർന്നു വീര്യഗണനാം കതമോഽർഹതീഹ
യഃ പാർത്ഥിവാന്യപി കവിർവ്വിമമേ രജാംസി
ചസ്കംഭ യഃ സ്വരംഹസാസ്ഖലതാ ത്രിപൃഷ്ഠം
യസ്മാത്ത്രിസാമ്യസദനാദുരു കമ്പയാനം.

| | | | |
|---|---|---|---|
| യഃ | യാതൊരു | വിമമേ | ഇത്രയെന്നു പരിഗണിച്ചു, |
| കവിഃ | പ്രതിഭാശാലിയായവൻ | | |
| പാർത്ഥിവാനി | ഭൂമിയിലുള്ള | അപി | എന്നിരുന്നാലും, |
| രജാംസി | രേണുകണങ്ങളെ | ഇഹ | ലോകത്തിൽ |

| | | | |
|---|---|---|---|
| കതമഃ | അങ്ങനെയുള്ള ഏതൊരാൾ | ത്രിസാമ്യസദനാത് | ഗുണത്രയം സമതയിൽ നില്ക്കുന്ന മൂലപ്രകൃതി മുതല്ക്ക് |
| വിഷ്ണോഃ | ശ്രീവിഷ്ണുവിൻെറ | ഉരു | അത്യധികമായി |
| വീര്യഗണനാം | ശക്തിപരിഗണനയെ | കമ്പയാനം | വിറക്കൊണ്ടിരുന്ന |
| അർഹതി ന | അർഹിക്കുന്നുണ്ട്? | ത്രിപൃഷ്ഠം | സത്യലോകത്തെ, |
| യഃ | യാതൊരു വിഷ്ണുഭഗവാൻ (ത്രൈവിക്രമത്തിൽ) | യസ്മാത് | ആകയാൽ |
| അസ്ഖലിതാ | തടവിയലാത്ത | ചസ്കംഭ | ഉറപ്പിച്ചുനിർത്തി. |
| സ്വരംഹസാ | സ്വപാദവിന്യാസത്തിൻെറ ഊക്കിനാൽ | | |

കുറിപ്പ്:— ഭൂമിയിലുള്ള മൺതരികൾ കണക്കാക്കിപ്പറയുവാൻ കഴിയുന്നവനുംപോലും വിഷ്ണുവിൻെറ വീര്യവിഭൂതികളെ കൃത്യമാക്കി പറവാൻ സാദ്ധ്യമല്ലെന്നു സാരം. ത്രിവിക്രമമൂർത്തിയായി മൂന്നടിയാൽ ലോകങ്ങളെ അളന്നതും, അടിവെപ്പിൻെറ ഊക്കുകൊണ്ടു സമൂലം വിറക്കൊണ്ട സത്യലോകത്തെ അചഞ്ചലമാക്കിയതും ഓർക്കുമ്പോൾ ആ വീര്യവിഭൂതികൾ അവർണ്ണനീയങ്ങളെന്നു സിദ്ധം. "വിഷ്ണോർനു കം വീര്യാണി പ്രവോചം യഃ പാർത്ഥിവാനി വിമമേ രജാംസി യോ അസ്കഭായദുത്തരം സധസ്ഥം വിചക്രമാണസ്ത്രേധോരുഗായഃ" എന്ന വേദമന്ത്രത്തെ ഇവിടെ പരോക്ഷമായി പരാമർശിക്കുന്നു.

41 നാന്തം വിദാമ്യഹമമീ മുനയോ ഽഗ്രജാസ്തേ
മായാബലസ്യ പുരുഷസ്യ കുതോ ഽപരേ യേ
ഗായൻ ഗുണാൻ ദശശതാനന ആദിദേവഃ
ശേഷോ ഽധുനാപി സമവസ്യതി നാസ്യ പാരം.

| | | | |
|---|---|---|---|
| പുരുഷസ്യ | പരമപുരുഷൻെറ | കുതഃ | പിന്നെയെങ്ങനെ? |
| മായാബലസ്യ | മായക്കുള്ളതായ കഴിവിൻെറ | ദശശതാനനഃ | ആയിരംമുഖങ്ങളുള്ള |
| അന്തം | അററത്തെ | ആദിദേവഃ | ആദിദേവനായ |
| അഹം | ഞാൻതന്നെ | ശേഷഃ | അനന്തൻ |
| ന വിദാമി | അറിയുന്നില്ല; | അസ്യ | ഈ പരമപുരുഷൻെറ |
| തേ അഗ്രജാഃ | നിനക്കുമുമ്പുണ്ടായ | ഗുണാൻ | ഗുണങ്ങളെ |
| അമീ മുനയഃ | ഈ സനകാദിമുനിമാരും, | ഗായൻ | ഗാനംചെയ്തുകൊണ്ട് |
| യേ | യാവചിലർ | അധുനാ അപി | ഇപ്പോഴും |
| അപരേ | വേറെയുണ്ടോ, അവരും | പാരം ന സമവസ്യതി | അററമെത്താതെയിരിക്കുകയാണ്. |

42 യേഷാം സ ഏവ ഭഗവാൻ ദയയേദനന്തഃ
സർവ്വാത്മനാ ഽശ്രിതപദോ യദി നിർവ്യളീകം
തേ ദുസ്തരാമതിതരന്തി ച ദേവമായാം
നൈഷാം മമാഹമിതി ധീഃ ശ്വശൃഗാലഭക്ഷ്യേ.

| | |
|---|---|
| നിർവ്യളീകം | നിഷ്കപടമായി |
| സർവ്വാത്മനാ | സർവ്വപ്രകാരേണയും |
| ആശ്രിതപദഃ യദി | ആശ്രയിക്കപ്പെട്ട പാദ പദ്മത്തോടുകൂടിയവനായി ഭവിച്ചെങ്കിൽ |
| അനന്തഃ | ശാശ്വതനും |
| ഭഗവാൻ | ഐശ്വര്യാദിഗുണോപേതനമായ |
| സഃ ഏവ | ആ പരമപുരുഷൻതന്നെ |
| യേഷാം | യാതൊരുവരുടെ പേരിൽ |
| ദയയേത് | കനിഞ്ഞേക്കുമോ, |
| തേ | അവർ |
| ദുസ്തരാം | തരണംചെയ്യാനാവാത്ത |
| ദേവമായാം | ഈശ്വരമായയെ |
| അതിതരന്തി ച | തരണംചെയ്യുകയും അറിയുകയും ചെയ്യുന്നു. |
| ശ്വസൃഗാലഭക്ഷ്യേ | പട്ടിക്കും കുറുക്കനും തിന്നുവാനുതകുന്ന ശരീരത്തിൽ |
| മമ അഹം ഇതി ധീഃ | എന്റേതെന്നും ഞാനെന്നുമുള്ള ധാരണ |
| ഏഷാം ന | ഇവർക്കില്ല. |

43 വേദാഹമംഗ പരമസ്യ ഹി യോഗമായാം
യൂയം ഭവശ്ച ഭഗവാനഥ ദൈത്യവര്യഃ
പത്നീ മനോഃ സ ച മനുശ്ച തദാത്മജാശ്ച
പ്രാചീനബർഹി ഋഭുരംഗ ഉത ധ്രുവശ്ച.

| | |
|---|---|
| ഹി അംഗ | എന്നാൽ, വത്സ നാരദ! |
| പരമസ്യ | പരമപുരുഷന്റെ |
| യോഗമായാം | യോഗമായയെ |
| അഹം വേദ | ഞാൻ അറിയുന്നു. * |
| അഥ | അതിനപ്പുറമെ, |
| യൂയം | നിങ്ങളും |
| ഭഗവാൻ | സർവ്വജ്ഞനായ |
| ഭവഃ ച | പരമശിവനും, |
| ദൈത്യവര്യഃ | പ്രഹ്ലാദനും, |
| മനോഃ | സ്വായംഭുവമനുവിന്റെ |
| പത്നീ ച | പത്നി ശതരൂപയും, |
| സഃ മനുഃ ച | ആ മനുവും |
| തദാത്മജാഃ ച | മനുവിന്റെ പുത്രന്മാരും, |
| പ്രാചീനബർഹിഃ | പ്രാചീനബർഹിസ്സെന്ന രാജർഷിയും, |
| ഋഭുഃ | ഋഭുമുനിയും |
| അംഗഃ | വേനപിതാവായ അംഗനും, |
| ഉത | മാത്രമല്ല |
| ധ്രുവഃ ച | ധ്രുവനും അറിയുന്നു. |

* 'മായയുടെ അന്തർജ്ഞാനമില്ലെങ്കിലും, ഇതു മായയാണെന്നു് അറിയാം' എന്നാണു് വിവക്ഷിതം. 'നാന്തം വിദാമ്യഹം' എന്നു മുൻപു പറഞ്ഞിട്ടുള്ളതിന്നു് ഈ പ്രസ്താവം വിരുദ്ധമാകുന്നില്ല.

44 ഇക്ഷ്വാകുരൈളമുചുകുന്ദവിദേഹഗാധി-
രഘ്വംബരീഷസഗരാ ഗയനാഹുഷാദ്യാഃ
മാന്ധാത്രലർക്കശതധന്വനുരന്തിദേവാ
ദേവവ്രതോ ബലിരമൂർത്തരയോ ദിലീപഃ

45 സൌഭര്യുതങ്കശിബിദേവലപിപ്പലാദ-
സാരസ്വതോദ്ധവപരാശരഭൂരിഷേണാഃ
യേഽന്യേ വിഭീഷണഹനൂമദുപേന്ദ്രദത്ത-
പാൎത്ഥാൎഷ്ടിഷേണവിദുരശ്രുതദേവവൎയ്യാഃ

ഇക്ഷ്വാകു, ഐളൻ (പുരൂരവസ്സ്), മുചുകുന്ദൻ, വിദേഹൻ (ജനകരാജാവ്), ഗാധി, രഘു, അംബരീഷൻ, സഗരൻ, ഗയൻ, നഹുഷൻ (യയാതി) തുടങ്ങിയവരും, മാന്ധാതാ, അലൎക്കൻ, ശതധന്വാവ്, അനു, രന്തിദേവൻ, ദേവവ്രതൻ (ഭീഷ്മർ), ബലി, അമൂൎത്തരയൻ, ദിലീപൻ എന്നിവരും—

സൌഭരി, ഉതങ്കൻ, ശിബി, ദേവലൻ, പിപ്പലാദൻ, സാരസ്വതൻ, ഉദ്ധവർ, പരാശരൻ, ഭൂരിഷേണൻ, വിഭീഷണൻ, ഹനൂമാൻ, ഉപേന്ദ്രദത്തൻ (ശ്രീശുകൻ), പാൎത്ഥന്മാർ (പാണ്ഡവന്മാർ), ആൎഷ്ടിഷേണൻ, വിദുരൻ, ശ്രുതദേവൻ മുതലായ യാവചിലർ വേറേയും (യേ അന്യേ) യോഗമായയെ അറിയും.

46 തേ വൈ വിദന്ത്യതിതരന്തി ച ദേവമായാം
സ്ത്രീശൂദ്രഹൂണശബരാ അപി പാപജീവാഃ
യദ്യദ്ഭുതക്രമപരായണശീലശിക്ഷാ-
സ്തിൎയ്യഗ്ജനാ അപി കിമു ശ്രുതധാരണാ യേ.

| | | | |
|---|---|---|---|
| അദ്ഭുതക്രമ-പരായണ-ശീലശിക്ഷാഃ | ഭഗവൽഭക്തന്മാരുടെ സ്വഭാവഗുണവും ശിക്ഷണവും ഉള്ളവരായിട്ട് | തേ വൈ | അവർപോലും |
| യദി | ഇരിക്കുന്നുവെങ്കിൽ, | ദേവമായാം | ഈശ്വരമായയെ |
| പാപജീവാഃ | പാപാത്മാക്കളായ | വിദന്തി | മനസ്സിലാക്കുന്നു; |
| സ്ത്രീശൂദ്രഹൂണ-ശബരാഃ അപി | സ്ത്രീകളോ–ശൂദ്രരോ–ഹൂണന്മാരോ–കിരാതന്മാരോ ആയാലും, | അതിതരന്തി ച | അതിനെ മറികടക്കുകയും ചെയ്യുന്നു. |
| തിൎയ്യഗ്ജനാഃ അപി | പക്ഷിമൃഗാദിയോനികളിൽ ജനിച്ചവരായാലും, | ശ്രുതധാരണാഃ | ഭഗവൽസ്വരൂപത്തിൽ മനസ്സൂന്നിയിരിക്കുന്നവർ |
| | | യേ | യാതൊരുവരാണോ, അവർ |
| | | കിമു | പിന്നെപ്പറയേണ്ടതുണ്ടോ? |

47 ശശ്വത് പ്രശാന്തമഭയം പ്രതിബോധമാത്രം
ശുദ്ധം സമം സദസതഃ പരമാത്മതത്ത്വം
ശബ്ദോ ന യത്ര പുരുകാരകവാൻ ക്രിയാൎത്ഥോ
മായാപരേത്യഭിമുഖേ ച വിലജ്ജമാനാ.

48 തദ്വൈ പദം ഭഗവതഃ പരമസ്യ പുംസോ
ബ്രഹ്മേതി യദ്വിദുരജസ്രസുഖം വിശോകം
സധ്ര്യങ് നിയമ്യ യതയോ യമകൎത്തഹേതിം
ജഹ്യുഃ സ്വരാഡിവ നിപാനഖനിത്രമിന്ദ്രഃ

| | |
|---|---|
| യത് | യാതൊന്നിനെയാണോ, |
| ബ്രഹ്മ ഇതി | 'ബ്രഹ്മ'മെന്നിങ്ങനെ |
| വിദുഃ | (ഋഷിമാർ) അറിഞ്ഞിരിക്കുന്നതു് |
| തത് വൈ | അതത്രേ |
| പരമസ്യ പുംസഃ | പരമപുരുഷനായ (പരമാത്മാവായ) |
| ഭഗവതഃ | ഭഗവാന്റെ |
| പദം | സ്വരൂപം. |
| ശശ്വത് | എന്നെന്നും |
| പ്രശാന്തം | തികച്ചും ശാന്തമായി നിലകൊള്ളുന്ന |
| അജസ്രസുഖം | നിത്യാനന്ദമാണതു്; |
| സമം | നിർദ്വന്ദ്വവും |
| അഭയം | നിർഭയവും ആയ |
| വിശോകം | നിശ്ശോകാവസ്ഥയാണതു്; |
| സദസതഃ | സത്തിൽനിന്നും അസത്തിൽനിന്നും (രൂപാദി വിഷയങ്ങളിൽനിന്നും ചക്ഷുരാദി ഇന്ദ്രിയങ്ങളിൽനിന്നും) |
| പരം | അതീതമായി |
| ശുദ്ധം | നിർമ്മലമായിരിക്കുന്ന |
| പ്രതിബോധമാത്രം | ജ്ഞാനൈകരസമാണതു്; |
| ആത്മതത്ത്വം | ആത്മാവിന്റെ (ജ്ഞാതാവിന്റെ) സ്വരൂപമായതും അതുതന്നെ. |

| | |
|---|---|
| യത്ര | യാതൊന്നിൽ |
| ശബ്ദഃ | ശബ്ദം(ബോധകമായും) |
| പുരുകാരകവാൻ | ബഹുകാരകങ്ങളാൽ സാദ്ധ്യമാകുന്ന |
| ക്രിയാർത്ഥഃ | ക്രിയാഫലം (അഭിവ്യഞ്ജകമായും) |
| ന | ഇരിക്കുന്നില്ല; |
| മായാ ച | മായയും |
| അഭിമുഖേ | നേരിടുമ്പോൾ |
| വിലജ്ജമാനാ | നാണംപൂണ്ടു് |
| പരൈതി | ഓടിമറയുന്നു. |
| യതയഃ | യതിക്കുന്ന സാധകന്മാർ |
| സധ്ര്യക് | അവരുടെ കിങ്കരനായിത്തീർന്ന മനസ്സിനെ |
| യം | യാതൊരു ഈ സച്ചിദാനന്ദബ്രഹ്മസ്വരൂപനെ കുറിച്ചു് |
| നിയമ്യ | സ്ഥിരീകരിച്ചശേഷം |
| അകർത്ഥഹേതിം | ഭേദനിരാസത്തിനുള്ള ആയുധത്തെ (ഉപകരണത്തെ) |
| സ്വരാട് | സ്വയം വൃഷ്ടിയുടെ ദേവനായി വിരാജിക്കുന്ന |
| ഇന്ദ്രഃ | ഇന്ദ്രൻ |
| നിപാനഖനിത്രം | കിണർ കുഴിക്കാനുള്ള ആയുധത്തെ |
| ഇവ | എന്നപോലെ |
| ജഹ്യുഃ | ഉപേക്ഷിക്കും. |

കുറിപ്പ്:— വൃഷ്ടാധിപനായ ദേവേന്ദ്രനു് ജലം സ്വായത്തമാണല്ലോ. അതുകൊണ്ടു കിണർ കുഴിച്ചു വെള്ളം എടുക്കേണ്ടതില്ല ഇതുപോലെ ഭഗവൽസ്വരൂപത്തിൽ മനോനിയമനം സാധിച്ചു് "ബ്രഹ്മോഹം" എന്ന അഭേദഭാവന സ്വായത്തമായ യോഗികൾ ഈ അഭേദഭാവനയുണ്ടാകുവാനുതകുന്ന സാധനകളെ അപേക്ഷിക്കേണ്ടതില്ല; അവയെ തള്ളിക്കളയാവുന്നതാണ്.

49 സ ശ്രേയസാമപി വിഭുർഭഗവാൻ യതോഽസ്യ
ഭാവസ്വഭാവവിഹിതസ്യ സതഃ പ്രസിദ്ധിഃ
ദേഹേ സ്വധാതുവിഗമേഽനു വിശീര്യമാണേ
വ്യോമേവ തത്ര പുരുഷോ ന വിശീര്യതേഽജഃ.

| | | | |
|---|---|---|---|
| സഃ ഭഗവാൻ | ആ ഭഗവാൻതന്നെ | സ്വധാതു-വിഗമേ | തന്നിലെ ഭൌതികാംശം വേർപിരിയുമ്പോഴും |
| ശ്രേയസാം | കർമ്മഫലങ്ങളുടെ | അനു | അതിനെത്തുടർന്ന് |
| വിഭുഃ അപി | ദാതാവുമാണ്. | വശീര്യമാണേ | തകർന്നുപോകുന്ന |
| ഭാവ-സ്വഭാവ-വിഹിതസ്യ | ബ്രാഹ്മണാദി മനുഷ്യരാശിയുടെ ശമദമാദിസ്വഭാവാനുസാരേണ അനുഷ്ഠിതമായ | ദേഹേ | ശരീരത്തിൽ |
| | | തത്ര | അതിലുൾക്കൊണ്ട |
| അസ്യ സതഃ | ഈ ശുഭകർമ്മത്തിന്റെ | വ്യോമ ഇവ | ആകാശം എന്നപോലെ |
| പ്രസിദ്ധിഃ | സംപൂർത്തി | അജഃ | ജന്മരഹിതനായ |
| യതഃ | (അതിന്റെ പ്രേരകനായ) യാതൊരുവനിൽ നിന്നത്രെ. | പുരുഷഃ | ജീവാത്മാവ് |
| | | ന വിശീര്യതേ | തകരുന്നില്ല |

കുറിപ്പ്:— അജസ്രസുഖവും വിശോകവുമായ ബ്രഹ്മമാണ് ഭഗവൽസ്വരൂപമെന്നും അതിൽ എത്തിച്ചേർന്നവർക്ക് പിന്നെ പ്രാപ്യമോ കർത്തവ്യമോ ആയ യാതൊന്നും തന്നെയില്ലെന്നും മുൻശ്ലോകത്തിൽ പറഞ്ഞു. എന്നാൽ ഈ നില കൈവരാതെ കർമ്മമാർഗ്ഗത്തിൽ ചരിക്കുന്നവർക്ക് തത്തൽകർമ്മാനുസാരേണയുള്ള ഫലത്തിന്റെ ദാതാവും ഭഗവാൻതന്നെയാണെന്ന് ഈ ശ്ലോകംകൊണ്ട് പറയുന്നു. ഈ കർമ്മഫലം അനുഭവിക്കുന്നതു് ദേഹനാശത്തിനുശേഷം നശിക്കാതെ അവശേഷിക്കുന്ന ജീവാത്മാവുമാണ്.

50 സോഽയം തേഽഭിഹിതസ്താത ഭഗവാൻ വിശ്വഭാവനഃ
സമാസേന ഹരേർന്നാന്യദന്യസ്മാത് സദസച്ച യത്.

| | | | |
|---|---|---|---|
| താത | വത്സ നാരദ ! | അഭിഹിതഃ | പറയപ്പെട്ടിരിക്കുന്നു. |
| വിശ്വഭാവനഃ | പ്രപഞ്ചത്തിന്റെ രചയിതാവും | സത് | കാര്യരൂപമായും |
| | | അസത് ച | കാരണരൂപമായും |
| ഭഗവാൻ | ഐശ്വര്യാദി ഗുണസമ്പന്നനുമായ | യത് | ഏതെല്ലാമോ, അതെല്ലാം |
| സഃ അയം | ആ ഈ ശ്രീഹരി ആരെന്നതു് | അന്യസ്മാത് | കാര്യപ്രപഞ്ചത്തിൽനിന്നു് വ്യതിരിക്തനായ |
| സമാസേന | ചുരുക്കത്തിൽ | ഹരേഃ | ശ്രീഹരിയിൽനിന്നു് |
| തേ | നിന്നോടു് | അന്യത് ന | അന്യമായതല്ല; |

51 ഇദം ഭാഗവതം നാമ യന്മേ ഭഗവതോദിതം
സംഗ്രഹോഽയം വിഭൂതീനാം ത്വമേതദ്വിപുലീകുരു

| | | | |
|---|---|---|---|
| ഭഗവതാ | ഭഗവാനാൽ | യത് ഇദം | യാതൊരു ഈ തത്ത്വസാരം |
| മേ | എനിക്കായി | ഭാഗവതം | ഭാഗവതം എന്ന |
| ഉദിതം | ഉപദേശിക്കപ്പെട്ട | നാമ | പേരുള്ളതാകുന്നു. |

| | | | |
|---|---|---|---|
| അയം | ഇതു് | ത്വം ഏതം | നീ ഇതിനെ |
| വിഭൂതീനാം | ഭഗവദ്വിഭൂതികളുടെ | | |
| സംഗ്രഹഃ | ചുരുക്കമാണു്. | വിപുലീകുരു | വിസ്തരിച്ചുകൊൾക. |

52 യഥാ ഹരൌ ഭഗവതി നൃണാം ഭക്തിർഭവിഷ്യതി
സർവ്വാത്മന്യഖിലാധാരേ ഇതി സങ്കല്പ്യ വർണ്ണയ

| | | | |
|---|---|---|---|
| സർവ്വാത്മനി | സർവ്വാത്മാവായി, | ഭക്തിഃ | പരമപ്രേമഭാവം |
| അഖിലാധാരേ | സർവ്വാധിഷ്ഠാനമായി, | യഥാ | എങ്ങനെയായാൽ |
| ഭഗവതി | സർവ്വഗുണസമ്പന്നനായിരിക്കുന്ന | ഭവിഷ്യതി | ഉണ്ടാകും |
| | | ഇതി | എന്നതു് |
| ഹരൌ | ശ്രീഹരിയിൽ | സങ്കല്പ്യ | ഉള്ളിൽക്കണ്ടിട്ടു് |
| നൃണാം | ജനങ്ങൾക്കു് | വർണ്ണയ | വർണ്ണിച്ചാലും. |

53 മായാം വർണ്ണയതോഽമുഷ്യ ഈശ്വരസ്യാനുമോദതഃ
ശൃണ്വതഃ ശ്രദ്ധയാ നിത്യം മായയാത്മാ ന മുഹ്യതി.

| | | | |
|---|---|---|---|
| അമുഷ്യ ഈശ്വരസ്യ | ഈ സർവ്വനിയന്താവായ ശ്രീഹരിയുടെ | ശ്രദ്ധയാ | ശ്രദ്ധയോടുകൂടി |
| | | നിത്യം | പതിവായിട്ടു് |
| മായാം | മായയെ (മായാശ്രിതമായ ലീലയെ) | ശൃണ്വതഃ | കേൾക്കുന്നവന്റെയും |
| വർണ്ണയതഃ | വർണ്ണിക്കുന്നവന്റെയും, | ആത്മാ | അന്തഃകരണം |
| അനുമോദതഃ | വർണ്ണനയെ അനുമോദിക്കുന്നവന്റെയും, | മായയാ | മായകൊണ്ടു് |
| | | ന മുഹ്യതി | മോഹിക്കുന്നതല്ല. |

കുറിപ്പു്:- ഭഗവാന്റെ അവതാരകഥകളുടെ സംക്ഷേപം പ്രഥമസ്കന്ധം മൂന്നാമദ്ധ്യായത്തിൽ സൂതശൌനകസംവാദത്തിലുണ്ടു്. അതിൽനിന്നും അല്പം വിപുലീകരിച്ചുകൊണ്ടുള്ള ഈ ബ്രഹ്മനാരദസംവാദത്തിലെ പ്രസ്താവത്തിൽ അവതാരങ്ങളുടെ എണ്ണം കൂടിയിരിക്കുന്നു. "അവതാരാ ഹ്യസംഖ്യേയാഃ" എന്നതാണു് ഇതിനു സമാധാനം.

ഭഗവാൻ ലോകാനുഗ്രഹാർത്ഥം കൈക്കൊണ്ട ജന്മകർമ്മങ്ങളെ സംഗ്രഹരൂപത്തിൽ ഉപദേശിച്ചശേഷം ബ്രഹ്മാവു് നാരദമുനിയോടു പറഞ്ഞതു പ്രത്യേകം ശ്രദ്ധേയമാകുന്നു. ജനങ്ങൾക്കു് ഭഗവാനിൽ ഭക്തിയുറയ്ക്കുവാൻ ഉതകുമാറു് ബ്രഹ്മോപദേശതത്ത്വത്തെ ശ്രീനാരദൻ ലോകത്തിൽ പ്രചരിപ്പിക്കണം. ഭക്തിപ്രവണമല്ലാത്ത തത്ത്വാവബോധം നിഷ്പ്രയോജനമാണെന്നത്രേ ഭാഗവതശാസ്ത്രസാരം.

ബ്രഹ്മനാരദസംവാദം അവസാനിച്ചു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ
ബ്രഹ്മനാരദസംവാദേ സപ്തമോऽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 266.

ഏഴാമദ്ധ്യായം കഴിഞ്ഞു.

## അഷ്ടമോഽദ്ധ്യായഃ : എട്ടാമദ്ധ്യായം.

“അഷ്ടമേ ദേഹസംബന്ധമാക്ഷിപന്നീശജീവയോഃ
ഖഗ്ഗൻ പരീക്ഷിദാപൃച്ഛത് പുരാണാർത്ഥാൻ ബുഭുത്സിതാൻ”

## ശ്രീ പരീക്ഷിത്തിൻെറ ചോദ്യങ്ങൾ

രാജോവാച : — പരീക്ഷിത്ത് രാജാവ് (ശ്രീശുകനോട്) ചോദിച്ചു

1 ബ്രഹ്മണാ ചോദിതോ ബ്രഹ്മൻ ഗുണാഖ്യാനേഽഗുണസ്യ ച
യസ്മൈ യസ്മൈ യഥാ പ്രാഹ നാരദോ ദേവദർശനഃ

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മജ്ഞനായ ഋഷേ! | ഗുണാഖ്യാനേ | ഗുണങ്ങളെ വിപുലനം ചെയ്തുപറയുക എന്ന വിഷയത്തിൽ |
| ദേവദർശനഃ | ഭഗവാനെപ്പോലെ ദർശനമേകിയനുഗ്രഹിക്കുന്ന | ബ്രഹ്മണാ | ബ്രഹ്മാവിനാൽ |
| | | ചോദിതാഃ | പ്രേരിതനായിട്ട് |
| നാരദഃ | ശ്രീനാരദമുനി | യസ്മൈ യസ്മൈ | ഏതേതുപേർക്ക് |
| അഗുണസ്യ ച | നിർഗ്ഗുണനായവൻെറയും | യഥാ | ഏതേതുപ്രകാരം |
| | | പ്രാഹ | പറഞ്ഞുകൊടുത്തു. |

2 ഏതദ് വേദിതുമിച്ഛാമി തത്ത്വം വേദവിദാം വര
ഹരേരദ്ഭുതവീര്യസ്യ കഥാ ലോകസുമംഗലാഃ

| | | | |
|---|---|---|---|
| വേദവിദാം വര | വേദജ്ഞന്മാരുടെ ഇടയിൽ ശ്രേഷ്ഠനായുള്ളോവേ! | അദ്ഭുത- വീര്യസ്യ | അദ്ഭുതപരാക്രമങ്ങളുള്ള |
| | | ഹരേഃ | ഹരിയുടെ |
| ഏതത് | ഇപ്പറഞ്ഞ | കഥാഃ | ചരിതങ്ങൾ |
| തത്ത്വം | തത്ത്വത്തെ | ലോക- സുമംഗലാഃ | ലോകത്തിന്നു് പരമമംഗളത്തെ ഉളവാക്കുന്നവയാണ്. |
| വേദിതും | അറിവാൻ | | |
| ഇച്ഛാമി | ഞാനാഗ്രഹിക്കുന്നു. | | |

3 കഥയസ്വ മഹാഭാഗ യഥാഹമഖിലാത്മനി
കൃഷ്ണേ നിവേശ്യ നിഃസംഗം മനസ്ത്യക്ഷ്യേ കളേബരം.

| | | | |
|---|---|---|---|
| മഹാഭാഗ | ഹേ ഭാഗ്യശാലിൻ! | യഥാ | എപ്രകാരമായാൽ |
| അഖിലാത്മനി | എല്ലാററിലും ആത്മാവായി വാഴുന്ന | അഹം | ഞാൻ |
| | | നിഃസംഗം | അനാസക്തമായ |
| കൃഷ്ണേ | കൃഷ്ണപരമാത്മാവിൽ | മനഃ | മനസ്സിനെ |

| | | | |
|---|---|---|---|
| നിവേശ്യ | അർപ്പിച്ച് | ത്യക്ത്വാ | വെടിയുമോ, അപ്രകാരത്തിൽ |
| കളേബരം | ശരീരത്തെ | കഥയസ്വ | പറഞ്ഞുതന്നാലും. |

4 ശൃണ്വതഃ ശ്രദ്ധയാ നിത്യം ഗൃണതശ്ച സ്വചേഷ്ടിതം
കാലേന നാതിദീർഘേണ ഭഗവാൻ വിശതേ ഹൃദി

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ഹൃദി | ഹൃദയത്തിൽ |
| സ്വചേഷ്ടിതം | സ്വചരിതത്തെ | നാതി-ദീർഘേണ | അധികം ദീർഘിച്ചുപോകാത്ത |
| ശ്രദ്ധയാ | ശ്രദ്ധയോടുകൂടി | | |
| നിത്യം | നിത്യേന | | |
| ശൃണ്വതഃ | കേൾക്കുന്നവന്റെയും | കാലേന | കാലംകൊണ്ടു് |
| ഗൃണതഃ ച | കീർത്തിക്കുന്നവന്റെയും | വിശതേ | പ്രവേശിക്കുന്നു. |

5 പ്രവിഷ്ടഃ കർണ്ണരന്ധ്രേണ സ്വാനാം ഭാവസരോരുഹം
ധുനോതി ശമലം കൃഷ്ണഃ സലിലസ്യ യഥാ ശരത്

| | | | |
|---|---|---|---|
| കൃഷ്ണഃ | ശ്രീകൃഷ്ണഭഗവാൻ | ശമലം | പാപച്ചളിയെ, |
| സ്വാനാം | സ്വഭക്തന്മാരുടെ | ശരത് | ശരൽകാലം |
| ഭാവ-സരോരുഹം | ഭാവാത്മകമായ ഹൃദയകമലത്തിലേക്ക് | സലിലസ്യ | വെള്ളത്തിന്റെ (ചളിയെ) |
| കർണ്ണരന്ധ്രേണ | കർണ്ണദ്വാരത്തിലൂടെ | യഥാ | എന്നതുപോലെ |
| പ്രവിഷ്ടഃ | പ്രവേശിച്ച് | ധുനോതി | അകററുന്നു. |

6 ധൌതാത്മാ പുരുഷഃ കൃഷ്ണപാദമൂലം ന മുഞ്ചതി
മുക്തസർവ്വപരിക്ലേശഃ പാന്ഥഃ സ്വശരണം യഥാ.

| | | | |
|---|---|---|---|
| ധൌതാത്മാ | ചളിയകന്നു തെളിഞ്ഞ ഹൃദയത്തോടുകൂടിയവനും | പാന്ഥഃ | മറുനാട്ടിൽ താമസിച്ച് തിരിച്ചുവന്ന യാത്രികൻ |
| | | സ്വശരണം | സ്വവസതിയെ |
| മുക്തസർവ്വ-പരിക്ലേശഃ | മോചിക്കപ്പെട്ട സകല ക്ലേശങ്ങളോടുകൂടിയവനുമായ | യഥാ | എന്നതുപോലെ |
| | | കൃഷ്ണ-പാദമൂലം | ശ്രീകൃഷ്ണഭഗവാന്റെ പാദമൂലത്തെ |
| പുരുഷഃ | മനുഷ്യൻ | ന മുഞ്ചതി | ഉപേക്ഷിക്കയില്ല. |

7 യദധാതുമതോ ബ്രഹ്മൻ ദേഹാരംഭോഽസ്യ ധാതുഭിഃ
യദൃച്ഛയാ ഹേതുനാ വാ ഭവന്തോ ജാനതേ യഥാ.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ ! | അസ്യ | ഈ ജീവനു് |
| അധാതുമതഃ | പഞ്ചഭൂതങ്ങളോടു യാതൊരു സംബന്ധവുമില്ലാത്ത | ധാതുഭിഃ | പഞ്ചഭൂതങ്ങളെക്കൊണ്ടു |
| | | ദേഹാരംഭഃ | ശരീരാരംഭം |

| | | | |
|---|---|---|---|
| യത് | ഉണ്ടാവുക എന്നതു് | ഭവന്തഃ | നിന്തിരുവടി |
| യദൃച്ഛയാ | യാദൃച്ഛികംകൊണ്ടോ, | യഥാ | യഥാർത്ഥമായി |
| ഹേതുനാ വാ | കാരണംകൊണ്ടോ? | ജാനതേ | അറിയുന്നുവല്ലോ. |

8 ആസീദ്യദുദരാത് പദ്മം ലോകസംസ്ഥാനലക്ഷണം
യാവാനയം വൈ പുരുഷ ഇയത്താവയവൈഃ പൃഥക്
താവാനസാവിതി പ്രോക്തഃ സംസ്ഥാവയവവാനിവ.

| | | | |
|---|---|---|---|
| യദുദരാത് | യാതൊരുവൻെറ ഉദരത്തിൽനിന്നാണോ, | ഇയത്താവയവൈഃ | ഇത്രയെന്നു കണക്കുള്ള അവയവങ്ങളാൽ |
| ലോകസംസ്ഥാനലക്ഷണം | വിശ്വനിർമ്മാണത്തിന്റെ മൂർത്തിമദ്ഭാവമായ | യാവാൻ | എത്രമാത്രം പരിച്ഛിന്നനാണോ, |
| പദ്മം | ചെന്താമരപ്പൂവ് | താവാൻ | അത്രയും പരിച്ഛിന്നനായി |
| ആസീത് | ഉണ്ടായതു് | സംസ്ഥാവയവവാൻ ഇവ ഇതി | രചനയും അവയവങ്ങളും ഉള്ളവനാണെന്നു് തോന്നുംവിധത്തിൽ ഇങ്ങ് |
| അസൌ | ആ പരമപുരുഷൻ, | | |
| അയം വൈ | ഇതേ | | |
| പുരുഷഃ | ജീവപുരുഷൻ | | |
| പൃഥക് | വെവ്വേറെ | പ്രോക്തഃ | വർണ്ണിക്കപ്പെട്ടു. |

അപ്പോൾ, ഈശ്വരനും ജീവനെപ്പോലെത്തന്നെ അവയവങ്ങളാൽ സീമിതനായില്ലേ? ഈശ്വരന്നു് ജീവനേക്കാൾ പിന്നെ എന്തു വിശേഷമുണ്ടു്? ഇതു് വ്യക്തമാക്കിത്തരണമെന്ന സാരം.

9 അജഃ സൃജതി ഭൂതാനി ഭൂതാത്മാ യദനുഗ്രഹാത്
ദദൃശേ യേന തദ്രൂപം നാഭിപദ്മസമുദ്ഭവഃ

| | | | |
|---|---|---|---|
| ഭൂതാത്മാ | സമസ്തജീവസ്വരൂപനായി (ജീവന്മാരുടെ നിയന്താവായി) സ്ഥിതി ചെയ്യുന്ന | സൃജതി | സൃഷ്ടിക്കുന്നു; |
| അജഃ | ബ്രഹ്മദേവൻ | നാഭിപദ്മസമുദ്ഭവഃ | നാഭികമലത്തിൽനിന്നു് ഉത്ഭവിച്ച ആ സ്രഷ്ടാവ് |
| യദനുഗ്രഹാത് | യാതൊരുവൻെറ അനുഗ്രഹത്താൽ | തദ്രൂപം | ഭഗവൽസ്വരൂപത്തെ |
| ഭൂതാനി | ജീവജാലങ്ങളെ | യേന | യാതൊരു ഭഗവദനുഗ്രഹംകൊണ്ടു് |
| | | ദദൃശേ | ദർശിക്കുകയുണ്ടായി. |

സ്രഷ്ടാവിനെ സൃഷ്ടിച്ചനുഗ്രഹിച്ച്, ആത്മസാക്ഷാൽകാരം നല്കി, സൃഷ്ടികർമ്മത്തിൽ പ്രവർത്തിപ്പിക്കുന്ന ഈശ്വരന്നു് ജീവനെക്കാൾ വിശേഷതയുണ്ടെന്നു് സിദ്ധം. ആ വിശേഷതയാണ് എന്തെന്നു് വ്യക്തമാവേണ്ടതു്.

10 സ ചാപി യത്ര പുരുഷോ വിശ്വസ്ഥിത്യുദ്ഭവാപ്യയഃ
മുക്ത്വാഽത്മമായാം മായേശഃ ശേതേ സർവ്വഗുഹാശയഃ

| | | | |
|---|---|---|---|
| അപി ച | മാത്രമല്ല, | മായേശഃ | മായയുടെ നായകനുമായിരിക്കുന്ന |
| വിശ്വസ്ഥിത്യുദ്ഭവാപ്യയഃ | ലോകത്തിന്റെ നിലനില്പിനും ഉൽപത്തിക്കും ഹേതുവായി | സഃ പുരുഷഃ | ആ പരമപുരുഷൻ |
| | | ആത്മമായാം | തന്റെ മായയെ |
| | | മുക്ത്വാ | വിട്ടിട്ട് |
| സർവ്വഗുഹാശയഃ | സമസ്തദേഹാന്തർവർത്തിയായി | യത്ര ശേതേ | എവിടത്തിൽ, ഏതു രൂപത്തിൽ കിടക്കുന്നു? |

11 പുരുഷാവയവൈർല്ലോകാഃ സപാലാഃ പൂർവ്വകല്പിതാഃ
ലോകൈരമുഷ്യാവയവാഃ സപാലൈരിതി ശുശ്രുമ.

| | | | |
|---|---|---|---|
| പുരുഷാവയവൈഃ | വിരാട്പുരുഷന്റെ അവയവങ്ങൾകൊണ്ട് | സപാലൈഃ | ലോകപാലന്മാരോടുകൂടിയ |
| സപാലാഃ | ലോകപാലന്മാരോടുകൂടിയ | ലോകൈഃ | ലോകങ്ങളാൽ |
| | | അമുഷ്യ | ഈ വിരാട്പുരുഷന്റെ |
| ലോകാഃ | ലോകങ്ങൾ | അവയവാഃ ഇതി | അവയവങ്ങൾ രൂപീകൃതങ്ങളായതാണെന്നും |
| പൂർവ്വകല്പിതാഃ | ആദിയിൽ രൂപീകൃതങ്ങളായെന്നും, | ശുശ്രുമ | കേൾക്കയുണ്ടായി |

കുറിപ്പ്:- രാജാവിന് ഇതൊരു വിരോധാഭാസമായിത്തോന്നി "യസ്യേഹാവയവൈർല്ലോകാൻ കല്പയന്തി മനീഷിണഃ" എന്ന് ആദ്യം പറഞ്ഞു, പിന്നെ "പാതാളമേതസ്യ ഹി പാദമൂലം" എന്നിങ്ങിനെ മറിച്ചാണ് ഋഷി പ്രവചിച്ചതു്. ഇവരണ്ടും അന്യോന്യം പൊരുത്തപ്പെടുന്നതെങ്ങനെ? വിരോധാഭാസം പരിഹരിച്ചുതരണമെന്ന് ആവശ്യപ്പെടുന്നു.

12 യാവാൻ കല്പോ വികല്പോ വാ യഥാ കാലോഽനുമീയതേ
ഭൂതഭവ്യഭവച്ഛബ്ദ ആയുർമ്മാനം ച യത് സതഃ

| | | | |
|---|---|---|---|
| കല്പഃ | മഹാപ്രളയവും | സതഃ | സത്തിന്റെ (സ്ഥൂലദേഹാഭിമാനികളായ മനുഷ്യപിതൃദേവാദികളുടെ) |
| വികല്പഃ വാ | അവാന്തരപ്രളയവും | | |
| യാവാൻ | എത്രയാണ്? | ആയുർമ്മാനം | ആയുസ്സിന്റെ അളവ് |
| ഭൂതഭവ്യഭവച്ഛബ്ദഃ | ഭൂതം, ഭാവി, വർത്തമാനം എന്നീ വ്യപദേശങ്ങളുള്ള | യത് ച | എത്രയെന്നുള്ളതും |
| | | യഥാ | എങ്ങനെ |
| കാലഃ | കാലവും | അനുമീയതേ | അഭ്യൂഹിക്കപ്പെടുന്നു? |

13 കാലസ്യാനുഗതിർയാ തു ലക്ഷ്യതേഽണ്വീ ബൃഹത്യപി
യാവത്യഃ കർമ്മഗതയോ യാദൃശീർദ്വിജസത്തമ.

| | | | |
|---|---|---|---|
| ദ്വിജസത്തമഃ | ബ്രാഹ്മണശ്രേഷ്ഠ! | ബൃഹതീ അപി | സംവത്സരാദി വിശാലരൂപമായുമുണ്ടല്ലോ, അതു് |
| കാലസ്യ | കാലത്തിന്റെ | ലക്ഷ്യതേ | അറിയപ്പെടുന്നതെങ്ങനെ? |
| അനുഗതിഃ | ക്രമികപ്രവർത്തനം — | കർമ്മഗതയഃ | കർമ്മംകൊണ്ടുള്ള പ്രാപ്യസ്ഥാനങ്ങൾ |
| യാ തു | യാതൊന്നാകട്ടെ | യാവത്യഃ | എത്ര? |
| അണ്വീ | നിമേഷാദി സൂക്ഷ്മരൂപമായും | യദൃശീഃ | എങ്ങനെയുള്ളവ? |

14 യസ്മിൻ കർമ്മസമാവായോ യഥാ യേനോപഗൃഹ്യതേ
ഗുണാനാം ഗുണിനാം ചൈവ പരിണാമമഭീപ്സതാം.

| | | | |
|---|---|---|---|
| ഗുണാനാം | സത്വാദി ഗുണങ്ങളുടെ | യേന | ഏതു തരക്കാരനാൽ |
| പരിണാമം | പരിണതിയായ ദേവത്വം മുതലായതിനെ | യസ്മിൻ | ഏതു പരിണതിയുടെ വിഷയത്തിൽ |
| അഭീപ്സതാം | ഇച്ഛിക്കുന്ന | കർമ്മസമാവായഃ | ഏതുതരം കർമ്മസമുച്ചയം |
| ഗുണിനാം ച ഏവ | ജീവന്മാർക്കിടയിൽത്തന്നെയും | യഥാ | ഏതുപ്രകാരത്തിൽ |
| | | ഉപഗൃഹ്യതേ | സ്വീകരിക്കപ്പെടുന്നു? |

15 ഭൂപാതാളകകുബ്വ്യോമഗ്രഹനക്ഷത്രഭൂഭൃതാം
സരിത്സമുദ്രദ്വീപാനാം സംഭവശ്ചൈതദോകസാം.

| | | | |
|---|---|---|---|
| ഭൂപാതാള-കകുബ്-വ്യോമഗ്രഹ-നക്ഷത്ര-ഭൂഭൃതാം | ഭൂമി — പാതാളം — ദിക്കുകൾ — ആകാശം — ഗ്രഹങ്ങൾ — നക്ഷത്രങ്ങൾ — പർവ്വതങ്ങൾ എന്നിവയുടേയും, | സരിത്സമുദ്ര-ദ്വീപാനാം | നദികൾ—സമുദ്രങ്ങൾ—ദ്വീപുകൾ എന്നിവയുടേയും |
| | | ഏതദോ-കസാം ച | ഇവയെ നിവാസമാക്കിയിരിക്കുന്ന ജീവികളുടേയും |
| | | സംഭവഃ | ഉൽപത്തി ഏതുവിധം? |

16 പ്രമാണമണ്ഡകോശസ്യ ബാഹ്യാഭ്യന്തരഭേദതഃ
മഹതാം ചാനുചരിതം വർണ്ണാശ്രമവിനിശ്ചയഃ

| | | | |
|---|---|---|---|
| അണ്ഡ-കോശസ്യ | ബ്രഹ്മാണ്ഡകടാഹത്തിന്റെ | മഹതാം | മഹാത്മാക്കളുടെ |
| ബാഹ്യാഭ്യന്തര-ഭേദതഃ | പുറവും അകവും തമ്മിലുള്ള ഭേദമനുസരിച്ചുള്ള | അനുചരിതം | ജീവിതകഥയും, |
| | | വർണ്ണാശ്രമ-വിനിശ്ചയഃ ച | വർണ്ണാശ്രമവ്യവസ്ഥയുടെ സ്വഭാവനിർദ്ധാരണവും |
| പ്രമാണം | പരിമാണവും, | (യഥാ) | എങ്ങനെ? |

17 അവതാരാനുചരിതം യദാശ്ചര്യതമം ഹരേഃ
യുഗാനി യുഗമാനം ച ധർമ്മോ യശ്ച യുഗേ യുഗേ

| | | | |
|---|---|---|---|
| ഹരേഃ | ശ്രീമഹാവിഷ്ണുവിന്റെ | യുഗമാനം ച | യുഗങ്ങളുടെ കാലയളവും, |
| ആശ്ചര്യതമം | അത്യാശ്ചര്യകരമായ | യുഗേ യുഗേ | യുഗംതോറുമുള്ള |
| യത് | യാതൊരു | യഃ | യാതൊരു |
| അവതാരാനുചരിതം | അവതാരങ്ങളുടെ ചരിത്രവും | ധർമ്മഃ ച | ധർമ്മഭേദവും, |
| യുഗാനി | യുഗങ്ങളും, | (യഥാ) | എങ്ങനെ? |

18 നൃണാം സാധാരണോ ധർമ്മഃ സവിശേഷശ്ച യാദൃശഃ
ശ്രേണീനാം രാജർഷീണാം ച ധർമ്മഃ കൃച്ഛ്രേഷു ജീവതാം

| | | | |
|---|---|---|---|
| നൃണാം | മനുഷ്യർക്ക് | ശ്രേണീനാം | തൊഴിലാളർക്കും, |
| സാധാരണഃ | പൊതുവായും, | രാജർഷീണാം | നാടുവാഴികൾക്കും, |
| സവിശേഷഃ ച | വിശേഷവിധിയായും [ഉള്ള | കൃച്ഛ്രേഷു | കഷ്ടതകളിൽ |
| ധർമ്മഃ | നടവടിക്രമം | ജീവതാം ച | കഴിവോർക്കും വേണ്ട |
| യാദൃശഃ | ഏതുവിധം? | ധർമ്മഃ (യഥാ) | ചട്ടമെന്തു്? |

19 തത്ത്വാനാം പരിസംഖ്യാനം ലക്ഷണം ഹേതുലക്ഷണം
പുരുഷാരാധനവിധിർയോഗസ്യാദ്ധ്യാത്മികസ്യ ച

| | | | |
|---|---|---|---|
| തത്ത്വാനാം | തത്ത്വങ്ങളുടെ | ആദ്ധ്യാത്മികസ്യ | അദ്ധ്യാത്മജ്ഞാനപരമായ |
| പരിസംഖ്യാനം | കണക്കും, | | |
| ലക്ഷണം | സ്വരൂപവും, | | |
| ഹേതുലക്ഷണം | ഓരോ കാര്യത്തിന്റെ കാരണമായി ഭവിച്ചവയുടെ സ്വരൂപവും, | യോഗസ്യ ച | അഷ്ടാംഗയോഗത്തിന്റെ അനുഷ്ഠാനപ്രകാരവും |
| പുരുഷാരാധനവിധിഃ | ഈശ്വരനെ ആരാധിക്കേണ്ടുന്ന പ്രകാരവും, | (യഥാ) | എങ്ങനെ ? |

20 യോഗേശ്വരൈശ്വര്യഗതിർലിംഗഭംഗസ്തു യോഗിനാം
വേദോപവേദധർമ്മാണാമിതിഹാസപുരാണയോഃ.

| | | | |
|---|---|---|---|
| യോഗേശ്വരൈശ്വര്യഗതിഃ | യോഗേശ്വരന്മാർക്കുണ്ടാകാവുന്ന അഷ്ടൈശ്വര്യസിദ്ധിയും അവരുടെ സൽഗതിയും, | വേദോപവേദധർമ്മാണാം | വേദങ്ങൾ – ഉപവേദങ്ങൾ–ധർമ്മശാസ്ത്രങ്ങൾ– |
| യോഗിനാം | യോഗിമാരുടെ | ഇതിഹാസപുരാണയോഃ | ഇതിഹാസങ്ങൾ–പുരാണങ്ങൾ എന്നിവയുടെ സ്വരൂപവും |
| ലിംഗഭംഗഃ | ലിംഗശരീരഭേദനവും, | (യഥാ) | ഏതുവിധം ? |

21 സംപ്ലവഃ സർവ്വഭൂതാനാം വിക്രമഃ പ്രതിസംക്രമഃ
ഇഷ്ടാപൂർത്തസ്യ കാമ്യാനാം ത്രിവർഗ്ഗസ്യ ച യോ വിധിഃ

| | | | |
|---|---|---|---|
| സർവ്വഭൂതാനാം | സമസ്തജീവികൾക്കും | ഇഷ്ടാപൂർത്തസ്യ | വൈദികമായും സ്മാർത്തമായുമുള്ള കർമ്മത്തിന്റെയും, |
| സംപ്ലവഃ | അവാന്തരപ്രളയം, | കാമ്യാനാം | അഗ്നിഹോത്രാദി സകാമകർമ്മങ്ങളുടേയും, |
| വിക്രമഃ | സുസ്ഥിതി, | ത്രിവർഗ്ഗസ്യ ച | ധർമ്മാർത്ഥകാമങ്ങളുടേയും |
| പ്രതിസംക്രമഃ | മഹാപ്രളയം എന്നിവ | വിധിഃ | അനുഷ്ഠാനപ്രകാരം |
| (യഥാ) | എങ്ങിനെയുണ്ടാവുന്നു? | യഃ | യാതൊന്നാണ്? |

22 യശ്ചാനുശായിനാം സർഗ്ഗഃ പാഖണ്ഡസ്യ ച സംഭവഃ
ആത്മനോ ബന്ധമോക്ഷൌ ച വ്യവസ്ഥാനം സ്വരൂപതഃ

| | | | |
|---|---|---|---|
| അനുശായിനാം | കല്പാന്തത്തിൽ കർമ്മശേഷത്തോടെ മൂലപ്രകൃതിയിൽ ലയിക്കുന്നജീവന്മാരുടെ | സംഭവഃ ച | ഉൽപത്തിയും |
| | | യഃ | യാതൊന്ന്? |
| | | ആത്മനഃ | ജീവന്റെ |
| | | ബന്ധമോക്ഷൌ | ബന്ധമോക്ഷങ്ങളും, |
| സർഗ്ഗഃ ച | പുനരുൽപത്തിയും | സ്വരൂപതഃ | സ്വകീയരൂപത്തിലുള്ള |
| പാഖണ്ഡസ്യ | വേദവിരുദ്ധധർമ്മത്തിന്റെ | വ്യവസ്ഥാനം ച | അവസ്ഥിതിയും |
| | | (യഥാ) | ഏതുവിധം? |

23 യഥാത്മതന്ത്രോ ഭഗവാൻ വിക്രീഡത്യാത്മമായയാ
വിസൃജ്യ വാ യഥാ മായാമുദാസ്തേ സാക്ഷിവദ്വിഭുഃ

| | | | |
|---|---|---|---|
| ആത്മതന്ത്രഃ | സ്വതന്ത്രനായ | മായാം | മായയെ |
| ഭഗവാൻ | ഈശ്വരൻ | വിസൃജ്യ | വെടിഞ്ഞു് |
| ആത്മമായയാ | തന്റെ മായയോടുകൂടി | സാക്ഷിവത് | സാക്ഷിയെപ്പോലെ |
| യഥാ | ഏതുപ്രകാരം | യഥാ വാ | എപ്രകാരം |
| വിക്രീഡതി | വിഹരിക്കുന്നു? | ഉദാസ്തേ | ഉദാസീനനായിരിക്കുന്നു? |
| വിഭുഃ | സർവ്വശക്തൻ | | |

24 സർവ്വമേതച്ച ഭഗവൻ പൃച്ഛതേ മേऽനുപൂർവ്വശഃ
തത്ത്വതോऽർഹസ്യുദാഹർത്തും പ്രപന്നായ മഹാമുനേ

| | | | |
|---|---|---|---|
| ഭഗവൻ | ഹേ സർവ്വജ്ഞ! | മേ | എനിക്കായിക്കൊണ്ടു് |
| മഹാമുനേ | ഹേ മുനിപുംഗവ! | അനുപൂർവ്വശഃ | അനുക്രമത്തിൽ |
| ഏതത് | ഇതു് | തത്ത്വതഃ | താത്ത്വികമായി |
| സർവ്വം ച | എല്ലാറ്റും | ഉദാഹർത്തും | ഉദാഹരിച്ചുപദേശിക്കുവാൻ |
| പൃച്ഛതേ | അറിയുവാനാവശ്യപ്പെടുന്ന | | |
| പ്രപന്നായ | ശരണാഗതനായ | അർഹസി | ഭവാൻ അർഹിക്കുന്നു. |

25 അത്ര പ്രമാണം ഹി ഭവാൻ പരമേഷ്ഠീ യഥാഽത്മഭൂഃ
പരേ ചേഹാനുതിഷ്ഠന്തി പൂർവ്വേഷാം പൂർവ്വജൈഃ കൃതം

| | | | |
|---|---|---|---|
| ഭവാൻ ഹി | നിന്തിരുവടിമാത്രമാണ് | പരേ ച | മററുള്ളവരാകട്ടെ * |
| ആത്മഭൂഃ | സ്വായംഭുവായ | ഇഹ | ഇങ്ങ് |
| പരമേഷ്ഠീ | ബ്രഹ്മദേവൻ ഏതുപോ | പൂർവ്വേഷാം | മുമ്പുള്ളവക്കും |
| യഥാ | ലെയോ, അതുപോലെ | പൂർവ്വജൈഃ | മുമ്പുജനിച്ചവരാൽ |
| അത്ര | ഈ വിഷയത്തിൽ | കൃതം | ചെയ്യപ്പെട്ടതിനെ |
| പ്രമാണം | സമ്യഗ്ജ്ഞാനമുള്ളവൻ | അനുതിഷ്ഠന്തി | അനുഷ്ഠിക്കുന്നതേയുള്ളു. |

* ശ്രീശുകന് ബ്രഹ്മാവിനെപ്പോലെ സ്വാനുഭവജ്ഞാനവും ബ്രഹ്മനാരദവ്യാസാനുക്രമത്തിൽ സമ്പ്രദായാഗതമായ ജ്ഞാനവുമുണ്ട്. മററുള്ളവരാകട്ടെ പൂർവ്വികന്മാർ പറഞ്ഞുവെച്ചതിനെ പറഞ്ഞൊപ്പിക്കുകമാത്രം ചെയ്യുന്ന ഗതാനുഗതികന്മാരാകുന്നു.

26 ന മേഽസവഃ പരായന്തി ബ്രഹ്മന്നനശനാദമീ
പിബതോഽച്യുതപീയൂഷമന്യത്ര കുപിതാദ്ദ്വിജാത്

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മസ്വരൂപ! | അസവഃ | പ്രാണചേതനകൾ |
| അച്യുത- | ശ്രീകൃഷ്ണഭഗവാൻെറ | കുപിതാത് | കുപിതനായ |
| പീയൂഷം | കീർത്തിയാവുന്ന സുധാരസത്തെ | ദ്വിജാത് | ബ്രാഹ്മണനെ ഒഴിച്ച് |
| | | അന്യത്ര | വേറെ ഒന്നിനാലും |
| പിബതഃ | പാനംചെയ്തുകൊണ്ടിരിക്കെ, | അനശനാത് | നിരാഹാരത്താൽ പോലും |
| മേ അമീ | എൻെറ ഈ | ന പരായന്തി | വ്യാകുലീഭവിക്കുന്നില്ല. |

സൂത ഉവാച—സൂതൻ പറഞ്ഞു:—

27 സ ഉപാമന്ത്രിതോ രാജ്ഞാ കഥായാമിതി സത്പതേഃ
ബ്രഹ്മരാതോ ഭൃശം പ്രീതോ വിഷ്ണുരാതേന സംസദി

| | | | |
|---|---|---|---|
| രാജ്ഞാ | രാജാവായ | ഇതി | ഇപ്രകാരം |
| വിഷ്ണുരാതേന | ശ്രീപരീക്ഷിത്തിനാൽ | ഉപാമന്ത്രിതഃ | ഉപാമന്ത്രിതനായ |
| സത്പതേഃ | ശാശ്വതസംരക്ഷകനായ ശ്രീഹരിയുടെ | സഃ ബ്രഹ്മരാതഃ | ആ ശ്രീശുകമുനി |
| കഥായാം | കഥാവിഷയത്തിൽ | ഭൃശം | ഏററവും |
| സംസദി | സദസ്സിൽവെച്ച് | പ്രീതഃ | സന്തുഷ്ടനായിഭവിച്ച്. |

28 പ്രാഹ ഭാഗവതം നാമ പുരാണം ബ്രഹ്മസമ്മിതം
ബ്രഹ്മണേ ഭഗവത്പ്രോക്തം ബ്രഹ്മകല്പ ഉപാഗതേ

| | | | |
|---|---|---|---|
| ബ്രഹ്മകല്പേ ഉപാഗതേ | ബ്രഹ്മകല്പം സമാഗതമായ വേളയിൽ | ബ്രഹ്മസമ്മിതം | വേദതുല്യവും |
| ബ്രഹ്മണേ | ബ്രഹ്മാവിനായിക്കൊണ്ടു് | ഭാഗവതം നാമ | ഭാഗവതം എന്ന പേരുള്ളതുമായ |
| ഭഗവത്- പ്രോക്തം | ശ്രീനാരായണനാൽ ഉപദേശിക്കപ്പെട്ടതും | പുരാണം | പുരാണത്തെ |
| | | പ്രാഹ | സവിസ്തരം ഉപദേശിച്ചു |

29 യദ്യദ് പരീക്ഷിദൃഷഭഃ പാണ്ഡൂനാമനുപൃച്ഛതി
ആനുപൂർവ്യേണ തത്സർവ്വമാഖ്യാതുമുപചക്രമേ.

| | | | |
|---|---|---|---|
| പാണ്ഡൂനാം | പാണ്ഡുവംശജന്മാരിൽ വെച്ചു് | അനുപൃച്ഛതി | അനുക്രമമായി ചോദിച്ചിരുന്നുവോ, |
| ഋഷഭഃ | ശ്രേഷ്ഠനായ | തത് സർവ്വം | അതു മുഴുവനും |
| പരീക്ഷിത് | പരീക്ഷിത്‌രാജാവു് | ആനുപൂർവ്യേണ | പ്രസ്താവാനുസൃതമായി |
| യത് യത് | യാതൊന്നു യാതൊന്നു് | ആഖ്യാതും | പറയുവാൻ |
| | | ഉപചക്രമേ | ആരംഭിച്ചു. |

കുറിപ്പു്:— സാക്ഷാൽ ശ്രീനാരായണൻതന്നെ ആദിയിൽ ബ്രഹ്മാവിനുപദേശിച്ച ഭാഗവതമഹാപുരാണമെന്ന ഭക്തിയോഗസംഹിതയെ ബ്രഹ്മാവു് നാരദനും, നാരദൻ വ്യാസമുനിക്കും, വ്യാസൻ ശ്രീശുകനും ഉപദേശിച്ചതാകുന്നു. അതിപ്പോഴ്, ആസന്നമൃത്യുവായി, ശുദ്ധാന്തഃകരണനായിരിക്കുന്ന പരീക്ഷിത്തുരാജാവിനു് അദ്ദേഹത്തിന്റെ ജിജ്ഞാസക്കനുസരിച്ചു് ശ്രീശുകൻ ഉപദേശിക്കുവാൻ പോകുന്നു. രാജാവു് ഇതുവരെ കേട്ടതിൽ തനിക്കുണ്ടായ ചില സന്ദേഹങ്ങളെ തീർത്തുതരുവാനും അതിനെത്തുടർന്നു് തനിക്കു് അജ്ഞാതമായ പരമതത്വങ്ങളുടെ രഹസ്യത്തെ ഉപദേശിച്ചുതരുവാനും ആ ബ്രഹ്മർഷിയോടപേക്ഷിച്ചു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ

പ്രശ്നവിധിർന്നാമ അഷ്ടമോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 295.

എട്ടാമദ്ധ്യായം കഴിഞ്ഞു.

# നവമോഽധ്യായഃ : ഒമ്പതാമദ്ധ്യായം.

"രാജപ്രശ്നോത്തരം വക്ഷ്യൻ ബ്രഹ്മണേ ഹരിണോദിതം
കഥയാമാസ നവമേ ശുകോ ഭാഗവതം പുനഃ"

## ഭഗവാൻ ബ്രഹ്മാവിനു ചതുഃശ്ലോകീഭാഗവതം ഉപദേശിക്കുന്നതു്

ശ്രീശുക ഉവാച : — ശ്രീശുകൻപറഞ്ഞു:

1 ആത്മമായാമൃതേ രാജൻ പരസ്യാനുഭവാത്മനഃ
ന ഘടേതാർത്ഥസംബന്ധഃ സ്വപ്നദ്രഷ്ടുരിവാഞ്ജസാ

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ! | സ്വപ്നദ്രഷ്ടുഃ ഇവ | സ്വപ്നദ്രഷ്ടാവിന്നെന്നതുപോലെ * |
| ആത്മമായാം ഋതേ | സർവ്വാത്മാവായ ഹരിയുടെ മായയെന്നല്ലാതെ | അർത്ഥസംബന്ധഃ | ദൃശ്യങ്ങളായ ദേഹാദിവിഷയങ്ങളോടുള്ള സംബന്ധം |
| പരസ്യ | ഗുണാതീതനും | അഞ്ജസാ | താത്ത്വികമായി |
| അനുഭവാത്മനഃ | അനുഭവമാത്രസ്വരൂപനമായ ജീവനു് | ന ഘടേത | ഏർപ്പെടുന്നതല്ല. |

* സ്വപ്നം കാണുന്ന ആൾക്കു് സ്വപ്നത്തിൽ കാണുന്നവയോടു് ബന്ധമില്ലാത്തതുപോലെ മായാവിഭ്രാന്തിയിൽ അനുഭവപ്പെടുന്ന ദേഹാദിദൃശ്യവസ്തുക്കളോടു് ജീവാത്മാവിന്നു് ബന്ധമില്ല.

2 ബഹുരൂപ ഇവാഭാതി മായയാ ബഹുരൂപയാ
രമമാണോ ഗുണേഷ്വസ്യാ മമാഹമിതി മന്യതേ.

| | | | |
|---|---|---|---|
| ബഹുരൂപയാ | അനേകം രൂപങ്ങളുള്ള | ഗുണേഷു | ഗുണകാര്യങ്ങളായ ദേഹാദികളിൽ |
| മായയാ | മായനിമിത്തമായി | രമമാണഃ | രമിച്ചുകൊണ്ടുള്ള ജീവൻ |
| ബഹുരൂപഃ ഇവ | അനേകം രൂപങ്ങളോടുകൂടിയവനെന്ന മട്ടിൽ | മമ അഹം ഇതി | എന്റേതെന്നും ഞാനെന്നും |
| ആഭാതി | ജീവൻ പരിസ്ഫുരിക്കുന്നു | മന്യതേ | അവയിൽ അഭിമാനിക്കുന്നു. |
| അസ്യാഃ | ഈ മായയുടെ | | |

3 യർഹി വാവ മഹിമ്നി സ്വേ പരസ്മിൻ കാലമായയോഃ
രമേത ഗതസമ്മോഹസ്ത്യക്ത്വോദാസ്തേ തദോഭയം.

| | |
|---|---|
| കാല-മായയോഃ | പുരുഷനിൽനിന്നും പ്രകൃതിയിൽനിന്നും |
| പരസ്മിൻ | അതീതമായി |
| സ്വേ വാവ | സ്വകീയം മാത്രമായ |
| മഹിമ്നി | അനന്തസ്വരൂപത്തിൽ |
| ഗതസമ്മോഹഃ | മോഹരഹിതനായിട്ട് |
| യർഹി | എപ്പോൾ |
| രമേത | രമിക്കുവാൻ തുടങ്ങുന്നുവോ, |
| തദാ | അപ്പോൾ |
| ഉഭയം | രണ്ടിനേയും (എന്റേതെന്നും ഞാനെന്നുമുള്ള മിഥ്യാഭിമാനങ്ങളെ) |
| ത്യക്ത്വാ | കൈവെടിഞ്ഞ് |
| ഉദാസ്തേ | ഉദാസീനനായ്ച്ചമയുന്നു |

കുറിപ്പ്:– "പഞ്ചഭൂതങ്ങളോട് ബന്ധമില്ലാത്ത ജീവന്നു ദേഹസംബന്ധം എങ്ങനെ വന്നു?" ഇതായിരുന്നു രാജാവിന്റെ ആദ്യത്തെ ചോദ്യം. (പൂർവ്വാദ്ധ്യായം ശ്ലോകം 7) ശ്രീശുകൻ അതിന് ആദ്യംതന്നെ മറുപടി പറയുന്നു— യഥാർത്ഥത്തിൽ ജീവന്നു ദേഹസംബന്ധമില്ല. ജീവൻ നിർഗ്ഗുണനും സത്യസ്വരൂപനുമത്രെ. ദേഹാദിദൃശ്യപദാർത്ഥങ്ങളാകട്ടെ, മായാകല്പിതങ്ങളാകയാൽ അസത്യങ്ങളുമാണ്. സത്യത്തിന് അസത്യത്തോട് ബന്ധം ഉണ്ടാകുമോ? ഇല്ല. എന്നാൽ ബന്ധമുണ്ടെന്നു ഒരു തോന്നൽ അവശേഷിക്കുന്നു. അത് ഈശ്വരന്റെ മായകൊണ്ടാണ്. ഈ മായയാകട്ടെ ബഹുരൂപമുള്ളതാകയാൽ മായാബാധിതനായ ജീവനും നാനായോനികളിലൂടെ ബഹുരൂപത്വേന സംസാരചക്രത്തിൽ ചുററുന്നു; തത്തൽശരീരങ്ങളിൽ "അഹം മമതാ"ഭിമാനം കൊള്ളുന്നു. ഭക്തിയോഗംകൊണ്ട് ജീവന്റെ മായാമോഹം നീങ്ങുമ്പോൾ ജീവൻ പ്രകൃതിയിൽനിന്നും കാലത്തിൽനിന്നും അതീതമായ സ്വസ്വരൂപത്തിൽ (സച്ചിദാനന്ദരൂപത്തിൽ) രമിക്കും. ഇതുതന്നെയാണ് ബന്ധമോക്ഷവും

4 ആത്മതത്ത്വവിശുദ്ധ്യർത്ഥം യദാഹ ഭഗവാനൃതം
ബ്രഹ്മണേ ദർശയൻ രൂപമവ്യളീകവ്രതാദൃതഃ.

| | |
|---|---|
| ഭഗവാൻ | ശ്രീനാരായണൻ |
| അവ്യളീക-വ്രതാദൃതഃ | നിഷ്കപടമായ തപോനുഷ്ഠാനംകൊണ്ടു (ബ്രഹ്മാവിനാൽ) സേവിതനായപ്പോൾ |
| ബ്രഹ്മണേ | ബ്രഹ്മാവിനായ്ക്കൊണ്ടു |
| ഋതം | വാസ്തവികമായ |
| രൂപം | സ്വരൂപത്തെ |
| ദർശയൻ | പ്രത്യക്ഷമാക്കിക്കൊണ്ട് |
| യത് | യാതൊന്ന് |
| ആഹ | അരുളിച്ചെയ്തുവോ, അത് |
| ആത്മതത്ത്വ-വിശുദ്ധ്യർത്ഥം | ജീവന്റെ തത്ത്വവിജ്ഞാനത്തിന്ന് ഉതകുന്നതാണ് |

കുറിപ്പ്:– "ആസീദ്യദുദരാത് പത്മം–" എന്ന ശ്ലോകം (പൂർവ്വാദ്ധ്യായം ശ്ലോ 8) കൊണ്ട് ഈശ്വരനും ദേഹാദിബന്ധമുള്ളതിനാൽ ജീവേശ്വരന്മാർക്കു തമ്മിൽ എന്തുഭേദമാണുള്ളതെന്ന് രാജാവ് ആശങ്ക പ്രകടിപ്പിച്ചിരുന്നു അതിനുള്ള സമാധാനം – ജീവന്ന് മായാവിഭ്രാന്തിമൂലമാണ് മിഥ്യാദേഹസംബന്ധമുണ്ടാവുന്നത്. ഈശ്വരനാകട്ടെ അങ്ങനെയല്ല. ഈശ്വരൻ ജ്ഞാനസ്വരൂപത്തിൽ നിന്നുകൊണ്ടുതന്നെ ജീവാനുഗ്രഹാർത്ഥം ദേഹത്തെ സ്വീകരിക്കുന്നു. ഇതത്രെ

വ്യത്യാസം. അതിനാൽ ഈശ്വരഭജനംകൊണ്ടു മായാവിഭ്രാന്തിജനിതമായ ദേഹബന്ധം നശിപ്പിച്ചു് മുക്തനായി ഈശ്വരത്വം പ്രാപിക്കുവാൻ ജീവൻ യത്നിക്കണം. ഈ തത്ത്വം ഭഗവാൻതന്നെ ആദിയിൽ ബ്രഹ്മാവിനു് "ചതുഃശ്ലോകീഭാഗവത" രൂപേണ ഉപദേശിച്ചതായ ഇതിഹാസം ഇനിമേൽ പറഞ്ഞുതുടങ്ങുന്നു—

5 സ ആദിദേവോ ജഗതാം പരോ ഗുരുഃ
സ്വധിഷ്ണ്യമാസ്ഥായ സിസൃക്ഷയൈക്ഷത
താം നാധ്യഗച്ഛദ്ദൃശമത്ര സമ്മതാം
പ്രപഞ്ചനിർമ്മാണവിധിര്യയാ ഭവേത്

| | | | |
|---|---|---|---|
| ജഗതാം | ലോകത്തിലുള്ളവർക്കു് | യയാ | യാതൊന്നിനാൽ |
| പരഃ ഗുരുഃ | ഭക്തിരഹസ്യത്തിന്റെ പരമോപദേഷ്ടാവും | പ്രപഞ്ചനിർമ്മാണവിധിഃ | പ്രപഞ്ചസൃഷ്ടിയുടെ സംവിധാനക്രമം |
| ആദിദേവഃ | ആദിയിലെ ദേവനുമായ | ഭവേത് | ഭവിക്കാമോ, |
| സഃ | ആ ബ്രഹ്മദേവൻ | താം | അത്തരത്തിലുള്ള |
| സ്വധിഷ്ണ്യം | സ്വസ്ഥാനത്തിലേക്കു് | സമ്മതാം | തക്കതായ |
| ആസ്ഥായ | വന്നിരുന്നു് * | ദൃശം | നോട്ടത്തെ (പരിജ്ഞാനത്തെ) |
| സിസൃക്ഷയാ | സൃഷ്ടിവിഷയകമായ അഭിവാഞ്ഛയോടെ | | |
| ഐക്ഷത | അതിനുവേണ്ടതെന്തെന്നു പര്യാലോചിച്ചു. | അത്ര ന അധ്യഗച്ഛത് | ഇക്കാര്യത്തിൽ, ഗ്രഹിക്കുവാനായില്ല. |

* "ബ്രഹ്മാവു് തന്റെ ഉൽഭവസ്ഥാനമായ താമരയുടെ ഉൽഭവസ്ഥാനം കണ്ടെത്തുവാൻ കാരണജലത്തിൽ മുങ്ങിത്തിരഞ്ഞിട്ടും സാധിക്കാതെ, മടങ്ങി സ്വസ്ഥാനമായ താമരയിൽത്തന്നെ വന്നിരുന്നതിനുശേഷം" എന്നാണു് ഇവിടെ വിവക്ഷിതം.

6 സ ചിന്തയൻ ദ്വ്യക്ഷരമേകദാംഭ-
സ്യുപാശൃണോദ്ദ്വിർഗദിതം വചോ വിഭുഃ
സ്പർശേഷു യത് ഷോഡശമേകവിംശം
നിഷ്കിഞ്ചനാനാം നൃപ യദ്ധനം വിദുഃ

| | | | |
|---|---|---|---|
| സഃ വിഭുഃ | ആ ബ്രഹ്മാവു് | യത് | യാതൊരു ആ വാക്കു് |
| ചിന്തയൻ | ചിന്തിച്ചിരിക്കവേ, | സ്പർശേഷു | സ്പർശാക്ഷരങ്ങളിൽ |
| ഏകദാ | ഒരിക്കൽ | ഷോഡശം | പതിനാറാമത്തേതും |
| ദ്വ്യക്ഷരം | രണ്ടക്ഷരമുള്ള | ഏകവിംശം | ഇരുപത്തൊന്നാമത്തേതുമായ അക്ഷരങ്ങളാൽ ചേർന്നതായിരുന്നു; |
| വചഃ | ഒരുവാക്കു് | | |
| ദ്വിർഗദിതം | രണ്ടുപ്രാവശ്യം ചൊല്ലപ്പെട്ടതായി | യത് | യാതൊരു ആ വാക്കിനെ |
| അംഭസി | പ്രളയജലത്തിൽ | നിഷ്കിഞ്ചനാനാം | ഭക്തധനന്മാരുടെ |
| ഉപാശൃണോത് | അരികത്തു കേട്ടു. | ധനം | ധനമായിട്ടു് |
| നൃപ | ഹേ രാജാവേ! | വിദുഃ | അറിഞ്ഞുവരുന്നു. |

കുറിപ്പ്:- സൃഷ്ടിയെക്കുറിച്ചു പര്യാലോചിച്ചു പര്യാകുലനായിരിക്കുന്ന ബ്രഹ്മാവു് കേട്ട അശരീരിവാക്കിന്റെ രൂപവും ഭാവവുമാണു് ഇപ്പറഞ്ഞതു്. ക മുതൽ മ വരെയുള്ള സ്പർശാക്ഷരങ്ങളിൽ 16-ാമത്തേതു് ത. 21-ാമത്തേതു് പ. ഇതിന്റെ ദ്വിരുക്തിയായാൽ "തപ തപ" എന്നാകും. വാക്കിന്റെ രൂപമാണിതു്. ഭാവമാകട്ടെ, ത്യക്തധനന്മാരായ ഋഷിമാർ ഏതിനെ ധനമായിട്ടു കരുതുന്നുവോ അതു് — തപസ്സുചെയ്യുക എന്നത്ഥം. ഋഷിമാർ തപോധനന്മാരാണെന്നു പ്രസിദ്ധി.

7 നിശമ്യ തദ്വക്തൃദിദൃക്ഷയാ ദിശോ
വിലോക്യ തത്രാന്യദപശ്യമാനഃ
സ്വധിഷ്ണ്യമാസ്ഥായ വിമൃശ്യ തദ്ധിതം
തപസ്യുപാദിഷ്ട ഇവാദധേ മനഃ

| | | | |
|---|---|---|---|
| നിശമ്യ | കേട്ടതിൽപ്പിന്നെ | സ്വധിഷ്ണ്യം | സ്വസ്ഥാനത്തിലേക്കു് |
| തദ്വക്തൃദിദൃക്ഷയാ | അതിന്റെ വക്താവിനെ കാണ്മാനുള്ള ആഗ്രഹംകൊണ്ടു് | ആസ്ഥായ | വീണ്ടും വന്നിരുന്നു്, |
| ദിശഃ | എല്ലാദിക്കിലേക്കും | ഉപാദിഷ്ടഃ ഇവ | തപസ്സിന്നു് താൻ ആജ്ഞാപിക്കപ്പെട്ടിരിക്കുന്നു എന്നും |
| വിലോക്യ | എഴുന്നേറ്റു നോക്കി, | തത് ഹിതം | അതു് വേണ്ടതാണെന്നും |
| തത്ര | അവിടങ്ങളിൽ | വിമൃശ്യ | ചിന്തിച്ചുറച്ചു് |
| അന്യത് | വേറൊന്നിനേയും | തപസി | തപസ്സിൽ |
| അപശ്യമാനഃ | കാണാതെ, | മനഃ | ചിത്തത്തെ |
| | | ആദധേ | ഉറപ്പിച്ചു. |

8 ദിവ്യം സഹസ്രാബ്ദമമോഘദർശനോ
ജിതാനിലാത്മാ വിജിതോഭയേന്ദ്രിയഃ
അതപ്യത സ്മാഖിലലോകതാപനം
തപസ്തപീയാംസ്തപതാം സമാഹിതഃ
തസ്മൈ സ്വലോകം ഭഗവാൻ സഭാജിതഃ
സന്ദർശയാമാസ പരം ന യത്പരം.

| | | | |
|---|---|---|---|
| അമോഘദർശനഃ | നോട്ടപ്പിഴപറ്റിയിട്ടില്ലാത്ത ബ്രഹ്മദേവൻ | വിജിതോഭയേന്ദ്രിയഃ | കർമ്മജ്ഞാനേന്ദ്രിയങ്ങളെ അടക്കിക്കൊണ്ടും |
| ദിവ്യം സഹസ്രാബ്ദം | ആയിരം ദിവ്യസംവത്സരങ്ങളോളം | സമാഹിതഃ | ഏകാഗ്രചിത്തനായി, |
| | | തപതാം | തപസ്വികളിൽവെച്ചു് |
| ജിതാനിലാത്മാ | പ്രാണവായുക്കളേയും മനസ്സിനേയും ഒതുക്കിക്കൊണ്ടും | തപീയാൻ | മഹാതപസ്വിയായി |
| | | അന്യത് | വേറെ ഒന്നിനേയും |
| | | അപശ്യമാനഃ | കാണാതെ, |

| | | | |
|---|---|---|---|
| അഖിലലോക-താപനം | സൎവ്വലോകങ്ങളേയും പ്രകാശിപ്പിക്കുവാനുതകുന്ന | തസ്മൈ | ആ ബ്രഹ്മാവിനായ്ക്കൊണ്ടു് |
| തപഃ | തപസ്സിനെ | പരം | സൎവ്വശ്രേഷ്ഠമായ |
| അതപ്യത സ്മ | അനുഷ്ഠിച്ചപ്പോൾ. | സ്വലോകം | തന്റെ വൈകുണ്ഠലോകത്തെ |
| സഭാജിതഃ | (ആ തപസ്സുകൊണ്ടു്) ആരാധിതനായ | സന്ദൎശയാമാസ | കാട്ടിക്കൊടുത്തു. |
| | | യത്പരം | യാതൊരു ഈ ലോകത്തെക്കാൾ ശ്രേഷ്ഠമായതു് |
| ഭഗവാൻ | ശ്രീനാരായണൻ | ന | വേറെ ഇല്ല. |

9 വ്യപേതസംക്ലേശവിമോഹസാധ്വസം
സ്വദൃഷ്ടവദ്ഭിർവിബുധൈരഭിഷ്ടുതം
പ്രവൎത്തതേ യത്ര രജസ്തമസ്തയോഃ
സത്വം ച മിശ്രം ന ച കാലവിക്രമഃ

| | | | |
|---|---|---|---|
| വ്യപേത-സംക്ലേശ-വിമോഹ-സാധ്വസം | തികച്ചും അകന്നുമാറിനില്ക്കുന്ന സമസ്തക്ലേശങ്ങളോടും മോഹഭീതികളോടും കൂടിയതായ ആ ലോകം | യത്ര | യാതൊരിടത്തു് |
| | | രജഃ തമഃ | രജസ്സും, തമസ്സും, |
| | | തയോഃ | അവയോടു് |
| | | മിശ്രം | കൂടിക്കലൎന്ന |
| സ്വദൃഷ്ടവദ്ഭിഃ | നല്ല പുണ്യമുള്ള | സത്വം ച | സത്വഗുണവും, |
| വിബുധൈഃ | ദേവന്മാരാൽ | കാല-വിക്രമഃ ച | കാലത്തിന്റെ വിപ്ലവവും (നാശവും) |
| അഭിഷ്ടുതം | വാഴ്ത്തപ്പെട്ടിരിക്കുന്നതാകുന്നു. | ന പ്രവൎത്തതേ | പ്രവൎത്തിക്കുന്നില്ല. |

10 ന യത്ര മായാ കിമുതാപരേ ഹരേ-
രനുവ്രതാ യത്ര സുരാസുരാൎച്ചിതാഃ
ശ്യാമാവദാതാഃ ശതപത്രലോചനാഃ
പിശംഗവസ്ത്രാഃ സുരുചഃ സുപേശസഃ

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്തു് | അനുവ്രതാഃ | പാൎഷദന്മാർ വസിക്കുന്നു |
| മായാ ന | മായയില്ല; | ശ്യാമാവദാതാഃ | (അവർ) ശ്യാമളന്മാരും, ഉജ്ജ്വലിക്കുന്നവരും, |
| അപരേ | മായാകാൎയ്യങ്ങളായ മററുള്ളവ | ശതപത്ര-ലോചനാഃ | താമരദളംപോലുള്ള നേത്രങ്ങളോടുകൂടിയവരും, |
| കിമുത | പിന്നെയുണ്ടാകുമോ ? | പിശാംഗവസ്ത്രാഃ | മഞ്ഞപ്പട്ടുടുത്തവരും, |
| യത്ര | യാതൊരിടത്തു് | സുരുചഃ | അതികമനീയന്മാരും, |
| സുരാസുരാൎച്ചിതാഃ | ദേവാസുരന്മാരാൽ സംപൂജിതരായ | സുപേശസഃ | അതിസുകുമാരന്മാരുമാണു്. |
| ഹരേഃ | ശ്രീഹരിയുടെ | | |

11 സൎവ്വേ ചതുർബാഹവ ഉന്മിഷന്മണി-
പ്രവേകനിഷ്കാഭരണാഃ സുവൎച്ചസഃ
പ്രവാളവൈഡൂൎയ്യമൃണാളവൎച്ചസഃ
പരിസ്ഫുരത്കുണ്ഡലമൗലിമാലിനഃ

| | | | |
|---|---|---|---|
| സൎവ്വേ | അവരെല്ലാവരും | പ്രവാള-വൈഡൂൎയ്യ-മൃണാള-വൎച്ചസഃ | പവിഴം—വൈഡൂൎയ്യം താമരവളയം എന്നിവയുടെ കാന്തിയേന്തുന്നവരും, |
| ചതുർബാഹവഃ | നാലുകൈകളുള്ളവരും, | | |
| സുവൎച്ചസഃ | അതിതേജസ്വികളും, | | |
| ഉന്മിഷന്മണി-പ്രവേക-നിഷ്കാഭരണാഃ | തിളക്കമുള്ള വിശിഷ്ട രത്നങ്ങൾ പതിച്ച പൊൻപതക്കം അണിഞ്ഞവരും, | പരിസ്ഫുരത്-കുണ്ഡലമൗലി-മാലിനഃ | പരിശോഭിക്കുന്ന കർണ്ണഭൂഷണങ്ങൾ—കിരീടം—മാല എന്നിവയോടു കൂടിയവരുമാണ്. |

12 ഭ്രാജിഷ്ണുഭിൎയ്യഃ പരിതോ വിരാജതേ
ലസദ്വിമാനാവലിഭിൎമ്മഹാത്മനാം
വിദ്യോതമാനഃ പ്രമദോത്തമാദ്യുഭിഃ
സവിദ്യുദഭ്രാവലിഭിൎയ്യഥാ നഭഃ

| | | | |
|---|---|---|---|
| ഭ്രാജിഷ്ണുഭിഃ | അത്യധികം ശോഭയോന്ന | പരിതഃ | ചുററുപാടും |
| പ്രമദോ-ത്തമാദ്യുഭിഃ | സുന്ദരീമണികളുടെ അത്യുത്തമകാന്തികളോടിടചേൎന്ന് | വിദ്യോതമാനഃ | പ്രശോഭിക്കുന്ന |
| | | യഃ | യാതൊരു ലോകം |
| മഹാത്മനാം | മഹാത്മാക്കളുടെ | സവിദ്യുദ-ഭ്രാവലിഭിഃ | തൂമിന്നലുകളോടിടചേൎന്ന കരിങ്കാർനിരകളാൽ |
| ലസദ്വിമാനാ-വലിഭിഃ | പരിലസിക്കുന്ന വിമാനപംക്തികളാൽ | നഭഃ യഥാ | ആകാശമെന്നപോലെ |
| | | വിരാജതേ | വിരാജിക്കുന്നു. |

13 ശ്രീൎയ്യത്ര രൂപിണ്യുരുഗായപാദയോഃ
കരോതി മാനം ബഹുധാ വിഭൂതിഭിഃ
പ്രേംഖം ശ്രിതാ യാ കുസുമാകരാനുഗൈർ-
വിഗീയമാനാ പ്രിയകൎമ്മ ഗായതീ.

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്തു് | ബഹുധാ | ബഹുപ്രകാരത്തിൽ |
| ശ്രീഃ | സൎവ്വസമ്പദ്ദേവത | മാനം | ബഹുമതിയെ |
| രൂപിണീ | സ്വരൂപം പൂണ്ടുകൊണ്ടു് | കരോതി | അൎപ്പിക്കുന്നു. |
| ഉരുഗായ-പാദയോഃ | ഭഗവാന്റെ തൃപ്പാദങ്ങളിൽ | യാ | യാതൊരു ശ്രീദേവി |
| വിഭൂതിഭിഃ | ബഹുവിഭവങ്ങളാൽ | പ്രേംഖം ശ്രിതാ | ഊഞ്ഞാലിന്മേൽ ആടിക്കൊണ്ടിരുന്നിട്ടു്, |

| | |
|---|---|
| കുസുമാകരാനുഗൈഃ | പൂക്കാലത്തിന്റെ അകമ്പടിക്കാരായ കരിവണ്ടുകളാൽ |
| വിഗീയമാനാ | പാടിപ്പുകഴ്ത്തപ്പെട്ടുകൊണ്ടു് |
| പ്രിയകർമ്മ | പ്രിയതമന്റെ (സൃഷ്ടി സംഹാരാത്മകമായ) വിനോദകർമ്മത്തെപ്പററി |
| ഗായതീ | പാടുന്നവളാണെന്നു തോന്നാം. |

14 ദദർശ തത്രാഖിലസാത്വതാം പതിം
ശ്രിയഃ പതിം യജ്ഞപതിം ജഗത്പതിം
സുനന്ദനന്ദപ്രബലാർഹണാദിഭിഃ
സ്വപാർഷദമുഖ്യൈഃ പരിസേവിതം വിഭും

15 ഭൃത്യപ്രസാദാഭിമുഖം ദൃഗാസവം
പ്രസന്നഹാസാരുണലോചനാനനം
കിരീടിനം കുണ്ഡലിനം ചതുർഭുജം
പീതാംബരം വക്ഷസി ലക്ഷിതം ശ്രിയാ.

16 അദ്ധ്യർഹണീയാസനമാസ്ഥിതം പരം
വൃതം ചതുഃഷോഡശപഞ്ചശക്തിഭിഃ
യുക്തം ഭഗൈഃ സ്വൈരിതരത്ര ചാധ്രുവൈഃ
സ്വ ഏവ ധാമൻ രമമാണമീശ്വരം

| | |
|---|---|
| തത്ര | അവിടെ, |
| അഖിലസാത്വതാം | സമസ്തഭക്തജനങ്ങളുടെ |
| പതിം | പാലകനും, |
| ശ്രിയഃ | ശ്രീഭഗവതിയുടെ |
| പതിം | ഭർത്താവും, |
| യജ്ഞപതിം | യജ്ഞസംരക്ഷകനും, |
| ജഗത്പതിം | ലോകനായകനുമായി— |
| സുനന്ദനന്ദപ്രബലാർഹണാദിഭിഃ | സുനന്ദൻ-നന്ദൻ-പ്രബലൻ — അർഹണൻ മുതലായ |
| സ്വപാർഷദമുഖ്യൈഃ | സ്വന്തം പാർഷദപ്രമുഖന്മാരാൽ |
| പരിസേവിതം | ചുററംനിന്നു സേവിക്കപ്പെടുന്ന |
| വിഭും | മഹാപ്രഭുവായി — |
| ഭൃത്യപ്രസാദാഭിമുഖം | ഭൃത്യജനങ്ങൾക്കു് അനുഗ്രഹമേകുന്നതിൽ ഉന്മുഖനായി — |
| ദൃഗാസവം | മധുപോലെ ആനന്ദം പകരുന്ന തൃക്കണ്ണുകളുള്ളവനായി — |
| പ്രസന്നഹാസാരുണലോചനാനനം | പുഞ്ചിരിയും അരുണനേത്രങ്ങളുമുള്ള തിരുമുഖത്തോടുകൂടിയവനായി — |
| കിരീടിനം | കിരീടം ചാർത്തിയവനായി — |
| കുണ്ഡലിനം | കുണ്ഡലങ്ങളണിഞ്ഞവനായി — |
| ചതുർഭുജം | നാലു കൈകളുള്ളവനായി — |
| പീതാംബരം | മഞ്ഞപ്പട്ടുടുത്തവനായി— |
| വക്ഷസി | തിരുമാറിൽ മരുവുന്ന |
| ശ്രിയാ | ശ്രീദേവിയാൽ |
| ലക്ഷിതം | വിഭൂഷിതനായി — |
| പരം | സർവ്വോത്തമമായ |

| | |
|---|---|
| അധ്യർഹണീയാസനം | വരിഷ്ഠസിംഹാസനത്തിന്മേൽ |
| ആസ്ഥിതം | ഇരുന്നരുളുന്നവനായി — |
| ചതുഃഷോഡശപഞ്ചശക്തിഭിഃ | നാല്, പതിനാറ്, അഞ്ച് എന്നീ കണക്കിലുള്ള തത്ത്വശക്തികളാൽ* |
| വൃതം | പരിവൃതനായി — |
| ഇതരത്ര | മററുള്ളവരിൽ |
| അധ്രുവൈഃ | അനിത്യങ്ങളും |
| സ്വൈഃ ച | തന്നിൽ സ്വാഭാവികങ്ങളുമായ |
| ഭഗൈഃ | ഭഗങ്ങളോട് † |
| യുക്തം | ചേർന്നിരിക്കുന്നവനായി- |
| സ്വേ ഏവ | കേവലം സ്വകീയമായ |
| ധാമൻ | നിത്യാനന്ദസ്വരൂപത്തിൽ |
| രമമാണം | രമിക്കുന്നവനുമായ |
| ഈശ്വരം | ഈശ്വരനെ |
| ദദർശ | ദർശിച്ചു. |

* പ്രകൃതി, പുരുഷൻ, മഹത്തത്ത്വം, അഹങ്കാരം എന്നിവ നാല്; മനസ്സ്, അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ, അഞ്ചു കർമ്മേന്ദ്രിയങ്ങൾ, അഞ്ചു മഹാഭൂതങ്ങൾ എന്നിവ ചേർന്ന് പതിനാറ്; ശബ്ദസ്പർശരൂപരസഗന്ധങ്ങളായ തന്മാത്രകൾ അഞ്ച്. ഇങ്ങനെ 25 തത്ത്വശക്തികൾ.

† സമഗ്രമായ ഐശ്വര്യം, ധർമ്മം, യശസ്സ്, ശ്രീ, ജ്ഞാനം, വൈരാഗ്യം എന്നീ ആറു ഭഗങ്ങൾ.

17 തദ്ദർശനാഹ്ലാദപരിപ്ലുതാന്തരോ
ഹൃഷ്യത്തനുഃ പ്രേമഭരാശ്രുലോചനഃ
നനാമ പാദാംബുജമസ്യ വിശ്വസൃഗ്-
യത്പാരമഹംസ്യേന പഥാഽധിഗമ്യതേ

| | |
|---|---|
| തദ്ദർശനാഹ്ലാദപരിപ്ലുതാന്തരഃ | ആ ഈശ്വരദർശനത്താലുളവായ ആഹ്ലാദത്തിൽ മുഴുകിപ്പോയ അന്തഃകരണത്തോടുകൂടിയവനും |
| ഹൃഷ്യത്തനുഃ | രോമാഞ്ചംകൊണ്ട ശരീരത്തോടുകൂടിയവനും |
| പ്രേമഭരാശ്രുലോചനഃ | പ്രേമഭാരംകൊണ്ടുള്ള കണ്ണീർ കണ്ണുകളിൽ തിങ്ങിയവനുമായ |
| വിശ്വസൃക് | ബ്രഹ്മദേവൻ |
| പാരമഹംസ്യേന | പരമഹംസന്മാർ സ്വീകരിക്കുന്ന |
| പഥാ | മാർഗ്ഗത്തിലൂടെ |
| യത് | യാതൊന്ന് |
| അധിഗമ്യതേ | പ്രാപിക്കപ്പെടുന്നുവോ അങ്ങനെയുള്ള |
| അസ്യ | ഈ സർവ്വേശ്വരന്റെ |
| പാദാംബുജം | പാദപത്മത്തെ |
| നനാമ | വീണുവണങ്ങി. |

18 തം പ്രീയമാണം സമുപസ്ഥിതം തദാ
പ്രജാവിസർഗ്ഗേ നിജശാസനാർഹണം
ബഭാഷ ഈഷത്സ്മിതശോചിഷാ ഗിരാ
പ്രിയഃ പ്രിയം പ്രീതമനാഃ കരേ സ്പൃശൻ.

| | |
|---|---|
| തദാ | അന്നേരം, |
| പ്രീയമാണം | പ്രീതിയാൎന്നുകൊണ്ടു് |
| സമുപസ്ഥിതം | സമീപത്തിൽ നില്ക്കുന്നവനും |
| പ്രജാവിസൎഗ്ഗേ | ലോകസൃഷ്ടിവിഷയത്തിൽ |
| നിജശാസനാൎഹണം | തന്റെ നിയോഗത്തെ നിറവേററാൻ മതിയായവനും |
| പ്രിയം | ഇഷ്ടപ്പെട്ടവനുമായ |
| തം | ആ ബ്രഹ്മാവിനോടു്, |
| പ്രിയഃ | സ്നേഹവാനും |
| പ്രീതമനാഃ | സന്തുഷ്ടചിത്തനുമായ ഭഗവാൻ |
| കരേ | കരത്തിൽ |
| സ്പൃശൻ | സ്പൎശിച്ചുകൊണ്ടു്, |
| ഈഷത്സ്മിതശോചിഷാ | ഇളമന്ദസ്മിതകാന്തിയേന്തിയ |
| ഗിരാ | വാക്കുകൊണ്ടു് |
| ബഭാഷേ | പറഞ്ഞു. |

ശ്രീഭഗവാനുവാച — ശ്രീഭഗവാൻ അരുളിച്ചെയ്തു :—

19 ത്വയാഹം തോഷിതഃ സമ്യഗ്വേദഗൎഭ സിസൃക്ഷയാ
ചിരം ഭൃതേന തപസാ ദുസ്തോഷഃ കൂടയോഗിനാം

| | |
|---|---|
| വേദഗൎഭ | ഹേ വേദഗൎഭ ! |
| സിസൃക്ഷയാ | സൃഷ്ടിവിഷയകമായ ആഗ്രഹംനിമിത്തം |
| ചിരം | ദീൎഘകാലത്താൽ |
| ഭൃതേന | സംഭരിക്കപ്പെട്ട |
| തപസാ | തപസ്സുകൊണ്ടു്, |
| കൂടയോഗിനാം | കപടഭക്തന്മാൎക്കു് |
| ദുസ്തോഷഃ | സന്തോഷിപ്പിക്കാൻ സാധിക്കാത്ത |
| അഹം | ഞാൻ |
| ത്വയാ | അങ്ങയാൽ |
| സമ്യക് | വഴിപോലെ |
| തോഷിതഃ | സന്തോഷിപ്പിക്കപ്പെട്ടിരിക്കുന്നു. |

20 വരം വരയ ഭദ്രം തേ വരേശം മാഽഭിവാഞ്ഛിതം
ബ്രഹ്മൻ ശ്രേയഃപരിശ്രാമഃ പുംസോ മദ്ദൎശനാവധിഃ

| | |
|---|---|
| തേ ഭദ്രം | അങ്ങേക്കു നന്മവരട്ടെ ! |
| വരേശം | വരംതരുവാൻ കഴിവുള്ള |
| മാ | എന്നോടു് |
| അഭിവാഞ്ഛിതം | ഇഷ്ടമുള്ള |
| വരം | വരത്തെ |
| വരയ | വരിച്ചുകൊൾക. |
| ബ്രഹ്മൻ | ഹേ ബ്രഹ്മൻ ! |
| പുംസഃ | ഏതൊരു വ്യക്തിക്കും |
| ശ്രേയഃപരിശ്രാമഃ | ശ്രേയസ്സിനുവേണ്ടിയുള്ള പ്രയത്നം |
| മദ്ദൎശനാവധിഃ | എന്നെ കാണുന്നതുവരെയാണു്. |

21 മനീഷിതാനുഭാവോഽയം മമ ലോകാവലോകനം
യദുപശ്രുത്യ രഹസി ചകൎത്ഥ പരമം തപഃ

| | |
|---|---|
| മമ | എന്റെ |
| ലോകാവലോകനം | ലോകത്തെ കാണുമാറായതുതന്നെ — |
| അയം | ഇതു് |
| മനീഷിതാനുഭാവഃ | എന്റെ ഇച്ഛയുടെ അനുഭാവമാകുന്നു |
| യത് | യാതൊരു മദ്വചനത്തെ |
| രഹസി | ഏകാന്തതയിൽ |
| ഉപശ്രുത്യ | കേട്ടുധരിച്ചു്, |
| പരമം | അതിതീവ്രമായ |
| തപഃ | തപസ്സിനെ |
| ചകൎത്ഥ | അങ്ങു് അനുഷ്ഠിച്ചുവല്ലോ. |

22 പ്രത്യാദിഷ്ടം മയാ തത്ര ത്വയി കാര്യവിമോഹിതേ
തപോ മേ ഹൃദയം സാക്ഷാദാത്മാഹം തപസോഽനഘ..

| | | | |
|---|---|---|---|
| തത്ര | അപ്പോൾ (സൃഷ്ടിയുടെ ആരംഭത്തിൽ) | അനഘ | ഹേ നിഷ്പാപ ! |
| ത്വയി | അങ്ങ് | തപഃ മേ | തപസ്സ് എന്റെ |
| കാര്യവിമോഹിതേ | കർത്തവ്യവിമൂഢനായിരിക്കവേ, | ഹൃദയം | അന്തരംഗശക്തിയാണ്; |
| മയാ | എന്നാൽ | അഹം | ഞാൻ |
| പ്രത്യാദിഷ്ടം | തപോനുഷ്ഠാനത്തിന്നായി ഉപദേശിക്കപ്പെട്ടതാകുന്നു. | തപസഃ | തപസ്സിന്റെ |
| | | സാക്ഷാത് | ശരീരം ഉള്ള |
| | | ആത്മാ | സ്വരൂപമാണ്, |

23 സൃജാമി തപസൈവേദം ഗ്രസാമി തപസാ പുനഃ
ബിഭർമ്മി തപസാ വിശ്വം വീര്യം മേ ദുശ്ചരം തപഃ

| | | | |
|---|---|---|---|
| തപസാ ഏവ | തപസ്സിനാൽത്തന്നെ | തപസാ | തപസ്സുകൊണ്ട് |
| ഇദം വിശ്വം | ഈ ലോകത്തെ | ബിഭർമ്മി | രക്ഷിക്കുകയും ചെയ്യുന്നു. |
| സൃജാമി | ഞാൻ സൃഷ്ടിക്കുന്നു; | തപഃ മേ | തപസ്സ് എന്റെ |
| തപസാ | തപസ്സുകൊണ്ട് | ദുശ്ചരം | അലംഘ്യമായ |
| പുനഃ | പിന്നീട് | വീര്യം | ശക്തിയാണ്. |
| ഗ്രസാമി | സംഹരിക്കുന്നു; | | |

ബ്രഹ്മോവാച : — ബ്രഹ്മാവു പറഞ്ഞു:

24 ഭഗവൻ സർവ്വഭൂതാനാമധ്യക്ഷോഽവസ്ഥിതോ ഗുഹാം
വേദ ഹ്യപ്രതിരുദ്ധേന പ്രജ്ഞാനേന ചികീർഷിതം

| | | | |
|---|---|---|---|
| ഭഗവൻ | ഹേ ഭഗവൻ! അങ്ങുന്ന് | അപ്രതിരുദ്ധേന | മറവും തടവും ഇയലാത്ത |
| സർവ്വഭൂതാനാം | എല്ലാ ജീവന്മാരുടേയും | പ്രജ്ഞാനേന | അറിവുകൊണ്ട് |
| അധ്യക്ഷഃ | അധിഷ്ഠാതാവായി, | ചികീർഷിതം | എന്റെ കർത്തവ്യാഭിലാഷത്തെ |
| ഗുഹാം | അന്തഃകരണത്തെ | വേദ ഹി | പറയാതെ തന്നെ അറിയുന്നു. |
| അവസ്ഥിതഃ | അടക്കിവാണുകൊണ്ട് | | |

25 തഥാപി നാഥമാനസ്യ നാഥ നാഥയ നാഥിതം
പരാവരേ യഥാ രൂപേ ജാനീയാം തേ ത്വരൂപിണഃ

| | | | |
|---|---|---|---|
| തഥാപി | എന്നിരിക്കിലും, | അരൂപിണഃ | രൂപരഹിതനായ |
| നാഥ | സ്വാമിൻ! | തേ | നിന്തിരുവടിയുടെ |
| നാഥമാനസ്യ | യാചിക്കുന്നവനായ ഈശ്വയുള്ളവന്റെ | പരാവരേ | സൂക്ഷ്മവും സ്ഥൂലവുമായ (നിർഗ്ഗുണവും സഗുണവുമായ) |
| നാഥിതം | അഭ്യർത്ഥനയെ | | |
| നാഥയ | നിറവേററിത്തന്നാലും! | രൂപേ | ഇരുരൂപത്തേയും |
| യഥാ തു | എങ്ങിനെയായാൽ, | ജാനീയാം | ഞാനറിയുമോ – |

26 യഥാത്മമായായോഗേന നാനാശക്ത്യുപബൃംഹിതം
വിലുംപൻ വിസൃജൻ ഗൃഹ്ണൻ ബിഭ്രദാത്മാനമാത്മനാ

27 ക്രീഡസ്യമോഘസങ്കല്പ ഊർണ്ണനാഭിര്യഥോർണ്ണുതേ
തഥാ തദ്വിഷയാം ധേഹി മനീഷാം മയി മാധവ.

| | | | |
|---|---|---|---|
| മാധവ | അല്ലയോ മായാപതേ! | ബിഭ്രത് | ഭരിക്കുന്നവനായും ഭവിച്ച് |
| അമോഘ-സങ്കല്പഃ | ഒരിക്കലും വ്യർത്ഥീഭവിക്കാത്ത സങ്കല്പത്തോടുകൂടിയ അങ്ങുന്ന്, | ആത്മാനം | തന്നെ |
| | | ആത്മനാ | തന്നാൽ |
| ഊർണ്ണനാഭിഃ | എട്ടുകാലി | ഗൃഹ്ണൻ | അനുഗ്രഹിച്ചുകൊണ്ട് |
| യഥാ ഊർണ്ണുതേ | നൂൽ നൂല്ക്കുന്നതുപോലെ | യഥാ | ഏതൊരുവിധം |
| ആത്മമായാ-യോഗേന | സ്വകീയമായ മായയുടെ പരിഗ്രഹത്താൽ | ക്രീഡസി | വിഹരിക്കുന്നു? |
| | | തദ്വിഷയാം | ആ സംഗതിയെ സംബന്ധിച്ച |
| നാനാശക്ത്യ-പബൃംഹിതം | വിവിധശക്തികളോടെ തഴച്ചുവളൎന്നവിശ്വത്തെ | മനീഷാം | ബോധത്തെ |
| വിലുംപൻ | സംഹരിക്കുന്നവനായും, | തഥാ | അതേ രൂപത്തിൽ |
| വിസൃജൻ | സൃഷ്ടിക്കുന്നവനായും | മയി ധേഹി | എന്നിലുളവാക്കിയാലും. |

28 ഭഗവച്ഛിക്ഷിതമഹം കരവാണി ഹ്യതന്ദ്രിതഃ
നേഹമാനഃ പ്രജാസർഗ്ഗം ബദ്ധ്യേയം യദനുഗ്രഹാത്.

| | | | |
|---|---|---|---|
| ഭഗവച്ഛിക്ഷിതം | ഭഗവാനാൽ അനുശാസിക്കപ്പെട്ട കാര്യത്തെ | യദനുഗ്രഹാത് | യാതൊരു നിന്തിരുവടിയുടെ അനുഗ്രഹത്താൽ, |
| അഹം | ഞാൻ | പ്രജാസർഗ്ഗം | പ്രജാസൃഷ്ടിയെ |
| അതന്ദ്രിതഃ | അലസതയില്ലാത്തവനായി | ഈഹമാനഃ | ചെയ്തുകൊണ്ടിരിക്കുന്നവനാണെങ്കിലുംകൂടി |
| കരവാണി ഹി | ചെയ്തുകൊള്ളട്ടെ! | ന ബദ്ധ്യേയം | ഞാൻ അഹന്തയാൽ ബദ്ധനാകരുത്. |

29 യാവത് സഖാ സഖ്യുരിവേശ തേ കൃതഃ
പ്രജാവിസർഗ്ഗേ വിഭജാമി ഭോ ജനം
അവിക്ലബസ്തേ പരികർമ്മണി സ്ഥിതോ
മാ മേ സമുന്നദ്ധമദോഽജമാനിനഃ

| | |
|---|---|
| ഭോഃ ഈശ | ഹേ പ്രഭോ ! |
| സഖ്യുഃ | ചങ്ങാതിക്ക് |
| സഖാ ഇവ | ചങ്ങാതിയെന്നപോലെ |
| തേ | അങ്ങയാൽ |
| കൃതഃ | സൽകൃതനായ ഞാൻ |
| യാവത് | എത്രകാലത്തോളം |
| പ്രജാവിസർഗ്ഗേ | പ്രജാസൃഷ്ടിരൂപമായ |
| തേ | അങ്ങയുടെ |
| പരികർമ്മണി | പരികർമ്മത്തിൽ |
| സ്ഥിതഃ | സ്ഥിതിചെയ്തിട്ട് |
| അവിക്ലബഃ | വ്യാകുലഭാവമെന്നിയെ |
| ജനം | പ്രജാസഞ്ചയത്തെ |
| വിഭജാമി | ഗുണകർമ്മാനുസാരേണ തരംതിരിച്ച് സൃഷ്ടിക്കുന്നുവോ, |
| താവത് | അത്രകാലത്തോളം |
| അജമാനിനഃ | 'അജൻ' (ജന്മരഹിതൻ) എന്നു് അഭിമാനം കൊള്ളാവുന്ന |
| മേ | എനിക്ക് |
| സമുന്നദ്ധമദഃ | ഉൽക്കടമായ അഹന്ത |
| മാ | ഉണ്ടാകരുത്. |

ശ്രീഭഗവാൻ ഉവാച : ശ്രീഭഗവാൻ അരുളിച്ചെയ്തു

30 ജ്ഞാനം പരമഗുഹ്യം മേ യദ്വിജ്ഞാനസമന്വിതം
സരഹസ്യം തദംഗം ച ഗൃഹാണ ഗദിതം മയാ.

| | |
|---|---|
| പരമഗുഹ്യം | അത്യധികം നിഗൂഢമായതും |
| വിജ്ഞാനസമന്വിതം | അനുഭവപരിജ്ഞാനത്തോടുകൂടിയതും |
| സരഹസ്യം | ഭക്തിയുക്തവും ആയ |
| മേ | എന്നെസംബന്ധിച്ചുള്ള |
| ജ്ഞാനം | തത്വാവബോധം |
| യത് | യാതൊന്നോ, അതും |
| തദംഗം ച | അതിന്റെ അംഗതോപായുള്ള പ്രമാണവും |
| മയാ | എന്നാൽ |
| ഗദിതം | പറയപ്പെടുന്നതിനെ |
| ഗൃഹാണ | ഗ്രഹിച്ചുകൊള്ളുക. |

31 യാവാനഹം യഥാഭാവോ യദ്രൂപഗുണകർമ്മകഃ
തഥൈവ തത്വവിജ്ഞാനമസ്തു തേ മദനുഗ്രഹാത്

| | |
|---|---|
| അഹം | ഞാൻ |
| യാവാൻ | രൂപംകൊണ്ട് എത്രമാത്രമുള്ളവൻ; |
| യഥാഭാവഃ | എപ്രകാരമുള്ള ഭാവം (അന്തഃസത്ത) ഉള്ളവൻ; |
| യദ്രൂപഗുണകർമ്മകഃ | ഏതെല്ലാം ആകൃതിഗുണകർമ്മങ്ങളോടുചേർന്നവൻ; |
| തത്വവിജ്ഞാനം | ഇവയുടെയെല്ലാം യാഥാത്മ്യബോധം |
| തഥാ ഏവ | അതേവിധംതന്നെ |
| മദനുഗ്രഹാത് | എന്റെ അനുഗ്രഹത്താൽ |
| തേ അസ്തു | അങ്ങയ്ക്കുണ്ടാവട്ടെ! [ൽ |

## ചതുഃശ്ലോകീഭാഗവതം.

32 അഹമേവാസമേവാഗ്രേ നാന്യദ്യത് സദസത് പരം
പശ്ചാദഹം യദേതച്ച യോഽവശിഷ്യേത സോഽസ്മ്യഹം

| | | | |
|---|---|---|---|
| അഗ്രേ | സൃഷ്ടിക്കുമുമ്പ് | യത് | യാതൊന്നു് |
| അഹം ഏവ | ഞാൻ മാത്രമേ | ഏതത് ച | ഈ വിശ്വമായിട്ടു പ്രകാശിക്കുന്നുവോ, അതും |
| ആസം ഏവ | ഉണ്ടായിരുന്നുള്ളു; | അഹം | ഞാൻ തന്നെ. |
| സത് അസത് | സ്ഥൂലവും സൂക്ഷ്മവും | യഃ | യാതൊരുവൻ |
| യത് പരം | ഇവയുടെ കാരണമായ യാതൊരു പ്രധാനവും | അവശിഷ്യേത | അവശേഷിക്കുന്നുവോ, |
| അന്യത് ന | എന്നിൽനിന്നന്യമല്ല | സഃ | അവൻ |
| പശ്ചാത് | സൃഷ്ടിക്കുശേഷം | അഹം അസ്മി | ഞാൻതന്നെയാകുന്നു. |

33 ഋതേർത്ഥം യത് പ്രതീയേത ന പ്രതീയേത ചാത്മനി
തദ്വിദ്യാദാത്മനോ മായാം യഥാഽഭാസോ യഥാ തമഃ

| | | | |
|---|---|---|---|
| അർത്ഥം ഋതേ | പരമാർത്ഥം വിട്ടിട്ട് | തമഃ യഥാ | രാഹുഗ്രഹംപോലെ |
| യത് | യാതൊരു പരമാർത്ഥത്തിലും കവിഞ്ഞു് ഏതോ ഒന്നു് | പ്രതീയേത ന ച | ഉള്ളതു് ഇല്ലെന്നു തോന്നിയേക്കാം – (2) |
| ആത്മനി | പരമാത്മാവായ എന്നിൽ | തത് | ആയതിനെ |
| | | ആത്മനഃ | എന്റെ |
| ആഭാസഃ യഥാ | നിഴലാട്ടംപോലെ | മായാം | മായയായിട്ട് |
| പ്രതീയേത | ഉള്ളതായിത്തോന്നാം;(1) | വിദ്യാത് | അറിഞ്ഞുകൊള്ളണം |

(1) നോട്ടത്തിന്റെ തകരാറുകൊണ്ട് ആകാശത്തിൽ ഒന്നിനുപകരം രണ്ടു ചന്ദ്രബിംബം ഉണ്ടെന്നു തോന്നിയേക്കാം. ഇങ്ങനെ ഇല്ലാത്തതു് ഉണ്ടെന്ന തോന്നലും, (2) രാഹു പ്രത്യക്ഷദൃശ്യമല്ലാത്ത ഗ്രഹമാകയാൽ ഇല്ലെന്നു തോന്നാം—ഇങ്ങനെ ഉള്ളതു് ഇല്ലെന്ന തോന്നലും മായയുടെ സ്വരൂപമാകുന്നു.

34 യഥാ മഹാന്തി ഭൂതാനി ഭൂതേഷൂച്ചാവചേഷ്വനു
പ്രവിഷ്ടാന്യപ്രവിഷ്ടാനി തഥാ തേഷു ന തേഷ്വഹം

| | | | |
|---|---|---|---|
| മഹാന്തി ഭൂതാനി | ആകാശാദി പഞ്ചമഹാഭൂതങ്ങൾ | അനു | അവയുണ്ടായശേഷം |
| | | തേഷു | അവയിൽ |
| ഉച്ചാവചേഷു | സ്ഥൂലസൂക്ഷ്മഭേദേന അനേകവിധമായുള്ള | പ്രവിഷ്ടാനി | പ്രവേശിച്ചവയായും |
| | | അപ്രവിഷ്ടാനി | പ്രവേശിക്കാത്തവയായും |
| ഭൂതേഷു | ഭൗതികങ്ങളിൽ | യഥാ | ഏതുപോലെ പരിഗണിക്കപ്പെടാവുന്നതോ, |

| | | | |
|---|---|---|---|
| തഥാ | അതുപോലെ * | അഹം | ഞാൻ (പ്രവേശിച്ചവനെങ്കിലും |
| തേഷു | ആ ഭൂതഭൗതികങ്ങളിൽ | ന | പ്രവേശിച്ചവനല്ല. |

* പഞ്ചമഹാഭൂതങ്ങൾ ഭൗതികശരീരങ്ങളിൽ സൃഷ്ടിയോടൊപ്പം അനുപ്രവേശിച്ചവയാണെന്നു് ഒരുനിലയ്ക്കു് പറയാമെങ്കിലും മറ്റൊരു നിലയ്ക്കു് അവ കാരണരൂപേണ സൃഷ്ടിക്കു മുമ്പുതന്നെ ഭൗതികങ്ങളിൽ ഉണ്ടായിരുന്നതിനാൽ അനുപ്രവേശിച്ചവയല്ലെന്നതാണു് വാസ്തവം. അതുപോലെ ഭൂതഭൗതികങ്ങളിൽ ഈശ്വരൻ അനുപ്രവേശിച്ചുവെന്നു പറയാമെങ്കിലും ആ സർവ്വാത്മകൻ പ്രവേശിച്ചതല്ല എന്നതാണു് ശരി. ഈശ്വരാതിരിക്തമായി ഒന്നും ഇല്ലാത്തതിനാൽ അനുപ്രവേശത്തിനു് പ്രസക്തിയെവിടെ ?

35 ഏതാവദേവ ജിജ്ഞാസ്യം തത്ത്വജിജ്ഞാസുനാഽത്മനഃ
അന്വയവ്യതിരേകാഭ്യാം യത് സ്യാത് സർവ്വത്ര സർവ്വദാ

| | | | |
|---|---|---|---|
| ആത്മനഃ | ആത്മാവിന്റെ | അന്വയ-വ്യതിരേകാഭ്യാം | അന്വയംകൊണ്ടും, വ്യതിരേകം കൊണ്ടും * |
| തത്ത്വ-ജിജ്ഞാസുനാ | യാഥാത്മ്യമറിയുവാനാഗ്രഹിക്കുന്ന ഒരുവനാൽ | യത് | യാതൊന്നു് |
| ജിജ്ഞാസ്യം | ചിന്തിച്ചറിയപ്പെടേണ്ടതു് | സർവ്വദാ | എല്ലാകാലത്തും |
| ഏതാവത് | ഇത്രമാത്രം | സർവ്വത്ര | എല്ലായിടത്തും |
| ഏവ | തന്നെയാകുന്നു— | സ്യാത് | ഉണ്ടായേക്കാമോ, |
| | | (തദേവ | അതുതന്നെയാണു് |
| | | ആത്മാ) | ആത്മസ്വരൂപം |

* കാര്യങ്ങളായ ശരീരാദിപദാർത്ഥങ്ങളിൽ കാരണരൂപേണ നിരന്തരമായി ചേർന്നിരിക്കൽ 'അന്വയം'. കാരണാവസ്ഥയിൽ ശരീരാദിപദാർത്ഥങ്ങളോടു ചേരാതിരിക്കൽ 'വ്യതിരേകം'.

36 ഏതന്മതം സമാതിഷ്ഠ പരമേണ സമാധിനാ
ഭവാൻ കല്പവികല്പേഷു ന വിമുഹ്യതി കർഹിചിത്

| | | | |
|---|---|---|---|
| പരമേണ | ഉൽകൃഷ്ടമായ | കല്പ-വികല്പേഷു | ഓരോ കല്പത്തിലും ഉള്ള വിവിധസൃഷ്ടികർമ്മവിഷയത്തിൽ |
| സമാധിനാ | സമാധിയിലൂടെ | കർഹിചിത് | ഒരിക്കലും |
| ഏതത് മതം | ഈ സിദ്ധാന്തത്തെ | ന വിമുഹ്യതി | വിമോഹം പ്രാപിക്കുന്നതല്ല. |
| സമാതിഷ്ഠ | വഴിപോലെ അനുസന്ധാനംചെയ്താലും. | | |
| ഭവാൻ | അങ്ങു് | | |

ശ്രീശുക ഉവാച — ശ്രീശുകൻ പറഞ്ഞു

37 സംപ്രദിശ്യൈവമജനോ ജനാനാം പരമേഷ്ഠിനം
പശ്യതസ്തസ്യ തദ്രൂപമാത്മനോ ന്യരുണദ്ധരിഃ

| | |
|---|---|
| അജനഃ | പിറവിയില്ലാത്ത |
| ഹരിഃ | ഭഗവാൻ ശ്രീഹരി |
| ജനാനാം | പിറവിയെടുത്തവരുടെയെല്ലാം |
| പരമേഷ്ഠിനം | പരമാധിപത്യം വഹിക്കുന്ന ബ്രഹ്മാവിനോട് |
| ഏവം | ഇപ്രകാരം |
| സംപ്രദിശ്യ | ഉപദേശിച്ച്, |
| തസ്യ പശ്യതഃ | അദ്ദേഹം നോക്കിക്കൊണ്ടിരിക്കെ, |
| ആത്മനഃ | തന്റെ |
| തത് രൂപം | ആ രൂപത്തെ |
| ന്യരുണത് | മറച്ചു. |

38 അന്തർഹിതേന്ദ്രിയാർത്ഥായ ഹരയേ വിഹിതാഞ്ജലിഃ
സർവ്വഭൂതമയോ വിശ്വം സസർജ്ജേദം സ പൂർവ്വവത്

| | |
|---|---|
| സർവ്വഭൂതമയഃ | സർവ്വഭൂതസ്വരൂപനായ |
| സഃ | ആ ബ്രഹ്മദേവൻ |
| അന്തർഹിതേന്ദ്രിയാർത്ഥായ | ഇന്ദ്രിയഗോചരമായ രൂപത്തെ തിരോഭവിപ്പിച്ചിരിക്കുന്ന |
| ഹരയേ | ശ്രീഹരിക്കായിക്കൊണ്ട് |
| വിഹിതാഞ്ജലിഃ | കൂപ്പുകൈയർപ്പിച്ച്, |
| ഇദം വിശ്വം | ഈ ലോകത്തെ |
| പൂർവ്വവത് | മുമ്പത്തേതുപോലെ |
| സസർജ്ജ | സൃഷ്ടിച്ചു. |

39 പ്രജാപതിർദ്ധർമ്മപതിരേകദാ നിയമാൻ യമാൻ
ഭദ്രം പ്രജാനാമന്വിച്ഛന്നാതിഷ്ഠത് സ്വാർത്ഥകാമ്യയാ.

| | |
|---|---|
| ധർമ്മപതിഃ | ധർമ്മപ്രവർത്തകനായ |
| പ്രജാപതിഃ | ബ്രഹ്മദേവൻ |
| ഏകദാ | ഒരിക്കൽ |
| പ്രജാനാം | പ്രജകളുടെ |
| ഭദ്രം | നന്മയെ |
| അന്വിച്ഛൻ | ഉള്ളിൽ കരുതിക്കൊണ്ട് |
| സ്വാർത്ഥകാമ്യയാ | തന്റെ ഇക്കാര്യം സാധിക്കുവാനുള്ള ആഗ്രഹത്തോടെ |
| യമാൻ | യമങ്ങളേയും |
| നിയമാൻ | നിയമങ്ങളേയും |
| ആതിഷ്ഠത് | അനുഷ്ഠിക്കയായിരുന്നു. |

40 തം നാരദഃ പ്രിയതമോ രിക്ഥാദാനാമനുവ്രതഃ
ശുശ്രൂഷമാണഃ ശീലേന പ്രശ്രയേണ ദമേന ച

41 മായാം വിവിദിഷൻ വിഷ്ണോർമായേശസ്യ മഹാമുനിഃ
മഹാഭാഗവതോ രാജൻ പിതരം പര്യതോഷയത്

| | |
|---|---|
| രാജൻ | ഹേ രാജാവേ ! |
| രിക്ഥാദാനാം | പൈതൃകസ്വത്തിന്റെ അവകാശികളായ മക്കളുടെ ഇടയിൽവെച്ച് |
| പ്രിയതമഃ | ഏറ്റവും പ്രിയംകരനും |
| അനുവ്രതഃ | അനുസരണശീലമുള്ളവനും |
| മഹാമുനിഃ | വലിയ മനനശീലനും |
| മഹാഭാഗവതഃ | പരമഭക്തനും ആയ |
| നാരദഃ | ശ്രീനാരദൻ |
| മായേശസ്യ | മായാധിനായകനായ |
| വിഷ്ണോഃ | മഹാവിഷ്ണുവിന്റെ |
| മായാം | മായയെക്കുറിച്ച് |

| | | | |
|---|---|---|---|
| വിവിദിഷൻ | അറിയുവാനാഗ്രഹിച്ചുകൊണ്ട്, | പ്രശ്രയേണ | വിനയത്തോടെയും |
| പിതരം | സ്വപിതാവായ | ദമേന ച | ഇന്ദ്രിയനിഗ്രഹത്തോടെയും |
| തം | ആ ബ്രഹ്മദേവനെ | ശുശ്രൂഷമാണഃ | പരിചരിച്ച് |
| ശീലേന | സ്വഭാവശുദ്ധിയോടെയും | പര്യതോഷയത് | സന്തോഷിപ്പിച്ചു. |

42 തുഷ്ടം നിശാമ്യ പിതരം ലോകാനാം പ്രപിതാമഹം
ദേവർഷിഃ പരിപപ്രച്ഛ ഭവാൻ യന്മാനുപൃച്ഛതി

| | | | |
|---|---|---|---|
| ലോകാനാം | ലോകങ്ങളുടെ | പരിപപ്രച്ഛ | ആദരപൂർവ്വം ചോദിച്ചു. |
| പ്രപിതാമഹം | പ്രപിതാമഹനായ | യത് | യാതൊരു അതേ ചോദ്യംതന്നെ |
| പിതരം | തന്റെ പിതാവിനെ | ഭവാൻ മാ | അങ്ങയും എന്നോട് |
| തുഷ്ടം | സന്തുഷ്ടനായി | അനുപൃച്ഛതി | ചോദിച്ചുകൊണ്ടിരിക്കുന്നു |
| നിശാമ്യ | കണ്ടിട്ട്, | | |
| ദേവർഷിഃ | ശ്രീനാരദമുനി | | |

43 തസ്മാ ഇദം ഭാഗവതം പുരാണം ദശലക്ഷണം
പ്രോക്തം ഭഗവതാ പ്രാഹ പ്രീതഃ പുത്രായ ഭൂതകൃത്.

| | | | |
|---|---|---|---|
| പ്രീതഃ | സന്തുഷ്ടനായ | ഭാഗവതം | ഭാഗവതമെന്നു പേരുള്ളതും |
| ഭൂതകൃത് | ബ്രഹ്മാവ് | ദശലക്ഷണം | പത്തു ലക്ഷണങ്ങളടങ്ങിയതുമായ |
| പുത്രായ | പുത്രനായ | ഇദം പുരാണം | ഈ പുരാണത്തെ |
| തസ്മൈ | ആ നാരദമുനിക്ക്, | പ്രാഹ | ഉപദേശിച്ചു. |
| ഭഗവതാ | ശ്രീനാരായണനാൽ | | |
| പ്രോക്തം | തനിക്കുപദിഷ്ടമായതും | | |

44 നാരദഃ പ്രാഹ മുനയേ സരസ്വത്യാസ്തടേ നൃപ
ധ്യായതേ ബ്രഹ്മ പരമം വ്യാസായാമിതതേജസേ.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ബ്രഹ്മ | ബ്രഹ്മസ്വരൂപത്തെ |
| നാരദഃ | ശ്രീനാരദൻ | ധ്യായതേ | ധ്യാനിച്ചുകൊണ്ടിരുന്ന |
| സരസ്വത്യാഃ | സരസ്വതീനദിയുടെ | അമിതതേജസേ | പരമതേജോനിധിയായ |
| തടേ | കരയിൽ | വ്യാസായ | വേദവ്യാസനെന്ന |
| പരമം | പരമമായ | മുനയേ | മഹാമുനിക്ക് |
| | | പ്രാഹ | ഉപദേശിച്ചു. |

45 യദുതാഹം ത്വയാ പൃഷ്ടോ വൈരാജാത് പുരുഷാദിദം
യഥാസീത്തദുപാഖ്യാസ്യേ പ്രശ്നാനന്യാംശ്ച കൃത്സ്നശഃ

| | | | |
|---|---|---|---|
| വൈരാജാത് | വിരാട്സ്വരൂപനായ | യത് | എന്നതു് യാതൊന്നോ |
| പുരുഷാത് | പുരുഷനിൽനിന്നു് | തത് | അതിനേയും, |
| ഇദം | ഈ ലോകം | ഉത | മാത്രമല്ല; |
| യഥാ | യാതൊരു പ്രകാരം | അന്യാൻ | മററുള്ളതായ |
| ആസീത് | ഉണ്ടായി എന്നു് | പ്രശ്നാൻ ച | ചോദ്യങ്ങളേയും |
| തഥാ | അങ്ങയാൽ | കൃത്സ്നതഃ | പൂർണ്ണമായെടുത്തു് |
| അഹം പൃഷ്ടഃ | ഞാൻ ചോദിക്കപ്പെട്ട- | ഉപാഖ്യാസ്യേ | ഭാഗവതാഖ്യാനരൂപ |
| | | | ത്തിൽ ഉത്തരം നൽകാം. |

കുറിപ്പു്: —വിരാട്പുരുഷാംഗങ്ങളാൽ ലോകങ്ങളും കല്പിതങ്ങളായെന്നും ലോകങ്ങളാൽ വിരാട്പുരുഷാംഗങ്ങളും കല്പിതങ്ങളായെന്നും പറഞ്ഞുവെച്ചതിലുള്ള വിരോധം പരിഹരിച്ചുതരണമെന്നു രാജാവു് തന്നോടു് അപേക്ഷിച്ചിരുന്നു. അതിനുള്ളതും, അതിനെ തുടർന്നുകൊണ്ടുള്ള ചോദ്യങ്ങൾക്കുള്ളതുമായ ഉത്തരം ഭാഗവതകഥാപ്രവചനത്തിലൂടെ തന്നുകൊള്ളാമെന്നാണു ശ്രീശുകൻ പറഞ്ഞതിന്റെ സാരം.

ആദിയിൽ ശ്രീ നാരായണൻ ബ്രഹ്മാവിന്നു് ഉപദേശിച്ച ഭാഗവതത്തിന്റെ സാരം ഈ അദ്ധ്യായത്തിലെ 32 മുതൽ 35 ഉൾപ്പെടെയുള്ള ചതുഃശ്ലോകിയിൽ അടങ്ങിയതാണു്. ഇതിനെ പിന്നീടു പ്രപഞ്ചനംചെയ്തു് സമ്പ്രദായക്രമമനുസരിച്ചു് ലോകാനുഗ്രഹത്തെ മുൻനിർത്തി ബ്രഹ്മനാരദവ്യാസശുകന്മാർ ലോകത്തിൽ അവതരിപ്പിച്ചു. അതിനാൽ ഈ ഭാഗവതസംഹിത അപൌരുഷേയവും ആകയാൽ വേദസമ്മിതവുമാകുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ

നവമോഽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 340.

ഒമ്പതാമദ്ധ്യായം കഴിഞ്ഞു.

# ദശമോഽദ്ധ്യായഃ : പത്താമദ്ധ്യായം.

"തതോ ഭാഗവതവ്യാഖ്യാദ്വാരൈവ ദശമേ സ്ഫുടം
രാജപ്രശ്നോത്തരം വക്തുമാരേഭേ ബാദരായണിഃ"

## മഹാപുരാണലക്ഷണങ്ങൾ; വിരാട്സ്വരൂപത്തിൽ ഇന്ദ്രിയങ്ങളും തദധിഷ്ഠാനശക്തികളും ഉണ്ടായതു്.

**ശ്രീശുക ഉവാച—ശ്രീശുകൻ പറഞ്ഞു :-**

1 അത്ര സർഗ്ഗോ വിസർഗ്ഗശ്ച സ്ഥാനം പോഷണമൂതയഃ
മന്വന്തരേശാനുകഥാ നിരോധോ മുക്തിരാശ്രയഃ

| | |
|---|---|
| അത്ര | ഈ പുരാണത്തിൽ, |
| സർഗ്ഗഃ | മൂലതത്ത്വങ്ങളുടെ ഉൽപത്തി, |
| വിസർഗ്ഗഃ | ബ്രഹ്മകൃതമായ ലോകസൃഷ്ടി, |
| സ്ഥാനം | സ്ഥിതി (വിഷ്ണുകൃതമായ ലോകപരിപാലനം), |
| പോഷണം | ഭഗവാന്റെ ഭക്തജനാനുകമ്പ, |
| ഊതയഃ | കർമ്മവാസനകൾ; |
| മന്വന്തരേശാനുകഥാഃ | മന്വന്തരാധിപതികളുടെ ചരിതങ്ങൾ; ഭഗവാന്റെ ലീലാവതാരങ്ങൾ, |
| നിരോധഃ | പരമാത്മാവിൽ ജീവാത്മാക്കളുടെ സോപാധികലയം, |
| മുക്തിഃ | ആത്യന്തികലയം, |
| ആശ്രയഃ ച | പരമാത്മതത്ത്വം എന്നിവയുടെ പ്രതിപാദനം ഉൾക്കൊണ്ടിരിക്കുന്നു |

2 ദശമസ്യ വിശുദ്ധ്യർത്ഥം നവാനാമിഹ ലക്ഷണം
വർണ്ണയന്തി മഹാത്മാനഃ ശ്രുതേനാർത്ഥേന ചാഞ്ജസാ.

| | |
|---|---|
| മഹാത്മാനഃ | മഹാത്മാക്കൾ |
| ഇഹ | ഇവയിൽ |
| ദശമസ്യ | പത്താമത്തേതിന്റെ (ആശ്രയത്തിന്റെ) |
| വിശുദ്ധ്യർത്ഥം | സ്പഷ്ടീകരണത്തിനു വേണ്ടി |
| നവാനാം | ഒമ്പതുകളുടേയും (സർഗ്ഗാദികളുടെ) |
| ലക്ഷണം | സ്വരൂപത്തെ |
| ശ്രുതേന | സ്തുതികളിലും മററും ഉൾക്കൊള്ളുന്ന വേദവാക്യം കൊണ്ടും |
| അർത്ഥേന ച | കഥാഖ്യാനങ്ങളിലെ താൽപര്യാർത്ഥം വഴിക്കും |
| അഞ്ജസാ | തെളിമയോടെ |
| വർണ്ണയന്തി | വർണ്ണിക്കുന്നു. |

3 ഭൂതമാത്രേന്ദ്രിയധിയാം ജന്മ സർഗ്ഗ ഉദാഹൃതഃ
ബ്രഹ്മണോ ഗുണവൈഷമ്യാദ്വിസർഗ്ഗഃ പൗരുഷഃ സ്മൃതഃ

ബ്രഹ്മണഃ — സർവ്വേശ്വരങ്കൽനിന്നു്
ഗുണവൈഷമ്യാത് — പ്രകൃതിഗുണങ്ങളുടെ വിക്ഷോഭംനിമിത്തം
ഭൂതമാത്രേന്ദ്രിയധിയാം — പഞ്ചഭൂതങ്ങൾ-പഞ്ചതന്മാത്രകൾ—ഇന്ദ്രിയങ്ങൾ-മഹദഹങ്കാരങ്ങൾ എന്നീ മൂലതത്ത്വങ്ങളുടെ
ജന്മ — വിരാട്സ്വരൂപേണയുള്ള ഉൽപത്തി
സർഗ്ഗഃ — 'സർഗ്ഗം' എന്നു്
ഉദാഹൃതഃ — പറയപ്പെടുന്നു.
പൌരുഷഃ — വിരാട്പുരുഷജാതനായ ബ്രഹ്മാവിലൂടെ സംഭവിച്ച ജഗൽസൃഷ്ടി
വിസർഗ്ഗഃ — 'വിസർഗ്ഗം' എന്ന പേരിലും
സ്മൃതഃ — സങ്കല്പിതമായിരിക്കുന്നു.

4 സ്ഥിതിർവൈകുണ്ഠവിജയഃ പോഷണം തദനുഗ്രഹഃ
മന്വന്തരാണി സദ്ധർമ്മ ഊതയഃ കർമ്മവാസനാഃ

സ്ഥിതിഃ — 'സ്ഥിതി' (സ്ഥാനം) എന്നതു്
വൈകുണ്ഠവിജയഃ — സൃഷ്ടങ്ങളായ ജീവരാശികളെ ധർമ്മപഥത്തിൽ ഒതുക്കിനിർത്തി രക്ഷിക്കുക എന്ന വിഷ്ണുവിന്റെ ഉൽക്കർഷതയാകുന്നു.
പോഷണം — 'പോഷണം' എന്നതു്
തദനുഗ്രഹഃ — വിഷ്ണുഭഗവാന്റെ ഭക്താനുഗ്രഹപ്രവണതയാണു്
സദ്ധർമ്മഃ — അനുഗൃഹീതരായ മന്വന്തരാധിപതികളുടെ പ്രജാപാലനരൂപമായ ധർമ്മാനുഷ്ഠാനമാണു്
മന്വന്തരാണി — "മന്വന്തരങ്ങൾ".
കർമ്മവാസനാഃ — ജീവാത്മാക്കളുടെ ബന്ധനോപാധിയായുള്ള കർമ്മവാസനകൾ
ഊതയഃ — 'ഊതി'കളുമാകുന്നു.

5 അവതാരാനുചരിതം ഹരേശ്ചാസ്യാനുവർത്തിനാം
പുംസാമീശകഥാഃ പ്രോക്താ നാനാഖ്യാനോപബൃംഹിതാഃ

ഹരേഃ — ശ്രീമഹാവിഷ്ണുവിന്റെ
അവതാരാനുചരിതം — അവതാരങ്ങളിൽ നടന്ന സംഭവപരമ്പരകളും,
അസ്യ — ഭഗവാന്റെ
അനുവർത്തിനാം — അനുചരന്മാരായ
പുംസാം — സൽപുരുഷന്മാരുടെ
നാനാഖ്യാനോപബൃംഹിതാഃ ച — പലപലകഥകളാൽ വിപുലീകൃതങ്ങളായ വസ്തുതകളും
ഈശകഥാഃ — 'ഈശാനുകഥകൾ' എന്നു
പ്രോക്താഃ — പറയപ്പെട്ടിരിക്കുന്നു.

6 നിരോധോഽസ്യാനുശയനമാത്മനഃ സഹ ശക്തിഭിഃ
മുക്തിർഹിത്വാന്യഥാരൂപം സ്വരൂപേണ വ്യവസ്ഥിതിഃ

ശക്തിഭിഃ സഹ — ഉപാധികളോടുകൂടെ
അസ്യ ആത്മനഃ — ഈ ജീവാത്മാവിനു്
അനുശയനം — പരമാത്മാവിൽ ഉണ്ടാവുന്ന ലയം *
നിരോധഃ — 'നിരോധ'വും

| | | | |
|---|---|---|---|
| അന്യഥാരൂപം | അവിദ്യാകൃതമായ ദേഹാദിയെ | | സ്വരൂപത്തോടുകൂടിയ |
| ഹിത്വാ | ഉപേക്ഷിച്ച് | വ്യവസ്ഥിതിഃ | ഇരിപ്പ് |
| സ്വരൂപേണ | സ്വകീയമായ ചിത് | മുക്തിഃ | 'മുക്തി'യുമാകുന്നു. |

* മഹാവിഷ്ണു യോഗനിദ്രയെ പ്രാപിക്കുമ്പോൾ, അതിനെത്തുടർന്ന് ജീവന്മാരും ഇന്ദ്രിയാന്തഃകരണങ്ങളാവുന്ന പ്രാകൃതോപാധികളോടെ ഭഗവാനിൽ ലയിക്കുന്നത്.

7 ആഭാസശ്ച നിരോധശ്ച യതശ്ചാധ്യവസീയതേ
സ ആശ്രയ പരം ബ്രഹ്മ പരമാത്മേതി ശബ്ദ്യതേ.

| | | | |
|---|---|---|---|
| ആഭാസഃ ച | ഉൽപത്തിയും | പരമാത്മാ ഇതി | പരമാത്മാവെന്നോ ഉള്ള സംജ്ഞയാൽ |
| നിരോധഃ ച | ലയവും | ശബ്ദ്യതേ | യാതൊന്നു വ്യവഹരിക്കപ്പെടുകയും ചെയ്യുന്നുവോ, |
| യതഃ | യാതൊരു തത്ത്വത്തിൽ നിന്നു | സഃ | അതു് |
| അധ്യവസീയതേ ച | ഉണ്ടാകയും പ്രകാശിക്കയും ചെയ്യുന്നുവോ, | ആശ്രയഃ | 'ആശ്രയം' ആകുന്നു. |
| പരം ബ്രഹ്മ | പരബ്രഹ്മമെന്നോ | | |

8 യോഽധ്യാത്മികോഽയം പുരുഷഃ സോഽസാവേവാധിദൈവികഃ
യസ്തത്രോഭയവിച്ഛേദഃ പുരുഷോ ഹ്യാധിഭൗതികഃ

| | | | |
|---|---|---|---|
| അധ്യാത്മികഃ | 'അധ്യാത്മം' എന്ന പേരിലറിയപ്പെടുന്ന | തത്ര ഹി | അങ്ങനെ ഏകീഭാവമുള്ള അതിൽ |
| അയം പുരുഷഃ | ഈ ജീവൻ | ഉഭയവിച്ഛേദഃ | രണ്ടായുള്ള തരംതിരിവുണ്ടാകുന്ന |
| യഃ | യാതൊന്നാണോ, | | |
| അസൗ ഏവ | ഇതുതന്നെയാണ് | പുരുഷഃ യഃ | ജീവൻ യാതൊന്നോ, |
| സഃ അധിദൈവികഃ | ആ 'അധിദൈവം' എന്ന പേരിലറിയപ്പെടുന്ന ജീവനും | അധിഭൗതികഃ | അതു് അധിഭൂതം എന്ന പേരിലറിയപ്പെടുന്നതുമാകുന്നു. |

9 ഏകമേകതരാഭാവേ യദാ നോ പലഭാമഹേ
ത്രിതയം തത്ര യോ വേദ സ ആത്മാ സ്വാശ്രയാശ്രയഃ

| | | | |
|---|---|---|---|
| ഏകതരാഭാവേ | ഈ മൂന്നിൽ ഏതെങ്കിലും ഒന്നിന്റെ അഭാവത്തിൽ | വേദ | സാക്ഷിയായിനിന്നറിയുന്നുവോ, |
| ഏകം | മറ്റെ ഒന്നിനെ | സഃ ആത്മാ | ആ പരമാത്മാവ് |
| ന ഉപലഭാമഹേ | നാം അറിയുന്നതല്ല | സ്വാശ്രയാശ്രയഃ | തനിക്കുതാൻതന്നെ ആശ്രയമായും മററുള്ളതിന്നെല്ലാം ആശ്രയമായും വർത്തിക്കുന്നു. |
| യദാ തത്ര | എന്നിരിക്കെ, | | |
| ത്രിതയം | മൂന്നിനേയും | | |
| യഃ | യാതൊരുവൻ | | |

കുറിപ്പ്: – സർഗ്ഗവിസർഗ്ഗാദി പത്തു തത്വങ്ങളുടെ സ്വഭാവനിരൂപണം അടങ്ങിയതാണ് മഹാപുരാണം. ഭാഗവതത്തിൽ ഈ പത്തും ഒത്തിരിക്കുന്നു. ആകയാൽ ഇതു് മഹാപുരാണമത്രെ.

സർഗ്ഗം മുതല്ക്കു് മുക്തിവരെയുള്ള ഒമ്പതു തത്വങ്ങളുടെ പ്രതിപാദനം പത്താമത്തേതായ **'ആശ്രയം'** എന്ന പരമാത്മതത്വത്തിന്റെ സുഗമാവബോധത്തിന്നുവേണ്ടിയാണ്.

ആശ്രയമെന്നതു് സർവ്വാശ്രയഭൂതവും സ്വാശ്രയാധിഷ്ഠിതവുമായ പരമാത്മതത്വം തന്നെ. അധ്യാത്മം, അധിദൈവം, അധിഭൂതം എന്നിങ്ങനെ മൂന്നായിട്ട് പ്രത്യക്ഷപ്പെടുന്ന ജീവചേതനകൾ ആധാരവും ഉത്തേജകവുമായ ചിദ്രൂപമാണതു്

ഇനി, അധ്യാത്മാദിയായുള്ള ഉപാധിവിഭാഗത്തിന്റെ അടിസ്ഥാനത്തിൽ വൈരാജനിൽനിന്നു് വിശ്വം ഉണ്ടായ വിധം പറവാൻ തുടങ്ങുന്നു.

10 പുരുഷോഽണ്ഡം വിനിർഭിദ്യ യദാസൌ സ വിനിർഗതഃ
ആത്മനോഽയനമന്വിച്ഛന്നപോഽസ്രാക്ഷീച്ഛുചിഃ ശുചീഃ

| | | | |
|---|---|---|---|
| അസൌ പുരുഷഃ | ഈ വിരാട്പുരുഷൻ | അയനം | വാസസ്ഥാനം |
| അണ്ഡം | ആവരണകോശത്തെ | അന്വിച്ഛൻ | അന്വേഷിച്ചുകൊണ്ടു് |
| വിനിർഭിദ്യ | പിളർന്നു് | ശുചിഃ | പരിശുദ്ധനായ |
| യദാ | എപ്പോൾ | സഃ | ആ പുരുഷൻ |
| വിനിർഗതഃ | പുറത്തുവന്നുവോ, അപ്പോൾ | ശുചീഃ | പരിശുദ്ധമായ |
| | | അപഃ | ജലത്തെ (ഗർഭോദകം) |
| ആത്മനഃ | തനിക്കുള്ള | അസ്രാക്ഷീത് | സൃഷ്ടിച്ചു. |

11 താസ്വവാത്സീത് സ്വസൃഷ്ടാസു സഹസ്രപരിവത്സരാൻ
തേന നാരായണോ നാമ യദാപഃ പുരുഷോദ്ഭവാഃ

| | | | |
|---|---|---|---|
| സ്വസൃഷ്ടാസു | തന്നാൽ സൃഷ്ടിക്കപ്പെട്ട | നാരായണഃ | 'നാരായണൻ' എന്ന |
| താസു | ആ ജലത്തിൽ | നാമ | പേർ ഉണ്ടായി * |
| സഹസ്രപരിവത്സരാൻ | ആയിരത്താണ്ടുകളോളം കാലം | യത് | എന്തെന്നാൽ, |
| | | ആപഃ | ജലം |
| അവാത്സീത് | വസിച്ചു. | പുരുഷോദ്ഭവാഃ | പുരുഷനിൽനിന്നു് ഉൽഭവിച്ചതാണല്ലോ. |
| തേന | അതുകൊണ്ടു് | | |

* "നാരം അയനമായുള്ളവൻ നാരായണൻ" എന്നു് അവയവാർത്ഥം. നാരം = ജലം (നരനിൽനിന്നു്–വിരാട്പുരുഷനിൽനിന്നുൽഭവിച്ചതു്) അയനം = വാസസ്ഥലം.

12 ദ്രവ്യം കർമ്മ ച കാലശ്ച സ്വഭാവോ ജീവ ഏവ ച
യദനുഗ്രഹതഃ സന്തി ന സന്തി യദുപേക്ഷയാ

| | | | |
|---|---|---|---|
| ദ്രവ്യം | ദ്രവ്യവും, | യദനുഗ്രഹതഃ | യാതൊരു ആദിനാരായണമൂർത്തിയുടെ അനുഗ്രഹത്താൽ |
| കർമ്മ ച | കർമ്മവും | സന്തി | സംഭവിക്കുന്നു; |
| കാലഃ ച | കാലവും | യദുപേക്ഷയാ | യാതൊരുവന്റെ ഉപേക്ഷയാൽ |
| സ്വഭാവഃ | സ്വഭാവവും, | ന സന്തി | ഇല്ലാതെയാവുന്നു |
| ജീവഃ ഏവ ച | ജീവൻതന്നേയും | | |

കുറിപ്പ്:– ലോകത്തിന്റെ ഉപാദാനകാരണമായ ഭൂതവർഗ്ഗവും, നിമിത്തങ്ങളായ കർമ്മം (ജീവാദൃഷ്ടം) – കാലം (ഗുണക്ഷോഭകൃത്ത്) – സ്വഭാവം (പരിണാമം) എന്നിവയും, അനുഭോക്താവായ ജീവനും മററും പ്രവൃത്യുന്മുഖങ്ങളാവുന്നതു് വിരാട്സ്വരൂപനായ ശ്രീ നാരായണന്റെ കൃപകൊണ്ടു മാത്രമാണെന്നു സാരം

13 ഏകോ നാനാത്വമന്വിച്ഛൻ യോഗതല്പാത് സമുത്ഥിതഃ
വീര്യം ഹിരണ്മയം ദേവോ മായയാ വ്യസൃജത്ത്രിധാ

14 അധിദൈവമഥാധ്യാത്മമധിഭൂതമിതി പ്രഭുഃ
യഥൈകം പൌരുഷം വീര്യം ത്രിധാഽഭിദ്യത തച്ഛൃണു

| | | | |
|---|---|---|---|
| ഏകഃ | ഏകനും | അധിദൈവം | അധിദൈവമെന്നും, |
| പ്രഭുഃ | സർവ്വശക്തനുമായ | അഥ | അതിനുപുറമെ |
| ദേവഃ | ഭഗവാൻ | അധ്യാത്മം | അധ്യാത്മമെന്നും, |
| നാനാത്വം | അനേകനാകണമെന്ന നിലയെ | അധിഭൂതം | അധിഭൂതമെന്നും |
| അന്വിച്ഛൻ | കരുതിക്കൊണ്ടു്, | ഇതി | ഇങ്ങനെ |
| യോഗതല്പാത് | യോഗനിദ്രാവസ്ഥിതിയിൽനിന്നു് | ത്രിധാ | മൂന്നായിട്ടു് |
| സമുത്ഥിതഃ | ഉണർന്നെഴുന്നേററു്, | വ്യസൃജത് | വിഭജിച്ചു. |
| ഹിരണ്മയം | പൊൻതിളക്കമുള്ള | പൌരുഷം | പുരുഷസംബന്ധമായ |
| വീര്യം | പ്രപഞ്ചമൂലകബീജത്തെ | ഏകം വീര്യം | ഒരേ ബീജം |
| മായയാ | മായകൊണ്ടു് | യഥാ ത്രിധാ | എങ്ങനെ മൂന്നായി |
| | | അഭിദ്യത | വിഭജിക്കപ്പെട്ടു |
| | | തത് | എന്നതു് |
| | | ശൃണു | കേട്ടുകൊൾക. |

കുറിപ്പ്: ഏകനായ ആദിപുരുഷൻ യോഗനിദ്രവിട്ടുണർന്നു് താൻ അനേകനായി വർത്തിക്കണമെന്നു് ആഗ്രഹിച്ചു. അതിനു് മായയെ അവലംബിച്ചു സ്വവീര്യത്തെ അധിദൈവം (ദൈവതാധിഷ്ഠിതം), അധ്യാത്മം (ആത്മാധിഷ്ഠിതം), അധിഭൂതം (ഭൂതാധിഷ്ഠിതം) എന്നീ മൂന്നുവിധത്തിൽ തിരിച്ചു. നേത്രാദികളായ ഇന്ദ്രിയങ്ങൾക്കു് തത്തദ്വിഷയഗ്രഹണശക്തിയുണ്ടാക്കിക്കൊടുക്കുന്ന സൂര്യാദി ഇന്ദ്രിയാധിഷ്ഠാനദേവതാസമുച്ചയം അധിദൈവവും, വിഷയാനുഭോക്തൃത്വേന ഇന്ദ്രിയസത്തയായി വർത്തിക്കുന്ന ജീവാത്മചൈതന്യം അധ്യാത്മവും, നേത്രാദീന്ദ്രിയങ്ങൾ അധിഷ്ഠാനംചെയ്യുന്ന നേത്രഗോളകാദ്യവയവങ്ങളുള്ള ഭൌതികദേഹം അധിഭൂതവും ആണെന്നു് ചുരുക്കത്തിൽ പറയാം. ഊർജ്ജദ്രവ്യരൂപേ

ണ വിഭിന്നങ്ങളെങ്കിലും അന്യോന്യാപേക്ഷിതങ്ങളായ ഈ പ്രപഞ്ചമൂലതത്വങ്ങൾ ഉണ്മയിൽ ഒന്നാണ് — ഒരേ ഈശ്വരവീര്യത്തിന്റെ അവിദ്യാകൃതമായ നാനാത്വത്തിൽ ഈ ഏകത്വം നിലകൊള്ളുന്നു.

15 അന്തഃശരീര ആകാശാത് പുരുഷസ്യ വിചേഷ്ടതഃ
ഓജഃ സഹോ ബലം ജജ്ഞേ തതഃ പ്രാണോ മഹാനസുഃ

| | | | |
|---|---|---|---|
| പുരുഷസ്യ വിചേഷ്ടതഃ | പുരുഷൻ വിവിധം ചേഷ്ടിച്ചുകൊണ്ടിരിക്കെ, | ജജ്ഞേ | ഉണ്ടായി. |
| അന്തഃശരീരേ | ശരീരാന്തർഭാഗത്തുള്ള | തതഃ | അതിൽനിന്നു് (ശക്തിത്രയത്തിന്റെ സൂക്ഷ്മതയിൽനിന്നു്) |
| ആകാശാത് | ആകാശത്തിൽനിന്നു് | | |
| ഓജഃ | ഇന്ദ്രിയശക്തി, | മഹാൻ | സുപ്രധാനവും |
| സഹഃ | മനഃശക്തി, | അസുഃ | ചേതനാമയവുമായ |
| ബലം | ദേഹശക്തി എന്നിവ | പ്രാണഃ | പ്രാണൻ ഉണ്ടായി. |

16 അനുപ്രാണന്തി യം പ്രാണാഃ പ്രാണന്തം സർവ്വജന്തുഷു
അപാനന്തമപാനന്തി നരദേവമിവാനുഗാഃ

| | | | |
|---|---|---|---|
| നരദേവം | രാജാവിനെ | പ്രാണാഃ | ഇന്ദ്രിയങ്ങൾ |
| അനുഗാഃ | അനുചരന്മാർ | അനുപ്രാണന്തി | അനുസരിച്ചു ചേഷ്ടിക്കുന്നു; |
| ഇവ | എന്നതുപോലെ | അപാനന്തം | ചേഷ്ടയില്ലാതെയിരിക്കുന്ന പ്രാണനെ |
| സർവ്വജന്തുഷു | എല്ലാ പ്രാണികളിലും | അപാനന്തി | അനുസരിച്ചു് ചേഷ്ടിക്കാതെയും ഇരിക്കുന്നു. |
| പ്രാണന്തം | ചേഷ്ടിക്കുന്ന | | |
| യം | യാതൊരു ഈ പ്രാണനെ | | |

17 പ്രാണേനാക്ഷിപതാ ക്ഷുത്തൃഡന്തരാ ജായതേ പ്രഭോഃ
പിപാസതോ ജക്ഷതശ്ച പ്രാങ്മുഖം നിരഭിദ്യത.

| | | | |
|---|---|---|---|
| അന്തരാ | ഉള്ളിൽ | പിപാസതഃ ജക്ഷതഃ ച | (ആകയാൽ) കുടിക്കുവാനും ഭക്ഷിക്കുവാനും ആഗ്രഹംകൊണ്ടിരിക്കെ, |
| ക്ഷിപതാ | ചലനമുണ്ടാക്കുന്ന | | |
| പ്രാണേന | പ്രാണൻനിമിത്തമായി | | |
| പ്രഭോഃ | വിരാട്പുരുഷന്നു് * | പ്രാക് മുഖം | ഒന്നാമതായിട്ടു് വായ് |
| ക്ഷുത്തൃട് | വിശപ്പും ദാഹവും | | |
| ജായതേ | ഉണ്ടായിത്തുടങ്ങി. | നിരഭിദ്യത | പിളർന്നുണ്ടായി. |

* വിരാട്പുരുഷൻ സമസ്തജീവാത്മസ്വരൂപനാണ്. അതുകൊണ്ടു് ജീവന്റെ ശരീരസ്വീകാരപ്രക്രിയയും ഇതുതന്നെ.

18 മുഖതസ്താലു നിർഭിന്നം ജിഹ്വാ തത്രോപജായതേ
തതോ നാനാരസോ ജജ്ഞേ ജിഹ്വയാ യോഽധിഗമ്യതേ

| | | | |
|---|---|---|---|
| മുഖതഃ | വായിൽ | തതഃ | അതിൽപ്പിന്നെ |
| താല്വ | 'അണ്ണാക്ക്' എന്ന രസനേന്ദ്രിയാധിഷ്ഠാനം | നാനാരസഃ | വിവിധരസം |
| നിർഭിന്നം | വെളിപ്പെട്ടു. | ജജ്ഞേ | ഉണ്ടായിവന്നു; |
| തത്ര | അതിൽ | യഃ | യാതൊന്നു് |
| ജിഹ്വാ | 'നാവെ'ന്നരസനേന്ദ്രിയം | ജിഹ്വയാ | രസനേന്ദ്രിയദ്വാരാ |
| ഉപജായതേ | കൂടെയുണ്ടായി. | അധിഗമ്യതേ | അറിയപ്പെടുന്നതാണ്. |

കുറിപ്പ്:– (1) താല്വ, രസനേന്ദ്രിയാധിഷ്ഠാനം – അധിഭൗതികം. (2) ജിഹ്വാ, രസനേന്ദ്രിയം (രസാനുഭോക്തൃത്വമുള്ള ചേതന)–അധ്യാത്മികം (3) വരുണൻ–ഈ ഇന്ദ്രിയത്തെ അധിഷ്ഠാനം ചെയ്യുന്ന ദേവത – അധിദൈവികം (4) നാനാരസം – വിഷയം. ഇങ്ങനെ അധിഷ്ഠാനം, ഇന്ദ്രിയം, ദേവതാ, വിഷയം എന്നീ 4 ഘടകങ്ങളും ഓരോ ഇന്ദ്രിയത്തിനുമുണ്ട്. പ്രതിപാദനത്തിൽ ചിലതു് അനുക്തമായെന്നുവരാം. ഇവിടെ അധിഷ്ഠാനദേവത അനുക്തസിദ്ധമാകുന്നു.

19 വിവക്ഷോർമ്മുഖതോ ഭൂമ്നോ വഹ്നിർവാഗ്വ്യാഹൃതം തയോഃ
ജലേ വൈ തസ്യ സുചിരം നിരോധഃ സമജായത

| | | | |
|---|---|---|---|
| വിവക്ഷോഃ | വചിക്കുവാൻ ആഗ്രഹം കൊണ്ടു | വൈ | എന്നാൽ |
| ഭൂമ്നഃ | വിരാട്ടിന്റെ | തസ്യ | അതിന്നു് |
| മുഖതഃ | വായിൽനിന്നു് | ജലേ | ഗർഭോദകത്തിൽ |
| വഹ്നിഃ | അഗ്നിയും | സുചിരം | കുറെ കാലത്തോളം |
| വാക് | വാഗിന്ദ്രിയവും | നിരോധഃ | തടസ്സം |
| തയോഃ | അവയിൽനിന്നു് | സമജായത | സംഭവിച്ചു |
| വ്യാഹൃതം | വചനവും ഉണ്ടായി. | | |

20 നാസികേ നിരഭിദ്യേതാം ദോധൂയതി നഭസ്വതി
തത്ര വായുർഗന്ധവഹോ ഘ്രാണോ നസി ജിഘൃക്ഷതഃ

| | | | |
|---|---|---|---|
| ജിഘൃക്ഷതഃ | ഘ്രാണിക്കുവാനാഗ്രഹിക്കെ, | തത്ര നസി | ആ നാസികയിൽ |
| നഭസ്വതി | പ്രാണവായു | ഗന്ധവഹഃ | ഗന്ധത്തെ വഹിക്കുന്ന |
| ദോധൂയതി | അത്യധികം ചലിച്ചപ്പോൾ | വായുഃ | വായുവും |
| നാസികേ | രണ്ടു നാസാദ്വാരങ്ങളും | ഘ്രാണഃ | ഘ്രാണം എന്ന ഇന്ദ്രിയവും ഉണ്ടായി. |
| നിരഭിദ്യേതാം | തുറന്നു | | |

21 യദാത്മനി നിരാലോകമാത്മാനം ച ദിദൃക്ഷതഃ
നിർഭിന്നേ ഹ്യക്ഷിണീ തസ്യ ജ്യോതിശ്ചക്ഷുർഗുണഗ്രഹഃ

| | |
|---|---|
| യദാ ആത്മനി | എപ്പോൾ തന്നിൽ |
| നിരാലോകം | വെളിച്ചവും കാഴ്ചയും ഇല്ലാതെയായിരുന്നുവോ, അപ്പോൾ |
| ആത്മാനം ച | സ്വദേഹത്തെയും മററും |
| ദിദൃക്ഷതഃ | കാണുവാൻ ഇച്ഛയാന്ന |
| തസ്യ ഹി | ആ പുരുഷന്നു് |
| അക്ഷിണീ | നേത്രദ്വാരങ്ങൾ രണ്ടും |
| നിർഭിന്നേ | തുറന്നു. |
| ജ്യോതിഃ | ആദിത്യനാവുന്ന തദധിഷ്ഠാനദേവതയും |
| ചക്ഷുഃ | നേത്രേന്ദ്രിയവും |
| ഗുണഗ്രഹഃ | രൂപഗുണജ്ഞാനവും ഉണ്ടായിവന്നു. |

22 ബോധ്യമാനസ്യ ഋഷിഭിരാത്മനസ്തജ്ജിഘൃക്ഷതഃ
കർണ്ണൌ ച നിരഭിദ്യേതാം ദിശഃ ശ്രോത്രം ഗുണഗ്രഹഃ

| | |
|---|---|
| ഋഷിഭിഃ | വേദങ്ങളാവുന്ന മാമുനികളാൽ |
| ബോധ്യമാനസ്യ | സ്തുതിഗീതംകൊണ്ടു് ഉണർത്തപ്പെടുന്നവനായിരിക്കെ, |
| തത് | അതിനെ |
| ജിഘൃക്ഷതഃ | കേട്ടുഗ്രഹിക്കുവാൻ ഇച്ഛയാന്ന |
| ആത്മനഃ | സർവ്വജീവാത്മസ്വരൂപന്നു് |
| കർണ്ണൌ ച | കർണ്ണദ്വാരങ്ങളും |
| നിരഭിദ്യേതാം | തുറന്നു. |
| ദിശഃ | ദിക്കുകളാവുന്ന അധിഷ്ഠാനദേവതകളും, |
| ശ്രോത്രം | ശ്രവണേന്ദ്രിയവും |
| ഗുണഗ്രഹഃ | ശബ്ദഗുണജ്ഞാനവും ഉണ്ടായിവന്നു. |

23 വസ്തുനോ മൃദുകാഠിന്യലഘുഗുർവ്വോഷ്ണശീതതാം
ജിഘൃക്ഷതസ്ത്വങ് നിർഭിന്നാ തസ്യാം രോമ മഹീരുഹാഃ
തത്ര ചാന്തർബഹിർവാതസ്ത്വചാ ലബ്ധഗുണോ വൃതഃ

| | |
|---|---|
| വസ്തുനഃ | പദാർത്ഥത്തിന്റെ |
| മൃദുകാഠിന്യ-ലഘുഗുർവ്വോഷ്ണ-ശീതതാം | മാർദ്ദവം, കടുപ്പം, ലഘുത്വം, ഗുരുത്വം, ഇളംചൂടു്, തണുപ്പു് എന്നതിനെ |
| ജിഘൃക്ഷതഃ | ഗ്രഹിക്കുവാൻ ഇച്ഛയാന്ന പുരുഷന്നു് |
| ത്വക് | ത്വഗിന്ദ്രിയത്തിന്റെ ഇരിപ്പിടമായ ചർമ്മം |
| നിർഭിന്നാ | ഉണ്ടായി. |
| തസ്യാം | അതിൽ |
| രോമാഃ | രോമസുഷിരങ്ങൾ ഇന്ദ്രിയത്വേനയും |
| മഹീരുഹാഃ | വൃക്ഷദേവതകൾ അധിഷ്ഠാനത്വേനയും ഉണ്ടായി. |
| തത്ര ച | അതിൽത്തന്നെ |
| ത്വചാ | ത്വഗിന്ദ്രിയത്താൽ |
| ലബ്ധഗുണഃ | ഗ്രഹിക്കപ്പെട്ട സ്പർശഗുണത്തോടുകൂടിയ |
| വാതഃ | വായുദേവത |
| അന്തഃ ബഹിഃ | ഉള്ളിലും പുറമേയും |
| വൃതഃ | വ്യാപിച്ചുനിന്നു. |

24 ഹസ്തൌ രുരുഹതുസ്തസ്യ നാനാകർമ്മചികീർഷയാ
തയോസ്തു ബലമിന്ദ്രശ്ച ആദാനമുഭയാശ്രയം

| | |
|---|---|
| നാനാകർമ്മ-ചികീർഷയാ | പലകർമ്മങ്ങളും ചെയ്യുവാനുള്ള അഭിലാഷം കൊണ്ടു് |
| തസ്യ | ആ പുരുഷനു് |
| ഹസ്തൌ | ഇരുകൈകൾ |
| രുരുഹതുഃ | മുളച്ചുവന്നു. |
| തയോഃ തു | അതുകളിലാകട്ടെ |
| ബലം | ബലം ഇന്ദ്രിയമായും |
| ഇന്ദ്രഃ ച | ഇന്ദ്രൻ അധിഷ്ഠാനദേവതയായും ഉണ്ടായി. |
| ആദാനം | 'എടുക്കുക' എന്ന കർമ്മം |
| ഉഭയാശ്രയം | ഈ രണ്ടിനേയും അവലംബമാക്കിയും ഉണ്ടായി. |

25 ഗതിം ജിഗീഷതഃ പാദൌ രുരുഹാതേഽഭികാമികാം
പദ്ഭ്യാം യജ്ഞഃ സ്വയം ഹവ്യം കർമ്മഭിഃ ക്രിയതേ നൃഭിഃ

| | |
|---|---|
| അഭികാമികാം | അഭീഷ്ടസ്ഥാനത്തെ ഉദ്ദേശിച്ചുള്ള |
| ഗതിം | ഗമനത്തെ |
| ജിഗീഷതഃ | സാധിക്കുവാനാഗ്രഹിച്ച പുരുഷനു് |
| പാദൌ | ഇരു ചരണങ്ങൾ |
| രുരുഹാതേ | മുളച്ചുണ്ടായി. |
| പദ്ഭ്യാം | ഈ ചരണങ്ങളാകുന്ന ഇന്ദ്രിയത്തോടുകൂടെ |
| യജ്ഞഃ സ്വയം | യജ്ഞസ്വരൂപനായ വിഷ്ണുതന്നെ അധിഷ്ഠാനദേവതയായിരിക്കുന്നു |
| നൃഭിഃ | മനുഷ്യാത്മാക്കളാൽ * |
| കർമ്മഭിഃ | ഗമനാഗമനപ്രവൃത്തികൾകൊണ്ടു് |
| ഹവ്യം | യജ്ഞത്തിനുള്ള ഹവിസ്സു് |
| ക്രിയതേ | സമ്പാദിക്കപ്പെടുന്നു. |

* വിരാട് ശരീരാവയവങ്ങളുടെ ഉൽപത്തിസ്വഭാവം തന്നെയാണു് വ്യഷ്ടിശരീരങ്ങൾക്കും ഉള്ളതെന്നു് അറിഞ്ഞുകൊള്ളണം. അതുകൊണ്ടാണു് 'നൃഭിഃ' എന്നുള്ള മനുഷ്യപരാമർശം ഇവിടെ വന്നതു്.

26 നിരഭിദ്യത ശിശ്നോ വൈ പ്രജാനന്ദാമൃതാർത്ഥിനഃ
ഉപസ്ഥ ആസീത് കാമാനാം പ്രിയം തദുഭയാശ്രയം.

| | |
|---|---|
| പ്രജാനന്ദാമൃതാർത്ഥിനഃ | സന്താനം, സംയോഗസുഖം, സന്താനമുണ്ടാകുന്നതു വഴിക്കുള്ള സ്വർഗ്ഗാദിലോകപ്രാപ്തി എന്നിവയെ ആഗ്രഹിച്ച പുരുഷനു് |
| ശിശ്നഃ വൈ | ജനനേന്ദ്രിയാവയവം |
| നിരഭിദ്യത | ഉൽഭവിച്ചു. |
| ഉപസ്ഥഃ | ഉപസ്ഥമെന്ന ജനനേന്ദ്രിയവും |
| ആസീത് | ഉണ്ടായി. |
| കാമാനാം | കാമവികാരങ്ങളുടെ |
| പ്രിയം | പ്രീതിസുഖം |
| തദുഭയാശ്രയം | അതിലെ ഇന്ദ്രിയം, ദേവത എന്നിവ രണ്ടിനേയും അവലംബിച്ചതാകുന്നു. |

27 ഉത്സിസൃക്ഷോർധാതുമലം നിരഭിദ്യത വൈ ഗുദം
തതഃ പായുസ്തതോ മിത്ര ഉത്സർഗ്ഗ ഉഭയാശ്രയഃ

| | |
|---|---|
| ധാതുമലം | ഭക്ഷിച്ച വസ്തുവിന്റെ നിരുപയോഗാംശത്തെ |
| ഉത്സിസൃക്ഷോഃ | വിസർജ്ജിച്ചുകളയു വാൻ തോന്നലുണ്ടായ പുരുഷന്ന് |
| ഗുദം വൈ | ഗുദദ്വാരവും |
| നിരഭിദ്യത | ഉൽഭവിച്ചു. |
| തതഃ | അതിൽ |
| പായുഃ | പായു എന്ന വിസർജ്ജ നേന്ദ്രിയവും, |
| തതഃ | ആയതിൽ |
| മിത്രഃ | മിത്രൻ എന്ന അധിഷ്ഠാ നദേവതയും |
| ഉഭയാശ്രയഃ | ആ രണ്ടിനേയും ആശ്ര യിച്ചതായ |
| ഉത്സർഗ്ഗഃ | വിസർജ്ജനമെന്ന വ്യാ പാരവും ഉണ്ടായി. |

28 ആസിസൃപ്സോഃ പുരഃ പുര്യാ നാഭിദ്വാരമപാനതഃ
തത്രാപാനസ്തതോ മൃത്യുഃ പൃഥക്ത്വമുഭയാശ്രയം.

| | |
|---|---|
| പുര്യാഃ | ഒരു ദേഹത്തിൽനിന്ന് |
| പുരഃ | അന്യദേഹങ്ങളിലേക്ക് |
| ആസിസൃപ്സോഃ | പകർന്നുപോകാനാഗ്ര ഹംകൊണ്ട പുരുഷന്ന് |
| നാഭിദ്വാരം | പൊക്കിൾച്ചുഴി നിർഭി ന്നമായി |
| തത്ര | അതിൽ |
| അപാനഃ | അപാനമെന്നഇന്ദ്രിയവും |
| തതഃ | അതിൽനിന്ന് |
| മൃത്യുഃ | മൃത്യുവെന്ന അധിഷ്ഠാന ദേവതയും ഉണ്ടായി. |
| അപാനതഃ | അപാനനിൽനിന്ന് |
| പൃഥക്ത്വം | പ്രാണന്റെ ബന്ധ വിശ്ലേഷരൂപമാവുന്ന മരണം |
| ഉഭയാശ്രയം | ഇന്ദ്രിയം—ദേവത എന്നീ രണ്ടിനേയും ആശ്രയി ച്ചതാകുന്നു. |

29 ആദിത്സോരന്നപാനാനാമാസൻ കുക്ഷ്യന്ത്രനാഡയഃ
നദ്യഃ സമുദ്രാശ്ച തയോസ്തുഷ്ടിഃ പുഷ്ടിസ്തദാശ്രയേ.

| | |
|---|---|
| അന്ന-പാനാനാം | ഭക്ഷണപാനീയങ്ങളുടെ |
| ആദിത്സോഃ | ആദാനത്തെ ആഗ്രഹി ച്ച പുരുഷന്ന് |
| കുക്ഷ്യന്ത്ര-നാഡയഃ | വയറും, അതിൽ കുടലു കളും ഞരമ്പുകളും ആയ ഇന്ദ്രിയങ്ങളും |
| ആസൻ | ഉണ്ടായി |
| തയോഃ | ആ ഇന്ദ്രിയങ്ങൾക്ക് |
| | (യഥാക്രമം) |
| സമുദ്രാഃ | സമുദ്രങ്ങളും |
| നദ്യഃ ച | നദികളും ആകുന്ന അ ധിഷ്ഠാനദേവതകൾ ഉണ്ടായി. |
| തദാശ്രയേ | അവയെ നിമിത്തീകരി ച്ചുള്ള |
| തുഷ്ടിഃ | ഉദരപൂർത്തിയും |
| പുഷ്ടിഃ | ശരീരവളർച്ചയും സംഭവിച്ചു. |

30 നിദിധ്യാസോരാത്മമായാം ഹൃദയം നിരഭിദ്യത
തതോ മനസ്തതശ്ചന്ദ്രഃ സങ്കല്പഃ കാമ ഏവ ച

| | | | |
|---|---|---|---|
| ആത്മമായാം | തന്റെ മായയെക്കുറിച്ച് | മനഃ | മനസ്സെന്ന ഇന്ദ്രിയവും |
| നിദിധ്യാസോഃ | നിതരാം ചിന്തിക്കവാൻ ഇച്ഛിക്കവെ, | തതഃ | ആയതിന്ന് |
| ഹൃദയം | ഹൃദയമെന്ന അധിഷ്ഠാനം | ചന്ദ്രഃ | ചന്ദ്രൻ എന്ന അധിഷ്ഠാനദേവതയും |
| നിരഭിദ്യത | ഉൽഭവിച്ചു. | സങ്കല്പഃ | സങ്കല്പവും |
| തതഃ | അതിൽ | കാമഃ ഏവ ച | അഭിലാഷവും വിഷയമായും സംഭവിച്ചു. |

31 ത്വക്ചർമ്മമാംസരുധിരമേദോമജ്ജാസ്ഥിധാതവഃ
ഭൂമ്യപ്തേജോമയാഃ സപ്ത പ്രാണോ വ്യോമാംബുവായുഭിഃ

| | | | |
|---|---|---|---|
| ത്വക്ചർമ്മ- മാംസരുധിര- മേദോ- മജ്ജാസ്ഥി | ഉൾത്തൊലി, പുറന്തൊലി, മാംസം, രക്തം, കൊഴുപ്പ്, മജ്ജ, അസ്ഥി എന്നി | ഭൂമ്യപ്- തേജോമയാഃ | ഭൂമി, ജലം, അഗ്നി എന്നിവയുടെ വികാരങ്ങളായുണ്ടായി |
| | | പ്രാണഃ | പ്രാണൻ |
| സപ്ത ധാതവഃ | ഏഴു ധാതുക്കൾ | വ്യോമാംബു- വായുഭിഃ | ആകാശം, ജലം, വായു എന്നിവകൊണ്ടും ഉണ്ടായി. |

32 ഗുണാത്മകാനീന്ദ്രിയാണി ഭൂതാദിപ്രഭവാ ഗുണാഃ
മനഃ സർവ്വവികാരാത്മാ ബുദ്ധിർവിജ്ഞാനരൂപിണീ.

| | | | |
|---|---|---|---|
| ഇന്ദ്രിയാണി | ശ്രോത്രാദികളായ ഇന്ദ്രിയങ്ങൾ | ഭൂതാദി- പ്രഭവാഃ | അഹങ്കാരതത്വത്തിൽ നിന്നു് രൂപപരിണാമം പ്രാപിച്ചുണ്ടായവയുമാകു[ന്നു |
| ഗുണാത്മകാനി | ഗുണങ്ങളിൽ (ശബ്ദാദി വിഷയങ്ങളിൽ) ഉന്മുഖങ്ങളായുള്ളവയാകുന്നു. | മനഃ | മനസ്സ് |
| | | സർവ്വ- വികാരാത്മാ | സകല വികാരങ്ങളുടേയും സമൂഹമാണ്. |
| | | ബുദ്ധിഃ | ബുദ്ധി എന്നതു് |
| ഗുണാഃ | ഗുണങ്ങൾ | വിജ്ഞാന- രൂപിണീ | വിവിധ ജ്ഞാനങ്ങളുടെ രൂപംതന്നെയുമാകുന്നു. |

33 ഏതദ്ഭഗവതോ രൂപം സ്ഥൂലം തേ വ്യാഹൃതം മയാ
മഹ്യാദിഭിശ്ചാവരണൈരഷ്ടഭിർ ബഹിരാവൃതം

| | | | |
|---|---|---|---|
| മയാ | എന്നാൽ | മഹ്യാദിഭിഃ | ഭൂമിതൊട്ടുള്ള |
| തേ | അങ്ങേയ്ക്കായി | അഷ്ടഭിഃ | എട്ടുവിധം * |
| വ്യാഹൃതം | വർണ്ണിച്ചുതരപ്പെട്ട | ആവരണൈഃ | ആവരണങ്ങളാൽ |
| ഭഗവതഃ | ഭഗവാന്റെ | ബഹിഃ | ബഹിർഭാഗത്തിൽ |
| സ്ഥൂലം | ബ്രഹ്മാണ്ഡാകാരമായ | ആവൃതം ച | മറയ്ക്കപ്പെട്ടതുമാകുന്നു. |
| ഏതത് രൂപം | ഈ സ്വരൂപം | | |

* പഞ്ചഭൂതങ്ങൾ, മഹത്തത്വം, അഹങ്കാരം, പ്രകൃതി എന്നിവ.

34 അതഃ പരം സൂക്ഷ്മതമമവ്യക്തം നിർവ്വിശേഷണം
അനാദിമദ്ധ്യനിധനം നിത്യം വാങ്മനസഃ പരം.

| | | | |
|---|---|---|---|
| അതഃ പരം | ഇതിൽനിന്നു ഉപരിയായി— | നിത്യം | എന്നും ഒരുപോലെയുള്ളതായി— |
| സൂക്ഷ്മതമം | അതിസൂക്ഷ്മമായി— | വാങ്മനസഃ | വാക്കിൽനിന്നും മനസ്സിൽനിന്നും |
| അവ്യക്തം | വ്യക്തമല്ലാത്തതായി— | പരം | അതീതവുമായി നിലകൊള്ളുന്ന (സർവ്വകാരണസ്വരൂപം ഇരിക്കുന്നു) |
| നിർവ്വിശേഷണം | അനിർവ്വചനീയമായി— | | |
| അനാദിമദ്ധ്യനിധനം | ആദിമദ്ധ്യാന്തങ്ങളില്ലാത്തതായി— | | |

35 അമൂനീ ഭഗവദ്രൂപേ മയാ തേ അനുവർണ്ണിതേ
ഉഭേ അപി ന ഗൃഹ്ണന്തി മായാസൃഷ്ടേ വിപശ്ചിതഃ

| | | | |
|---|---|---|---|
| മയാ | എന്നാൽ | മായാസൃഷ്ടേ | മായയിലൂടെ സൃഷ്ടിക്കപ്പെട്ടവയാകുന്നു. |
| തേ | അങ്ങയ്ക്കായി | ഉഭേ അപി | (ആകയാൽ)രണ്ടിനേയും |
| അനുവർണ്ണിതേ | അനുക്രമം വർണ്ണിക്കപ്പെട്ട | വിപശ്ചിതഃ | പരമജ്ഞാനികൾ |
| അമൂനീ | ഈ രണ്ടു (സ്ഥൂലവും സൂക്ഷ്മവും) | ന ഗൃഹ്ണന്തി | അംഗീകരിക്കുന്നില്ല. |
| ഭഗവദ്രൂപേ | ഭഗവൽസ്വരൂപങ്ങളും | | |

36 സ വാച്യവാചകതയാ ഭഗവാൻ ബ്രഹ്മരൂപധൃക്
നാമരൂപക്രിയാ ധത്തേ സകർമ്മാകർമ്മകഃ പരഃ

| | | | |
|---|---|---|---|
| പരഃ | പ്രകൃതിയിൽനിന്നു അതീതനായി നിലകൊള്ളുന്ന | നാമരൂപക്രിയാഃ | പ്രാണികളുടെ പേരും ആകാരവും വ്യാപാരവും |
| സഃ ഭഗവാൻ | ആ സർവ്വേശ്വരൻ | ധത്തേ | ധരിക്കുന്നു(സൃഷ്ടിക്കുന്നു). |
| ബ്രഹ്മരൂപധൃക് | ബ്രഹ്മരൂപത്തെ ധരിച്ചുകൊണ്ടു | അകർമ്മകഃ | സ്വതവേ, കർമ്മത്തോടു ചേർച്ചയില്ലാത്തവനെങ്കിലും |
| വാച്യവാചകതയാ | അഭിധേയതയോടും അഭിധാനതയോടുംചേർന്നു | സകർമ്മാ | കർമ്മമുള്ളവനായിരിക്കുന്നു. |

37 പ്രജാപതീന്മനൂൻ ദേവാനൃഷീൻ പിതൃഗണാൻ പൃഥക്
സിദ്ധചാരണഗന്ധർവ്വാൻ വിദ്യാധ്രാസുരഗുഹ്യകാൻ

38 കിന്നരാപ്സരസോ നാഗാൻ സർപ്പാൻ കിംപുരുഷോരഗാൻ
മാതൄ രക്ഷഃപിശാചാംശ്ച പ്രേതഭൂതവിനായകാൻ

39 കൂഷ്മാണ്ഡോന്മാദവേതാളാൻ യാതുധാനാൻ ഗ്രഹാനപി
ഖഗാൻ മൃഗാൻ പശൂൻ വൃക്ഷാൻ ഗിരീൻ നൃപ സരീസൃപാൻ.

40 ദ്വിവിധാശ്ചതുർവ്വിധാ യേഽന്യേ ജലസ്ഥലനഭൌകസഃ
കുശലാകുശലാ മിശ്രാഃ കർമ്മണാം ഗതയസ്ത്വിമാഃ

| | |
|---|---|
| പ്രജാപതീൻ | പ്രജാപതിമാരെയും, |
| മനൂൻ | മനുക്കളെയും, |
| ദേവാൻ | ദേവന്മാരെയും, |
| ഋഷീൻ | ഋഷിമാരെയും, |
| പിതൃഗണാൻ | പിതൃഗണങ്ങളെയും, |
| സിദ്ധചാരണ-ഗന്ധർവ്വാൻ | സിദ്ധന്മാർ — ചാരണന്മാർ—ഗന്ധർവ്വന്മാർ എന്നിവരെയും, |
| വിദ്യാധ്രാസുരഗുഹ്യകാൻ | വിദ്യാധരന്മാർ—അസുരന്മാർ—ഗുഹ്യകന്മാർ എന്നിവരേയും, |
| കിന്നരാ-പ്സരസഃ | കിന്നരന്മാർ—അപ്സരസ്സുകൾ എന്നിവരെയും, |
| നാഗാൻ | നാഗന്മാരെയും, |
| സർപ്പാൻ | സർപ്പങ്ങളെയും, |
| കിംപുരുഷോ-രഗാൻ | കിംപുരുഷന്മാർ—ഉരഗങ്ങൾ എന്നിവരെയും, |
| മാതൄഃ | മാതൃക്കളെയും, |
| രക്ഷഃ-പിശാചാൻ ച | രക്ഷസ്സുകൾ — പിശാചങ്ങൾ എന്നിവയേയും |
| പ്രേതഭൂത-വിനായകാൻ | പ്രേതങ്ങൾ— ഭൂതങ്ങൾ — വിനായകന്മാർ എന്നിവരെയും, |
| കൂഷ്മാണ്ഡോ-ന്മാദവേതാളാൻ | കൂഷ്മാണ്ഡങ്ങൾ-ഉന്മാദങ്ങൾ—വേതാളങ്ങൾ എന്നിവയേയും, |
| യാതുധാനാൻ | രാക്ഷസന്മാരേയും, |
| ഗ്രഹാൻ അപി | ദുർദ്ദേവതകളേയും, |
| ഖഗാൻ | പക്ഷികളേയും, |
| മൃഗാൻ | കാട്ടുമൃഗങ്ങളേയും, |
| പശൂൻ | നാട്ടുമൃഗങ്ങളേയും, |
| വൃക്ഷാൻ | മരങ്ങളേയും, |
| ഗിരീൻ | മലകളേയും, |
| സരീസൃപാൻ | ഇഴജാതികളേയും, |
| പൃഥക് | അതതു അവാന്തരഭേദത്തോടെ |
| ദ്വിവിധാഃ | സ്ഥാവരങ്ങളും ജംഗമങ്ങളും ആയി രണ്ടുവിധത്തിലും |
| ചതുർവിധാഃ | ജരായുജം—അണ്ഡജം—സ്വേദജം—ഉദ്ഭിജം എന്നീ നാലുവിധത്തിലും ഉൾപ്പെട്ട |
| ജലസ്ഥല-നഭൌകസഃ | വെള്ളത്തിലും കരയിലും ആകാശത്തിലും പാർക്കുന്ന |
| യേ അന്യേ | യാവചില വേറെയുണ്ടോ, അവയേയും സൃഷ്ടിക്കുന്നു |
| നൃപ | ഹേ രാജാവേ! |
| കുശലാകുശലാഃ | ഉത്തമങ്ങളും അധമങ്ങളും |
| മിശ്രാഃ | മധ്യമങ്ങളുമായുള്ള |
| ഇമാഃ | ഇവ (ഈ സൃഷ്ടികൾ) |
| കർമ്മണാം | കർമ്മങ്ങളുടെ |
| ഗതയഃ തു | ഗതിഭേദങ്ങളുമാണ്. |

41 സത്വം രജസ്തമ ഇതി തിസ്രഃ സുരനൃനാരകാഃ
തത്രാപ്യേകൈകശോ രാജൻ ഭിദ്യന്തേ ഗതയസ്ത്രിധാ
യദൈകൈകതരോഽന്യാഭ്യാം സ്വഭാവ ഉപഹന്യതേ.

| | |
|---|---|
| സത്വം രജഃ തമഃ | സത്വം, രജസ്സ്, തമസ്സ് |
| ഇതി | എന്നീ ഗുണങ്ങളെ അധികരിച്ചുകൊണ്ട് |

| | | | |
|---|---|---|---|
| സുരസ്സനാരകാഃ | ദേവൻ, മനുഷ്യൻ, തിൎയ്യക്ക് എന്നുള്ള | അന്യാഭ്യാം | മററു രണ്ടുഗുണങ്ങളാൽ |
| തിസ്രഃ | മൂന്നു ഗതികൾ ഉണ്ടാവുന്നു. | ഉപഹന്യതേ | അഭിഭൂതമായിത്തീരുന്നുവോ, അന്നേരത്തു് |
| രാജൻ | ഹേ രാജാവേ! | ഏകൈകശഃ | ഓരോന്നായി |
| തത്ര അപി | അതിലും | ഗതയഃ | ഈ ഗതികൾ (കൎമ്മപരിണാമം നിമിത്തമായി ഉണ്ടാവുന്ന ജന്മങ്ങൾ) |
| ഏകൈകതരഃ | ഏതെങ്കിലുമൊരു | ത്രിധാ | മുമ്മൂന്നായിട്ടു് വേറേയും |
| സ്വഭാവഃ | ഗുണം | ഭിദ്യന്തേ | ഭേദിക്കപ്പെടുന്നു. |
| യദാ | യാതൊരിക്കൽ | | |

42 സ ഏവേദം ജഗദ്ധാതാ ഭഗവാൻ ധൎമ്മരൂപധൃക്
പുഷ്ണാതി സ്ഥാപയൻ വിശ്വം തിര്യങ്നരസുരാത്മഭിഃ

| | | | |
|---|---|---|---|
| ജഗദ്ധാതാ | ലോകങ്ങളുടെ വിധാതാവായ | തിര്യങ്നരസുരാത്മഭിഃ | തിൎയ്യക്കുകൾ, മനുഷ്യർ, ദേവന്മാർ എന്നിവരുടെ രൂപത്തിലുള്ള അവതാരങ്ങളാൽ |
| സഃ ഭഗവാൻ ഏവ | ആ സൎവ്വേശ്വരൻതന്നെ | ഇദം വിശ്വം | ഈ ലോകത്തെ |
| ധൎമ്മരൂപധൃക് | ധൎമ്മമയമായ വിഷ്ണുരൂപത്തെ ധരിച്ചു് | സ്ഥാപയൻ | നിലനിൎത്തിക്കൊണ്ടു് |
| | | പുഷ്ണാതി | പരിപോഷിപ്പിക്കുന്നു. |

43 തതഃ കാലാഗ്നിരുദ്രാത്മാ യത്സൃഷ്ടമിദമാത്മനഃ
സന്നിയച്ഛതി കാലേന ഘനാനീകമിവാനിലഃ

| | | | |
|---|---|---|---|
| തതഃ | അനന്തരം, | ഘനാനീകം | കാർനിരയെ |
| ആത്മനഃ | തന്നിൽനിന്നു് | അനിലഃ ഇവ | കാററുപോലെ |
| സൃഷ്ടം | ഉളവാക്കപ്പെട്ട | കാലേന | കാലംകൊണ്ടു് |
| യത് ഇദം | യാതൊരു ഈ ലോകത്തെ | സന്നിയച്ഛതി | തന്നിൽ ലയിപ്പിക്കുന്നു. |
| കാലാഗ്നിരുദ്രാത്മാ | കാലാഗ്നിമയമായ രുദ്രരൂപത്തെ സ്വീകരിച്ചു്, | | |

44 ഇത്ഥംഭാവേന കഥിതോ ഭഗവാൻ ഭഗവത്തമഃ
നേത്ഥംഭാവേന ഹി പരം ദ്രഷ്ടുമൎഹന്തി സൂരയഃ

| | | | |
|---|---|---|---|
| ഭഗവത്തമഃ | സൎവ്വൈശ്വൎയ്യാദി ഷാഡ്ഗുണ്യസമ്പന്നന്മാരിൽ സൎവ്വോത്തമനായ | കഥിതഃ | പ്രതിപാദിക്കപ്പെട്ടു. |
| ഭഗവാൻ | സൎവ്വേശ്വരൻ | ഹി സൂരയഃ | എന്നാൽ, ജ്ഞാനികൾ |
| ഇത്ഥംഭാവേന | ഈ വിധത്തിലുള്ള നിലയിൽ (സൃഷ്ട്യാദി കൎത്തൃത്വേന) | പരം | കേവലം |
| | | ഇത്ഥംഭാവേന | ഈ നിലയിൽ |
| | | ദ്രഷ്ടും | ദൎശിക്കുവാൻ |
| | | ന അൎഹന്തി | അൎഹിക്കുന്നില്ല. |

45 നാസ്യ കർമ്മണി ജന്മാദൌ പരസ്യാനുവിധീയതേ
കർത്തൃത്വപ്രതിഷേധാർത്ഥം മായയാരോപിതം ഹി തത്

| | | | |
|---|---|---|---|
| പരസ്യ | ഗുണാതീതനായ ഈശ്വരന്നു് | കർത്തൃത്വപ്രതിഷേധാർത്ഥം | ഈശ്വരന്റെ വിശ്വരചനാദി കർത്തൃത്വത്തെ നിഷേധിക്കുവാൻവേണ്ടി |
| അസ്യ | ഈ ലോകത്തിന്റെ | തത് | ആയതു് (കർത്തൃത്വം) |
| ജന്മാദൌ | ഉൽഭവാദി | മായയാ | മായയാൽ |
| കർമ്മണി | കർമ്മത്തിൽ | ആരോപിതം | ഈശ്വരനിൽ ആരോപിക്കപ്പെട്ടതായിട്ടു് |
| ന | കർത്തൃത്വമില്ല | അനുവിധീയതേ | (വേദത്തിൽ) തുടൎന്നു പ്രതിപാദിക്കപ്പെട്ടിട്ടുണ്ടു്. |
| ഹി | ആകയാൽ | | |

46 അയം തു ബ്രഹ്മണഃ കല്പഃ സവികല്പ ഉദാഹൃതഃ
വിധിഃ സാധാരണോ യത്ര സർഗ്ഗാഃ പ്രാകൃതവൈകൃതാഃ

| | | | |
|---|---|---|---|
| ബ്രഹ്മണഃ | ബ്രഹ്മാവിനെ സംബന്ധിച്ച | യത്ര | യാതൊരു ഈ മഹാകല്പത്തിലും അതിലടങ്ങിയ അവാന്തരകല്പങ്ങളിലും |
| അയം കല്പഃ തു | ഈ മഹാകല്പകാലം | പ്രാകൃതവൈകൃതാഃ | പ്രാകൃതങ്ങളും വൈകൃതങ്ങളും ആയ |
| സവികല്പഃ | അതിലെ അവാന്തരകല്പങ്ങളോടുകൂടെ | സർഗ്ഗാഃ | സൃഷ്ടികൾ ഉണ്ടാവുന്നു* |
| | | വിധിഃ | ഈ നിയമം |
| ഉദാഹൃതഃ | ഉദാഹരിക്കപ്പെട്ടു കഴിഞ്ഞു | സാധാരണഃ | മററു കല്പങ്ങൾക്കും പൊതുവിലുള്ളതാണു്. |

* മഹാകല്പത്തിന്റെ തുടക്കത്തിൽ മൂലപ്രകൃതിയിൽനിന്നു് മഹദഹംകാരാദിമൂലതത്വങ്ങളുടെ സൃഷ്ടിയുണ്ടാവുന്നു. അതാണു് പ്രാകൃതസൃഷ്ടി. അവാന്തരകല്പങ്ങളിൽ മൂലതത്വങ്ങളുടെ സംയോഗത്താൽ ചരാചരപ്രാണിജാലങ്ങളുടെ സൃഷ്ടിയുണ്ടാവുന്നു. അതു വൈകൃതവും. കല്പാന്തങ്ങളിൽ വൈകൃതം പ്രാകൃതത്തിൽ ലയിക്കുന്നു.

47 പരിമാണം ച കാലസ്യ കല്പലക്ഷണവിഗ്രഹം
യഥാ പുരസ്താദ്വ്യാഖ്യാസ്യേ പാദ്മം കല്പമഥോ ശൃണു.

| | | | |
|---|---|---|---|
| കാലസ്യ | കാലത്തിന്റെ | അഥോ | അതിൽ പ്രത്യേകിച്ചു് |
| പരിമാണം | സ്ഥൂലസൂക്ഷ്മാത്മകമായ അളവിനേയും, | പാദ്മം | പാദ്മമെന്ന |
| | | കല്പം ച | കല്പത്തെയും |
| കല്പലക്ഷണവിഗ്രഹം | കല്പകാലത്തിന്റെ സ്വഭാവം — അതിലെ അവാന്തരകല്പം — മന്വന്തരങ്ങൾ എന്നിവകളേയും, | പുരസ്താത് | ഇനിമേൽ |
| | | യഥാ | വേണ്ടുംപ്രകാരം |
| | | വ്യാഖ്യാസ്യേ | വിസ്തരിപ്പാൻപോകുന്നു; |
| | | ശൃണു | കേട്ടുകൊണ്ടാലും. |

ശൌനക ഉവാച — ശൌനകൻ (സൂതനോട്) പറഞ്ഞു —

48 യഥാഹ നോ ഭവാൻ സൂത ക്ഷത്താ ഭാഗവതോത്തമഃ
ചചാര തീർത്ഥാനി ഭുവസ്ത്യക്ത്വാ ബന്ധൂൻ സുദുസ്ത്യജാൻ

| | | | |
|---|---|---|---|
| ഭാഗവതോ-ത്തമഃ | ഭഗവൽഭക്തന്മാരിൽ പ്രമുഖനായ | തീർത്ഥാനി | പുണ്യസങ്കേതങ്ങൾ തോറും |
| ക്ഷത്താ | വിദുരർ | ചചാര | സഞ്ചരിച്ചു |
| സുദുസ്ത്യജാൻ | തീരെ പരിത്യജിക്കുവാ നരുതാത്ത | യത് | എന്ന യാതൊരു സംഗ |
| ബന്ധൂൻ | സ്വന്തക്കാരെ | സൂത | അല്ലയോ സൂത! [തി |
| ത്യക്ത്വാ | പരിത്യജിച്ച്, | ഭവാൻ നഃ | അങ്ങ് ഞങ്ങളോട് |
| ഭുവഃ | ഭൂമിയിലെ | ആഹ | പറഞ്ഞിരുന്നു. |

49 കുത്ര കൗഷാരവേസ്തസ്യ സംവാദോഽധ്യാത്മസംശ്രിതഃ
യദ്വാ സ ഭഗവാംസ്തസ്മൈ പൃഷ്ടസ്തത്ത്വമുവാച ഹ.

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിനും | ഭഗവാൻ | സർവ്വജ്ഞാനനിധിയായ |
| കൗഷാരവേഃ | മൈത്രേയമഹർഷിക്കും തമ്മിൽ | സഃ | ആ മൈത്രേയർ |
| | | പൃഷ്ടഃ | ചോദിക്കപ്പെട്ടവനായി |
| അധ്യാത്മ-സംശ്രിതഃ | അധ്യാത്മതത്ത്വസംബ ന്ധമായുള്ള | തസ്മൈ | ആ വിദുരർക്ക് [ട്ട് |
| | | യത് വാ | യാതൊരു |
| സംവാദഃ | സംഭാഷണം | തത്ത്വം | തത്ത്വത്തെ |
| കുത്ര | എവിടെവെച്ചു നടന്നു? | ഉവാച ഹ | ഉപദേശിക്കയുണ്ടായി? |

50 ബ്രൂഹി നസ്തദിദം സൗമ്യ വിദുരസ്യ വിചേഷ്ടിതം
ബന്ധുത്യാഗനിമിത്തം ച തഥൈവാഗതവാൻ പുനഃ

| | | | |
|---|---|---|---|
| സൗമ്യ | ഹേ സൽസ്വഭാവിൻ! | വിദുരസ്യ | വിദുരരെ സംബന്ധിച്ച |
| ബന്ധുത്യാഗ-നിമിത്തം | ഉററവരെ വിട്ടുപോയ തിന്നുണ്ടായ കാരണവും, | തത് ഇദം | അത്തരം ഈ |
| തഥാ ഏവ | അപ്രകാരംതന്നെ | വിചേഷ്ടിതം | പ്രവൃത്തിയെ |
| പുനഃ | വീണ്ടും | നഃ | ഞങ്ങൾക്ക് |
| ആഗതവാൻ ച | വന്നുചേർന്നു എന്നുള്ളതും മററുമായ | ബ്രൂഹി | പറഞ്ഞുതരിക. |

സൂത ഉവാച — സൂതൻ പറഞ്ഞു —

51 രാജ്ഞാ പരീക്ഷിതാ പൃഷ്ടോ യദവോചന്മഹാമുനിഃ
തദ്വോഽഭിധാസ്യേ ശൃണുത രാജ്ഞഃ പ്രശ്നാനുസാരതഃ

| | | | |
|---|---|---|---|
| രാജ്ഞാ | രാജാവായ | തത് വഃ | അതിനെ, നിങ്ങളോട് |
| പരീക്ഷിതാ | പരീക്ഷിത്തിനാൽ | രാജ്ഞഃ | രാജാവിന്റെ |
| പൃഷ്ടഃ | ചോദിക്കപ്പെട്ട | പ്രശ്നാനുസാരതഃ | ചോദ്യങ്ങൾക്കനുസരിച്ച് |
| മഹാമുനിഃ | ശ്രീശുകമഹാമുനി | | |
| യത് | യാതൊന്നിനെ | അഭിധാസ്യേ | ഞാൻ പറയുന്നുണ്ട്; |
| അവോചത് | പറഞ്ഞുവോ, | ശൃണുത | കേട്ടുകൊൾവിൻ ! |

കുറിപ്പ്: പ്രപഞ്ചസൃഷ്ടിയെ സംബന്ധിച്ച തത്വങ്ങൾ ഈ സ്കന്ധത്തിലെ പ്രധാന വിഷയമാണ്. ഇതു മൂന്നു സ്ഥലത്തു കാണാം. എങ്കിലും ആവർത്തനമല്ല. ആദ്യം ഒരു പ്രസംഗത്തിൽ സംഗ്രഹേണ പറഞ്ഞതിനെ മറ്റൊരു പ്രസംഗത്തിൽ വിപുലീകരിക്കുക എന്ന രീതിയാണ് ഭാഗവതത്തിന്റേത്. ഈ പ്രപഞ്ചസൃഷ്ട്യാദി നിരൂപണമാകട്ടെ പ്രപഞ്ചാശ്രയഭൂതമായ പരമാത്മതത്വത്തിന്റെ അവബോധത്തിനുവേണ്ടിയാണ്. ആയതു് വിദുരമൈത്രേയസംവാദത്തിലൂടെ അടുത്ത സ്കന്ധത്തിൽ അവതരിപ്പിക്കുവാൻ പോകുന്നതിന്റെ സൂചന നല്കിക്കൊണ്ട് ഈ സ്കന്ധം ഉപസംഹരിച്ചിരിക്കുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദ്വിതീയസ്കന്ധേ

പുരുഷസംസ്ഥാനവർണ്ണനം നാമ ദശമോऽദ്ധ്യായഃ.

ആദിതഃ ശ്ലോകാഃ 391.

പത്താമദ്ധ്യായം കഴിഞ്ഞു.

ശ്രീമദ്ഭാഗവതേ ആദിതഃ ശ്ലോകാഃ 1201

ദ്വിതീയസ്കന്ധം സമ്പൂർണ്ണം.

ശ്രീകൃഷ്ണാർപ്പണമസ്തു.